V6:1:N6
32K6

MUL
248121

MURU

No. 3, Bommulier Street,
Elephant Gate, :: MADRAS-1.

**Madras University Library**

Call Number

Accession Number

Available for loan from

This book should be returned on the date last marked below.

61

# ആഫ്രിക്ക

ഗ്രന്ഥകൎത്താ:


ഡോ: എൻ. സുബ്രഹ്മണ്യൻ

എം. ഏ., പി എച്ച്. ഡി.


വിവൎത്തനം:

ജി. ശ്രീധരൻ ബി. ഏ.


UNIVERSITY LIBRARY
2 8 MAR 1969
MADRAS



പ്രസാധകർ:

മീനസ് പ്രസ്സ് & ബുക്ക് ഡിപ്പോ

കൊച്ചി, കേരളം.

വില രൂപാ ൩

Malayalam

AFRICA

First Edition Copies 3000

July 1966

Published Tamil Book "AFRICA"

By

DR. N. SUBRAMANIAN M. A., PH. D.

(Copy right: The African Revolution by James Cameron Published by Thames and Hudson Ltd.)

Translater

G. SREEDHARAN B. A.

Price Rs. 3-00

Published under the auspices of the Southern Languages Book Trust, Madras

The Trust is helped by the Government of India, the South Indian State Governments and Universities and the Ford Foundation.

Third Programme - Malayalam - No. 12

Translation rights into Malayalam for this edition assigned to VENUS PRESS & BOOK DEPOT
Konni, Kerala

Printed at
The Venus Press, Konni

248121
52911
V6:1:N6
32K6

# മുഖവുര.

ലോകത്തു് ഇന്നു് ദ്രുതഗതിയിൽ പല മാററങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ശാസ്ത്രം, സംസ്കാരം, സാമ്പത്തികം എന്നു തുടങ്ങി അനേകം മണ്ഡലങ്ങളിൽ ഈ മാററങ്ങൾ കണ്ടുവരികയാണു്. ബഹിരാകാശം കടന്നു ചെന്നു് ചന്ദ്രനെ കൈയെത്തിപ്പിടിക്കുന്നനില ഏതാനും ചില ദേശങ്ങൾക്കെങ്കിലും കൈവന്നിട്ടുണ്ടു്. 'അമ്പിളി അമ്മാവനുവേണ്ടി കരയുന്നശിശു'വിനെ ഇനി ആരും പരിഹസിക്കേണ്ടതില്ല. വേഗം കൂടിയ യാനപാത്രങ്ങളുടെ ബാഹുല്യത്താൽ ലോകത്തിന്റെ വിവിധ കോണുകളിലായി സ്ഥിതിചെയ്യുന്ന ഭൂഭാഗങ്ങൾ പരസ്പരം അടുക്കുകയും തമ്മിൽ കോർത്തിണക്കപ്പെട്ടുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു് വെവ്വേറെയുത്ഭവിച്ചു് സ്വതന്ത്രമായ് വികസിച്ചുവന്നിട്ടുള്ള വിവിധ സംസ്കാരങ്ങൾ പരസ്പരം സ്വാധീനപ്പെട്ടുത്തുന്ന നിലയാണു് ഇന്നു നാം കാണുന്നതു്. ഒരു പ്രത്യേകദേശത്തിനും അതിന്റെ സ്വാതന്ത്ര്യസത്തയെക്കുറിച്ചു് ആഭിമാനിക്കാൻ വകയുണ്ടെങ്കിലും അന്യദേശങ്ങളെ അല്പവും ആശ്രയിക്കാതെ ജീവിക്കാൻ കഴിവുള്ള ഒരു നാട്ടുപോലും ഇന്നു് ലോകത്തില്ല. ഈ മാററങ്ങൾ കഴിഞ്ഞ അമ്പതു വർഷക്കാലത്തിന്നിടയ്ക്കു സംഭവിച്ചു് ഇന്നത്തെ പുരോഗമനാവസ്ഥയിലെത്തിച്ചേർന്നിട്ടുള്ളതാണു്. ഈ അവസ്ഥയിലും വീണ്ടും പുരോഗതിയാണു് ഇന്നു നാം കണ്ടുവരുന്നതു്.

മേൽ പ്രസ്താവിച്ചവയുടെ പുറമെ രാഷ്ട്രീയമണ്ഡലത്തിൽ സംഭവിച്ചിട്ടുള്ള മാററങ്ങൾ ലോകത്തെ ജനതതിക്കു് ഒന്നടങ്കം അനുഭവവേദ്യമാണു്. കാരണം ലോകത്തിന്റെ ഒരു ഭാഗത്തുണ്ടാകുന്ന രാഷ്ട്രീയ സംഭവങ്ങൾ

ഇതരദേശങ്ങളിലെ ജനങ്ങളെയും ഒരു പരിധിവരെയെ
ങ്കിലും ബാധിക്കുക തന്നെ ചെയ്യും. ഇങ്ങനെയുള്ള രാഷ്ട്രീ
യസംഭവങ്ങൾ ബൃഹദാകരത്തിൽ ഉത്ഭവിച്ചുകൊണ്ടിരി
ക്കുന്ന ഒരു ഭൂഭാഗമാണ് ആഫ്രിക്കാഖണ്ഡം. അവിടെ
അത്ഭുതകരമായ സംഭവങ്ങൾ അത്ഭുതകരമായ വേഗ
ത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ഇരുണ്ടഖണ്ഡത്തിൽ കു
റച്ചധികം വെളിച്ചം വിതറുമ്പോൾ അറിവിന്റെ കണ്ണു
കൾ കൂമ്പിപ്പോവുകയാണ്. അല്പം സമാധാനബുദ്ധി
യോടുകൂടി സൂക്ഷ്മപരിശോധന ചെയ്യുമ്പോഴാണ് അ
വിടത്തെ സംഭവങ്ങളുടെ യഥാർത്ഥരൂപം ഗ്രഹിക്കാൻ
കഴിയുന്നതു്. അവയുടെ ദിങ്മാത്രമായ രൂപം നൽകാ
നാണ് ഈ ചെറിയ ഗ്രന്ഥംകൊണ്ടുദ്ദേശിക്കുന്നതു്.

മറ്റെല്ലാ ഉപാധികളെയുംകാൾ ആഫ്രിക്കയുടെ ച
രിത്രത്തെ രൂപപ്പെടുത്തിയിട്ടുള്ളതു് അതിന്റെ ഭൂമിശാ
സ്ത്രപരമായ കിടപ്പാണ്. ഇതു ഏറെക്കുറെ മനസ്സിലാക്കി
യല്ലാതെ ആ ഭൂഖണ്ഡത്തിന്റെ ചരിത്രത്തിന് ഇന്നത്തെ
സ്ഥിതിവിശേഷം വന്നുകൂടിയതിന്റെ കാരണം സുഗ്ര
ഹമാകുന്നതല്ല. ലോകത്തിലെ അഞ്ചു വൻകരകളിലൊ
ന്നാണ്. ആഫ്രിക്ക, ഏഷ്യാ, യൂറോപ്പ് എന്നിവയോടു
ചേർന്നുകിടക്കുന്ന ഭൂഖണ്ഡമായതുകൊണ്ടു് പൂർവ്വാർദ്ധഗോ
ളത്തിലെ പ്രത്യേക ഖണ്ഡങ്ങളിൽ ഏററവും വലുതു്
ആഫ്രിക്കയത്രെ. പലവിധത്തിലും ആഗോളികകീർത്തി
സമ്പാദിച്ചിട്ടുള്ള ഭൂഖണ്ഡവുമാണ് ആഫ്രിക്ക. ലോകത്തെ
ഏററവും വലിയ മരുഭൂമി (സഹാറാ) ഇതിന്റെ വട
ക്കുഭാഗത്തായ് സ്ഥിതിചെയ്യുന്നു; ഏറ്റവും നീളംകൂടിയ
രണ്ടു നദികളും (നൈൽ, കോംഗോ) ഈ ഖണ്ഡത്തിലാ
ണ്. സാംബെസി നദിയിലെ വിക്ടോറിയാ ജലപാതം
ലോകത്തെ ഏററവും വലിയ ജലപാതങ്ങളിലൊന്നാ
ണ് കോംഗോ പ്രദേശത്തിലുള്ള മദ്ധ്യാഫ്റിക്കൻ വന

ങ്ങൾ വളരെ ഇടതൂൎന്നതാണു്. ഇവയിലും ആ നദിയു
ടെ ഇരു കരകളിലും പലതരം മൃഗങ്ങൾ വിഹരിക്കുന്നു.
ഇപ്പോൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന വാനരവം
ശത്തിലെ 'ഗോല്ലി' എന്ന മനുഷ്യക്കുരങ്ങുകളാലും മററു
പലതരം ദുഷ്ടമൃഗങ്ങളാലും ആ വനഭൂമികൾ നിബിഡ
മാണു്. വിലമതിക്കാൻ പാടില്ലാത്ത രത്നങ്ങളും സ്വൎ
ണ്ണവും ധാരാളം ലഭിക്കുന്നതും ആഫ്റിക്കയിലത്രെ.

ഇത്രയധികം പ്രകൃതി വിഭവങ്ങളുള്ള ഈ ഭൂഖണ്ഡം
വടക്കു് മദ്ധ്യതരണിക്കടലിലാരംഭിച്ചു് തെക്കു് ദക്ഷിണ
സമുദ്രംവരെ നീണ്ടുകിടക്കുന്നു. പ്രാചീനതയിലും ഇതി
നു് ഒരു പ്രത്യേകതയുണ്ടു്. ലോകസംസ്കാരത്തിൻെറ വി
കാസചരിത്രത്തിൽ ആദ്യഘട്ടത്തിൽ സ്ഥിതിചെയ്യുന്ന
നാടാണു് ഈജിപ്റ്റു്. അതുപോലെതന്നെ അതിനു തെ
ക്കുള്ള എത്തിയോപ്യയും ബൈബിളിൽ പറഞ്ഞുകാണു
ന്ന ബുദ്ധിമാനായ സോളമൻെറ കാലത്തിനുമുമ്പുതന്നെ
എത്തിയോപ്യയുടെ പ്രശസ്തിയെക്കുറിച്ചു് പലരും കേട്ടി
ട്ടുണ്ടു്.

പക്ഷെ വടക്കേ ആഫ്റിക്കയുടെ വടക്കേതീരത്തു
ള്ള ചില ഇസ്ലാം ദേശങ്ങളും എത്തിയോപ്യയുമൊഴി
ച്ചു് ആഫ്റിക്കയുടെ മററു ഭാഗങ്ങളെക്കുറിച്ചു് ഏതാ
നും നൂററാണ്ടുമുമ്പുവരെ ലോകത്തിനു യാതൊന്നുമറി
യാൻ പാടില്ലായിരുന്നു. ഈ അജ്ഞതയ്ക്കു കാരണം ആ
ഫ്റിക്ക പ്രാചീനലോകത്തിൻെറ സംസ്കാരികവും വ്യാ
പാരസംബന്ധവുമായ സമ്പൎക്കമേഖലയ്ക്കു വെളിയിൽ
സ്ഥിതിചെയ്തിരുന്നുവെന്നതുതന്നെയാണു്. ആഫ്റിക്ക
യെ കേന്ദ്രമാക്കി യൂറോപ്യന്മാർ ഭൂഭ്രമണം ചെയ്യാനും
ഇന്ത്യയിലേയ്ക്കു് ഒരു ജലമാൎഗ്ഗം ആരായാനും തുടങ്ങിയ
പ്പോൾമുതലാണു് ആ ഭൂഖണ്ഡം ലോകത്തിൻെറ അറി

വിൽപെടാനിടയായതു്. പക്ഷേ അതിൻെറ തീരപ്രദേശങ്ങളിലുള്ള ചില നാട്ടുകളെപ്പററി മാത്രമായിരുന്നു ആദ്യമായ് അവർ അറിഞ്ഞുതുടങ്ങിയതു്. സമുദ്രതീരത്തു് വ്യാപാരശാലകൾ സ്ഥാപിക്കുന്നതും അതിനനുവദിച്ച ഭരണകൂടങ്ങളോട്ട വേഴ്ച പുലർത്തുന്നതുമായിരുന്ന അവരുടെ അപ്പോഴത്തെ ആവശ്യം. 18, 19 എന്നീ നൂറ്റാണ്ടുകളിൽ സ്റ്റാൻലി, ലിവിങ്സ്റ്റൺ, മംഗോപാർക്ക് മുതലായ ഉപജ്ഞാതാക്കളുടെ പരിശ്രമഫലമായ് നൈജർ കോംഗോ, സാംബസി എന്നീ നദികളുടെ തീരപ്രദേശങ്ങളുടെ ഭൂമിശാസ്ത്രവും ചരിത്രവും സംബന്ധിച്ച വസ്തുതകളും അറിയാറായി. ആരംഭത്തിൽ ഇങ്ങനെ ആ ഖണ്ഡത്തിൻെറ നിലനില്പിൽ താൽപര്യം ജനിപ്പിച്ച യൂറോപ്യൻ ദേശങ്ങൾ അവിടെ വിലപിടിപ്പുള്ള ഖനന വസ്തുക്കളും മററു സാധനങ്ങളും ലഭിക്കുന്നുവെന്നറിഞ്ഞു് അചിരേണ അവിടെവന്നു താമസിച്ചു് അവിടെനിന്നു് സ്വർണ്ണം, രത്നങ്ങൾ, ദന്തം മുതലായ വസ്തുക്കൾ തങ്ങളുടെ നാട്ടുകളിലേക്കു് കയററുമതി ചെയ്യാനും ഈ കയററുമതി വ്യാപാരത്തിൻെറ മേൽനോട്ടത്തിനായ് സഹകരണ സംഘങ്ങൾ സ്ഥാപിക്കാനും തുടങ്ങിയതോടെയാണു് ആഫ്റിക്കയിൽ കുടിയേറിപ്പാർപ്പ് ആരംഭിച്ചതു് ഈ വ്യാപാരങ്ങളിൽ വച്ചു് ഏററവും ആദായകരമായി യൂറോപ്യന്മാർ കരുതിയതു് അടിമവ്യാപാരമായിരുന്നു; യൂറോപ്യൻ മുതലാളിമാർ ആഫ്റിക്കയിൽനിന്നു് നീഗ്രോക്കളെ തുച്ഛമായ വിലക്കു വാങ്ങി അമേരിക്ക മുതലായഭൂഖണ്ഡങ്ങളിലെ വൻകിട ഭൂസ്വാമികൾക്കു വില്ക്കുന്നതായിരുന്നു അടിമവ്യാപാരം. ഈ ക്രൂരമായ വ്യവഹാരത്തിനു് വില്ക്കുന്നവർ ദല്ലാളികൾ, വാങ്ങുന്നവർ എന്നീ മൂന്നുകൂട്ടർക്കും ഉത്തരവാദിത്വമുണ്ടായിരുന്നു. പക്ഷേ ഇതു് ഇംഗ്ലണ്ടു്, അമേരിക്കാ മുതലായ പാശ്ചാത്യദേശ

ങ്ങളുടെ അടിമത്വനിരോധന നിയമം മൂലം നിർമ്മാർജ്ജിതമായി. എങ്കിലും അക്കാലത്തോടടുപ്പിച്ച് ആഫ്റിക്കയിൽ വന്നു സ്ഥിരപ്രതിഷ്ഠനേടിയ യൂറോപ്യൻ ദേശങ്ങൾ ആ ഖണ്ഡത്തെ ഒട്ടുമുക്കാലും തങ്ങൾക്കിടയിൽ പങ്കുവെച്ചെടുത്തു കഴിഞ്ഞിരുന്നു. 1945-നു ശേഷമാണ് ആഫ്റിക്കൻ നാടുകൾക്കു സ്വാതന്ത്ര്യം നൽകുന്നതിനുള്ള നിയമം നിലവിൽ വന്നതു്. അതുകൊണ്ടു് ആഫ്റിക്കയുടെ ചരിത്രം 16, 17 എന്നീ നൂററാണ്ടുകൾക്കുമുമ്പ് അജ്ഞാതമായിരുന്ന ഇരുണ്ട ഖണ്ഡത്തിൻെറ കാലം, യൂറോപ്പിന്റെ ആധിപത്യകാലം, കഴിഞ്ഞ കാൽശതാബ്ദകാലമായ് നാം കണ്ടുവരുന്ന സ്വാതന്ത്ര്യകാലം എന്നു മൂന്നുകാലഘട്ടങ്ങളായി വിഭജിക്കാവുന്നതാണ്. ഇതിൽ ആദ്യത്തേതു് ഈജിപ്ത് എത്തിയോപ്യ മുതലായ ചില പുരാതന ദേശങ്ങളൊഴികെ മററുള്ളവയുടെ ചരിത്രം തന്നെയാണ്. രണ്ടാമത്തെ ഘട്ടം യൂറോപ്യന്മാരും മററു ദേശക്കാരും ആ ഇരുണ്ട ഖണ്ഡത്തെ പ്രകാശമാനമാക്കിത്തീർത്തതിന്റെ ചരിത്രമത്രെ. മൂന്നാമത്തേതു് ആഫ്റിക്കൻ ജനത ലോകചരിത്രത്തെ രൂപപ്പെടുത്തുന്നതിനു ചെയ്തിട്ടുള്ള അശ്രാന്തപരിശ്രമത്തിൻെറതുമാണ്. ഈ മൂന്നു കാലഘട്ടങ്ങളിൽ ആദ്യത്തേതു് സംഗ്രഹരൂപത്തിലും രണ്ടാമത്തേതു് ഒട്ടുവിസ്തരിച്ചും മൂന്നാമത്തെഘട്ടം വിശദമായും പ്രതിപാദിക്കുന്നതിനാണ് ഈ ഗ്രന്ഥത്തിൽ ഉദ്യമിച്ചിട്ടുള്ളതു്.

ആഫ്രിക്കയെ ഒരു വിശാലമായ ഭൂഖണ്ഡമെന്നു് ഭൂമിശാസ്ത്രജ്ഞന്മാർ പറഞ്ഞിട്ടുള്ളതു് അതിൻെറ വിശാലതയെമാത്രം ഉദ്ദേശിച്ചല്ല. ഇതിനും ഒരുദേശം എന്നപേര ഒരുവിധത്തിലും അനുയോജ്യമാവുകയില്ല എന്നതാണ് ഒരു മുഖ്യമായ കാരണം. ആഫ്രിക്കയെ കറുപ്പുനിറക്കാരു

ടെ ദേശമെന്നു പറയുന്നതും ശരിയല്ല. എന്തുകൊണ്ടെന്നാൽ സഹാറാമരുഭൂമിക്കു വടക്കു് മദ്ധ്യതരണിക്കടൽ തീരത്തുള്ള മുസ്‌ലിം ദേശങ്ങളിൽ വസിക്കുന്നവരാരും കറുപ്പുനിറക്കാരല്ല. കൂടാതെ നീഗ്രോകളുടെ ഇടയിലും സൂളുകൾ മുതലായവർ ഒരുവിധം സംസ്കാരസമ്പന്നരത്രെ. എങ്കിലും ബാണ്ടുകൾ, ബുഷ്മെൻ മുതലായവർ പരിഷ്കാരത്തെ സംബന്ധിച്ചിടത്തോളം വളച്ച നിലച്ചവരാണു്. ഇവരിൽ പലവൎഗ്ഗക്കാരുണ്ടു്; അവർ ചിലപ്പോൾ പരസ്പരം കലഹിക്കുന്നതും കാണാവുന്നതാണു്. കടംഗാക്കാർ കോംഗോയുടെ ഇതരഭാഗങ്ങളിലുള്ള ജനങ്ങളോടു പോരിടുന്നതു് വ്യക്തമത്രെ. കൂടാതെ ആഫ്രിക്കയുടെ ഭൂഭാഗം വളരെ വിസ്താരമേറിയതായതുകൊണ്ടും പലവൎഷങ്ങളായി ആ ഭൂഖണ്ഡം പല രാഷ്ട്രീയ വിഭജനങ്ങൾക്കു വിധേയമായിട്ടുള്ളതുകൊണ്ടും ഓരോ പ്രദേശവുംതന്നെ ഒരു പ്രത്യേക ദേശമായി കരുതി അതിനും കീൎത്തിയും പ്രതാപവും നേടുന്നതിൽ ദത്തശ്രദ്ധമായി കഴിഞ്ഞുവരികയാണു്. ദേശീയമനോഭാവം ഈ പരിശ്രമങ്ങൾക്കു വീണ്ടും ഉത്തേജനം നൽകുകയുമാണു്.

അതുകൊണ്ടു് ആഫ്രിക്കയുടെ ചരിത്രം എഴുതുമ്പോൾ ആ ഖണ്ഡത്തെ ഒന്നടങ്കം അതിന്നു വിധേയമാക്കുന്നതു് അസാദ്ധ്യമാണു്. ഓരോ ദേശത്തിന്റെയും ചരിത്രരചനക്കു് പ്രത്യേകംപ്രത്യേകം സംരംഭങ്ങൾ നടത്തേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ആ വഴിക്കാണു ഈ ഗ്രന്ഥരചന നിൎവ്വഹിച്ചിട്ടുള്ളതു്.

കഴിഞ്ഞ ഒരു ശതാബ്ദകാലത്തിന്നിടക്കു് യൂറോപ്യന്മാർ ഗണതന്ത്രരാജ്യങ്ങൾ സൃഷ്ടിച്ചു് തങ്ങൾക്കു പ്രയോജനകരമാംവണ്ണം വ്യാപാരത്തെയും രാഷ്ട്രീയത്തെയും സംഘടിപ്പിച്ചതിന്റെ ചരിത്രം ആഫ്രിക്കക്കു മാത്രമല്ലാ പൊതുവിൽ ലോകത്തെ പല നാടുകൾക്കും അനുയോജ്യ

മാകുന്നതാണു്, അതുകൊണ്ടു് യൂറോപ്യന്മാർ അധിവസിക്കുകയോ ഭരണകൂടം സൃഷ്ടിക്കുകയോ ചെയ്ത ഭൂഭാഗങ്ങളിൽ അവയും തമ്മിൽ പലസംബന്ധങ്ങളും ഉണ്ടാകാൻ തുടങ്ങി. ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ട ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാ കമ്പനിക്കാർ ഇന്ത്യൻ വാണിജ്യത്തെ കിഴക്കു് ചൈനയിൽനിന്നു് പടിഞ്ഞാറു് അമേരിക്കൻ ഐക്യനാടുകൾവരെയുള്ള എല്ലാ ദേശങ്ങളിലും വ്യാപരിപ്പിച്ചു. മുമ്പു് പരസ്പരബന്ധമില്ലാതെ ചിന്നിച്ചിതറിക്കിടന്നിരുന്ന ദേശങ്ങളെ തമ്മിൽ കോർത്തിണക്കുന്ന ഒരു കണ്ണിയായിട്ടാണു് യൂറോപ്യൻഭരണം അവിടവിടെ രൂപംപൂണ്ടതു്. അതിന്റെ ഫലമായി, ദുർബ്ബലദേശങ്ങളെ ജയിക്കുന്നതിനും സുശക്തങ്ങളായ ദേശങ്ങളിൽനിന്നു് സൈന്യസന്നാഹങ്ങളെ അയക്കുന്നതുപോലെ സാമ്പത്തികമണ്ഡലത്തിൽ 'കമ്മി''യുള്ള ദേശങ്ങൾക്കു ''മിച്ച''ദേശങ്ങളിൽനിന്നു് സാധനസാമഗ്രികൾ മാററുന്നതു സുഖകരവും ആവശ്യവുമായിരുന്നു. അതുപോലെതന്നെ ജനസംഖ്യയുടെ ആധിക്യത്താൽ തൊഴിൽസൗകര്യങ്ങൾ കുറഞ്ഞ നാടുകളിൽനിന്നു് അതിനുവേണ്ടത്ര സൗകര്യമുള്ള പ്രദേശങ്ങളിലേക്കു് ഉപജീവനമാർഗ്ഗം അന്വേഷിച്ചുപോകുന്നതും സാധാരണമായിത്തീർന്നു. ഇംഗ്ലണ്ടു്, ഫ്രാൻസ്, ബൽജിയം, പോർട്ടുഗൽ മുതലായ ദേശങ്ങളിൽനിന്നു പലരും ആ ദേശങ്ങൾ ആഫ്രിക്കയിൽ സിദ്ധിച്ച ഗണതന്ത്രരാജ്യങ്ങളുടെ ഭരണകർത്താക്കളായും സൈനികമേധാവികളായും വ്യാപാരികളായും മതനേതാക്കന്മാരായും സാമൂഹ്യസേവകന്മാരായും വന്നുചേർന്നുവെന്നതു് ചരിത്രസത്യമത്രെ. അതുപോലെതന്നെ ആഫ്രിക്കയിലെ നീഗ്രോകളെ തട്ടിക്കൊണ്ടുചെന്നു് സ്വന്തം നാടുകളിൽ അടിമകളായി വില്ക്കുകയും ചെയ്തു. ഇന്ത്യയിൽനിന്നും വളരെപ്പേർ വ്യാപാരത്തിന്നും മററു പലതരം തൊഴിലുകൾക്കുമായി ആഫ്രിക്കയെ ശരണീകരിച്ചു. ഇങ്ങനെയുണ്ടായതാണു് ഇന്നത്തെ ഇന്ത്യാആഫ്രിക്കാ സമ്പർക്കം.

ഇന്ത്യക്കാർ ദക്ഷിണാഫ്രിക്കയിലും കിഴക്കേ ആഫ്രിക്കയിലും വർദ്ധിച്ച സംഖ്യയിൽ ചെന്ന് കൂലിവേലയും വ്യാപാരവും ചെയ്തു ജീവിക്കാൻ തുടങ്ങി. വ്യാപാരത്തിൽ സ്വദേശികളായ ആഫ്രിക്കക്കാരെ അധഃകരിച്ച ഇന്ത്യക്കാർ യൂറോപ്യന്മാർക്ക് അടുത്ത സ്ഥാനം കരസ്ഥമാക്കി; കൂലിവേലയിലും അവർ വളരെ ചൊടിചൊടിപ്പും സാമർത്ഥ്യവും കാണിച്ചതുകൂടാതെ യൂറോപ്യന്മാരുടേതിനെക്കാൾ കുറഞ്ഞ കൂലിവാങ്ങുന്നതിനു സന്നദ്ധരാവുകയും ചെയ്തു. ഇവർ താങ്കൾ ചെന്നുചേർന്ന നാട്ടുകളുടെ സാമ്പത്തികപുരോഗതിക്ക് ഒട്ടുവളരെ പാടുപെടുകയുമുണ്ടായി. കിനിയാ, റൊഡീഷ്യ, തങ്കനിക്കാ, സാൻസിബാർ, ഉഗാണ്ഡ, ദക്ഷിണാഫ്റിക്ക എന്നീ നാട്ടുകളിൽ ചെന്ന് ഇവർ വ്യാപാരം ചെയ്തു ജീവിച്ചുപോന്നു. ഇതുമൂലം മാതൃഭൂമിയിലെ ജനസാന്ദ്രത അല്പം കുറയുകയും ജനിച്ചമണ്ണിൽ ജീവിക്കാൻ നിവൃത്തിയില്ലാത്തവർക്ക് ജീവിതസൗകര്യങ്ങൾ ലഭിക്കുകയും ചെയ്തുവെങ്കിലും കാലാന്തരത്തിൽ ഇതു പല രാഷ്ട്രീയപ്രശ്നങ്ങൾക്കും വഴിതെളിക്കുകയാണ് ചെയ്തതു്.

ഈ ശതാബ്ദത്തിന്റെ ആരംഭത്തിൽ ആഫ്റിക്കയിൽ വസിച്ചിരുന്ന ഏഷ്യക്കാരുടെയും ആഫ്റിക്കക്കാരുടെയും സാമൂഹ്യമായ അന്തസ്സ് നിർണ്ണയിക്കാൻ വന്ന യൂറോപ്യന്മാർക്കെതിരായി പ്രക്ഷോഭണങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അക്കാലത്തുതന്നെ അവിടെ ഇപ്പോൾ നിലവിലിരുന്നുവരുന്ന വർഗ്ഗവിമോചനനയത്തിന്റെ തല കണ്ടു തുടങ്ങിയിരുന്നു. ആഫ്റിക്കക്കാർക്കും മററുള്ള യൂറോപ്യേതരർക്കും സമുദായത്തിൽ അഭിമാനത്തോടും സമാനാധികാരത്തോടുംകൂടി ജീവിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒന്നിനു പിറകിൽ മറെറാന്നായി അപഹരിക്കപ്പെട്ടു. ഇതിനെ എതിർത്തുകൊണ്ടാണ് മഹാത്മാഗാന്ധി അവിടെ ഒരു സത്യാഗ്രഹസമരം നടത്തിയതു്. അനന്തരകാലങ്ങളിൽ ഇന്ത്യയിൽ അദ്ദേഹം വിജയപൂർവ്വം നടത്തിയ സത്യഗ്രഹസമരങ്ങളുടെ റിഹേഴ്

സലായിരുന്നു ആ സമരം. സ്മട്സ്ഗാന്ധി ഒത്തുതീർപ്പുമൂലം സ്ഥിതിഗതികൾ അല്പം ഭേദപ്പെട്ടുവെങ്കിലും പ്രശ്നത്തിന്നു പരിഹാരമുണ്ടായില്ല. ഇന്ത്യയുടെ ദക്ഷിണാഫ്റിക്കൻ ഏജൻറ് ജനറലായിട്ട് ഇദം പ്രഥമമായി റൈറ്റ് ഓണറബിൾ ശ്രീനിവാസശാസ്ത്രി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്നു ശേഷം സർ. കേ. വി. റെഡ്ഡി ആ സ്ഥാനമലങ്കരിച്ചു. ഈ ഏർപ്പാടുകൾമൂലം സ്ഥിതിഗതികൾ അല്പമായേ ഭേദപ്പെട്ടുള്ളു. ദക്ഷിണാഫ്റിക്കയിലെ ധവളഭരണകർത്താക്കൾ വർഗ്ഗവിവേചനം പാലിക്കുന്നതിൽ മക്കടമുഷ്ടി പിടിക്കുകയാണു ചെയ്തതു്. ഇപ്പോൾ ദക്ഷിണാഫ്റിക്കയുമായി ഇന്ത്യ അതിന്നുണ്ടായിരുന്ന രാഷ്ട്രീയബന്ധങ്ങളെല്ലാം അറുത്തെറിഞ്ഞിരിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ ഉപദേശത്തിന്നും ഭീഷണിക്കും അല്പവും വഴങ്ങാതെ ദക്ഷിണാഫ്റിക്കൻഗവർമ്മെൻറ് അതിൻെറ വർഗ്ഗവിവേചനനയം തുടർന്നു വരികയാണ്. ഭാവിയിൽ ഈ നാട്ടുകളിലെ ഇന്ത്യക്കാരുടെ നില വൻപിച്ച പ്രശ്നമായിത്തീരുമെന്നു് അക്കാലത്തു് ആരും പ്രതീക്ഷിച്ചിരുന്നില്ല.

രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു് ഏഷ്യ, ആഫ്റിക്കൻ നാട്ടുകളിൽ ബഹുഭൂരിപക്ഷവും സ്വാതന്ത്ര്യം സമ്പാദിച്ചകാലത്തു് ഈ പുതിയ സ്വതന്ത്രനാട്ടുകളിൽ പല ദേശീയപ്രശ്നങ്ങളുത്ഭവിച്ചു. 'ഏഷ്യാ ഏഷ്യക്കാർക്ക്' 'ആഫ്റിക്ക ആഫ്റിക്കക്കാർക്ക്' എന്നും മററുള്ള മുദ്രാവാക്യങ്ങൾ മുഴങ്ങിയതുകൂടാതെ ആഫ്റിക്കയിലെ കൈത്തൊഴിൽ, കൂലിവേല, വാണിജ്യം മുതലായവയെ ദേശസാൽക്കരിക്കുന്നതിന്നുള്ള പദ്ധതികളും നടപ്പിൽ വന്നു' വെള്ളക്കാരുടെ ഭരണത്തിന്നെതിരായ് സമരം ചെയ്തുകൊണ്ടിരുന്നപ്പോൾ ഏഷ്യാക്കാർക്കും ആഫ്റിക്കക്കാർക്കും തമ്മിലുണ്ടായിരുന്ന പരോക്ഷമായ ഐക്യം യൂറോപ്യന്മാർ നാട്ടുവിട്ടശേഷവും നീണ്ടുനിൽക്കാനു

ള്ള സാഹചര്യമുണ്ടായില്ല ആ ഐക്യം നാമാവിശേഷമാകാതിരിക്കുന്നതിന് ഇപ്പോഴും ചിലർ മുതിയടത്തെ ജനാധിപത്യേകാധിപത്യം, മുതലായവയെപ്പററി സംസാരിച്ചു വരികയാണ്. പക്ഷേ ഇതിനെപ്പററി ഇനി വള്ളരെനാൾ സംസാരിക്കാൻ ഇടവരികയില്ല. ആഫ്റിക്കക്കാർ യൂറോപ്യന്മാരിൽ നിന്നു തങ്ങളുടെ നാടിനെ രാഷ്ട്രീയമണ്ഡലത്തിൽ വിമോചിപ്പിച്ചശേഷം ഇപ്പോൾ വ്യാപാരമണ്ഡലത്തിൽ അതിനെ ഏഷ്യക്കാരിൽ നിന്ന് വിമോചിപ്പിക്കാനാഗ്രഹിക്കുകയാണ്. അതിന്റെ ഫലമായ് കെനിയ തങ്കനീക്ക, ഉഗാണ്ഡ സാൻസിബാർ മുതലായ നാട്ടുകളിൽ നിന്ന് ഇന്ത്യക്കാരെ പുറം തള്ളുന്നതിനുള്ള സംരംഭങ്ങൾ നടന്നുവരുന്നു. ബർമ്മ, സിലോൺ എന്നീ ദേശങ്ങളിലും ഈ സംരംഭം വ്യാപിച്ചിരിക്കുന്നതു ശ്രദ്ധേയമാണ്. ഇക്കാരണത്താൽ ഇന്ത്യക്ക് ആഫ്റിക്കയുടെ രാഷ്ട്രീയസംഭവവികാസങ്ങളിൽ അനല്പമായ താത്പര്യം ജനിക്കുകയെന്നതു സ്വാഭാവികമാണ്. ആ സംഭവങ്ങളെക്കുറിച്ച് അറിയാൻ ശ്രമിക്കുന്നത് ഒരു നിഷ്ഫലപ്രയത്നമല്ല, ഇന്ത്യക്കാർ ഭാവിയിൽ അന്യദേശങ്ങളിൽ ചെന്ന് അവിടെ വാണിജ്യം മുതലായ ജീവനോപായങ്ങളാരായുന്നതിൽ നിന്നു സംജാതമാകാവുന്ന പ്രശ്നങ്ങളെ മുൻകൂട്ടി കണ്ടറിയുന്നതു ബുദ്ധിപൂർവ്വമായിരിക്കും. അതുകൊണ്ട് ഇപ്പോൾ ലോകത്ത് പൊതുവിലും ആഫ്റിക്കയിൽ പ്രത്യേകിച്ചും നടന്നു വരുന്ന രാഷ്ട്രീയ സംഭവങ്ങൾ ഇന്ത്യയുടെ ജിജ്ഞാസക്കു തികച്ചും വിധേയമത്രെ. ഈ സംഭവങ്ങളെ ഗ്രന്ഥത്തിൽ ഏതാണ്ടു സംഗ്രഹരൂപത്തിൽ വിവരിക്കാനുദ്യമിച്ചിട്ടുണ്ട്.


അതുകൊണ്ട് ലളിതമായ ഭാഷയിൽ പ്രയോജനകരമാംവണ്ണം രചിക്കപ്പെട്ടിട്ടുള്ള ഈ ഗ്രന്ഥം ലോകത്തിന്റെ രാഷ്ട്രീയപ്രശ്നങ്ങളെപ്പററി അറിയാനാഗ്രഹിക്കുന്ന അഭ്യസ്തവിദ്യരുടെ പ്രശംസക്കു പാത്രീഭവിക്കുമെന്ന് ഗ്രന്ഥകാരൻ ആശിക്കുന്നു.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | പ്രാരംഭം | 3 |
| 2. | പ്രാചീന ചരിത്രം | 12 |
| 3. | വടക്കെ ആഫ്രിക്ക | 20 |
| 4. | മൊറോക്കോ | 27 |
| 5. | ട്യൂനീഷ്യ | 34 |
| 6. | അൾജീരിയ | 38 |
| 7. | ലിബിയ | 45 |
| 8. | ഈജിപ്റ്റ് (സംയുക്ത അറേബ്യൻ ജനതന്ത്രം) | 48 |
| 9. | സുഡാൻ | 57 |
| 10. | എത്തിയോപ്യ | 63 |
| 11. | എറിഡ്രിയ | 70 |
| 12. | സോമാലിയ | 72 |
| 13. | കെനിയ | 78 |
| 14. | ഉഗാണ്ഡ | 84 |
| 15. | തങ്കനീക്ക–സാൻസിബാർ (ടാൻസാനിയ) | 88 |
| 16. | രുവണ്ഡ–ബ്യുരുണ്ഡി | 99 |
| 17. | മാളവി | 102 |
| 18. | റൊഡീഷ്യ | 105 |
| 19. | ബെക്കുവാനാലാൻഡ് | 110 |
| 20. | സ്വാസിലാൻഡ് | 113 |
| 21. | ബസുട്ടോലാൻഡ് | 115 |
| 22. | തെക്കെ ആഫ്രിക്ക | 118 |
| 23. | തെക്കുപടിഞ്ഞാറെ ആഫ്രിക്ക | 126 |
| 24. | കോംഗോ (ലിയോപോൾഡ്‌വിൽ) | 129 |

25. കോംഗോ (ബ്രാസാവിൽ) 140
26. ഗാബോൺ 142
27. കാമെറൂൺ 144
28. നൈജീരിയ 148
29. ദഹോമി 151
30. ടോഗോലാൻഡ് 153
31. ഘാന 156
32. ഐവറികോസ്റ്റ് 161
33. ലൈബീരിയ 164
34. സിയറാലിയോൺ 168
35. ഗിനി 171
36. ഗാംബിയ 175
37. സെനഗൽ 178
38. മാറിട്ടേനിയ 180
39. മദ്ധ്യാഫ്രിക്ക ഗണതന്ത്രം 182
40. ഛാഡ് 184
41. നൈജർ 186
42. മേൽവോൾട്ട 190
43. മാലി 194
44. മലഗാസി 197
45. മൊറീഷ്യസ് 200
46. പോർട്ടുഗീസ് ആഫ്രിക്ക (അംഗോല, മൊസാംബിക്) 202
47. സ്പാനിഷ് ആഫ്രിക്ക 206
48. ഉപസംഹാരം 210
49. ആഫ്രിക്കൻനാടുകളുടെ രാഷ്ട്രീയവിവരപ്പട്ടിക 220

# ആഫ്രിക്ക-പ്രകൃതിവിഭാഗങ്ങൾ



1) കാസബ്ളാങ്ക
2) അൾജിയേഴ്സ്
3) ട്യൂനിസ്
4) ട്രിപ്പൊലി
5) ബെൻഗാസി
6) കെയ്റോ
7) കാർട്ടൂം
8) ജിബ്യൂഡി
9) അഡിസ് അബാബ
10) മൊഗഡിഷ്യോ
11) ഡാർ എസ് സലാം
12) സാൻസിബാർ
13) സാലിസ്ബറി
14) ലൊറൻസോ മാർകപിസ
15) കേപ്ടൗൺ
16) ലുവണ്ഡാ
17) ലിയോപോൾഡ്‌വിൽ
18) ബ്രാസാവിൽ
19) യവുണ്ഡേ
20) ലാഗോസ്
21) അക്രാ
22) അബിജ്ജാൻ
23) മൊൺറോവിയ.
24) കോനാക്രി
25) ഡാക്കർ
26) ടനാനറീവ്

# പ്രാരംഭം

ഏതൊരു ദേശത്തിന്റെ ചരിത്രവും അതിനെ സൃഷ്ടിക്കുന്ന സംഭവങ്ങളുടെ കാലത്തു തന്നെ എഴുതുക എളുപ്പമല്ല. എന്തുകൊണ്ടെന്നാൽ ചരിത്രം എഴുതാനാരംഭിക്കുമ്പോഴുള്ള സ്ഥിതിഗതികൾ എഴുതിക്കഴിയുമ്പോൾ മാറിയെന്നു വരാവുന്നതാണു്. കഴിഞ്ഞ കാലങ്ങളിലെ സംഭവങ്ങളെപ്പററി എഴുതുന്നതിന്നുള്ള തുനിവു് സമകാലിക സാഹചര്യങ്ങളെപ്പററി എഴുതുന്നതിന്നുണ്ടാവുകയില്ല. കൂടാതെ, ഏതൊരു ലേഖകനും സ്വന്തം ജീവിതകാലത്തെ നേതാക്കന്മാരെയും സംഭവവികാസങ്ങളെയും കുറിച്ചു് ഇഷ്ടാനിഷ്ടം കൂടാതെ എഴുതുകയെന്നതു് വളരെ പ്രയാസമേറിയ കാര്യമാണു്. ഇതു് ഏതു ദേശത്തെയും കാലത്തെയും സംബന്ധിച്ച ഒരു സാമാന്യ തത്വമാണു്.

എങ്കിലും ആഫ്രിക്കയുടെ ആധുനിക ചരിത്രമെഴുതുന്നവക്ക ഈ വസ്തുത ഒരു വിശേഷരീതിയിൽ അനുയോജ്യമാകുന്നതാണ്. കാരണം ആഫ്രിക്കയുടെ ചരിത്രം ഏറിയകുറും ആധുനിക ചരിത്രം തന്നെയാണ്. മാത്രമല്ല മററു നാട്ടുകളെ അപേക്ഷിച്ച് അപ്രതീക്ഷിതമായും സംഭ്രമജനകമാംവണ്ണവുമാണ് ആഫ്രിക്കയിൽ സംഭവവികാസങ്ങൾ രൂപം കൊള്ളുന്നതെന്നു കാണാൻ കഴിയും. ഇന്നത്തെ രാഷ്ട്രീയാന്തരീക്ഷം നാളെ കാണാൻ കഴിയാത്തവണ്ണം മിന്നൽ വേഗത്തിൽ ഓരോന്നു സംഭവിക്കുന്നതു് ആഫ്രിക്കയിൽ പതിവായിത്തീന്നിരിക്കുന്നു. ആ നാടിൻെറ ഏതെങ്കിലും സ്ഥിതിവിശേഷങ്ങൾ വിവരിച്ചു കഴിയുന്നതിന്നു മുമ്പ് അതു മാറിയെന്നുവരും. എങ്കിലും നാം വത്തമാനകാലചരിത്രത്തെയും നമ്മുടെ ചുററുപാട്ടും നടക്കുന്ന സംഭവങ്ങളെയും കുറിച്ച് ശരിക്കു മനസ്സിലാക്കാൻ ശ്രമിക്കുന്നതു് സ്വാഭാവികമാണ്, ബുദ്ധിപൂവ്വവുമാണ്. അതുകൊണ്ടു് ആഫ്രിക്കയുടെ ചരിത്രത്തെ കഴിയുന്നത്ര സംഗ്രഹരൂപത്തിലും എന്നാൽ വ്യക്തമായും പ്രതിപാദിക്കാനാണ് ഈ ഗ്രന്ഥം കൊണ്ടുദ്ദേശിക്കുന്നതു്.

× × × × ×

ഏകദേശം ഇരുനൂറു വഷങ്ങൾക്കു മുമ്പ് ആഫ്രിക്കയുടെ ഉത്തര പ്രദേശങ്ങളും തെക്കെ അററത്തുള്ള മുനമ്പുമൊഴികെ മററുള്ള ഭാഗങ്ങളെക്കുറിച്ചു സമീപസ്ഥരായ യൂറോപ്യന്മാക്കുപോലും യാതൊരറിവുമുണ്ടായിരുന്നില്ല; കിഴക്കൻ പ്രദേശങ്ങളിൽ ഈജിപ്ററു് എത്തിയോപ്പിയ മുതലായ ചില ഭാഗങ്ങളെക്കുറിച്ചു മാത്രം ഏഷ്യക്കാർ കുറച്ചൊക്കെ മനസ്സിലാക്കിയിരുന്നു. അതിനെ പഴയ ഗോളത്തിലെ ഒരു ഭൂഭാഗമായി കരുതിപ്പോന്നിരുന്നുവെങ്കിലും ആസ്ത്രേലിയായെപ്പോലെ തന്നെ കഴിഞ്ഞ നൂററാണ്ടിൻെറ ആരംഭംവരെ അതു് ബാഹ്യ

ലോകത്തിന്നു അജ്ഞാതമായിരുന്നു. യൂറോപ്പിനെയും ഏഷ്യയെയും സ്പർശിച്ചു കൊണ്ടു കിടക്കുന്ന അതിൻെറ ഒരു ചെറിയ ഭാഗം മാത്രമേ പഴയ ലോകത്തിൻെറ അറിവിൽ പെട്ടിരുന്നുള്ളൂ. ആ വൻകരയുടെ ശേഷമുള്ള വിശാലമായ ഭൂപ്രദേശങ്ങളെപ്പററി യാതൊന്നും അന്യനാട്ടുകാർ അറിഞ്ഞിരുന്നില്ല.

കഴിഞ്ഞ ഇരുന്നൂറു വർഷങ്ങളായിട്ട് പല യൂറോപ്യന്മാർ ആഫ്രിക്കയുടെ നാനാഭാഗങ്ങളിൽ ചുററിസഞ്ചരിച്ച് ആ ഭൂഖണ്ഡത്തിലുള്ള മരുഭൂമികൾ, വനങ്ങൾ, നദികൾ, പുൽത്തകടികൾ, പർവ്വതങ്ങൾ, ജലപാതങ്ങൾ, വൃക്ഷലതാദികൾ, മൃഗങ്ങൾ, ജനസമൂഹങ്ങൾ മുതലായവയുടെ പ്രത്യേകതകൾ ഗവേഷണം ചെയ്തു പഠിച്ചു. പത്തൊമ്പതാം നൂററാണ്ടിൻെറ പശ്ചാർദ്ധത്തിൽ ചില യൂറോപ്യ വൻശക്തികൾ ആഫ്രിക്കയുടെ പല ഭാഗങ്ങളിലും ആധിപത്യം സ്ഥാപിക്കുകയും ചെയ്തു.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം (1945നു ശേഷം) ബ്രിട്ടൺ മുതലായ വൻശക്തികൾ അല്പാല്പമായി തങ്ങളുടെ ആധിപത്യത്തിൽ അയവുവരുത്തിയതുകൊണ്ട് ആഫ്രിക്കയുടെ ചില ഭാഗങ്ങൾ സ്വാതന്ത്ര്യങ്ങളായി; ചിലഭാഗങ്ങൾ സ്വാതന്ത്ര്യത്തിൻെറ വക്കത്തു സ്ഥിതി ചെയ്യുകയാണ്. മററു ചിലതു് സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിക്കൊണ്ടിരിക്കുകയുമാണ്. ഇങ്ങനെ പൊതുവിൽ വളരെ കുഴഞ്ഞുമറിഞ്ഞ ഒരു അവസ്ഥാവിശേഷം അവിടെ രൂപം പ്രാപിച്ചുവരികയാണ്. അതുകൊണ്ട് ആഫ്രിക്കയിലെ സ്ഥിതിഗതികൾ രാഷ്ട്രീയം എന്നു വിശേഷിപ്പിച്ചു കൂടാത്ത നിലയിലാണുള്ളതു്. അതുകൂടാതെ ആ ഭൂഖണ്ഡത്തിൻെറ പല ഭാഗങ്ങളിലും സൂയസ് തോട്ടു മുതൽ കേപ്ടൗൺ വരെ—ഘാനാ, കോംഗോ മുതൽ

സാൻസിബാർ വരെ—അസംഖ്യം രാഷ്ട്രീയ പ്രശ്നങ്ങൾ പൊന്തിവന്നിരിക്കുകയാണ്. ഇവ ഭാവിയിൽ എങ്ങിനെയാണ് ആ ഭൂഖണ്ഡത്തിൻെറ സ്ഥായിയായ രാഷ്ട്രീയത്തെ നിയന്ത്രിക്കാൻ പോകുന്നതെന്ന് ആൎക്കും ക്ലിപ്തമായി പറയാൻ സാദ്ധ്യമല്ല.

ഈ കുഴങ്ങിമറിഞ്ഞ നിലക്കു പല കാരണങ്ങൾ പറയാനുണ്ട്. ഇപ്പോൾ രാഷ്ട്രീയ സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന പല നാട്ടുകളും അതിനു തീകച്ചും അർഹതയില്ലാത്തവയാണെന്നുള്ളതു് സുവ്യക്തമത്രെ. കോംഗോവിലും തങ്കനീക്കയിലും ഈയിടെ നടന്ന കലാപങ്ങളും ഐക്യരാഷ്ട്രസഭയുൾപ്പെടെ അന്യദേശങ്ങൾ അതിൽ ഇടപെട്ടതും ഇതിനു തെളിവാണല്ലൊ. ഈജിപ്റ്റു്, ഘാനാ മുതലായ നാട്ടുകളിലും ജനാധിപത്യത്തിൻെറ മൂട്ടുപടമണിഞ്ഞ വൻകിട ശക്തികളുടെ ഭരണമാണ് കാണപ്പെടുന്നതു്. എത്തിയോപ്യയിലെ രാജവാഴ്ച ഒരു സ്വകാര്യ ഭരണം തന്നെയാണ്. ദക്ഷിണാഫ്രിക്ക, റൊഡീഷ്യ മുതലായ സ്ഥലങ്ങളിൽ വെള്ളക്കാർക്കും കറുപ്പു നിറക്കാൎക്കും തമ്മിലുണ്ടായിട്ടുള്ള വർഗ്ഗീയ കലഹങ്ങൾ വൻതോതിലുള്ള രാഷ്ട്രീയ പ്രതികാരേച്ഛകളെ താലോലിച്ചു വളർത്തിയിട്ടുണ്ട്. ഈ അവസ്ഥക്ക് ആഫ്രിക്കയിൽ ജനതയുടെ പിന്നോക്കനിലയും അവരെ ഭരിച്ചുപോന്നിരുന്ന യൂറോപ്യന്മാർ അവരുടെ പുരോഗമനത്തിനുനേരെ കാണിച്ചിരുന്ന അനാസ്ഥയുമാണ് കാരണം. അതുകൂടാതെ ഈ അവസ്ഥയിൽ ആഫ്രിക്കക്കു പുറത്തുള്ള മഹച്ഛക്തികളും ചെറുകിട ശക്തികളും പല സംഘടനകളും ശ്രദ്ധ പതിപ്പിച്ച് ഏറിയകൂറും സ്വന്തം ലാഭത്തെ ഉദ്ദേശിച്ചും ചിലപ്പോൾ എതിരാളിയുടെ ഉയരുന്ന കരം താഴ്ത്തുന്നതിനായും ആഫ്രിക്കയുടെ രാഷ്ട്രീയത്തിൽ തലയിടുന്നതും അതിനെത്തുടൎന്ന് ഐക്യരാഷ്ട്രസഭയിൽ പരസ്പരം

പൊരുതുന്നതും പതിവായിത്തീൎന്നിരിക്കുന്നു. ആംഗ്ലോ—അമേരിക്കൻ ചേരിയോ പശ്ചിമ യൂറോപ്പുകാരോ ആഫ്രിക്കയിൽ തങ്ങളുടെ സ്വാധീനശക്തി വൎദ്ധിപ്പിക്കാതിരിക്കാൻ കമ്മ്യൂണിസ്ററുകാർ അനവരതം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഒടുവിൽ പറഞ്ഞ കൂട്ടരുടെ സ്വാധീനശക്തിയെ തടയുന്നതിന്നു മററു പല വിഭാഗക്കാരും വളരെയേറെ ബുദ്ധിമുട്ടുകൾ സഹിച്ച് സൈനികവും സാമ്പത്തികവുമായ സഹായങ്ങൾ നല്കിവരികയുമാണ്. അടുത്ത കാലത്ത് റഷ്യക്കും ചൈനക്കും തമ്മിലുണ്ടായിട്ടുള്ള ആശയ സംഘട്ടനത്തിൻെറ ഫലമായി അവരും സ്വാധീനവേട്ടക്ക്, വെവ്വേറെയായി രംഗത്തിറങ്ങിയിട്ടുണ്ട്. പൊതുവിൽ ആഫ്രിക്കയെ സംബന്ധിച്ച പ്രസ്ഥാനങ്ങളിൽ അന്യനാട്ടുകാർ കാണിക്കുന്ന താല്പൎയ്യം അതിന്നകത്തുള്ളവരുടെ പ്രവൎത്തനങ്ങളെയൊക്കെ അധിഃകരിക്കുന്നതാണ്. കാരണം ഏതുതന്നെയായാലും പലരുടെയും പ്രവൎത്തനങ്ങൾ തമ്മിൽ സംഘട്ടനങ്ങളുണ്ടാകുന്നതുകൊണ്ട് സംഭവങ്ങൾ വൎദ്ധിച്ചുവരികയാണ്. അതുകൊണ്ട് ഇവയുടെയൊക്കെ ആകെത്തുകയായി എന്താണവശേഷിക്കുന്നതെന്ന് ഒന്നും തിട്ടമായി പറയാറായിട്ടില്ല.

നൂററുപതു വൎഷം മുമ്പ് നെപ്പോളിയൻ ചൈനയെപ്പററി ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി. "വിദൂരതയിൽ ഒരു രാക്ഷസൻ ഉറങ്ങിക്കിടക്കുകയാണ്. അവൻ ഉണൎന്നെഴുന്നേററാൽ ലോകചരിത്രത്തിൻെറ ഗതിയെത്തന്നെ മാററാനുള്ള ശക്തി അവനിലുണ്ട്." അതൊരു മഹാസത്യമായിരുന്നു. ഇന്നു ലോകം അതു പ്രത്യക്ഷത്തിൽ കാണുകയാണ്; കണ്ട് അത്ഭുതപ്പെടുന്നു; ഭയപ്പെടുകയും ചെയ്യുന്നു. അതുപോലെത്തന്നെയാണ് ഇപ്പോൾ ആഫ്രിക്കയിലെ 'അസുരന്മാർ' ഉണൎന്നെഴുന്നേൽക്കുന്നതു്.

പരിഷ്കൃതലോകത്തിൻെറ ചരിത്രം അവർക്കറിയുക യില്ല. ഇപ്പോഴാണ് കണ്ണുതുറന്നു്, കൈകാൽ കുടഞ്ഞു്, ചുററുപാടും നോക്കി, ലോകസംഭവങ്ങൾ ഗ്രഹിച്ചിട്ട് അവയ്ക്കൊത്തു ജീവിക്കാൻ ശ്രമിക്കുന്നതു്. അവരുടെ ഭാവി നിർണ്ണയിക്കുക സാദ്ധ്യമല്ല. ചരിത്രത്തിൻെറ പുരോഗമനമാണ് അതു വെളിപ്പെടുത്തുന്നതു്.

× × × × ×


ആഫ്രിക്ക ഒരു വലിയ ഭൂഖണ്ഡമാണ്. ട്യൂണിസ് മുതൽ കേപ്ടൗൺവരെ ഏകദേശം 5000 മൈൽ നീളവും ടാകർ മുതൽ ചെങ്കടൽവരെ ഏതാണ്ട് 4500 മൈൽ വിസ്താരമുള്ളതാണതു്. ഏകദേശം പത്തു ഇൻഡ്യയെ അതിലടക്കാം. അതിൻെറ തല മദ്ധ്യധരണിക്കടലിലും കാൽ ഇന്ത്യൻ മഹാസമുദ്രത്തിൻെറ തെക്കെ അററത്തുമായി സ്ഥിതി ചെയ്യുന്നു. വെറും 80 മൈൽ നീളമുള്ള സൂയസ് തോടാണ് ഈ വൻകരയെ ഏഷ്യയിൽ നിന്നു വേർപെടുത്തുന്നതു്. യൂറോപ്പിൻെറ തെക്കെപടിഞ്ഞാറൻ മുനയിൽ സ്ഥിതിചെയ്യുന്ന ജിബ്രാൾട്ടർ പാറയെ ടാൻജിയരിൽനിന്നു വേർതിരിക്കുന്ന ജലസന്ധി വളരെ ഇടുങ്ങിയതാണ്. ഈ ഖണ്ഡത്തിൻെറ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന മെഡഗാസ്കർ ദ്വീപിന്നു് ഇന്ത്യയുടെ പകുതി വിസ്തീർണ്ണമുണ്ട്. വടക്കു ഭാഗത്തുള്ള സഹാറയാണ് ലോകത്തിലെ ഏററവും വലിയ മരുഭൂമി; ഇതിന്നു കുറഞ്ഞപക്ഷം മദ്ധ്യധരണിക്കടലിൻെറ മൂന്നിരട്ടി വലുപ്പം കാണും ഈ ഭൂഖണ്ഡത്തിൽ കുറുകെയും നെടുകയും ഒഴുകുന്ന കാംഗോ, നൈൽ എന്നീ നദികൾക്ക് 4000 മൈൽ നീളമുണ്ട്. പഴയ ഗോളത്തിൽ ഇവയെക്കാൾ വലിയ നദികളില്ല. ഈ ഖണ്ഡത്തിൽ ഖനനം ചെയ്യപ്പെടുന്ന സ്വർണ്ണവും രത്നങ്ങളും ലോകത്തിൻെറ മററു പല ഭാഗങ്ങളിൽനിന്നു മൊത്തത്തിൽ ലഭിക്കുന്നതിനേക്കാൾ എത്രയോ കൂടുതലാണ്.

ഇങ്ങനെയുള്ള വിശാലമായ ഭൂഭാഗത്തിൽ ഏറിയ ഭാഗവും ദുഷ്ടമൃഗങ്ങളെക്കൊണ്ടു നിബിഡമായ വനപ്രദേശങ്ങളും ജനവാസയോഗ്യമല്ലാത്ത സഹാറ മണലാരണ്യവുമായതുകൊണ്ടു് ഇവിടത്തെ ആകെ ജനസംഖ്യ വെറും ഇരുപതു കോടിയത്രെ. അതായതു് ഇൻഡ്ധ്യയുടെ ജനസംഖ്യയിൽ പകുതിപോലുമില്ല. ഈ ജനസംഖ്യയിൽ ക്രിസ്ത്യാനികളും മുഹമ്മദീയരും ഹിന്ദുക്കളുമുണ്ടെങ്കിലും കുറഞ്ഞപക്ഷം പത്തുകോടി ജനങ്ങൾ യാതൊരു മതബന്ധവുമില്ലാത്ത ആദിമനിവാസികളാണു്. ഇവരിൽ ഈജിപ്ററു് മുതലായ ഉത്തരാഫ്രിക്കൻ രാജ്യങ്ങളിൽ അധിവസിക്കുന്നവർ അറബികളോടു ബന്ധപ്പെട്ട ഹമയിട്ടുകളത്രെ; മററു പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാലുകൾ, ബാൻഡുകൾ,[1] പിഗ്മികൾ,[2] ഹാറ്റൻസാററുകൾ[3] എന്നിവരാണു്. ഈ എല്ലാവർഗ്ഗക്കാരും പൊതുവിൽ നീഗ്രോകൾ[4] എന്ന പേരിലാണു് അറിയപ്പെടുന്നതു്. ആഫ്രിക്കയിൽ മററിനക്കാരും ഉണ്ടെങ്കിലും അതിന്നു് "കറുപ്പന്മാരുടെ ദേശം" എന്ന പേരു സ്ഥിരപ്രതിഷ്ഠിതമായിത്തീർന്നിരിക്കുന്നു. ആദിമനിവാസികളിൽ ഭൂരിപക്ഷവും നീഗ്രോകളായതുകൊണ്ടു് ആഫ്രിക്കയുടെ പ്രാചീനചരിത്രം നീഗ്രോകളുടെ ചരിത്രം തന്നെയാണു്. അതിനെക്കുറിച്ചു് ദിങ്മാത്രമായ അറിവെങ്കിലുമില്ലാതെ അവരുടെ ആധുനിക ചരിത്രത്തെയും പ്രസ്ഥാനങ്ങളെയും നല്ലവണ്ണം മനസ്സിലാക്കുക സാധ്യമല്ല.

---

1. ഈ പദത്തിനു് ജനങ്ങൾ എന്നാണർത്ഥം.
2. 'പിഗ്മികൾ' ഉയരം കുറഞ്ഞവരാണു്.
3. ഈ വർഗ്ഗക്കാരുടെ ഭാഷയിൽ 'ഹാററു്' 'സാററു്' എന്ന പദങ്ങളുടെ ബാഹുല്യം കണ്ടിട്ടു് അന്യനാട്ടുകാർ അവക്കു നല്കിയ പേരാണിതു്.
4. ലത്തീനിൽനിന്നു സ്പാനിഷിലേക്കു വന്ന പദമാണിതു്. ആഫ്രിക്കക്കാർ ഇപ്പോൾ 'നീഗ്രോ' എന്ന പദം ഇഷ്ടപ്പെടുന്നില്ല.

# ആഫ്രിക്ക- രാജ്യവിഭാഗങ്ങൾ



1) ഇഫ്നി(സ്പാ)
2) മൊറോക്കോ
3) അൾജീരിയ
4) ടൃനീഷ്യ
5) ലിബിയ
6) ഈജിപ്‌റ്റ്
(സം. അ. ഗണതന്ത്രം)
7) സൂഡാൻ
8) എറിട്രിയ
9) എത്തിയോപ്യ
10) (ഫ്ര.) സോമാലിലാൻഡ്
11) സോമാലിയ
12) കെനിയ
13) ഉഗാണ്ഡ
14) രുവണ്ഡ
15) ഉരുണ്ഡി
16) തങ്കനീക്കാ
17) സാൻസിബാർ
18) മാളവി
19) മൊസാംബിക് (പോർട്ടു്)
20) റൊഡീഷ്യ (ബ്രി.)
21) പെക്കുവാനാലാൻഡ്
22) ദക്ഷിണാഫ്രിക്ക
23) ബസൂട്ടോലാൻഡ്
24) സ്വാസിലാൻഡ് (ബ്രി)
25) തെക്കുപടിഞ്ഞാറെ
ആഫ്രിക്ക (തെ. ആ.)
26) അങ്കോലാ (പോർട്ടു്)
27) കോംഗോ
(ലിയോപോൾഡ്)
28) കോംഗോ(ബ്രാഡാവിൽ)
29) ഗാബോൺ
30) റിയോമുനി (സ്പാ)
31) കാമരുൺ
32) മദ്ധ്യാഫ്രിക്കാ ഗണതന്ത്രം
33) ചാഡ്
34) നൈജീരിയ
35) ദഹോമി
36) ടോഗോലാൻഡ്
37) ഘാന
38) ഐവറികോസ്റ്റ്
39) മേൽവാൾട്ടാ
40) ലൈബീരിയ
41) സിരാലിയോൺ
42) ഗിനി
43) (പോർട്ടു്) ഗിനി
44) സാമ്പിയാ
45) സെനഗൽ
46) മാറിട്ടേനിയ
47) (സ്പാ) സഹാറ
48) സൂഡാൻ (45 + 48 = മാലി)
49) നൈജർ
50) മലഗാസി

# പ്രാചീന ചരിത്രം

ആഫ്രിക്ക[1]യെ 'ഇരുണ്ട ഖണ്ഡം' എന്നും വിളിക്കാറുണ്ട്. ആ ഇരുട്ട് അവിടത്തെ ജനങ്ങളുടെ നിറത്തെയല്ല; അതിന്റെ ചരിത്രത്തെക്കുറിച്ച് അന്യദേശക്കാരുടെ ഹൃദയങ്ങളിൽ കുടികൊണ്ടിരിക്കുന്ന അന്ധകാരത്തെയാണ് സൂചിപ്പിക്കുന്നത്. ആ അന്ധകാരം നീങ്ങാൻ തുടങ്ങിയിട്ട് ഇരുനൂറാണ്ടുകൾ പോലുമായിട്ടില്ല; അത് ഇനിയും നിശ്ശേഷം മാഞ്ഞിട്ടില്ല.

1. 'ആഫ്രിക്ക' എന്ന പദം 'വെയിലിന്റെ നാട്' എന്ന അർത്ഥത്തിലുള്ള ലത്തീൻ പദമായ 'ആപ്രികാ'(aprica)യിൽനിന്നു ഉത്ഭവിച്ചതാണെന്നു ചിലരും 'അ-ഫ്രീകാ (a-phrike = ശൈത്യരഹിതം) എന്ന ഗ്രീക് പദത്തിന്റെ പരിണത രൂപമാണെന്നു മറ്റു ചിലരും പറയുന്നുണ്ട്.

ആഫ്രിക്കയുടെ ഒരു പ്രാചീന ചരിത്രം ഇല്ല എന്നതാണ് ഒരു പൊതുവായ ധാരണ. ആദിമ മനുഷ്യൻ അവിർഭവിച്ചതു് റൊഡീഷ്യയിലായിരുന്നുവെന്നു് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നതുകൊണ്ടും ഈജിപ്റ്റിൽ 6000 വർഷം മുമ്പു് ഉന്നതമായ ഒരു സംസ്കാരം നിലനിന്നിരുന്നുവെന്നതു് സർവ്വവിദിതമായതുകൊണ്ടും ആഫ്രിക്കയുടെ ഒരു പ്രാചീന ചരിത്രമുണ്ടെന്നാണ് ചിലരുടെ അഭിപ്രായം. പക്ഷേ ഈജിപ്റ്റു് ഒഴികെ മററു ഭാഗങ്ങളിൽ പ്രാചീന പരിഷ്കൃതിയുടെ ചിഹ്നങ്ങളോ അവശിഷ്ടങ്ങളോ യാതൊന്നുമില്ലാത്തതുകൊണ്ടു് ആഫ്റിക്കാക്കാർ അടുത്തകാലം വരെ പരിഷ്കൃതജീവിതം എന്തെന്നറിയാത്തവരാണെന്നുവേണം പറയുവാൻ. പരിഷ്കാരത്തിൻെറ പ്രത്യേക ലക്ഷണങ്ങൾ—സാഹിത്യം, ലളിതകലകൾ, വാസ്തുശില്പം മുതലായവ—യാതൊന്നുമില്ലാത്ത ഒരു ജനവിഭാഗത്തെ 'പരിഷ്കൃത' ശബ്ദം കൊണ്ടു വിശേഷിപ്പിക്കുന്നതിൽ യാതൊരർത്ഥവുമില്ല തെക്കെ റൊഡീഷ്യയിൽ കാണപ്പെടുന്ന പ്രശസ്തമായ ചില നഷ്ടശിഷ്ടങ്ങൾ സൂചിപ്പിക്കുന്ന കലാവിഭവങ്ങളുടെ സ്രഷ്ടാക്കൾ ആ്ഫറിക്കക്കാരാണെങ്കിൽ അവരെ കലയുടെ പുരോഗതിയിൽ പിന്നോക്കം നില്ക്കുന്നവരാണെന്നു് യാതൊരു കാരണത്താലും പറയാവുന്നതല്ല: പക്ഷേ അവയെ നിർമ്മിച്ചതു് ഫിനീഷ്യന്മാരെന്നും കരുതാനിടയുണ്ടു്, പ്രാചീന ആഫ്റിക്കയുടെ പരിഷ്കൃതിയുടെ ഒരു സത്യത്തെക്കുറിച്ചു് ചരിത്രപശ്ചാത്തലത്തിൽ യാതൊന്നും അറിയാനില്ല.

ഈ വിഷയത്തിൽ ആഫ്റിക്കക്കാർ തന്നെ രണ്ടഭിപ്രായക്കാരാണു്. പുരാതനാഫ്റിക്കയുടെ യശസ്സിനെ ലഘൂകരിക്കാൻ അവർ ഇഷ്ടപ്പെടുന്നില്ല; അതിന്നനുവദിക്കുന്ന ഒന്നല്ല അവരുടെ ദേശസ്നേഹം. കൂടാതെ തങ്ങ

ളുടെ പ്രാചീന സംസ്കാരത്തിന്റെ സ്വഭാവത്തെക്കുറിച്ച് അവർക്കു തന്നെ കുറച്ചൊരു അപകർഷബോധമുള്ളതു പോലെ തോന്നിപ്പോരുന്നുണ്ട്. അതുകൊണ്ട് യൂറോപ്യൻ സംസ്കാരത്തെയോ അമേരിക്കൻ സംസ്കാരത്തെയോ സ്വീകരിക്കുന്നതാണ് ഇനിയുള്ള പോംവഴി എന്നാണ് അവർ ഇപ്പോൾ കരുതുന്നതു്. പാശ്ചാത്യ ജനാധിപത്യം, സോഷ്യലിസം, ശാസ്ത്രപുരോഗതി വ്യാവസായിക വിപ്ളവം, പാശ്ചാത്യരുടെ ജീവിതരീതി മുതലായവയെ കൈക്കൊള്ളുന്നതിനാഗ്രഹിക്കുന്ന ആഫ്രിക്കൻ ജനങ്ങൾ അവരുടെ രാഷ്ട്രീയാധിപത്യം മാത്രം ആഗ്രഹിക്കുന്നില്ല. സ്വാതന്ത്ര്യം സമ്പാദിച്ച തങ്ങളുടെ നാട്ടുകളെ അമേരിക്കയെപ്പോലെയോ യൂറോപ്യൻ ദേശങ്ങളെപ്പോലെയോ ആക്കിത്തീർക്കാനാണ് അവരിഷ്ടപ്പെടുന്നതു്. പ്രാചീന ചരിത്രത്തിലും പുരാതന സംസ്കാരത്തിലും ഒരു ജനസമുദായത്തിന്നുണ്ടാകുന്ന പഴമയുടെ ബോധം ആഫ്റിക്കക്കാക്കില്ല; പക്ഷേ ഘാനായിലെ നേതാക്കന്മാരും ജനങ്ങളും അതരം ഒരു ബോധം കൃത്രിമമായി വളത്തിക്കൊണ്ടുവരികയാണ്. അതുകൊണ്ട് അവക്ക് പാശ്ചാത്യദേശങ്ങളുടെ ഇന്നത്തെ സ്ഥിതി പ്രാപിക്കാനെളുപ്പമുണ്ട്; പക്ഷേ അതിന്നാവശ്യമായ സാങ്കേതിക വിദ്യാഭ്യാസമോ സാമാന്യ വിദ്യാഭ്യാസം പോലുമോ അവിടെ ഇല്ലാത്തതുകൊണ്ട് അവർ ഇന്ന് ഒരു ധമ്മസങ്കടത്തിൽ കഴിഞ്ഞുകൂട്ടുകയാണ്, തങ്ങളെ അടക്കിബ്ഭരിച്ചുപോന്നിരുന്ന യൂറോപ്യന്മാരെ അവിടെ നിന്നു് നീക്കം ചെയ്യാൻ അവരുടെ ഹൃദയം വെമ്പുന്നു. പക്ഷേ അവരെ നീക്കം ചെയ്താൽ പിന്നെന്താണ് ചെയ്യേണ്ടതെന്ന് ആലോചിക്കുന്നതിനുവേണ്ട വിദ്യാഭ്യാസപുരോഗതി അവർക്കുണ്ടായിട്ടില്ല. ഇക്കാരണത്താലുണ്ടാകുന്ന രാഷ്ട്രീയ വികാരങ്ങൾ നിയന്ത്രണാതീതമായി

ത്തിരിക്കയാണ് തങ്ങളുടെ പ്രാചീന ചരിത്രത്തെപ്പററി അവർക്കുതന്നെ യാതൊന്നും അറിയാൻ പാടില്ല. അതു കൊണ്ടാണ് ആധുനിക ആഫ്റിക്കയിലെ ജനങ്ങൾ പുതുമയെ ആഗ്രഹിക്കുന്നത്. തങ്ങളുടെ സംസ്കാരം എന്തായിരുന്നുവെന്ന് അറിഞ്ഞാലല്ലേ ആ സംസ്കാരത്തിന നുയോജ്യമായ പുതുമ എന്തെന്നു നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. ഈ അവസ്ഥയിൽ ഏതൊരു വിധത്തിലുള്ള പുതുമയെയും സ്വാഗതം ചെയ്യാനുള്ള മനസ്ഥിതി വർദ്ധിച്ചുവരികയാണ്.

ആരംഭകാലത്ത് അതായത് ഏകദേശം മൂവായിരം വർഷംമുമ്പ്, 'ചെറിയ ഏഷ്യ'ക്കാരായ ഫിനീഷ്യന്മാർ വടക്കെ ആഫ്റിക്കയിൽ കാർത്തേജ് എന്ന കോളനി സ്ഥാപിച്ചു. കാർത്തേജ് നാട്ടുകാരനായ ഹാനോ (Houno) B. C. 520 ൽ വടക്കുപടിഞ്ഞാറെ ആഫ്റിക്കൻ കരയോടടുപ്പിച്ച് വളരെയേറെ സമുദ്രയാത്രകൾ നടത്തി. ഇപ്പോൾ ലിബിയാ എന്നറിയപ്പെടുന്ന സ്ഥലത്തോട് ഗ്രീക്കുകാർ ബി. സി 630-ൽ സമ്പർക്കം സ്ഥാപിച്ചു. ഏകദേശം മൂന്നു നൂററാണ്ടുകൾക്കുശേഷം അലക്സാണ്ടർ ഈജിപ്തിൽ അലക്സാണ്ട്റിയാ നഗരം സ്ഥാപിച്ചു. മദ്ധ്യധരണിക്കടലിന്നു ചുററുമുള്ള നാട്ടുകളിൽ റോമൻകാരുടെ ആധിപത്യവും സ്വാധീനശക്തിയും വർദ്ധിച്ചതോടുകൂടി വടക്കെ ആഫ്റിക്ക അവരുടെ ഭരണത്തിൻ കീഴിലായി. A. D. എട്ടാം നൂററാണ്ടിൽ അറബികൾ വടക്കേ അഫ്റിക്കയിൽ കടന്ന് അവിടെ ഇസ്ലാംമതവും അവരുടെ ഭരണവും ഉറപ്പിച്ചു. മൊറോക്കോവിൽ വന്നുചേന്ന അറബികൾ എളുപ്പത്തിൽ സ്പെയിനിൽ കടന്ന് അവിടെ നില നാട്ടപ്പെട്ടിരുന്ന മൂറുകളുടെ (വടക്കു പടിഞ്ഞാറെ ആഫ്റിക്കയിലെ അധിവാസികളിൽ ഒരു വർഗ്ഗം) ഭരണം 15-ാം നൂററാണ്ടുവരെ നിലനിർത്തി

വടക്കെ ആഫ്റിക്കയിൽനിന്ന് ക്രിസ്തുമതം അപ്രത്യക്ഷമായി; ഇസ്ളാം നിലയുറപ്പിച്ചു. എത്തിയോപ്പിയയിൽ മാത്രം ക്രിസ്തുമതത്തിൻെറ ഒരു വകഭേദമായ കോപ്റ്ററിക്മതം (Coptic Christianity) നിലനിന്നു പോന്നു. ഈ സംഭവങ്ങൾ യാതൊന്നും ആഫ്റിക്കയുടെ ഇതര ഭാഗങ്ങളെ ബാധിക്കുന്നതിന്നു സഹാറാ മണലാരണ്യവും ഘോരവനങ്ങളും അനുവദിക്കാതിരുന്നതുകൊണ്ടു് ആഫ്രിക്കയിലെ ഭൂരിഭാഗം ദേശങ്ങളുടെയും ചരിത്രം പതിനഞ്ചാം നൂററാണ്ടു മുതലാണാരംഭിക്കുന്നതു്.

ആ നൂററാണ്ടിൽ പോർട്ടുഗീസുകാർ നീണ്ടനീണ്ട സമുദ്രയാത്രകൾ നടത്തി. അക്കാലത്തു് പോർട്ടുഗീസിനെ ഭരിച്ചിരുന്നതു് ജോർജ്ജ് ഒന്നാമൻ ആയിരുന്നു. അദ്ദേഹത്തിൻെറ മകൻ ഹെൻറിക്കു് കടൽ യാത്രയിൽ വലിയ കമ്പമായിരുന്നു; പുതിയ പുതിയ ഭൂഭാഗങ്ങൾ കണ്ടെത്തുന്നതിന്നു യൂറോപ്പിലെ പല രാജ്യങ്ങളും ശ്രമിച്ചുകൊണ്ടിരുന്നുവെങ്കിലും ആക്കാര്യത്തിൽ ഹെൻറിക്കുണ്ടായിരുന്ന താല്പര്യം ഒന്നു വേറെതന്നെയായിരുന്നു. അദ്ദേഹം കപ്പൽയാത്രക്കാക്കു പരിശീലനം നൽകുന്നതിനുള്ള ഒരു കോളേജ് സ്ഥാപിച്ചു, സമുദ്രം തരണം ചെയ്യത്തക്കവണ്ണമുള്ള ഭീമാകാരമായ കപ്പലുകൾ നിർമ്മിക്കുന്നതിനുള്ള തളങ്ങൾ കെട്ടിച്ചു് സമുദ്രതരണത്തിന്നു വേണ്ടത്ര പ്രോത്സാഹനങ്ങൾ നൽകി. അദ്ദേഹത്തിനു് നാവികനായ ഹെൻറി (Henry the navigater) എന്ന പേരു ലഭിച്ചു. അദ്ദേഹത്തിൻെറ പരിശ്രമഫലമായി 1434–ൽ ബോജഡോർ (Cape Bojador) എന്ന മുനമ്പു കണ്ടുപിടിക്കപ്പെട്ടു. അതിന്നുശേഷം 1488–ൽ ബാർട്ടലോവിയോ ഡയസ് (Bartalomeo Dias) എന്ന നാവികൻ ആഫ്റിക്കയുടെ ദക്ഷിണകോടിയിലേക്കു് ഒന്നു എത്തിനോക്കിയെങ്കിലും അവിടെ അപ്പോൾ അതിഭയങ്കരമായ ഒരു

കാട്ടുകാററു വീശിച്ചതുകൊണ്ടു് മടങ്ങിപ്പോവുകയാണു ണ്ടായതു്. 1498-ൽ വാസ്കോഡ ഗാമ (Vasco da gama) ആ മുനമ്പു് ചുറ്റിസ്സഞ്ചരിച്ചു് ഇന്ത്യയുടെ പശ്ചിമതീരത്തെത്തി. അക്കാലത്തു് അത്‌ലാന്തിക സമുദ്രത്തിന്ന കിഴക്കുള്ള പ്രദേശങ്ങളിൽ പോർട്ടുഗീസുകാരുടെയും അതിന്നു പടിഞ്ഞാറുള്ള പ്രദേശങ്ങളിൽ സ്പാനിഷുകാരുടെയും ആധിപത്യമാണു് മുന്തിനിന്നിരുന്നതു്. ആഫ്റിക്കയുടെ പശ്ചിമതീരത്തു് തങ്ങൾ കാൽ ചവിട്ടിയ ഭാഗങ്ങളെയെല്ലാം അവർ ആക്രമിച്ചു. കോംഗോവിന്നു തെക്കുള്ള അങ്കോലയിൽ പോർട്ടുഗീസുകാരുടെ ആധിപത്യം ആരംഭിച്ചശേഷം അവർ ദക്ഷിണാഫ്റിക്കയെ ഒരിക്കൽ പ്രദിക്ഷണം ചെയ്തു; മൊസാംബിക്കിലെത്തി. എങ്കിലും ആ ഇരുണ്ട ഖണ്ഡത്തിന്റെ സമഗ്രമായ ഗവേഷണം ആ നൂററാണ്ടിലും ആരംഭിച്ചില്ല.

അനന്തരകാലങ്ങളിൽ വാണിജ്യം, കുടിയേറിപ്പാർപ്പ്, മതപരിവർത്തനം, രാഷ്ട്രീയാധിപത്യം എന്നു തുടങ്ങി പലവിധ പ്രേരണകൾ ബ്രിട്ടൻ, സ്പെയിൻ, ഫ്റാൻസ്, ഹോളൻഡ്, ഡൻമാർക്ക് മുതലായ നാട്ടുകളെ ആഫ്റിക്കയിലേക്കാകർഷിച്ചു. ഇവയിൽ ഏററവും ആദായകരം അടിമക്കച്ചവടമായിരുന്നു. ഉപയോഗശൂന്യമായ കളിസ്സാധനങ്ങൾ വിററു്, അവയ്ക്കു പകരം ആഫ്റിക്കക്കാരെ അടിമകളായി കൈക്കലാക്കി അമേരിക്കയിൽ കൊണ്ടുചെന്നു വില്ക്കുന്ന ഏർപ്പാടു് നിലവിൽ വന്നു. അടിമകളെ വാങ്ങുന്നതിനു് വെള്ളക്കാർക്കുണ്ടായിരുന്ന അത്രയും താല്പര്യം തന്നെ അവരെ വില്ക്കുന്നതിൽ കറുപ്പുമനുഷ്യരും പ്രദർശിപ്പിച്ചുപോന്നു. അതുകൊണ്ടു് ആ സാമൂഹ്യ വഞ്ചനയ്ക്കു് വെള്ളക്കാരും കറുപ്പുജാതിക്കാരും ഒന്നുപോലെ ഉത്തരവാദികളായിരുന്നു. ഗിനിയുടെ തീരത്താണു് ഈ വ്യാപാരം വൻതോതിൽ നടത്തി

യിരുന്നതു്. 1807-ൽ ബ്രിട്ടൻ അടിമവ്യാപാരം നിരോധിച്ചുവെങ്കിലും ആ വഷവും വ്യാപാരം തുടന്നു നടന്നു. 1865-ൽ അമേരിക്കൻ ഐക്യനാട്ടുകൾ നിയമനിർമ്മാണം മൂലം അടിമവ്യാപാരം നിർമ്മാജ്ജനം ചെയ്തതിനുശേഷമാണു് അതു് കമപുഴങ്ങി നിലംപതിച്ചതു്.

ഈ സംഭവങ്ങളെല്ലാം ആഫ്റിക്കയുടെ തീരപ്രദേശങ്ങളിലാണു് നടന്നുപോന്നിരുന്നതു്. ഉൾനാട്ടുകളിൽ പ്രവേശിക്കാൻ ശ്രമിച്ചവരെ ഇടതൂന്ന വനങ്ങളും മരുപ്രദേശങ്ങളും ദുഷ്ടമൃഗങ്ങളും തടഞ്ഞുനിത്തുകയാണുണ്ടായതു്. ട്സെട്സീ (Tsetse) എന്ന മാരകങ്ങളായ ഈച്ചകൾ തുടങ്ങിയുള്ള മനുഷ്യഹന്താക്കൾ എത്ര ചങ്കുറപ്പുള്ളവനെയും കിടിലം കൊള്ളിക്കാൻ പോന്നവയായിരുന്നു.

1788-ൽ ലണ്ടനിൽ സ്ഥാപിക്കപ്പെട്ട ആഫ്റിക്കൻ സംഘടന (African association) നൈൽ, നൈജർ മുതലായ നദികളുടെ ഉദ്ഗമസ്ഥാനങ്ങൾ ആരായുന്നതിന്നുള്ള ഒരുപദ്ധതി ആസൂത്രണം ചെയ്തു. ഈ പദ്ധതിയനുസരിച്ചു് മംഗോ പാക്കു് (Mungo Park) വടക്കുപടിഞ്ഞാറെ ആഫ്റിക്കയിൽ ഒരു പയ്യടനം നടത്തി; ഡേവിഡ് ലിവിംഗ്സ്റ്റൻ (David Livingstone) കലഹാരി മരുഭൂമിയെ തരണം ചെയ്തു് അത്ലാന്തിക മഹാസമുദ്രത്തിലെത്തിച്ചേൻ്നു. സാംബസി നദിയിലെ വിക്ടോറിയാ ജലപാതം ആദ്യമായി കണ്ടെത്തിയതു് അദ്ദേഹമായിരുന്നു. സ്റ്റാൻലി എന്ന മഹാൻ കോംഗോനദിയുടെ തീരങ്ങളും അതിന്റെ ഉദ്ഭവസ്ഥാനവും കണ്ടെത്തി. ഇങ്ങനെ ആഫ്റിക്കാഖണ്ഡത്തിന്റെ അന്തർഭാഗത്തെ സംബന്ധിച്ച ചില വസ്തുതകൾ വെളിപ്പെട്ടു.

രാഷ്ട്രീയം, മതം, വ്യാപാരം എന്നു തുടങ്ങി പല ലക്ഷ്യങ്ങളോടുകൂടിയാണു് യൂറോപ്യന്മാർ ആഫ്റിക്ക

യിൽ വന്നെത്തിയതു്. സ്വർണ്ണവും രത്നങ്ങളും മററുപല ഉപയോഗമുള്ള ധാതുക്കളും അവിടെ സുലഭമാണെന്ന വാർത്ത ലഭിച്ച ഉടൻതന്നെ കോടിക്കണക്കിൽ പണം മുടക്കി വ്യാപാരം നടത്തുന്നതിനു പലരും മുന്നോട്ടുവന്നു.

19-ാം നൂററാണ്ടിൽ ബ്രിട്ടൻ, ജർമ്മനി, സ്പെയിൻ, ബൽജിയം, പോർട്ടുഗൽ, ഫ്രാൻസ് എന്നീ ദേശങ്ങളിലെ ജനങ്ങൾ ആഫ്റിക്കയുടെ അളവില്ലാത്ത സമ്പത്തു് പങ്കുവയ്ക്കാൻവന്നു, ഒടുവിൽ അവിടെ തങ്ങളുടെ രാഷ്ട്രീയാധിപത്യംസ്ഥാപിച്ചു. എത്തിയോപ്യയൊഴിച്ചു് മററുള്ള എല്ലാ ഭാഗങ്ങളും യൂറോപ്യന്മാക്കു് അധീനമായി. സെസിൽ റോഡ്സ് (Cecil Rhodes) എന്ന ഇംഗ്ലീഷുകാരൻ തെക്കെ ആഫ്റിക്കയിലെ സ്വർണ്ണം, രത്നം എന്നിവയുടെ ഒരു വൻകിട മുതലാളിയായിത്തീന്നു കൂടാതെ ലോകത്തിലെങ്ങും ബ്രിട്ടീഷ് ഭരണം വ്യാപരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. പാൾ ക്രൂഗർ (Paul Krvger) എന്ന ഡച്ചുകാരൻ ബ്രിട്ടീഷ് മേധാവിത്വത്തെ ചെറുത്തുനിർത്തുന്നതിനു കൈക്കൊണ്ട ഉപായങ്ങൾ റോഡ്സിനേയും അമ്പരപ്പിക്കുന്നവയായിരുന്നു, ഇങ്ങനെ ആഫ്റിക്കയിൽ വന്നുചേന്ന യൂറോപ്യന്മാക്കിടയിൽ ശക്തിമത്തായ അഭിപ്രായവ്യത്യാസങ്ങളും തൊഴുത്തിൽകുത്തുകളും ഉത്ഭവിച്ചു; എന്നുവരികിലും ആഫ്റിക്കയിലെ നിഗ്രോകൾക്കും യൂറോപ്പിൽനിന്നു വന്ന കുടിയേറിപ്പാർപ്പുകാക്കും അധികാരവർഗ്ഗങ്ങൾക്കും തമ്മിലുണ്ടായ മത്സരങ്ങൾ ഇരുപതാംനൂററാണ്ടിൻെറ സന്താനമായിരുന്നു.

## വടക്കെ ആഫ്രിക്ക

ആഫ്റിക്കയെ വടക്കെ ആഫ്റിക്കയുടെ മദ്ധ്യാഫ്റിക്ക, തെക്കെ ആഫ്റിക്ക എന്നു മൂന്നായി വിഭജിക്കുകയാണെങ്കിൽ നൈജീറിയാ എത്തിയോപ്യക്കു വടക്കുള്ള ഭാഗത്തെ വടക്കെ ആഫ്റിക്കയെന്നും, കോംഗോ സാബസി എന്നീ രണ്ടു നദികൾക്കുമിടയ്ക്കുള്ള ഭാഗത്തെ മദ്ധ്യആഫ്റിക്കയെന്നും അതിന്നു തെക്കുള്ള ഭൂഭാഗത്തെ ദക്ഷിണാഫ്റിക്കയെന്നും കരുതാവുന്നതാണ്. എങ്കിലും പൊതുവിൽ വടക്കേ ആഫ്റിക്കയെന്നു പറയുന്നതു് സഹാറാ മരുഭൂമിക്കും മദ്ധ്യധരണിക്കടലിന്നുമിടയ്ക്കുള്ള ഭൂഭാഗത്തെയാണ്. മൊറാക്കോ, ആൾജീറിയാ, ട്യൂനിഷ്യാ, ലിബിയാ, ഈജിപ്റ്റ് എന്നിവയെയാണ് വടക്കെ ആഫ്റിക്കൻ നാടുകൾ എന്നു വിളിക്കുന്നതു്.

ഈ നാട്ടുകളിൽ അധിവസിക്കുന്നവർ നീഗ്രോകൾ എന്നറിയപ്പെടുന്ന കറുപ്പന്മാരല്ല. ബർബരന്മാർ, മൂറുകൾ, അറബികൾ മുതലായവർ കറുപ്പന്മാരല്ല. അവരുടെ ചരിത്രം വളരെ പ്രാചീനമാണു്. ഏഷ്യയോടും യൂറോപ്പിനോടും ദീർഘകാലമായി ബന്ധം പുലർത്തിപ്പോരുന്നവരാണവർ. വാസ്തവത്തിൽ ആ നാട്ടുകളെ വടക്കെ ആഫ്റിക്കൻനാട്ടുകൾ എന്നതിന്നു പകരം മദ്ധ്യധരണിക്കടലിന്റെ ദക്ഷിണതീരദേശങ്ങൾ എന്നു് വിളിക്കുന്നതു് കൂടുതൽ അനുയോജ്യമായിരിക്കും. ജീവിതരീതിയിൽ ഈ നാട്ടുകളിലെ ജനങ്ങൾക്കു് ഏഷ്യ, യൂറോപ്പ് എന്നീ ഖണ്ഡങ്ങളിലെ ജനങ്ങളോടാണു് സാംസ്കാരികമായ അടുപ്പമുള്ളതു്. മദ്ധ്യ ദക്ഷിണാഫ്റിക്കക്കാരോടല്ല. എങ്കിലും അടുത്തകാലത്തു രൂപം പൂണ്ടിട്ടുള്ള ആഫ്റിക്കയുടെ ദേശീയപ്രസ്ഥാനത്തിൽ ഈ നാട്ടുകൾ ഒരു വലിയ പങ്കു വഹിക്കുന്നുണ്ടു്. കറുപ്പന്മാരുടെ നാട്ടുകളിലെ സംഭവവികാസങ്ങളെല്ലാം തങ്ങളെയും ബാധിക്കുന്നതാണെന്നും അവരുടെ സുഖദുഃഖങ്ങളിൽ തങ്ങൾക്കു് പങ്കുണ്ടെന്നും കരുതുന്നതിനുള്ള മനസ്ഥിതി ഇവിടങ്ങളിലെ ദേശീയവാദികളിൽ കടന്നു കൂടിയിട്ടുണ്ടു്.

പണ്ടേകാലങ്ങളിൽ ഫിനീഷ്യന്മാരും ഗ്രീക്കുകാരും റോമൻകാരും മദ്ധ്യധരണിക്കടലിനെ തങ്ങളുടെ രാജ്യങ്ങളുടെ തെക്കെ അതിർത്തിയായി കരുതിയിരുന്നില്ല; തരണം ചെയ്യാൻ കഴിയാത്ത സഹാറാ മരുഭൂമിയെയാണു് അവർ അതിർത്തിയായി കണക്കാക്കിപ്പോന്നിരുന്നതു്; ഈ രണ്ടു ഖണ്ഡം സഹാറായ്ക്കു തെക്കാണു് വ്യാപിച്ചുകിടന്നതു്. കറുപ്പന്മാരുടെ വാസസ്ഥാനങ്ങൾ ടിംബക്ടൂവിനു തെക്കായിരുന്നു. പക്ഷെ ഇന്നു് ആ നിലയ്ക്കു മാറ്റം സംഭവിച്ചിട്ടുണ്ടു്. ടാൻസിയർ, പോർട് സെയ്ദ്, ഡാഗർ, സാൻസിബാർ, കേപ്ടൗൺ എന്നിവ ഒരേ

ഖണ്ഡത്തിലെ പല തീരപ്രദേശങ്ങളിലായി ചിതറിക്കിടക്കുന്ന പല നഗരങ്ങളാണ്. ആ ഖണ്ഡത്തിന്റെ ഏതെങ്കിലുമൊരു മൂലയിലുണ്ടാകുന്ന സംഭവവിശേഷം ആ ഖണ്ഡത്തിന്നു പൊതുവിലുള്ളതാണ് എന്ന ആശയത്തിന്നു പ്രാബല്യം സിദ്ധിച്ചുവരുന്നുണ്ട്. ഇങ്ങനെയൊരു മാറ്റത്തിന്നു കാരണം "ആഫ്റിക്കയുടെ ദേശീയത്വം" തന്നെയാണ്. ഈജിപ്ററിന്റെ ഭരണാധിപനായ നാസറും ഘാനായിലെ ഇങ്ക്രൂമായും കെനിയായിലെ കെന്യാട്ടയും ആഫ്റിക്കയുടെ ദേശീയപ്രസ്ഥാനത്തിൽ അരയും തലയും മുറുക്കി ഇറങ്ങിയിരിക്കുകയാണ്. അതുകൊണ്ട് ആഫ്റിക്കയുടെ പ്രാദേശികമായ ദേശീയത്വവും അഖില ആഫ്റിക്കയുടെ ദേശീയത്വവും രണ്ടും രണ്ടാണ്. രണ്ടും ഒന്നുചേന്ന് രണ്ടിരട്ടി വേഗത്തിൽ ആഫ്റിക്കേതരരെയും കാളനിഭരണം നടത്തിപ്പോരുന്ന യൂറോപ്യന്മാരെയും വ്യാപാരത്തിന്നായ് വന്ന ഏഷ്യാക്കാരെയും അന്യദൃഷ്ട്യാ വീക്ഷിക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ അവസ്ഥാവിശേഷമാണ് പല നാട്ടുകൾക്കും തമ്മിൽ ഐകമത്യം സംജാതമാക്കിയിട്ടുള്ളതു്.

വടക്കെ ആഫ്റിക്കയുടെ വടക്കുപടിഞ്ഞാറേഭാഗം മൊറാക്കോ, അൾജീരിയ, ട്യൂണിഷ്യ എന്നീ രാജ്യങ്ങൾ അടങ്ങിയതാണ്. എല്ലാ രാജ്യങ്ങളും അടുത്തകാലംവരെ ഫ്റാൻസിൻെറ അധീനതയിലായിരുന്നു; ഇപ്പോൾ എല്ലാം സ്വതന്ത്രദേശങ്ങളായിത്തീന്നിട്ടുണ്ട്. ഫ്റഞ്ചുകാർ 1812-ലാണ് മൊറാക്കോവിൽ വന്നതു്. ട്യൂനീഷ്യയിൽ 1881-ലും അൾജീറിയയിൽ 1830-ലും വന്നു. ഇവയിൽ അൾജീരിയയാണ് അവസാനമായി സ്വതന്ത്രമായതു്. ആ നാട്ടിനെ ഫ്റഞ്ചുകാർ തങ്ങളുടെ നാട്ടിന്റെ ഒരു ഭാഗമായി പ്രഖ്യാപിച്ചിരുന്നതാണ് അതിനു കാരണം.

മദ്ധ്യധരണിക്കടലിനോടടുത്തുള്ള വടക്കെ ആഫ്റിക്കൻ പ്രദേശങ്ങളെ ആദ്യമായി അന്വേഷിച്ചു കണ്ടുപിടിച്ചതു് ഫിനീഷ്യന്മാർ എന്നറിയപ്പെട്ടുന്ന ഒരു കച്ചവടസംഘമായിരുന്നു. അവർ B. C. എട്ടാംനൂററാണ്ടിന്നു മുമ്പായി കാത്തേജ് നഗരം സ്ഥാപിച്ചു. ഇന്നത്തെ ട്യൂനിസ് നഗരത്തിൽനിന്നു കുറച്ചുകലെയാണു് ആ നഗരം. അക്കാലത്തു് അതു് നിസ്തുല്യമായ ഒരു നഗരസംസ്ഥാനമായി പ്രശോഭിച്ചിരുന്നു. സഹാറാ മരുഭൂമി കടന്നുചെന്നു് അതിന്നു തെക്കുള്ള പ്രദേശങ്ങളെ കൈയടക്കാൻ ഫിനീഷ്യർക്കു കഴിഞ്ഞില്ല. കാത്തേജ്കാർ ഏകദേശം 800 വർഷത്തോളം പടിഞ്ഞാറെ മദ്ധ്യധരണിക്കടൽ പ്രദേശങ്ങളിൽ തങ്ങളുടെ നിസ്തുല്യമായ ആധിപത്യം നിലനിർത്തിപ്പോന്നിരുന്നു. B. C. 520-ൽ ഹാനോ എന്ന ഒരു കാത്തജീനിയൻ ആഫ്രിക്കൻ, കരയോരത്തിൽ ശ്രാലിഫോൺവരെ വന്നിട്ടു് മടങ്ങിപ്പോയി. വടക്കേ ആഫ്രിക്കയുടെ നേർമദ്ധ്യത്തിൽ ഗ്രീക്കുകാർ 630-ൽ സൈറീൻ(Cyrene) എന്നൊരു നഗരംസ്ഥാപിച്ചു. മാസിഡോണിയ ചക്രവർത്തിയായിരുന്ന മഹാനായ അലക്സാണ്ഡർ ഈജിപ്ററിൽ നൈയിൽനദിയുടെ സംഗമസ്ഥാനത്തു് 'അലക്സാണ്ഡ്റിയ' എന്ന നഗരം നിർമ്മിച്ചു (B. C. 332). അദ്ദേഹത്തിനുശേഷം അദ്ദേഹത്തിൻെറ സൈന്യാധിപന്മാരിൽ ഒരാളായ ടോളമി (Ptolemy) സ്ഥാപിച്ച വംശം ഈജിപ്ററു് ഭരിച്ചു. എത്തിയോപ്യക്കു സമീപം വരെയുള്ള ഒരു ഭൂവിഭാഗം ആ വംശത്തിൻെറ അധീനതയിലായിരുന്നു. എങ്കിലും അവർക്കു പടിഞ്ഞാറെ ആഫ്രിക്കയിലെ നൈജർ നദീതടങ്ങളെപ്പററി യാതൊരറിവുമുണ്ടായിരുന്നില്ല. റോമൻ സാമ്രാജ്യസ്ഥാപകന്മാർ ടോളമിയുടെ വംശത്തെ നശിപ്പിച്ചു. B. C. 146-ൽ കാത്തേജ് നഗരം നാമാവശേഷമായി. ക്രിസ്ത്വബ്ദം ഏഴാം നൂററാണ്ടിൽ വ്യാപിക്കാൻ തുടങ്ങിയ മുസൽമാ

ന്മാർ ഒരു നൂററാണ്ടുകൊണ്ട് വടക്കേ ആഫ്രിക്കയിൽ മുഴവൻ നിറഞ്ഞു. മുഹമ്മദു നബിയുടെ മതതത്വങ്ങൾ എവിടെയും ഏതു ജനസമൂഹത്തിന്നിടയിലും പ്രചരിപ്പിക്കാനുള്ള തൃഷ്ണയോടുകൂടി വന്ന മുഹമ്മദീയർ ചെങ്കടൽ മുതൽ അത്ലാന്തിക മഹാസമുദ്രത്തിൻെറ അതിർത്തിവരെ വ്യാപിച്ചുകിടന്നിരുന്ന ഭൂഭാഗം മുഴവൻ കൈയ്യിലാക്കി. മൊറാക്കോവിൽ എത്തിച്ചേൎന്ന അവർ അവിടെനിന്നു സ്പെയിനിലും കടന്നു തങ്ങളുടെ ആധിപത്യം സ്ഥാപിച്ചു. അവിടെയെല്ലാം ക്രിസ്തുമതം അസ്തമിച്ചുകഴിഞ്ഞിരുന്നു. ക്രിസ്ത്വബ്ദം പത്താം നൂററാണ്ടിൽ ഈജിപ്ററിൽ സ്ഥാപിക്കപ്പെട്ട ഫാത്തിമൈററു് കാലിഫത്ത്[1] ഉത്തരാഫ്രിക്ക മുഴവനും അടക്കിബ്ഭരിച്ചു.

ക്രിസ്ത്വബ്ദം 1517-ൽ തുൎക്കികൾ ഈജിപ്ററിനെ കൈവശപ്പെടുത്തി ഭരണം ആരംഭിച്ചു. ട്രിപോലി, ട്യൂണിഷ്യ, അൾജീരിയ മുതലായ സ്ഥാനങ്ങൾ തുൎക്കികളുടെ പ്രതിനിധികളുടെ അധീനതയിലായിരുന്നു. പക്ഷേ മൊറാക്കോ മാത്രം ഷാറിഫൻ (The Sharifan Dynasty) എന്ന വംശത്തിൻെറ ഭരണത്തിൻകീഴിൽ സ്ഥിതിചെയ്തിരുന്നു.

പത്തൊൻപതാം നൂററാണ്ടിൽ ഈ അവസ്ഥ നിശ്ശേഷം മാറി. യൂറോപ്യന്മാർ പ്രധാനമായി ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ഇററലിക്കാരും വടക്കെ ആഫ്രിക്കയുടെ ഭരണത്തിൽ തലയിട്ട് ആ പ്രദേശത്തെ യൂറോപ്പിൻെറ സ്വാധീനവലയത്തിലാക്കി.

---

1 Fatimite Kaliphate. മുഹമ്മദു നബിയുടെ മകളായ ഫാത്തിമയുടെ വംശജർ എന്നു സ്വയം പ്രഖ്യാപിച്ചിരുന്ന ചിലർ ഈജിപ്ററിൽ സ്ഥാപിച്ച രാജവംശം.

# വടക്കെ ആഫ്രിക്ക



യൂറോപ്പ്
മദ്ധ്യതരണ്ണിക്കടൽ
കാസബ്ലാങ്ക
ആൾജിയേർസ്
ട്യൂനിസ്
ട്യൂനീഷ്യ
മൊറോക്കോ
ഇഫ്നി
സഹാറ (സ്പെ.)
ആൾജീരിയ
ലിബിയ
കെയ്റൊ
യു. എ. റിപ്പബ്ലിക്ക്
ഈജിപ്ത്
ഏഷ്യ
മാരിട്ടേനിയ
മാലി
നൈജർ
ചാഡ്
സുഡാൻ

# മൊറാക്കോ

ആഫ്രിക്കയുടെ വടക്കുപടിഞ്ഞാറെ മൂലയിൽ സ്ഥിതിചെയ്യുന്ന മൊറാക്കോ തെക്കുപടിഞ്ഞാറെ യൂറോപ്പിന് ഏററവും അടുത്തുള്ള നാടാണ്. മൂറുകൾ ധാരാളമുള്ള പ്രദേശമായതുകൊണ്ട് മൊറാക്കോ എന്നു വിളിക്കപ്പെടുന്ന ഈ നാട്ട് മുസ്ലിങ്ങൾക്ക് ഭൂരിപക്ഷമുള്ള സംസ്ഥാനമത്രെ. തൊട്ടടുത്തു കിടക്കുന്ന അൾജീരിയായും ട്യുനിഷ്യയും ചേർന്നാൽ ഈ പ്രദേശത്തെ മുഴുവൻ ബാർബറിക്കര എന്നു പറയാവുന്നതാണ്. ഇവ പരസ്പരം അടുത്തുകിടക്കുന്നവയാണ്; സ്പെയിനിൻെറയോ ഫ്രാൻസിൻെറയോ ആധിപത്യത്തിലണ് സ്ഥിതിചെയ്തിരുന്നതു്; മുസ്ലിങ്ങൾക്കു ഭൂരിപക്ഷമുള്ള നാടായിരുന്നതുകൊണ്ട് ഇവയ്ക്കിടയിൽ ഒരു സാമാന്യ രാഷ്ട്രീയ

മനോഭാവം ഉടലെടുത്തിട്ടുണ്ട്. എങ്കിലും ഇവയെ ഭരിച്ചിരുന്ന യൂറോപ്യൻ നാട്ടുകളുടെ രാഷ്ട്രീയാദർശങ്ങളനുസരിച്ചുള്ള വ്യത്യസ്തതകൾ ഇവയ്ക്കിടയിൽ കാണുന്നുണ്ട്.

ക്രിസ്തുവബ്ദം എട്ടാം നൂററാണ്ടിൽ ഇസ്ലാംമതം വടക്കെ ആഫ്രിക്കയിലെങ്ങും വ്യാപിച്ചു. വടക്കുപടിഞ്ഞാറെ ആഫ്രിക്കയിലെത്തിയ അറബികൾ മൂറുകളെയും ബർബരന്മാരെയും മതപരിവർത്തനം ചെയ്തിട്ട് ജിബ്രാൾട്ടർ കടലിടുക്കു കടന്ന് സ്പെയിനിൽ പ്രവേശിച്ച് അവിടെ തങ്ങളുടെ ഭരണം നിലനാട്ടി. ഇദ്നിസ് ബിൻ അബ്ദുള്ള (Idnis-bin-Abdullah) എന്ന മുസൽമാൻ മുഹമ്മദു നബിയുടെ വംശജനാണെന്നു പറഞ്ഞു് കാലിഫ് (Kaliph) സ്ഥാനം കൈയ്ക്കലാക്കാൻ ശ്രമിക്കയുണ്ടായി. ഇദ്ദേഹമാണ് മൊറാക്കോവിൽ ഒരു സുൽത്താനിയത്ത് സ്ഥാപിച്ചതു്. അന്ന് ആരംഭിച്ച ആ ഭരണം ലോകത്തിൻെറ പല ഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ട ഇസ്ലാം ഭരണകൂടങ്ങൾപോലെ തന്നെ അപ്പോഴപ്പോൾ രൂപംപൂണ്ടുവരുന്ന രാഷ്ട്രീയ ഗൂഢാലോചനകൾ, വിപ്ലവങ്ങൾ, മുതലായവയെ അതിജീവിച്ച് ഒരുവിധം നിലനിന്നുപോന്നിരുന്നു.

മൊറാക്കോ, ട്യൂനിഷ്യ, അൾജീരിയാ എന്നീ നാട്ടുകളിൽ അൾജീരിയാ ക്രിസ്തുവബ്ദം 1830-ൽ ഫ്രാൻസിൻെറ ഭരണത്തിൻ കീഴിലായി; 1881-ൽ ട്യൂനിഷ്യയും അവർ കൈവശപ്പെടുത്തി. മൊറാക്കോ ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽ (1913) ബ്രിട്ടനും ഫ്രാൻസും തമ്മിലുണ്ടായ ഒരു ഒത്തുതീർപ്പിന്റെ ഫലമായി ഫ്രാൻസിന്നധീനമായി. ആ കാലഘട്ടം മുതൽത്തന്നെ ആഫ്രിക്കുവേണ്ടി മത്സരിച്ചുകൊണ്ടിരുന്ന യൂറോപ്യൻശക്തികൾ ആ ബന്ധം തങ്ങളുടെ 'മുത്തശ്ശന്മാർ തേടിവച്ച സ്വത്താ'

ണെന്ന ഭാവത്തിൽ അതിനെ പരസ്പരം പങ്കുവെയ്ക്കാൻ തുടങ്ങിയിരുന്നു. തങ്ങളുടെ പരിശ്രമങ്ങളെ മററു യൂറോപ്യൻ രാഷ്ട്രങ്ങൾ എങ്ങിനെ വീക്ഷിക്കുന്നുവെന്നല്ലാതെ ആഫ്രിക്കൻ ജനതയുടെ ആഗ്രഹങ്ങളെയോ, വികാരങ്ങളൊ അവർ അല്പവും കണക്കിലെടുത്തിരുന്നില്ല; കൂടാതെ അക്കാലത്തു തന്നെ ആഫ്രിക്കക്കാർ ഇന്നത്തേതുപോലെയുള്ള ദേശീയബോധമുള്ളവരായിരുന്നുവെന്നതു് തികച്ചും പരമാത്ഥമായിരുന്നില്ല. എങ്കിലും സുഡാനിൽ യുദ്ധസന്നാഹത്തോടുകൂടി അലയുയത്തിനിന്നിരുന്ന വ്യാജമതാധികാരി മഹദി(The mahdi)യും മതം ഒരു കാരണമാക്കിയിട്ടു് തൻെറ ആധിപത്യത്തിനുവേണ്ടി പരിശ്രമിച്ചതല്ലാതെ ദേശീയമായ രോഷത്താൽ പ്രേരിതനായിരുന്നില്ല.

ഇങ്ങനെ യൂറോപ്യൻ നാടുകൾ ചെയ്തുവച്ച ചില ഏർപ്പാടുകൾകൊണ്ടു് ആഫ്രിക്കയിൽ സംജാതമായ അവസ്ഥാവിശേഷത്തിന്നു ആഫ്രിക്ക വിഭജനം (The partition of Africa) എന്നും അവരുടെ ആധിപത്യശ്രമങ്ങൾക്കു് ആഫ്രിക്കയിൽ യൂറോപ്യന്മാരുടെ ആധിപത്യമത്സരം (The scramble for Africa) എന്നാണു് ചരിത്രത്തിൽ നാം കാണുന്ന പേരുകൾ. 1902-ൽ ഉണ്ടായ ആംഗ്ലോ-ഫ്രഞ്ച് ഒത്തുതിർപ്പു് ഈജിപ്ററിൽ ഇംഗ്ലീഷുകാക്കും മൊറോക്കോവിൽ ഫ്രഞ്ചുകാക്കും പൂണ്ണമായ സ്വാധീനശക്തി നൽകി, ജമ്മൻകാർ തങ്ങളുടെ ആധിപത്യതൃഷ്ണയെ സഹാറായുടെ നേരെ തിരിച്ചു. ഫ്രഞ്ചുകാർ 1912-നകം മൊറാക്കോവിൽ പകുതിഭാഗവും തങ്ങളുടെ സ്വാധീനവലയത്തിലാക്കി, ഇതിനെ അവിടുത്തെ ഷറിഫൻ വംശത്തിലെ രാജാക്കന്മാരും അംഗീകരിക്കുകയുണ്ടായി. ടാൻജിയർ മാത്രം ഒരു സർവ്വദേശീയ നഗരമായി നിലനിന്നുപോന്നിരുന്നു.

ഫ്രഞ്ചുകാർ മൊറാക്കോ പിടിച്ചടക്കുന്നതിന്നു പല കാരണങ്ങളുണ്ടായിരുന്നു, അവിടെ വളരെ വിലപിടിപ്പുള്ള ധാതുക്കൾ പലതും ലഭിക്കുന്നുണ്ട്. അത്‌ലാന്തിക്കിൽനിന്നു മദ്ധ്യധരണിക്കടലിലേക്കുള്ള പ്രവേശനദ്വാരത്തിലാണ് അതു സ്ഥിതിചെയ്യുന്നതു്. മദ്ധ്യ–ദക്ഷിണ ആഫ്രിക്ക നാട്ടുകളെപ്പോലെ തന്നെ അതും ഒരു പിന്നോക്കദേശമായിരുന്നു. രാഷ്ട്രീയമായ വലിയ പുരോഗതിയൊന്നും അവിടെ കണ്ടിരുന്നില്ല. വിദ്യാഭ്യാസം ചില ഭാഗങ്ങളിൽ മാത്രമേ വ്യാപിച്ചിരുന്നുള്ളു: ഈ കാരണങ്ങൾകൊണ്ടു് യൂറോപ്യൻ ദേശങ്ങളിൽ പല തുറകളിലും ഏററവും കൂടുതൽ പുരോഗതി പ്രാപിച്ചിരുന്ന ഫ്രാൻസിന്നു അതിനെ കൈയടക്കാൻ സാധിച്ചിരുന്നു.

മൊറാക്കോ 1912 മുതൽ 1956 വരെ ഫ്റഞ്ചു ഭരണത്തിലായിരുന്നു, ഈ അരനൂററാണ്ടു കാലംകൊണ്ടു് അവർ ആ നാട്ടിൻെറ സാമ്പത്തികനില വളരെ ഉയർത്തി. ഏകദേശം 10,000 മൈൽ ദൂരത്തിൽ പ്രധാന നിരത്തുകളും 1000 മൈലിൽ കൂടുതൽ നീളം വരുന്ന റയിൽവെകളും 100 ലേറെ വിമാനത്താവളങ്ങളും സ്ഥാപിച്ചതു കൂടാതെ ചികിത്സ, വിദ്യാഭ്യാസം എന്നിവക്കുവേണ്ട പല സൗകര്യങ്ങളും ചെയ്യുകയും ചെയ്തു. തരിശുനിലങ്ങളെ വിളനിലങ്ങളാക്കി; പ്ളേഗ് മുതലായ മഹാമാരികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനും തീവ്രമായ് പരിശ്രമിച്ചു. ഇവക്കു വേണ്ട ചിലവിൽ അധികഭാഗവും അവർതന്നെ നിർവ്വഹിച്ചു. വളരെ പതുക്കെ പുരോഗമിച്ചുകൊണ്ടിരുന്ന ഒരു ജനസമൂഹത്തിന്നു് നല്ല ചൊടിചൊടിപ്പും നിർവ്വാഹ നിപുണതയും നൽകി. അസംഖ്യം ഫ്രഞ്ചുകാർ ആ നാട്ടിൽ കുടിയേറിപ്പാർപ്പു തുടങ്ങി. ഇത്രയേറെ കാര്യങ്ങൾ ചെയ്തുവെങ്കിലും ഫ്റഞ്ചുകാർ ആരംഭകാലം മുതൽ തന്നെ അന്നാട്ടിലെ ജനങ്ങൾക്കു് രാഷ്ട്രീയ, സാമൂ

ഹ്യാധികാരങ്ങളും പ്രസംഗ, ലേഖന സ്വാതന്ത്ര്യങ്ങളും നല്കിയിരുന്നില്ലെന്നുള്ളതാണ് ഭരണകർത്താക്കളുടെമേൽ ആരോപിക്കപ്പെടുന്ന കുററങ്ങൾ. കൂടാതെ ഇഷ്ടപ്പെട്ട മ്പോഴൊക്കെ രാഷ്ട്രീയ ശത്രുക്കളെ അറസ്ററുചെയ്തു തട ങ്കലിൽ വക്കുന്നതും രാഷ്ട്രീയമായ എതിർപ്പുകളെ ചവിട്ടി മർദ്ദിക്കുന്നതും സാധാരണമായിരുന്നു. എന്നിരുന്നാലും പിന്നോക്കനിലയിലുള്ള ഒരു നാടു പുരോഗമിച്ചുകൊണ്ടി രിക്കുമ്പോൾ ആരംഭകാലത്തുതന്നെ ആ നാട്ടുകാർക്കു ഈ വിധ സ്വാതന്ത്ര്യങ്ങൾ നൽകുകയാണെങ്കിൽ അതുമൂലം അവരുടെ പുരോഗമനം തടസ്സപ്പെടുത്താൻ സാദ്ധ്യതയു ണ്ടെന്ന ഒരു അഭിപ്രായവും പരക്കെ നിലനിന്നുപോന്നി രുന്നു.

മൊറാക്കോയുടെ രാഷ്ട്രീയ നിലപാട് അൾജീരിയാ യുടേതിൽ നിന്നു വ്യത്യസ്തമായിരുന്നു. ഫ്റഞ്ച് ഗവ ണ്മെൻറ് അൾജീരിയയെ ഫ്റാൻസിൻെറ ഒരു ഭാഗ മായി കരുതിപ്പോന്നിരുന്നു (ഗോവയെപ്പററി പോർട്ടുഗീ സുകാരും ഇങ്ങനെ പറഞ്ഞുപോന്നിരുന്നതു് ഓർമ്മയുണ്ടാ യിരിക്കുമല്ലോ.) അതുകൊണ്ടു് അൾജീരിയൻ ജനങ്ങൾ പാരീസിലെ നിയമസഭക്കു് തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുത്തു് അയയ്ക്കുന്ന പതിവുണ്ടായിരുന്നു. പക്ഷേ മൊറാക്കോയെ ഒരു പ്രത്യേക സംസ്ഥാനമായി കരുതി യിരുന്നതുകൊണ്ടാണു് ആ പ്രാതിനിത്യാധികാരം അതി നു ലഭിക്കാതെപോയതു്. കൂടാതെ ഭാവിയിലെപ്പോഴെ ങ്കിലും അതിനു് പൂർണ്ണമായ രാഷ്ട്രീയ സ്വാതന്ത്ര്യം നൽ കപ്പെടുമെന്നു് അറിയിച്ചിരുന്നുമില്ല. ബ്രിട്ടൻ ഭരിച്ചു പോന്ന കോളനി പ്രദേശങ്ങൾക്കു് ഇത്തരം വാഗ്ദാന ങ്ങൾ നൽകുന്ന പതിവുണ്ടായിരുന്നു. എന്നാൽ ഫ്റ ഞ്ചു കോളനിവാഴ്ചക്കാർക്കു് അങ്ങനെയൊരു ഉദ്ദേശംത ന്നെയുണ്ടായിരുന്നതായി അറിയുന്നില്ല. അതുകൊണ്ടു

മൊറാക്കോ ജനതയുടെയിടയിൽ രാഷ്ട്രീയമായ ഉണർവ്വുണ്ടായതോടൊപ്പം തങ്ങളുടെ രാഷ്ട്രീയ ഭാവി കൊട്ടിയടക്കപ്പെട്ടു എന്നൊരു തോന്നലും ഉണ്ടായിരുന്നതുകൊണ്ടു് ഭരണകൂടത്തോട്ടു് അവർക്കുണ്ടായിരുന്ന എതിർപ്പും ശക്തിമത്തായിരുന്നു.

1943–ലാണു് മൊറാക്കോവിൽ ശക്തിമത്തായ രാഷ്ട്രീയ എതിർപ്പു ആരംഭിച്ചതു്. അപ്പോൾ അവിടത്തെ സുൽത്താനായിരുന്ന മുഹമ്മദ് V. ആ ദേശീയ പ്രക്ഷോഭണത്തിന്നു സഹായം നൽകി. മൊറാക്കോവിലെ രാഷ്ട്രീയപാർട്ടികളുടെ കൂട്ടുകെട്ടിനു് ഇസ്റ്റിഗലാൽ (Istighal) എന്നാണു പേർ. ഇക്കൂട്ടർ സുൽത്താൻെറ സഹായത്തോടുകൂടി കാസബ്ലാങ്കാ (മൊറാക്കാവിൻെറ തലസ്ഥാനം) ഒരു ബലവത്തായ വിപ്ലവം നടത്തി, അവരുടെ പ്രസ്ഥാനത്തെ ഉടയ്ക്കാനുദ്ദേശിച്ച ഫ്റഞ്ചു ഗവണ്മെൻറു് ഇസ്റ്റിഗ്ഘലാലിനെ നിയമവിരുദ്ധമാക്കി. മുഹമ്മദിനെ 1953ൽ സ്ഥാനഭ്രഷ്ടനാക്കി മഡഗാസ്കറിലേക്കു നാടുകടത്തി. മുഹമ്മദ് അവിടത്തെ ജനങ്ങളെ ഫ്റാൻസിന്നെതിരായി അണിനിരത്തി. ദേശീയപ്രസ്ഥാനം അവിടെ വ്യാപിച്ചു.

ഇത്തരം സന്ദർഭങ്ങളിൽ ഒന്നിനുപിറകെ മററൊന്നായി പല സംഭവവികാസങ്ങളുണ്ടാവുക പതിവാണു്. ദേശീയവാദികളുടെ അങ്ങേയററത്തെ വിപ്ളവപരിപാടികളെ തകർക്കുന്നതിന്നു് അധികാരവൃന്ദം കടുത്ത മർദ്ദനനയങ്ങളുപയോഗിക്കും; ആ മർദ്ദനങ്ങളെ എതിർത്തു് ജനങ്ങൾ വീണ്ടും വിപ്ളവം നടത്തും, മർദ്ദനങ്ങൾ വീണ്ടും വർദ്ധിക്കും. ഈ ക്രമം തെററാതെ സംഭവങ്ങൾ രൂപം പൂണ്ടതിൻെറ ഫലമായി മൊറാക്കോവിലുണ്ടായിരുന്ന ഫ്റഞ്ചുപട്ടാളവും പോലീസും മുഴുവൻ ദേശീയവാദികളെ അടക്കുന്നതിൽ ദത്തശ്രദ്ധരായി. ഗിൽബട്ടു് ഗ്രാൻറു

വാൽ (Gilbert Grandval) എന്ന ഉദ്യോഗസ്ഥനെ സാമാന്യനില പുനസ്ഥാപിക്കുന്നതിന്നു് ഫ്റഞ്ചു് ഗവണ്മെൻറു് മൊറാക്കോവിലേയ്ക്കു് അയച്ചു. പക്ഷേ അദ്ദേഹത്തിന്ന വളരെയൊന്നും ചെയ്യാൻ സാധിച്ചില്ല, ഫ്റഞ്ചു് ഗവണ്മെൻറിൻെറ അശ്രദ്ധയും മൊറാക്കോവിലെ ഫ്റഞ്ചുപോലിസിൽനിന്നുണ്ടായ ശത്രുതയും ദേശീയവാദികളുടെ എതിർപ്പുകളും അദ്ദേഹത്തിന്നു വളരെ പ്രയാസമേറിയ ഒരു സാഹചര്യമാണു് സൃഷ്ടിച്ചതു്.

1954 ആഗസ്റ്റിൽ സ്ഥിതി വീണ്ടും വഷളായി. പല യൂറോപ്യന്മാർ കൊലചെയ്യപ്പെട്ടു. ഒടുവിൽ ഗതികെട്ടു് സുൽത്താൻ മുഹമ്മദു V-യെ ഫ്റഞ്ചുഗവണ്മെൻറു് മൊറാക്കോവിൽനിന്നു തിരിച്ചുവിളിച്ചു. 1956–ൽ മൊറാക്കോ ഒരു സ്വതന്ത്ര ഗണതന്ത്ര രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടു. ആത്മവിശ്വാസത്തോടും സമാധാനത്തോടുംകൂടി ഭരണം നടത്താൻ കഴിവുള്ള ഒരു നേതാവാണു് മുഹമ്മദു് V. എങ്കിലും നാട്ടിലെ രാഷ്ട്രീയകക്ഷികൾക്കിടയിൽ നിലനിന്നുപോരുന്ന പല കുഴപ്പങ്ങളും ദൂരീകരിക്കേണ്ടതായുണ്ടു്. സാക്ഷരത്വം കുറവായ ആ നാട്ടിൽ ജനാധിപത്യസ്ഥാപനങ്ങൾ ഏർപ്പെടുത്തണം; നാട്ടിൻെറ സാമ്പത്തികഭദ്രത ഏറിയകൂറും ഫ്റഞ്ചുഗവണ്മെൻറിനെയാശ്രയിച്ചാണിരിക്കുന്നതു് എന്നു ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കണം; കരഗതമായ രാഷ്ട്രീയ സ്വാതന്ത്ര്യം പൊതുജനങ്ങൾക്കു് ഉപകാരപ്രദമാക്കിത്തീർക്കണം. എന്നുള്ള പല പ്രശ്നങ്ങൾക്കും ഇനിയും പരിഹാരം കണ്ടെത്താതെയാണിരിക്കുന്നതു്.

1961 മാർച്ചു മാസത്തിൽ മുഹമ്മദു V. നിര്യാതനാവുകയും ഹസൻ II മൊറാക്കോ രാജാവാവുകയുംചെയ്തു.

# ടൃൂനീഷ്യ

ടൃൂനീഷ്യയുടെ സ്വാതന്ത്ര്യ സമരത്തിൻെറ ചരിത്രം മൊറാക്കോവിൽ നടന്നതിനോടു വളരെ അടുത്തബന്ധമുള്ള ഒന്നായി കാണാവുന്നതാണു്. ക്രിസ്ത്വബ്ദം 1525 നു ശേഷം ഉസ്മാനിയത്ത് (ഓട്ടോമാൻ) തുക്കികളുടെ ഭരണത്തിൻ കീഴിലായ ടൃൂനീഷ്യ അനന്തരകാലങ്ങളിൽ സ്വതന്ത്രരായ നാട്ടുരാജാക്കന്മാരുടെ ആധിപത്യത്തിലായി ത്തീൎന്നു. 19-ാം നൂററാണ്ടിൽ ഫ്റാൻസു് ഇംഗ്ലണ്ടിൽ നിന്നു് ടൃൂനീസ് നഗരത്തിനു വേണ്ട സ്വാതന്ത്ര്യങ്ങൾ കൈവശപ്പെടുത്തി (1878). ഈ ഏൎപ്പാടനുസരിച്ചു് ഇംഗ്ലണ്ടു് സൈപ്രസ് ദ്വീപിന്റെ ഭരണാധികാരവും സമ്പാദിച്ചു. ഈ രണ്ടു നാടുകളും ഈ പ്രദേശങ്ങളെ തങ്ങളുടെ ഭരണത്തിൻകീഴിലാക്കണമെന്നാഗ്രഹിച്ചതു കൂടാ

തെ അക്കാലത്തെ ഒരു മഹച്ഛക്തിയായിത്തീന്നിരുന്ന ജമ്മനിക്കു് അവിടെ യാതൊരു സൗകര്യങ്ങളും ലഭിക്കാതിരിക്കാൻ പരിശ്രമിക്കുകയും ചെയ്തു. ട്യൂനീഷ്യൻ ജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളെ അല്പവും കൂട്ടാക്കാതെ ആ നാട്ടിനോടു പുലബന്ധം പോലുമില്ലാത്ത ചിലർ ഒത്തുകൂടി അതിൻെറ രാഷ്ട്രീയമായ ഭാഗധേയം നിണ്ണയിക്കുന്നതു് എത്ര ആശ്ചര്യജനകവും എന്നാൽ എത്ര ഖേദകരവുമാണെന്ന ചിലർ ചിന്തിച്ചേക്കാം. പക്ഷേ ഇതു് ഒരു പരമാത്ഥം മാത്രമാണെങ്കിലും, കാളനി ഭരണവും സാമ്രാജ്യാധിപത്യവും നിലവിൽ വന്നിട്ടുള്ള ഏതു നാട്ടിലും ഏതുകാലത്തും ജനഹിതത്തിനൊത്തു ഭരിച്ചിട്ടുള്ള ഒരു ഭരണകൂടമുണ്ടായിരുന്നിട്ടില്ല.

കാലാന്തരത്തിൽ ട്യൂനീഷ്യയിലെ അറബികൾ ഒരുതരം ദേശീയ പ്രസ്ഥാനമാരംഭിച്ചു. ഫ്റഞ്ചുകാർ ട്യൂനീഷ്യയുടെ സമ്പത്തു് ചൂഷണം ചെയ്യുന്നുവെന്നും അറബികളുടെ അവകാശങ്ങളെല്ലാം അപഹരിക്കുന്നുവെന്നും മററുമുള്ള പല പ്രശ്നങ്ങൾ പൊന്തിവന്നു. പുതിയ ഒരു രാഷ്ട്രീയ സാഹചര്യം ട്യൂനീഷ്യക്കു ആവശ്യമാണെന്നു് പ്രസ്ഥാനത്തിന്റെ ജനേതാവായ ബോർജിബാ (Bourguiba) ജനങ്ങൾക്കു വിശദീകരിച്ചു. ഇവരുടെ പ്രസ്ഥാനത്തെ എതിത്തു്, യഥാതഥസ്ഥിതി നിലനിത്തുന്നതിന്നു് വൻതോതിൽ പ്രക്ഷോഭണം നടത്തിയവരെ 'ചെങ്കൈ' (Red hand) പ്രസ്ഥാനക്കാർ എന്നാണു് വിളിച്ചുപോന്നിരുന്നതു്. ദേശീയ പ്രസ്ഥാനക്കാരോടു് സമാധാനപരമായ ഒരൊത്തുതീപ്പിലെത്തിച്ചേരാൻ ഫ്റാൻസ് ശ്രമിച്ചുവെങ്കിലും കുടിയേറിപ്പാർപ്പുകാരായ യൂറോപ്യന്മാരുടെ എതിർപ്പുകൊണ്ടു് ആ ശ്രമവും 1951_ൽ പരാജയപ്പെടുകയാണുണ്ടായതു്. ദേശീയ പ്രസ്ഥാനം നിരോധിക്കപ്പെട്ടു. ബോർജിബായെ നാടുകടത്തി. അദ്ദേഹത്തി

ന്നുശേഷം വന്ന നേതാവു് കൊല്ലപ്പെട്ടു മർദ്ദനവും ഭീകരപ്രസ്ഥാനവും തമ്മിലേററുമുട്ടി. പിയരേമെൻഡസ് ഫ്റാൻസ് (Pierre mendes France) എന്ന ഫ്റഞ്ച് പ്രധാനമന്ത്രി സ്ഥിതിഗതികൾ അങ്ങേയററം വഷളായതു മനസ്സിലാക്കിയിട്ടു് ടൃനീഷ്യയിൽ നേരിട്ടു ചെന്നു് ആ നാട്ടിനു സ്വാതന്ത്ര്യം നല്കുന്നതിന്നു വേണ്ട ഒരുക്കങ്ങൾ ചെയ്തു. 1956 മാർച്ചുമാസത്തിൽ ആ നാടു സ്വതന്ത്രമായി. പക്ഷേ ഒരുലക്ഷം ഫ്റഞ്ചുകാർ ടൃനീഷ്യ വിട്ടുപോയി. പിസർട്ടാ തുറമുഖത്തിൽ ഫ്റഞ്ചു നാവികസേനക്കു തുടൎന്നു താവളമുറപ്പിക്കുന്നതിന്നുള്ള അവകാശം മാത്രം ഫ്റാൻസു് വിട്ടുകൊടുത്തില്ല.

നാടുകടത്തപ്പെട്ട ബോർജിബാ ടൃനീഷ്യയുടെ ഒന്നാമത്തെ പ്രധാനമന്ത്രിയായി. അടുത്ത വൎഷംതന്നെ രാജാവിനെ സ്ഥാനഭ്രഷ്ടനാക്കിയിട്ടു് ഭരണകൂടത്തിൻെറ നേതൃത്വം സ്വയം ഏറെറടുത്തു.

ബോർജിബയും ഫ്റഞ്ചുകാരെ വേണ്ടത്ര എതിൎത്തില്ലെന്നു ചില തീവ്രവാദികൾ കരുതിയിരുന്നു; അവരുടെ നേതാവായ സലാബെൻ യൂസഫ് (Salah ben Yussep) ബോർജിബയെ തോല്പിച്ചിട്ടു് താൻതന്നെ ടൃനീഷ്യൻ ഭരണകൂടത്തെ ഉടച്ചുവാൎക്കുന്ന സന്ദർഭത്തിന്നു വേണ്ടി കാത്തിരുന്നു.

രാഷ്ട്രീയ സ്വാതന്ത്ര്യം സമ്പാദിക്കുക എളുപ്പമാണു്, പക്ഷേ അതിൻെറ അടിസ്ഥാനത്തിൽ ജനങ്ങൾക്കു യോഗക്ഷേമം കൈവരുത്തുന്നതു് വളരെ പ്രയാസമേറിയ കാൎയ്യമാണെന്ന വസ്തുത ബോർജിബക്കു അതിവേഗം തന്നെ ബോദ്ധ്യപ്പെട്ടു. പല പുതിയ പുതിയ സാമ്പത്തിക പ്രശ്നങ്ങളും പൊന്തിവന്നു. ഫ്റഞ്ചുഗവമ്മെൻറിന്റെ

ധനസഹായവും സഹകരണവും കൂടാതെ ആ പ്രശ്ന ങ്ങൾക്ക പരിഹാരം കണ്ടെത്തുക എളുപ്പമല്ല എന്നകാര്യം വ്യക്തമായി.

അടുത്തു സ്ഥിതിചെയ്യുന്ന അൾജീരിയയിൽ നടന്ന ദേശീയ സമരം ആഫ്റിക്കയുടെ ശ്രദ്ധയെ ആകർഷിച്ചു. അൾജീരിയക്കാർ ടൃനീഷ്യയിൽ ഒരു എതിർ ഗവണ്മെ ൻറു് സ്ഥാപിച്ചു് ഫ്റഞ്ചു ഗവണ്മെൻറിനെ എതിർത്തു കൊണ്ടിരുന്നു. ഈ അവസ്ഥ ബോർജിബക്കിനു് വലി യ ധർമ്മസങ്കടമായിത്തീർന്നു. അൾജീറിയക്കാരോടു് മൈ ത്രി പുലർത്തുന്നതും അവരുടെ ആദർശങ്ങളെ അനുകൂലി ക്കുന്നതും ഫ്റഞ്ചു ഭരണകൂടത്തെ പ്രത്യക്ഷത്തിൽ എതി ർക്കുന്നതിന്നു തുല്യമാണെന്നതു വ്യക്തമായിരുന്നു. ഈ സ്ഥിതി മനസ്സിലാക്കിയ അൾജീറിയക്കാർ തങ്ങളുടെ എ തിർ സർക്കാരിന്റെ ഹെഡ്ക്വാർട്ടേഴ്സ് ടൃനീഷ്യയിൽ നിന്നു് കെയ്റോവിലേയ്ക്കു മാററി. ബോർജിബായ്ക്കു ഫ്രാൻസുമായുള്ള അടുത്ത സമ്പർക്കങ്ങൾ കാരണമായി യൂറോപ്യൻ രാഷ്ട്രീയത്തിൻെറ പല നൂലാമാലകൾ അദ്ദേ ഹത്തെ ബാധിക്കാൻ തുടങ്ങി. തത്ഫലമായി കമ്മ്യൂണി സത്തിൻെറ പുരോഗമനം കണ്ടു് അദ്ദേഹം വളരെ ഭയ പ്പെട്ടു. ആ ഭയം നിമിത്തം ടൃനീഷ്യ ഐക്യഅറബു റി പ്പബ്ലിക്കുമായുണ്ടായിരുന്ന എല്ലാ രാഷ്ട്രീയ ബന്ധങ്ങളും വിച്ഛേദിച്ചു.

# അൾജീരിയ

വടക്കെ ആഫ്രിക്കയിൽ ഫ്രാൻസിൻെറ ആധിപത്യം നിലനിന്നുപോന്നിരുന്ന മൂന്നു നാട്ടുകളിൽ മൊറാക്കോവും ട്യൂനീഷ്യയും ഒരിനത്തിലും അൾജീരിയ മറ്റൊരിനത്തിലും പെട്ടതായിരുന്നു. മൊറാക്കോവും ട്യൂനീഷ്യയും കോളനികളായിരുന്നു; അൾജീരിയ മാതൃഭൂമിയായ ഫ്രാൻസിൻെറ ഒരു ഭാഗമായിരുന്നു; അതുകൊണ്ടാണ് അതിൽനിന്നു വേർപിരിക്കാത്തതു'' എന്ന അഭിപ്രായം ഫ്റഞ്ചു ഭരണകർത്താക്കൾ നിലനാട്ടി. അതുനിമിത്തം അൾജീരിയായുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൻെറ സ്വഭാവം തന്നെ വളരെ വ്യത്യസ്തമായിരുന്നു. ഫ്റാൻസുമായുള്ള രാഷ്ട്രീയബന്ധം വിച്ഛേദിക്കുന്നതിന്നു അൾജീരിയക്കു് യാതൊരധികാരവുമില്ലെന്നായിരുന്നു ഫ്റാൻസിൻെറ

വാദം. അൾജീരിയ ഫ്റാൻസിൻെറ ഒരു പ്രവിശ്യയായിക്കരുതപ്പെട്ടിരുന്നതുകൊണ്ടു് അതിന്നു സ്വാതന്ത്ര്യം വേണമെന്ന പക്ഷക്കാരെ രാഷ്ട്രീയ കുററവാളികളായി മുദ്രയടിച്ചുപോന്നിരുന്നു: ഈ അവസ്ഥയിലാണു് അൾജീരിയയിൽ ദേശീയ പ്രസ്ഥാനവും സ്വാതന്ത്ര്യസമരവും ആരംഭിച്ചതു്.

അൾജീരിയ ഫ്റാൻസിൻെറ ഒരു ഭാഗമായി കരുതപ്പെട്ടിരുന്നതുകൊണ്ടു് അവിടത്തെ ജനങ്ങളെ (യൂറോപ്യന്മാരായാലും ശരി അറബികളൊ ബർബരന്മാരോ ആയാലും ശരി) ഫ്റഞ്ചുകാർ എന്നാണ കരുതിപ്പോന്നിരുന്നതു്. ഫ്റഞ്ചു നിയമസഭാംഗങ്ങളിൽ 626-ൽ 30 പേരെ അൾജീരിയായിൽനിന്നു തിരഞ്ഞെടുത്തു് അയച്ചിരുന്നു; ഇവരിൽ പകുതിപ്പേർ അറബികളായിരുന്നു. അൾജീരിയയിലും ഒരു ചെറിയ സംസ്ഥാന നിയമസഭയുണ്ടായിരുന്നു. പക്ഷേ വളരെ പരിമിതമായ അധികാരങ്ങളേ അതിന്നുണ്ടായിരുന്നുള്ളു.

അൾജീരിയയിലെയും മററു വടക്കേ ആഫ്രിക്കൻ നാട്ടുകളിലെയും സ്ഥിതിഗതികൾക്കു തമ്മിലുള്ള വ്യത്യസ്തതകളിൽ വളരെ പ്രധാനമായതു് ഫ്റഞ്ചുകാർ ആധിപത്യം സ്ഥാപിച്ചതോടെ (1830) വളരെയധികം യൂറോപ്യന്മാർ അവിടെ കുടിയേറിപ്പാർക്കാൻ തുടങ്ങിയെന്നുള്ളതാണു്; ഇവരിൽ എല്ലാപേരും ഫ്റഞ്ചുകാരായിരുന്നില്ല; സ്പാനിഷുകാരും പലരുമുണ്ടായിരുന്നു. ഈ ജനങ്ങൾ അൾജീരിയയിലെ സ്ഥിരം പ്രജകളായിത്തീൻു. അവിടത്തെ ജനസംഖ്യയിൽ ഏതാണ്ടു് അരക്കാൽഭാഗം ഈ യൂറോപ്യന്മാരായിരുന്നു; സംഖ്യയിൽ അവർ പത്തു ലക്ഷത്തിലേറെയുണ്ടായിരുന്നു, അവരെ ഉപേക്ഷിച്ചിട്ടു് ആ നാട്ടിൻെറ ഭാവിയെ നിർണ്ണയിക്കുന്ന യാതൊരു സംരം

ഭങ്ങളിലും ഏർപ്പെട്ടുക നാട്ടുകാർക്ക് അസാദ്ധ്യമായിത്തീന്നിരുന്നു.

കൂടാതെ, ഈ യൂറോപ്യന്മാർ ആ നാട്ടിന്റെ എല്ലാ സാമ്പത്തിക വിഭവങ്ങളെയും കൈയടക്കിവച്ചിരുന്നു; ബാങ്കുകൾ, ധാതുദ്രവ്യങ്ങൾ, പൊതുജനക്ഷേമോപാധികൾ, മദ്യവ്യവസായം, സഹാറായിൽ ഉൽപാദിപ്പിക്കപ്പെട്ടുന്ന പെട്രോൾ, വിദേശവ്യാപാരം എന്നിവയെല്ലാം അവരുടെ ഉടമയിലും മേൽനോട്ടത്തിലുമാണു നടന്നിരുന്നതു്. ഇതു് ഇങ്ങനെയിരിക്കെ ആഫ്റിക്കയിലെ മുസ്ളിം ജനസംഖ്യ അതിവേഗം വർദ്ധിച്ചുകൊണ്ടിരുന്നു; ജനസംഖ്യയിൽ വർദ്ധനവുണ്ടായിരുന്ന ഫ്റഞ്ചു നിയമസഭയിൽ അവരുടെ അംഗസംഖ്യ 30 തന്നെയായിരുന്നുവെന്നതു് ആക്ഷേപാർഹമായ കാര്യമായിരുന്നു.

ഈ പരിതോവസ്ഥയിൽ വെറുപ്പും ദേശീയബോധവും ഫ്റാൻസിനോടു് എതിർപ്പും ഒന്നിനു പിറകെ മറ്റൊന്നായി ശക്തപ്രാപിച്ചുവന്നു. ദേശീയവാദികളുടെയിടയിൽ പല പാർട്ടികളുണ്ടായിരുന്നെങ്കിലും ഫർഹറ്റു് അബ്ബാസ് (Ferhat Abbas) സ്ഥാപിച്ച ദേശീയ വിമോചന മുന്നണി (The National Liberation Front—F. L. N) എന്ന പാർട്ടിയാണു് അൾജീരിയായിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയായിത്തീന്നതു്. ഈ പാർട്ടി സ്ഥാപിക്കപ്പെട്ടതു മുതൽ അൾജീരിയായിലെ സ്വാതന്ത്ര്യസമരവും ആരംഭിച്ചുവെന്നു പറയാം.

1954 നവംബറിലാണു് ആദ്യമായി അൾജീരിയ ദേശീയവാദികൾ ഫ്രഞ്ചുഭരണത്തെ ശക്തിമത്തായി എതിർത്തതു്. അപ്പോൾ പിയരേമെൻഡസ് ഫ്രാൻസു് ആയിരുന്നു ഫ്രാൻസിന്റെ പ്രസിഡന്റു്. അദ്ദേഹം അൾ

ജീരിയായുടെ സ്വാതന്ത്ര്യപ്രസ്ഥാനത്തെയെങ്കിലും തകർത്തു തരിപ്പണമാക്കാൻ കാപ്പുകെട്ടിയിറങ്ങി. അടുത്ത പ്രസിഡൻറായിരുന്ന ഗ്രേമോലേ (Gray mollet) സ്ഥിതിഗതികൾ മെച്ചപ്പെടുത്തുന്നതിനു് ആഫ്രിക്കയിൽ നേരിട്ടുചെന്നു പരിശ്രമിച്ചിട്ടും ഫലമെന്നുമുണ്ടായില്ല. പക്ഷെ ആ നാട്ടിനെ സംരക്ഷിച്ചു പോന്നിരുന്ന ഫ്രഞ്ചു സൈന്യത്തിൻെറ സംഖ്യാബലം 4 ലക്ഷമായി വർദ്ധിച്ചു. 1957-ൽ ദേശീയ വാദികൾക്കും അൾജീരിയയിലെ ഫ്രഞ്ചുഗവണ്മെൻറിനും തമ്മിൽ ഒരു വമ്പിച്ച യുദ്ധം തന്നെ നടന്നു.

സ്ഥിഗിഗതികൾ അതിവേഗം വഷളാകുന്നതുകണ്ടു മൊറാക്കോ (മുഹമ്മദ് V) ട്യൂനീഷ്യ (ബോർജിബ) ഗവണ്മെൻറുകൾ അൾജീറിയായിലും സമാധാനം സ്ഥാപിക്കാൻ ആഗ്രഹിച്ചു. ഈ നാട്ടുകളിലെ നേതാക്കന്മാരുടെ ആഗ്രഹപ്രകാരം ദേശീയ വിമോചന മുന്നണിയുടെ പ്രതിനിധികളായി ബെൻബെല്ലാ (Ben Bella) ഉൾപ്പെടെ അഞ്ചുപേർ മൊറാക്കോവിൽ ചെന്നു. അവിടെനിന്നു ട്യൂനീഷ്യയിലേയ്ക്കുള്ള മടക്കയാത്രയിൽ അവർ സഞ്ചരിച്ചിരുന്ന വിമാനത്തിലെ ഫ്രഞ്ചു വൈമാനികൻ അവരെ ട്യൂനീഷ്യയിലിറക്കാതെ നേരേ അൾജീരിയായിൽ കൊണ്ടുചെന്നിറക്കി. വിമാനത്തിൽനിന്നു പുറത്തിറങ്ങിയ ഉടൻതന്നെ ബെൻബെല്ലയെയും കൂട്ടരെയും ഫ്രഞ്ചു ഗവണ്മെൻറു അറസ്റ്റുചെയ്തു് തടങ്കലിൽ വച്ചു. ഈ സംഭവത്തിൻെറ ഫലമായി അൾജീരിയയിലെ ദേശീയ പ്രസ്ഥാനം കൂടുതൽ ശക്തിമത്തായിത്തീർന്നു. അടുത്ത നാലഞ്ചുവർഷങ്ങളിൽ സ്ഥിതിഗതികൾ ഓരോ ദിവസവും വഷളായിക്കൊണ്ടിരുന്നു.

അതു് അങ്ങിനെയിരിയ്ക്കെ 1958 മേയ്മാസം 1-ാം തീയതി അൾജീറിയയിൽ വെള്ളക്കാരുടെ അതിഭയങ്കര

മായ ഒരു എതിർ പ്രസ്ഥാനമാരംഭിച്ചു. അവർ പൊതു പണിമുടക്കു നടത്തിയതിന്നു പുറമേ സൈന്യങ്ങളെ കൈവശമാക്കിയിട്ട് ഫ്റഞ്ചു ഗവൺമെൻറിനോട്ട് ഒരു വെല്ലുവിളി നടത്തി. ഈ അവസ്ഥയിൽ ഫ്റാൻസിലെ ഫ്റഞ്ചുഗവൺമെൻറ് സ്ഥാനമൊഴിയേണ്ടതു് അനിർവാര്യമായിത്തീൻു.

ഒരു കോളനിയിലെ സംഭവവികാസങ്ങൾകൊണ്ട് മാതൃരാജ്യത്തിലെ ഗവൺമെൻറു തകിടം മറിയേണ്ടതായി വന്നു. ഫ്റാൻസിലെ നാലാം ഗണതന്ത്രം നിലംപരിശായി, ചാറൾസ്-ഡി-ഗാൾ (Charles De Gaulle) പുതിയ പ്രസിഡൻറായി.

ഡി ഗാൾ ആരംഭകാലം മുതൽത്തന്നെ അൾജീറിയക്കു സ്വാതന്ത്ര്യം നൽകണമെന്ന പക്ഷക്കാരനായിരുന്നുവെന്നതു് അനന്തര സംഭവങ്ങൾമൂലം തെളിയുന്നതാണ്. പക്ഷേ അദ്ദേഹം അൾജീറിയയിലെ ഫ്റഞ്ചുകാരെ ക്ഷോഭിപ്പിക്കാതെ അക്കാര്യം സാധിക്കാനാണാഗ്രഹിച്ചതു്. അതിൻെറ ഫലമായി മാനസികമായി ഒരിക്കലും ഐക്യമില്ലാത്ത ആ രണ്ടുകൂട്ടക്കും ഫ്റഞ്ചുഗവൺമെൻറിനോടുള്ള വെറുപ്പ് വർദ്ധിക്കുകയാണുണ്ടായതു്. പുതിയ ഫ്രഞ്ചുഗവൺമെൻറു സ്ഥാപിക്കുന്നതിനു് 1958സെപ്റ്റംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ പങ്കെടുത്ത അൾജീറിയൻ സ്വദേശികളും ഡിഗാളിൻെറ പുതിയ ഭരണകൂടത്തെ സ്വാഗതംചെയ്തു.

ഈ അവസരത്തിൽ കെയ്റോവിൽ അഭയംപ്രാപിച്ചിരുന്ന ദേശീയ വിമോചന മുന്നണി നേതാക്കന്മാർ 1958 സെപ്റ്റംബറിൽ 'അൾജീറിയ ഗണതന്ത്രത്തിൻെറ ഒരു താല്ക്കാലിക ഭരണകൂടം' സ്ഥാപിച്ചു് അതിൻെറ

പ്രധാനമന്ത്രിയായി ഫെർഹാർട്ട് അബ്ബാസിനെ നിയമിച്ചു. ഈ സംഭവത്തിനുവേണ്ടി കാത്തിരുന്ന ഈജിപ്റ്റിലെനാസരും ലിബിയാ ഗവണ്മെൻറും ഈ വിപ്ലവ ഗവണ്മെൻറിനെ ഉടൻ അംഗീകരിച്ചു. ഇതു കണ്ട അൾജീറിയൻ ഫ്രഞ്ചുകാരും സോസ്റ്റീൻ (General Sonstelle) പോലുള്ള ചില ഫ്രഞ്ചു സേനാനായകന്മാരും പാരീസ് ഗവണ്മെൻറിൻെറ ഉത്തരവുകളെയും ലംഘിച്ചുകൊണ്ട് സമരത്തിന്നു ഒരുമ്പെട്ടു. പക്ഷേ ഫ്രഞ്ചു പ്രസിഡൻറായ ഡിഗാളിൻെറ സാഹസവും അടിയന്തിര നടപടികളും കൊണ്ട് ആ എതിർപ്പു തകരുകയാണുണ്ടായത്.

1960നവംബറിൽ ഇദംപ്രഥമമായി ഡിഗാൾ 'അൾജീറിയൻ ഗണതന്ത്രം' എന്ന വാക്യാംശം ഉപയോഗിച്ചു സംസാരിച്ചു. പക്ഷെ രഹസ്യ സൈന്യ സംഘടന (Secret Army organisation) എന്നറിയപ്പെടുന്ന ഫ്രഞ്ചു സൈന്യത്തിലെ തീവ്രവാദികളുടെ എതിർപ്പിൻെറ ഫലമായി അൾജീറിയക്കു സ്വാതന്ത്ര്യം നൽകുന്നതിനുള്ള എന്തു പരിപാടിയും പരാജയപ്പെട്ടേക്കുമെന്നുള്ള ഭയവുമുണ്ടായിരുന്നു. ഈ സംഘടനയുടെ അദ്ധ്യക്ഷനായിരുന്ന ജനറൽ സലാൻ (General Salan) അവസാന നിമിഷം വരെ ഗവണ്മെൻറിനെ എതിക്കാൻ തന്നെ തീരുമാനിച്ചു. ഈ സന്ദർഭത്തിൽ ദേശീയ വിമോചനമുന്നണിയുടെ ആഭിമുഖ്യത്തിൽ അൾജീരിയയുടെ പ്രധാമന്ത്രിയായി ബെൻഖെദ്ദാ (Ben Khedda)തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹമാണ് അൾജീറിയക്കു സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെടുന്നവരെ ദേശീയ പ്രസ്ഥാനത്തിൻെറ മഹാനായ നേതാവായിരുന്നതു്, അദ്ദേഹത്തിന്റെ അടുത്ത സ്ഥാനമർഹിക്കുന്നതു തടങ്കലിലായിരുന്ന ബെൻബെല്ലയാണ്.

ഡിഗാൾ അൽജീറിയയിലെ താൽക്കാലിക സർക്കാരുമായി സംഭാഷണം നടത്തി ആ നാട്ടിനു സ്വാതന്ത്ര്യം

നൽകുന്നതിനുള്ള സാഹചര്യങ്ങൾ ആരായാൻ ശ്രമിച്ചു. പക്ഷേ 1961 മുതൽ 1962 ജൂലൈ മാസത്തിനകം ഓ. ഏ. എസ്. പ്രസ്ഥാനക്കാർ ഫ്രഞ്ചു അൾജീറിയക്കരാറു് തകരാറിലാക്കാൻ തങ്ങളാൽ കഴിയുന്നത്ര പരിശ്രമിച്ചു. അവർ അൾജീറിയയിലെ താൽക്കാലിക ഗവണ്മെൻറിന്നെതിരായി സമരം തൊട്ടുത്തുവിട്ടിട്ടു് ഭീകരപ്രസ്ഥാനത്തിലിറങ്ങി. പക്ഷേ അവരുടെ നേതാവായ സലാനെ അറസ്റ്റുചെയ്തു് ഫ്റാൻസിലേയ്ക്കയച്ചതോടെ ആ എതിർപ്പും അവസാനിച്ചു.

1962 ജൂലൈമാസത്തിൽ ഒരു വർഷക്കാലമായി നടന്ന സംഭാഷണത്തിൻെറ ഫലമായി ഡിഗാൾ അൾജീറിയക്കു സ്വാതന്ത്ര്യം നൽകുന്നതിന്നു സമ്മതിക്കുകയും ബെൻ ഖെദ്ദയുടെ താൽക്കാല ഗവണ്മെൻറിന്നു് അംഗീകാരം നൽകുകയും ചെയ്തു.

പക്ഷേ ആഫ്റിക്കയുടെ രാഷ്ട്രീയത്തിൽ എന്താണു നടക്കാൻ പോകുന്നതെന്നോ എപ്പോൾ നടക്കുമെന്നോ പ്രവചിക്കുവാൻ ആക്കും തുനിവുണ്ടാവുകയില്ല. ഒരു വർഷത്തെ സമരത്തിൻെറ ഫലമായി അധികാരം കൈയ്യിലാക്കിയ ബെൻഖെദ്ദയെ അദ്ദേഹത്തിൻെറ സഹപ്രവത്തകനായ ബെൻബെല്ലാ അധികാരഭ്രഷ്ടനാക്കി. ബെൻ ബെല്ലയുടെ സൈന്യങ്ങൾ അൾജീരിയയിൽ പ്രവേശിച്ചമാത്രയിൽ തന്നെ ബെൻഖെദ്ദാ അധികാരമൊഴിഞ്ഞു. അദ്ദേഹത്തിനങ്ങനെ ചെയ്യാനുണ്ടായ പ്രേരണയെന്താണെന്നു പറയാൻ സാദ്ധ്യമല്ല. പക്ഷേ അദ്ദേഹം അങ്ങിനെ ചെയ്തില്ലായിരുന്നുവെങ്കിൽ കോംഗോവിൽ നിന്നുബെൽജിയം അധികാരമൊഴിഞ്ഞപ്പോഴുണ്ടായ രാഷ്ട്രീയക്കുഴപ്പങ്ങൾ അൾജീരിയയിലും ഉണ്ടാകുമായിരുന്നു. ഇപ്പോൾ അൾജീരിയ ഗണതന്ത്രസക്കാരിന്റെ പ്രസിഡന്റ് ബെൻബെല്ലയാണു്. ആ ഗണതന്ത്രത്തിനും ഫ്രാൻസിനും തമ്മിലുള്ള ബന്ധങ്ങൾ ഒരു ഉടമ്പടിയെ ആശ്രയിച്ചാണിരിക്കുന്നതു്.

# ലിബിയ

വടക്കെ ആഫ്രിക്കൻ നാട്ടുകളിൽ വച്ച് ഏററവും വിസ്തീർണ്ണമുള്ളതാണ് ലിബയ. ഇതിൻെറ വിസ്തീർണ്ണം പശ്ചിമയൂറോപ്പിന്റെതിനു തുല്യമാണ്. എന്നാൽ ജനസംഖ്യ വളരെ കുറവ്. ഒരു വലിയ യൂറോപ്യൻ നഗരത്തിൻെറ ജനസംഖ്യ ലിബിയയുടെ ആകെ ജനസംഖ്യയായ 12ലക്ഷത്തിൽ അല്പം കൂടിയിരിക്കാം. ആ നാടിൻെറ ഇന്നത്തെ ഔദ്യോഗികപ്പേര് 'ലിബിയ ഐക്യ സംസ്ഥാനം (The United Kingdoms of Libia) എന്നാണ്. ഒരു രാജാവാണ് ഈ നാട്ട് ഭരിക്കുന്നതു്. ഇവിടത്തെ സാമ്പത്തിക നിലവാരം വളരെ താഴ്ന്നതാണ്. പ്രകൃതിവിഭവങ്ങൾ അല്പവുമില്ലെന്നു തന്നെപറയാം. ബ്രിട്ടൻ മുതലായ ദേശങ്ങൾ നൽകുന്ന സഹായ

ങ്ങൾ കൊണ്ടു് ഒരു വിധം പുലന്നു പോരുന്നു. ത്രിപ്പൊലിത്താനിയ(Tripolitania) ശിരനൈകാ (Cyrenaica) ഫെസാൻ (Fezan) എന്ന മൂന്നു പ്രദേശങ്ങൾ ഒന്നുചേർന്നതാണു് ലിബിയ, വടക്കെ ആഫ്രിക്കയുടെ മററു ഭാഗങ്ങളിലെന്നപോലെ ഇവിടെയും B. C. പത്താംനൂററാണ്ടിൽ ഫിനിഷ്യന്മാർ കുടിയേറുകയുണ്ടായി. റോമൻ വീരനായ ജൂലിയസ് സീസർ B. C: ഒന്നാം നൂററാണ്ടിൽ ഈ ദേശത്തെ പിടിച്ചടക്കി റോമൻസാമ്രാജ്യത്തോടു ചേർത്തു. ശിരനൈകാവിൽ മാത്രം പണ്ടേക്കാലം മുതൽ തന്നെ ഗ്രീക്കുകാരുടെ സ്വാധീനശക്തി ഒരു നിശ്ചിത അളവിൽ നിലനിന്നുപോന്നിരുന്നു. അറേബ്യയിൽ ഇസ്ലാം മതം ആവിർഭവിച്ചു് ഒരു നൂററാണ്ടു കഴിയുന്നതിനു മുമ്പു് അതു് വടക്കേആഫ്രിക്കയിൽ വ്യാപിച്ചു. അവസാനമായി ടർക്കികൾ ആ നാടു പിടിച്ചടപ്പി 1911-ൽ ഇററലിയെ ഏൽപിച്ചു.

ഇററലിക്കു് ആഫ്റിക്കയിൽ ഒരു വിസ്തൃതമായ ഭൂഭാഗം ആവശ്യമായിത്തീന്നതിനു കാരണം അവരുടെ വർദ്ധമാനമായ ജനസംഖ്യയെ ഏതെങ്കിലുമൊരു കാളനിയിലേക്കു കടത്തിവിടണമെന്നതു തന്നെയായിരുന്നു.

സാമ്പത്തികത്തിലും മററുപലതുറകളിലും ലിബിയയെ അഭിവൃദ്ധിപ്പെടുത്തിയ ഇററലിയുടെ ഭരണാധിപനായ ബെനിറ്റോമുസോളിനിയായിരുന്നു. (Benito Mussoleni) പക്ഷേ അദ്ദേഹം തൻെറ ആഗ്രഹമനുസരിച്ചു് ആരംഭിച്ച പരിപാടികൾ പൂർത്തിയാകുന്നതിനു് മുമ്പു രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു. ജർമ്മനിയുടെ ആഫ്റിക്കൻ സൈന്യവും (The Afrika Corps)ബ്രിട്ടീഷ് എട്ടാം സൈന്യവും (The Eighth Army) പരസ്പരം ഏററുമുട്ടി അതിഘോരമായ യുദ്ധം ചെയ്തു. പ്രധാന നഗരമായ ബെൽകാശി യുദ്ധകാലത്തു നാശം സം

ഭവിച്ച രൂപത്തിൽ തന്നെയാണു ഇന്നും സ്ഥിതി ചെയ്യുന്നതു്.

യുദ്ധം അവസാനിച്ചതു മുതൽ അഞ്ചുവർഷക്കാലത്തേക്കു് ഇംഗ്ലീഷുകാർ ആ നാടിന്റെ ഭരണാധികാരം ഏറ്റെടുത്തു. മററുള്ള ആഫ്റിക്കൻ നാട്ടുകളെപ്പോലെ ലിബിയ സ്വാതന്ത്ര്യം ആവശ്യപ്പെട്ടില്ല; അതിനുവേണ്ടി യുദ്ധമോ ഭീകരപ്രസ്ഥാനങ്ങളോ നടത്തിയില്ല. അവിടെ ഭരണം നടത്തിയ ദേശങ്ങൾ ആ ഉപയോഗശൂന്യമായ തൊഴിൽ വല്ലവിധവും നിറുത്തിയിട്ടു് അവിടെനിന്നു പുറത്തു ചാട്ടുന്നതിനുള്ള ഉപായങ്ങൾ നേടിക്കൊണ്ടിരിക്കുകയാണു് ചെയ്തതു്. ലിബിയയുടെ രാഷ്ട്രീയ ഭാവി എങ്ങിനെയാണു നിശ്ചയിക്കേണ്ടതു് എന്നതു സംബന്ധിച്ചു് പലരും പല അഭിപ്രായങ്ങളും പ്രകടിപ്പിച്ചു. അമേരിക്കയും റഷ്യയും അറേബ്യൻ രാജ്യങ്ങളും ഈ പ്രശ്നത്തിൽ താല്പര്യം കാണിക്കാൻ തുടങ്ങി. അനാശാസ്യമായി യാതൊന്നും സംഭവിക്കാതിരിക്കുന്നതിനും അതിനെ ഒരു നാട്ടുരാജ്യമാക്കിത്തീർത്തു് സ്വാതന്ത്ര്യം നൽകണമെന്നു ഐക്യരാഷ്ട്രസംഘടന തീരുമാനിച്ചു. അതനുസരിച്ചു് 1951 ഡിസംബറിൽ ലിബിയ ഒരു സ്വതന്ത്രനാടായിത്തീന്നു. ആ സമയത്തു് അവിടെ വെറും പതിനഞ്ചു സർവ്വകലാശാല ബിരുദധാരികളേ ഉണ്ടായിരുന്നുള്ളു; അവിടുത്തെ ജനങ്ങളുടെ ശരാശരി വരുമാനം പ്രതിമാസം പതിനഞ്ചുരൂപയായിരുന്നു: പ്രകൃതിവിഭവങ്ങളില്ലാത്തതുകൊണ്ടു് അന്യരെ ആശ്രയിച്ചു ജീവിക്കേണ്ടനാട്ടു്. ബ്രിട്ടനും അമേരിക്കയും ധാരാളം ധനസഹായം ചെയ്യുന്നുണ്ടു് ഈ ചന്തത്തിലാണു് ലിബിയയുടെ സ്വാതന്ത്ര്യജീവിതം ആരംഭിച്ചതു്. ആ രാജ്യത്തെ രാജാവിൻെറ പേരു് അമീർ ഇഡ്രിസ് (Amir Idris) എന്നാണു്. അദ്ദേഹം സംയുക്ത അറബുഗണതന്ത്രത്തിൻെറ രാഷ്ട്രപതിയായ നാസ്സറോടു് വളരെ സൗഹാർദ്ദം പുലർത്തി വരികയാണു്.

## ഈജിപ്ത്

### (സംയുക്ത അറേബ്യൻ ഗണതന്ത്രം)

ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ ആഫ്‌റിക്കൻ ജനതയുടെ പ്രാചീനചരിത്രം ഇരുന്നൂറു വഷങ്ങൾക്കുമുള്ളതാണെന്ന വസ്തുത വ്യക്തമായിട്ടുണ്ട്. എന്നാൽ ഈ പ്രസ്താവന വടക്കെ ആഫ്‌റിക്കയെ ബാധിക്കുന്നതല്ലെന്നും മറ്റൊരു ഭാഗത്ത് സൂചിപ്പിച്ചിട്ടുണ്ട്. വടക്കെ ആഫ്രിക്കൻ നാട്ടുകളിൽ തന്നെ ഈജിപ്തിന്റേതുപോലെ പ്രാചീനചരിത്രമുള്ളതായി മററൊരു ദേശവുമില്ല. വാസ്തവത്തിൽ ലോക ചരിത്രത്തിൽതന്നെ ഈജിപ്തിന്റെ സംസ്കാരമാണ് ഏററവും പ്രാചീനമെന്നു കരുതുന്നവരും ഇല്ലാതില്ല; കാരണം B. C. 4000 മുതൽതന്നെ ഈജിപ്‌റ്റുകാർ പരിഷ്കൃത ജീവിതം നയിച്ചിരുന്നുവെന്ന്

ലോകചരിത്രത്തിൽ കാണാവുന്നതാണ്, ഈ ഒരു കാരണം കൊണ്ടുതന്നെ ഈജിപ്റ്റിൻെറ ചരിത്രവും രാഷ്ട്രീയവും ആഫ്റിക്കയുടെ ഇതരഭാഗങ്ങളോട്ട് ബന്ധമുള്ളതല്ല എന്നു പറയാം. പണ്ടു കാലത്തും ഏഷ്യയിൽ സ്ഥിതി ചെയ്തിരുന്ന സുമേറിയ, സിറിയാ, ഫിനീഷ്യാ മുതലായ നാട്ടുകളോടും യൂറോപ്പിലുള്ള ക്രീററു്, ഗ്രീസ്, റോം മുതലായ യൂറോപ്യൻ നാട്ടുകളൊടും ഇടക്കാലത്തു് അറബികളോടുമാണ് ഈജിപ്ററുകാർ ബന്ധം പുലത്തിപ്പോന്നിരുന്നതു്. അതുകൊണ്ടു് അറബികൾക്കും ആഫ്റിക്കയുടെതന്നെ ഭൂരിഭാഗം പ്രദേശങ്ങളും ഒരു ഇരുണ്ട ഖണ്ഡമായിത്തന്നെ സ്ഥിതിചെയ്തിരുന്നു. എന്തുകൊണ്ടെന്നാൽ ഈജിപ്റ്റിനു തെക്കുള്ള സൂഡാനിലെ ചതുപ്പുനിലങ്ങളും കാട്ടുകളും പടിഞ്ഞാറു് സഹാറാമണലാരണ്യവും അവരെ ആഫ്ക്കയുടെ ഇതരഭാഗങ്ങളിൽ നിന്നും അകററി നിറുത്തിയിരുന്നു.

കഴിഞ്ഞ 5000 വർഷങ്ങളായി ഒരു പരിഷ്കൃതദേശമായി നിലനിന്നുപോന്നതുകൊണ്ടു് ഈജിപ്ററുകാരുടെ ആധുനിക സംസ്ക്കാരം പണ്ടേക്കാലത്തെ ഫറോകളും അനന്തരകാലത്തെ ടോളവികളും മദ്ധ്യകാലത്തെ കാലിഫ്കളും കണ്ട സംസ്കാരത്തിന്റെ തുടർച്ചയാണെന്നു കരുതുന്നതു ശരിയല്ല. ഈജിപ്ററിന്റെ പ്രാചീനസംസ്കാരത്തിൻെറ ചിഹ്നങ്ങളായി ഇന്നു് പിരമിഡുകളും (Pyramids) സ്ഫിൻക്സ് (Sphinx) മല്ലാതെ മറെറാന്നും അവശേഷിച്ചിട്ടില്ല. ഇപ്പോൾ ഈജിപ്ററുകാർ ദേശീയപ്രസ്ഥാനം വിജയപൂർവ്വം നടത്തി രാജവാഴ്ചയെ നിർമ്മാജ്ജനം ചെയ്തു് പട്ടാളഭരണത്തെ ശക്തിമത്തായ് നടത്തിവരുന്ന ആത്മവിശ്വാസമുള്ള ഒരു ജനസമൂഹമായിട്ടാണു് അന്താരാഷ്ട്രീയരംഗത്തു പ്രശോഭിക്കുന്നതു്.

ഈജിപ്ററ് ഒരു വലിയ നാടാണ്. കേരളത്തിന്റെ കഷ്ടിച്ച് പതിമൂന്നിരിട്ടിയെങ്കിലും അതിനു വലിപ്പം കാണും. പക്ഷെ ഇവിടുത്തെ ജനസംഖ്യ വെറും രണ്ടരക്കോടിയത്രെ. നൈൽനദിയെ ആശ്രയിച്ചാണു ജനങ്ങൾ ജിവിക്കുന്നതു്. നൈൽ ഈജിപ്ററിന്റെ ജീവനാഡിയാണ്, ഈജിപ്ററിനെ "നൈലിന്റെ സംഭാവനയെന്നും" പറയാറുണ്ട്. ഈ നദിയുടെ തീരങ്ങളിലാണ് ഭൂരിഭാഗം ജനങ്ങളും വസിക്കുന്നതു്, മേത്തരത്തിലുള്ള ഗോതമ്പും അതിനെക്കാൾ മുന്തിയ തരത്തിലുള്ള പരുത്തിയും ഉൽപ്പാദിപ്പിക്കുന്ന ഈ ജനങ്ങൾ പല നൂറ്റാണ്ടുകളായി പറഞ്ഞറിയിക്കാൻ തരമില്ലാത്ത ദാരിദ്ര്യത്താൽ വാടുകയാണ്.

ഈജിപ്ററുകാർ അതിപുരാതനകാലത്തു് ഫറോരാജാക്കന്മാരാലും അതിനുശേഷം അലക്സാണ്ടർ ആ നാട്ട് ജയിച്ച് അവിടെ സ്ഥാപിച്ച ടോളാവംശക്കാരാലും ഭരിക്കപ്പെട്ടു പോന്നിരുന്നു. B. C. ഒന്നാം നൂററാണ്ടിൽ റോമൻ സമ്രാട്ടായിരുന്ന അഗസ്റ്റസ് ഈജിപ്ററിനെ കീഴടക്കി തന്റെ സാമ്രാജ്യത്തോടു ചേർത്തു. ക്രിസ്ത്വാബ്ദം 7-ാം നൂറ്റാണ്ടിൽ അറേബ്യയിൽ ഉത്ഭവിച്ച് അവിടെ നിന്നു നാലു പാടും വ്യാപിച്ച മുഹമ്മദുമതം ഈജിപ്ററിൽ പ്രവേശിച്ചപ്പോൾ അവിടെ ഒരു മുസ്ളീംകാലിഫ് വംശം നിലനിന്നിരുന്നു.

18-ാംനൂററാണ്ട് അവസാനത്തിൽ നെപ്പോളിയൻ കെയ്റോ പിടിച്ചടക്കിയിട്ട് കുറച്ചുകാലം ഈജിപ്ററിൽ താമസിച്ചിരുന്നപ്പോൾ ഈ ദേശത്തെപ്പററി ബാഹ്യലോകത്തിനു് അറിയാനുള്ള ഒരു സന്ദർഭമുണ്ടായി. അവിടെ ഒരു ഫ്രഞ്ചുപട്ടാളക്കാരനു്. യാദൃച്ഛികമായി കണ്ടുകിട്ടിയ ഒരു റോസററാക്കല്ലിൽ (Rosetta stone) പുരാതന ഈജിപ്ററിന്റെ ചിത്രലിപിയും അതിന്റെ

തർജ്ജമയായ ഗ്രീക്ക്‌ലിപിയും ഉണ്ടായിരുന്നതുകൊണ്ടു് ചരിത്രാചാര്യന്മാർക്കു് അതു വായിക്കാൻ സാധിച്ചു. അതിൽ നിന്നു് ഈജിപ്റ്റിന്റെ പുരാതനസംസ്കാരം ശരിക്കു ഗ്രഹിക്കാൻ കഴിഞ്ഞു. അപ്പോൾ മുതലാണു് ആധുനികയൂറോപ്യന്മാർ ഈജിപ്റ്റുമായി ബന്ധങ്ങൾ സ്ഥാപിക്കാൻ തുടങ്ങിയതു്.

നെപ്പോളിയൻ ഈജിപ്റ്റിനെ ആക്രമിച്ചപ്പോൾ അദ്ദേഹത്തെ ചെറുത്തുനിറുത്തുന്നതിനും ഊസ്മാനിയതുർക്കികൾ മുഹമ്മദാലി എന്ന അൽബേനിയമുസ്ളീം വീരനെ അയയ്ക്കുകയുണ്ടായി. നെപ്പോളിയനെ ജയിക്കാൻ അയാൾക്കു സാധിച്ചില്ലെങ്കിലും മററു ചില കാരണങ്ങൾ കൊണ്ടു് അദ്ദേഹം ഫ്രാൻസിലേക്കു മടങ്ങിയ ശേഷം മഹമ്മദലി 1905-ൽ അവിടെ ഒരു രാജവംശം സ്ഥാപിച്ചു ആ വംശത്തിലെ രാജാക്കന്മാക്കു് കേഡിവ്കൾ (khedive) എന്നായിരുന്നു പേർ, 1952വരെ ആ രാജവംശം ഭരണം നടത്തി.

1870-ൽ ഒരു ഫ്രഞ്ചു് ഇഞ്ചിനീയർ ഫെർഡിനാൻസ് ഡി ലസ്സപ്സ് (Ferdinand de Lesseps) സൂയസ്തോട്ട വെട്ടി. മദ്ധ്യധരണിക്കടലിനെയും ചെങ്കടലിനെയും പരസ്പരം ബന്ധിപ്പിച്ചു. അക്കാലം വരെ ആഫ്രിക്കാഖണ്ഡത്തെ ചുററി തെക്കേആഫ്റിക്കയിൽ വന്നുകൊണ്ടിരുന്ന യൂറോപ്യൻ കപ്പലുകൾ ഇപ്പോൾ സൂയസ്തോട്ട വഴിയായി കുറുക്കു വഴിക്കു് വരാൻ തുടങ്ങി. ആ തോട്ട വെട്ടുന്നതിനു് ധനം ശേഖരിക്കുന്നതിനായി സ്ഥാപിച്ച കമ്പനിയിൽ നിന്നു് ഇംഗ്ലീഷുകാർ, ഫ്റഞ്ചുകാർ ഈജിപ്റ്റുകാർ എന്നിവർ പങ്കുകൾ വാങ്ങുകയുണ്ടായി. ഈജിപ്റ്റ് രാജാവു് പലയിടങ്ങളിൽ നിന്നു വാങ്ങിയ കടത്തുകകൾ വീട്ടുവാൻ നിവൃത്തിയില്ലാ

തെ തന്റെ പങ്കുകൾ മുഴുവൻ ബ്രിട്ടനുവിററു. കൂടാതെ കേഡിവിന്റെ ഭരണം ഒരു കൊട്ടക്കോൽ ഭരണമായിരുന്നതുകൊണ്ടു് ബ്രിട്ടീഷുകാക്കു നാടിന്റെ ഭരണകാര്യങ്ങൾ നേരിട്ടു് ശ്രദ്ധ ചെലുത്തേണ്ടതായി വന്നു. ഈജിപ്റ്റിൽ എന്നെന്നേക്കമായി നിലയുറപ്പിക്കുന്നതിനു് അവക്കാഗ്രഹമില്ലായിരുന്നുവെങ്കിലും അടുത്തകാലം വരെ എന്തെങ്കിലും കാരണങ്ങൾ പറഞ്ഞു് അവർ അവിടുത്തെ ഭരണസാരഥ്യം വഹിച്ചിരുന്നു.

അഹമ്മദ്ദ് അരസി (Atoby parha) എന്ന ദേശീയ പ്രക്ഷോഭണക്കാരൻ കേഡിവ് ഇസ്മായിലിന്റെ Khedive Esmail) ഭരണത്തിനെതിരായി നടത്തിയ വിപ്ലവത്തെ തകക്കുന്നതിനായി വന്ന ബ്രിട്ടീഷുകാർ കെയ്റോ പിടിച്ചടക്കി ഈജിപ്ററിന്റെ ഭരണം തങ്ങളുടെ മേൽനോട്ടത്തിലാക്കിത്തീത്തു.

ബ്രിട്ടീഷുകാർ ഈജിപ്ററിന്റെ ദീർഘകാല നന്മയ്ക്കായി മറക്കാനാവാത്ത പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ടു്. ബ്രിട്ടീഷ് ഗവർണർ ജനറലായിരുന്ന ക്രോമർ പ്രഭു. (Lord Cormer) ഈജിപ്ററുകാരുടെ ഭരണത്തിൽ കണ്ട പല നിഷ്ഠുരതകളെയും അകററി, കഷകരുടെ നന്മയെ കാത്തുരക്ഷിച്ചു. അദ്ദേഹത്തെ ഇന്ത്യയിലെ ഡൽഹൗസി(Dalhousi)ക്കു തുല്യമായി കരുതാവുന്നതാണു്. ബ്രിട്ടീഷുകാർ ഈജിപ്ററിൽ ഒന്നാമത്തെ അസ്വാൻഅണ (Aswan Dam) ഈജിപ്ററിലേയ്ക്കുള്ള സൂഡാന്റെ പ്രവേശനത്തെ തടുത്തു, 1914—ൽ ടക്കി ജമ്മനിയെ ആക്രമിച്ചു കൊണ്ടു് യുദ്ധത്തിലിറങ്ങിയപ്പോൾ ബ്രിട്ടൺ ഈജിപ്ററിനെ തങ്ങളുടെ സാമ്രാജ്യത്തിന്റെ പ്രതിരോധ രാജ്യമാക്കിത്തീത്തു.

ഈ നൂററാണ്ടിന്റെ ആരംഭത്തിൽ സഗ്ലുൽപാഷ (Zaglul Pasha) ദേശീയ പ്രസ്ഥാനമാരംഭിച്ചതോടുകൂടി ഈജിപ്ററിന്റെ സ്വാതന്ത്ര്യസമരവും രൂപംപൂണ്ടു.

1922-ൽ ബ്രിട്ടൺ ഈജിപ്ററിനു് ഒട്ടുമുക്കാലും സ്വാതന്ത്ര്യം നൽകിയിട്ടു് തങ്ങളുടെ പ്രതിരോധസന്നാഹങ്ങൾ അവിടെ നിന്നു പിൻവലിച്ചു. എന്നിട്ടും സ്വാതന്ത്ര്യസമരം അവസാനിക്കാറായപ്പോൾ 1936-ൽ ഈജിപ്തിനു പൂർണ്ണസ്വാതന്ത്ര്യം നൽകുകയും അതു് അന്താരാഷ്ട്രീയസംഘടനയിലെ ഒരംഗമായിത്തീരുകയും ചെയ്തു.

1951-ൽ ഈജിപ്തിലെ അവസാന രാജാവായ ഫറൂക് ഈജിപ്തിൻെറയും സൂഡാൻെറയും രാജാവായി കിരീടധാരണം ചെയ്തു. രണ്ടാം ലോകമഹായുദ്ധകാലത്തു് ഫറൂക്കും അദ്ദേഹത്തിൻെറ മന്ത്രിയായ ആലിമേഹ്റും (Ali Meher) നാസികളെ അനുകൂലിച്ചുവെന്ന കാരണത്താൽ ബ്രിട്ടീഷുകാർ ഈജിപ്തിനെ മിത്രരാഷ്ട്രങ്ങളുടെ സൈനികതാവളമാക്കിയിട്ടു് രാജാവിനെയും അദ്ദേഹത്തിൻെറ സൈനികോദ്യോഗസ്ഥന്മാരെയും തങ്ങളുടെ മേൽനോട്ടത്തിൽ താമസിപ്പിച്ചു. ആ അവസരത്തിൽ ചില ഈജിപ്ററുകാൎക്കു് ബ്രിട്ടീഷുകാരോടുണ്ടായ അമൎഷം ഇന്നും അവസാനിച്ചിട്ടില്ല.

1948-ൽ ഈജിപ്തിനും ഇസ്രേലിനും തമ്മിൽ നടന്ന യുദ്ധത്തിൽ അറബിസൈന്യങ്ങൾക്കുണ്ടായ പടതോൽവി ഇന്നും ഇസ്രേൽ ഈജിപ്ററു ബന്ധത്തെ തകരാറിലാക്കിക്കൊണ്ടിരിക്കുകയാണു്.

1953-ൽ നടന്ന പട്ടാള വിപ്ളവത്തിൻെറ ഫലമായി ഫറൂക് രാജാവിൻെറ കിരീടം നഷ്ടപ്പെട്ടു, അദ്ദേഹത്തെ നാടുകടത്തുകയും ചെയ്തു. ഈ വിപ്ളവം നടത്തിയതു് ജനറൽ നജീബും (General Naguib) കർണൽ നാസ്സറും (Colonel Nasser)മായിരുന്നു. ഈ രണ്ടുനേതാക്കളും വ്യത്യസ്താഭിപ്രായക്കാരായിരുന്നതുകൊണ്ടു് അവർ ആഗ്രഹിച്ച പട്ടാളഭരണം നടപ്പായതിനു

ശേഷവും അവർക്കതമ്മിൽ കശപിശകൾ നടന്നുകൊണ്ടിരുന്നു; ഫലം: നജീബ്ബ് രാഷ്ട്രീയ രംഗത്തുനിന്നും തിരോധാനം ചെയ്തു. (1954) സൈന്യാധിപനായ നാസ്സർ ഇപ്പോൾ മിക്കവാറും സർവ്വാധികാരം നടത്തിവരികയാണു്.

1951-നു ശേഷം സൂയസ്കനാൽ പ്രദേശങ്ങളൊഴികെ മററെല്ലാ ഭാഗങ്ങളിൽ നിന്നും ബ്രിട്ടീഷുകാർ നിശ്ശേഷം മാറിക്കഴിഞ്ഞിരുന്നു. പക്ഷേ സൂയസ്കനാൽ പ്രദേശങ്ങളിൽ നിന്നും അവർ ഒഴിയേണ്ടതാണെന്നു് ഈജിപ്റ്റിലെ ദേശീയവാദികൾ ശഠിച്ചു. പക്ഷേ 1000 കോടി ഉറുപ്പിക ചിലവിൽ അവർ പണിതീർത്തിരുന്ന കനാൽ കെട്ടിടങ്ങളും കിടങ്ങുകളും വിമാനത്താവളങ്ങളും ഉപേക്ഷിച്ചു പോകുന്നതിനു ബ്രിട്ടീഷുകാർ വിസമ്മതിച്ചു. എങ്കിലും അപരിഹാര്യമായ ചില രാഷ്ട്രീയ സാഹചര്യങ്ങളാൽ 1956-ൽ ബ്രിട്ടീഷുകാർ സൂയസ്കനാൽ പ്രദേശം കൈവെടിഞ്ഞു.

ഒരു പുതിയ അസ്വാൻ അണകെട്ടുന്നതിനു് അമേരിക്കൂ വാഗ്ദാനം ചെയ്തിരുന്ന വമ്പിച്ച ധനസഹായം പിൻവലിച്ച കാരണത്താൽ നാസ്സർ സൂയസ്കനാൽ പ്രദേശത്തെ ദേശസാൽക്കരിച്ചു. ഇതിനെ എതിർത്തുകൊണ്ടു് ഫ്റഞ്ച്-ബ്രിട്ടീഷ് ഭരണാധിപന്മാർ സൈന്യബലമുപയോഗിച്ചു് സൂയസ്സ് പ്രദേശത്തെ ആക്രമിച്ചു. അതെ സന്ദർഭത്തിൽ ഇസ്രേലും ഈജിപ്റ്റിൻെറമേൽ പടയെടുത്തു. പക്ഷേ ഐക്യരാഷ്ട്രസഭ തലയിട്ടതുകൊണ്ടു് ഈ പട്ടാള നടപടികൾ അവസാനിച്ചു ഐക്യരാഷ്ട്ര സഭയുടെ സൈന്യങ്ങൾ ഇപ്പോഴും സൂയസ്കനാൽ പ്രദേശങ്ങളെ സംരക്ഷിച്ചുപോരികയാണു്. ബ്രിട്ടീഷ്-ഫ്റഞ്ചു സൈന്യങ്ങൾ അവരവരുടെ നാട്ടുകളിലേക്കു മടങ്ങി. ഇസ്രേലും യുദ്ധം അവസാനിപ്പിച്ചു.

1958-ൽ നാസ്സർ സിറിയയെ ഈജിപ്തിനോടു ചേർത്ത് സംയുക്ത അറബ്യഗണതന്ത്രം (The United Arab Republic) സ്ഥാപിച്ചു. പക്ഷേ 1961-ൽ സിറിയ ഒരു പട്ടാളവിപ്ളവം നടത്തി അതിൽ നിന്നു പിരിഞ്ഞു പോയതിനു ശേഷവും ഈജിപ്ററ് തന്നെ ഇപ്പോഴും സംയുക്ത അറബ്യ ഗണതന്ത്രം എന്നുതന്നെയാണു വിളിച്ചു പോരുന്നത്!

നാസ്സർ സോഷ്യലിസ്ററു സിദ്ധാന്തങ്ങളെ ഉപജീവിക്കുന്ന നേതാവാണെന്നാണ് പറഞ്ഞുപോരുന്നത്. ചേരിചേരാനയക്കാരൻ; പക്ഷേ സോവ്യററ് ഭരണാധിപന്മാരോട് കുറച്ചടുപ്പമുള്ള ആളുമാണ്. ഇദ്ദേഹം വലിയ ദേശഭക്തനാണ്. എന്നാൽ ജനാധിപത്യത്തിലുള്ള അദ്ദേഹത്തിൻെറ വിശ്വാസത്തിനു വളർച്ച നിലച്ചിരിക്കുകയാണ്. ഈജിപ്ത് മുമ്പത്തെപ്പോലെ തന്നെ ഇപ്പോഴും കറുപ്പന്മാരുടെ ആഫ്റിക്കയുമായി അധികം അടുക്കാതെ നിൽക്കുകയാണ്. ഈജിപ്തിനു ഒരു സർവദേശിയ പ്രാധാന്യം കൈവന്നു കഴിഞ്ഞിരിക്കുന്നു.

പല അഖില- ആഫ്റിക്കാ- മഹാസമ്മേളനങ്ങളും ഏഷ്യ ആഫ്റിക്കാസമ്മേളനങ്ങളും കെയ്റോവിലാണ് നടക്കുന്നത്. പല തരത്തിലുള്ള സൗകര്യങ്ങളുള്ള നഗരമായതുകൊണ്ട് കെയ്റോവിൽ മഹാസമ്മേളനങ്ങൾ കൂടുന്നത് പതിവായിത്തീർന്നിട്ടുണ്ട്. (അടുത്തകാലത്തു് (ഒക്ടോബർ, 64-ൽ) ചേരിചേരാദേശങ്ങളുടെ ഒരു സമ്മേളനം കെയ്റോവിൽ നടക്കുകയുണ്ടായി. ചൈന പാകിസ്ഥാൻ മുതലായി ഏതെങ്കിലും ചേരികളിൽ ചേർന്നിട്ടുള്ള ദേശങ്ങളൊഴികെ മറെറല്ലാനാട്ടുകളും അതിൽ പങ്കെടുത്തു. കോംഗോവിൻെറ പ്രതിനിധിയായി ഷോംബേ (Tshombe) അതിൽ പങ്കെടുക്കാൻ ആഗ്രഹി

ച്ചുവെങ്കിലും അദ്ദേഹത്തെ ആ സമ്മേളനം സ്വാഗതം ചെയ്തില്ല. ക്ഷണനം കൂടാതെ വലിഞ്ഞു കയറി വന്ന ഷോംബേയെ ഈജിപ്റ്റ് ഗവണ്മെൻറു് കാരാഗൃഹത്തിലടച്ചു. ഈസംഭവങ്ങളിൽ നിന്നു് ഏഷ്യാആഫ്രിക്കൻ ദേശങ്ങൾക്കിടയിൽ ലുമുംബാ (Lumumba) പക്ഷപാതികളെന്നും ഷോംബേ പക്ഷപാതികളെന്നും രണ്ടു കൂട്ടരുണ്ടെന്നു വ്യക്തമാകുന്നതാണ്. ഈ സമ്മേളനം നിരന്തരമായ ലോകസമാധാനത്തിൻെറ ആവശ്യകതയെ ഊന്നിപ്രസ്താവിച്ചു. ദക്ഷിണാഫ്രിക്കയെ മുട്ടുകുത്തിക്കുന്നതിന്നു് വേണ്ട നടപടികളെടുക്കാനും തീരുമാനിച്ചു. പോർട്ടുഗീസുകാരെ ആഫ്റിക്കയിൽനിന്നു് ഓടിക്കുന്നതിന്നു ബലപ്രയോഗവും ആകാമെന്നു തീരുമാനിച്ചു. ചേരിചേരാനാട്ടുകൾക്കിടയിൽ മത്സരങ്ങളൊന്നും പാടില്ലെന്നു ശഠിച്ചു. സഹവർത്തിത്വാദർശം പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഇന്തോനേഷ്യൻ പ്രസിഡൻറായ സുകാർണോ (President Sukarno) പാശ്ചാത്യദേശങ്ങളിലെ ഏകാധിപത്യശക്തികളുമായി സഹവർത്തിത്വം സാദ്ധ്യമല്ലെന്നു പറഞ്ഞു.) ആ ആദർശത്തെ നിരാകരിക്കുകയാണു ചെയ്തതു്. ചൈനയുടെ നയത്തിന്നെതിരായി എന്തെങ്കിലും പ്രമേയങ്ങൾ പാസ്സാക്കുന്നതിന്നു് ഈ സമ്മേളനം തുനിഞ്ഞില്ല.

ഇങ്ങനെ പരസ്പരം വ്യത്യസ്തമായ ആദർശങ്ങളോടു കൂടിയ പല നാട്ടുകൾ ഒന്നു ചേരുന്നതുകൊണ്ടു് ലോകത്തിന്നു് പല വസ്തുതകളും മനസ്സിലാക്കാൻ സാധിക്കുന്നതാണു്.

## സുഡാൻ

ഈജിപ്തിനു തെക്കായി സ്ഥിതിചെയ്യുന്ന നാടാണു് സുഡാൻ[1]. ഇതിന്റെ പടിഞ്ഞാറെ ഭാഗങ്ങൾ മണലാരണ്യവും മററു ദേശങ്ങൾ നൈൽനദിയോടു ചേൎന്ന ചതുപ്പുപ്രദേശങ്ങളുമാണു്. ഈ ചതുപ്പു നിലങ്ങൾ പല സഹസ്രം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ളതായതുകൊണ്ടു് പണ്ടുകാലത്തു് ഈജിപ്തിനെ ഭരിച്ച രാജാക്കന്മാൎക്കു് വടക്കെ സുഡാൻ വരെ മാത്രമെ ശ്രദ്ധപതിപ്പിക്കാൻ സാധിച്ചിരുന്നുള്ളു. 19-ാംനൂററാണ്ടിനുമുമ്പു് ഈജിപ്ററുകാൎക്കുപോലും സുഡാനു തെക്കു നടക്കുന്ന കാൎയ്യങ്ങളൊന്നും അറിയാൻ സാധിച്ചിരുന്നില്ല.

1. ഈ വാക്കു് ('Sudd') അഥവാ ചതുപ്പുനിലങ്ങൾ എന്ന ധാതുവിൽ നിന്നു വന്നിട്ടുള്ളതാണു്.

1821_ൽ ഈജിപ്റ്ററു രാജാവായ മഹമ്മദ് ആലി സുഡാനെ ജയിച്ചു കീഴടക്കി. അദ്ദേഹത്തിൻെറ പിൻഗാമികൾ ഏകദേശം 60വഷം സുഡാൻ ഭരിച്ചു. പക്ഷേ 1880-ൽ അന്യദേശക്കാരുടെ ഭരണത്തെ എതിക്കുന്നതിനായ് അവിടെ ഒരു മുസ്ളീം നേതാവുണ്ടായി.[2] മുഹമ്മദ് അഹമ്മദ് എന്നായിരുന്നു അയാളുടെ പേരു്. അയാൾ പ്രവാചകനായ മുഹമ്മദനബിക്കു് അടുത്ത നബിയാണെന്നു പറഞ്ഞു് ചില തീവ്രവാദികളായ ഫക്കീർമാരെ സംഘടിപ്പിച്ചു് ഈജിപ്റ്ററുകാരുമായി ഒരു ഘോരസമരം നടത്തി അവരെ സുഡാനിൽ നിന്നു പുറത്തുചാടിച്ചു. ഈജിപ്റ്ററുകാർ ബ്രിട്ടീഷ്സഹായമാവശ്യപ്പെട്ടതനുസരിച്ചു് ബ്രിട്ടീഷ് സൈന്യാധിപനായ ചാറത്സ് ജോർജ് ഗോർഡൺ (General Charles George Gordon) സുഡാനിൽ ചെന്നു് അഹമ്മദിൻെറ ഫക്കീർസേനയെ അടക്കാൻ ശ്രമിച്ചു. പക്ഷേ അഹമ്മദ് അദ്ദേഹത്തെ കാർട്ടൂമിലുള്ള (Khartom) അദ്ദേഹത്തിൻെറ കോട്ടയിൽ അടച്ചു പൂട്ടിയിട്ടു് കൊന്നു കളഞ്ഞു. അപ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ഗ്ലാഡ്സ്റ്റനാണു് ഈ തോൽവിക്കും അപമാനത്തിനും കാരണക്കാരൻ എന്നു പറഞ്ഞു് ബ്രിട്ടീഷ്പാർലമെൻറ്റ് അദ്ദേഹത്തിൻ്റെ മേൽ കുററാരോപണം നടത്തി. ഈ പരാജയവും അതുമൂലമുണ്ടായ അവമാനവും സ്മരണയിൽ നിന്നു മായുന്നതിന്നു പല വഷങ്ങൾ വേണ്ടിവന്നു. 1898–ൽ ബ്രിട്ടീഷ് സൈന്യാധിപനായ കിച്ചനർപ്രഭു (Lord Kitchener) സുഡാനിൽ ഓംഡർമൻ (Omdurman) എന്ന സ്ഥലത്തുവെച്ചു് 'മാതി'യുടെ സൈന്യങ്ങളെ നിശ്ശേഷം തോല്പിച്ചു', അദ്ദേഹത്തിൻെറ പ്രസ്ഥാനത്തെയും തകത്തു് സു

2. ഇദ്ദേഹത്തിന്നു് 'മാതി' എന്ന ഒരു സ്ഥാനപ്പേരുണ്ടു്.

248121
52911
V6:1:N6
32K6



ഡാനെ ആംഗ്ലോ ഈജിപ്ഷ്യൻ സംയുക്ത ഭരണത്തിൻ (Anglo Egyptian Condominian) കീഴിലാക്കി.

സുഡാൻെറ ഭരണത്തിൽ ഇംഗ്ലീഷ്കാർക്കും ഈജിപ്ററുകാർക്കും സമമായ പങ്കുണ്ടായിരുന്നെങ്കിലും ഇംഗ്ലീഷുകാരുടെ കൈയാണു് ഉയർന്നുനിന്നതു്. അരനൂറ്റാണ്ടിനുമേൽ ആ നാടുഭരിച്ച ഇംഗ്ലീഷുകാർ അതിന്നു പലവിധ നന്മകളും ചെയ്തു. പത്തു ലക്ഷം ഏക്കർ ഭൂമി കൃഷിയോഗ്യമാക്കി പരുത്തി വിളയിച്ചു് നാടിൻെറ സാമ്പത്തികസ്ഥിതി ഉയർത്തി. നൈലിൽ സെന്നാർ (Sennar Dam) അണകെട്ടി അതിലെ ജലം അധികവും ഉപയോഗശൂന്യമാകുന്നതിനെ തടഞ്ഞു.

ലിബിയയെപ്പോലെതന്നെ സുഡാനും ഒരു വലിയ ദേശമാണെങ്കിലും ജനസംഖ്യ വളരെ കുറവാണു്. ഉത്തരസുഡാനിലെ മുസ്ലീങ്ങളും ദക്ഷിണസുഡാൻവാസികളായ നീഗ്രോകളും പരസ്പരം യാതൊരൈക്യവുമില്ലാതെ രണ്ടു വെവ്വേറെ ദേശങ്ങളിലെ ജനങ്ങളെപ്പോലെയാണു് വർത്തിച്ചിരുന്നതു്. മുസൽമാന്മാർ നീഗ്രോകളെക്കാൾ ജാതിയിൽ ഉയർന്നവരാണെന്നു സ്വയം അനുമാനിച്ചു പോന്നിരുന്നു.

ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ സുഡാന്റെ നില മെച്ചപ്പെട്ടു് വരുന്നതു ഈജിപ്ററുകാർ ആ നാടിനെ എങ്ങിനെയെങ്കിലും കൈയടക്കുന്നതിന്നു് കിണഞ്ഞു് പരിശ്രമിച്ചു. ഇതിൻെറ ഫലമായിട്ടാണു് ഈജിപ്ററു് രാജാവായ ഫാറൂക (Farouk) ഈജിപ്ററിൻെറയും സുഡാൻെറയും രാജാവായിത്തീർന്നതു് ഈ പുതിയ ഏർപ്പാടു് ബ്രിട്ടനു് ഇഷ്ടപ്പെട്ടില്ല. അതിനിടക്കു് സുഡാനിൽ തന്നെ ചില പ്രക്ഷോഭണങ്ങൾ പൊട്ടിപ്പുറപ്പെട്ടു. പക്ഷേ അവയൊന്നും അത്രകാര്യമാ യായിരുന്നില്ല.

MUL
248121
UNIVERSITY LI
29 MAR 1

അന്യ നാട്ടുകളിലെപ്പോലെ സൂഡാനിലും ഇംഗ്ലീഷു കാർ മുസ്ലിംങ്ങളെയും നീഗ്രോകളെയും തമ്മിൽ ഭിന്നിപ്പിച്ച് വിഭജിപ്പിക്കുകയെന്ന സമ്പ്രദായം നടപ്പാക്കിയെന്ന കുററാരോപണത്തിനു വിധേയരായിത്തീൻു. എന്നാൽ അത്തരം ഭിന്നിപ്പുകളും പരസ്പരമുള്ള വിജാതീയ മനഃസ്ഥിതിയും ബ്രിട്ടീഷുകാരുടെ വരവിനുമുമ്പുതന്നെ അവിടെ നിലനിന്നിരുന്നു.

അക്കാലത്ത് സൂഡാനിൽ രണ്ടു രാഷ്ട്രീയ കക്ഷികൾ ഉടലെടുത്തു. അവയിലൊന്നു് സ്വാതന്ത്ര്യപാർട്ടി (Independance Party) യായിരുന്നു. സർ അബ്ദുൽ റഹമ്മൻ (Sir Abdul Rahman) ആയിരുന്നു അതിൻെറ പ്രസിഡൻറു്. അദ്ദേഹം കിച്ചനരോടു യുദ്ധം ചെയ്തു തോററ മാതിയുടെ പുത്രനായിരുന്നു. മറെറാന്നു ദേശീയ ഒരുമപാർട്ടി (National unity party) ആയിരുന്നു. അതിൻെറ അദ്ധ്യക്ഷൻ സർ അലിമീർഖാനിയും (Sir Ali-Mirkhani) ശക്തിമാന്മാർ ഇംഗ്ലീഷുകാരോടു കൂട്ടുചേൻു. ദുർബലന്മാരായി പിന്നോക്കം നിന്നവക്ക് ഈജിപ്ററുകാർ പ്രോത്സാഹനം നൽകി.

1953 ഫെബ്രുവരിയിൽ ഫറൂക്‌രാജാവു് നിഷ്കാസിതനായി, ജനറൽ നജീബു് ഈജിപ്ററിൻെറ പ്രസിഡൻറുമായി. അദ്ദേഹത്തിനോടു് ഇംഗ്ലീഷുകാർ ചെയ്ത ഉടമ്പടിയനുസരിച്ചു് സൂഡാനിലെ ആംഗ്ലോ-ഈജിപ്ഷ്യൻ സംയുക്താഭരണം പിൻവലിക്കപ്പെട്ടു. അടുത്ത നവംബർ മാസത്തിൽ സൂഡാനിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ഒരുമപ്പാർട്ടി ജയിച്ചു് ഗവണ്മെൻറ് രൂപവൽക്കരിച്ചു. അഹമ്മദു് എൻഅഷാരി (Ahmod-Ashare) സൂഡാൻെറ ഒന്നാമത്തെ പ്രധാനമന്ത്രിയായി.

പുതിയ ഭരണകർത്താക്കൾക്കു ഭരണപരിചയം കുറവായിരുന്നതുകൊണ്ടും പാർട്ടികളുടെ പരസ്പര സംഘട്ടനങ്ങൾകൊണ്ടും ദേശത്തിൻെറ പുരോഗതിക്കു് വലിയ

വിഘാതമാണു സംഭവിച്ചതു്. കാര്യം ദീർഘദൃഷ്ടിയുള്ളവർ ഇങ്ങനെയൊരു സ്ഥിതിവിശേഷത്തെ പ്രതീക്ഷിച്ചിട്ടുണ്ടാവണം. പാർട്ടിഅടിസ്ഥാനത്തിൽ പാലിമെന്ററി സമ്പ്രദായമനുസരിച്ചുള്ള ജനാധിപത്യം വിജയിക്കുന്നതിനു് ഭരണകർത്താക്കൾക്കു് വേണ്ടത്ര സാമർത്ഥ്യം ഇല്ലാതിരുന്നതുകൊണ്ടും നാടിനോടു് ഒരുമമതാബന്ധം പുലർത്തത്തക്ക പാർട്ടിയോ നേതാവോ നയമോ ഇല്ലാതിരുന്നതുകൊണ്ടും അവിടെ ജനാധിപത്യം നശിക്കുകയാണു ചെയ്തതു്.

1958 നവംബറിൽ പാർലിമെൻറ് ജനാധിപത്യത്തിൻെറ സ്ഥാനത്തു് പട്ടാളഭരണം പ്രതിഷ്ഠാപിതമായി. ഇത്തരം ഒരു മാററം ഈജിപ്ററടക്കി. പാക്കിസ്ഥാൻ, ബർമ്മ, സയാം, മുതലായ ദേശങ്ങളിൽ സംഭവിച്ചതു് കാണുന്നവർക്കു് ഇതിൻെറ കാരണം വ്യക്തമാകുന്നതാണു്.

ജനറൽ ഇബ്രാഹിം അബ്ബൂദ് (General Ibrahim Abboud) പാർലിമെൻറ് പിരിച്ചുവിട്ടിട്ടു് ഭരണം സ്വയം ഏറെറടുത്തു.

ഇങ്ങനെ ആറുവർഷം പട്ടാളഭരണം നടത്തിയ അബ്ബൂദ് ഈയിടെ അതു നിറുത്തൽ ചെയ്തിട്ടു് ജനകീയ ഭരണം പുനഃസ്ഥാപിക്കുന്നതിനു മുന്നോട്ടു വരികയുണ്ടായി. അതിൻെറ താൽക്കാലിക കാരണം ദക്ഷിണസൂഡാനിൽ നടന്ന ഒരു വിപ്ളവം തന്നെയായിരുന്നു. സൂഡാനിലെ ബഹുഭൂരിപക്ഷം ജനങ്ങളും നീഗ്രോകളാണു്. പക്ഷേ സൈന്യത്തിൽ പലരും ഈജിപ്റ്റിൻെറ നയങ്ങൾ അനുകൂലിക്കുന്നവരാണെന്നു് ഇവർ കരുതി. ആ പ്രക്ഷോഭണം ഗൗരവതരമാകാതിരിക്കുന്നതിനും അദ്ദേഹം പട്ടാ

ളഭരണത്തിന്നു പൂൎണ്ണവിരാമമിട്ടിട്ട് താൻതന്നെ ഭരണമേറെറടുത്തു. അതിന്നുശേഷം പ്രധാനമന്ത്രിയായിത്തീൎന്ന കാലിഫിനെ തന്റെ നേതൃസ്ഥാനവും ഏൽപ്പിച്ചു. ജനകീയ ഭരണത്തിൽനിന്നു് പട്ടാളഭരണത്തിലേക്കു വഴതിവീണിട്ട് വീണ്ടും ജനകീയഭരണം സ്വായത്തമാക്കിയ ആദ്യത്തെ നാടാണു സൂഡാൻ.

# എത്തിയോപ്യ

എത്തിയോപ്യക്ക് അബിസീനിയാ[1] എന്നും ഒരു പേരുണ്ട്. ആഫ്രിക്കയുടെ മദ്ധ്യഭാഗത്താണ് ഈ ദേശം സ്ഥിതിചെയ്യുന്നതു്. ഇവിടെ കറുത്ത മനുഷ്യർ (നീഗ്രോകൾ) ആണ് കൂട്ടതലായുള്ളതു്. വനങ്ങളും പർവ്വതങ്ങളും സിംഹം മുതലായ ക്രൂരമൃഗങ്ങളും വേണ്ടത്ര പുരോഗമിച്ചിട്ടില്ലാത്ത ജനങ്ങളും ധാരാളമുള്ള പ്രദേശമത്രെ എത്തിയോപ്യ. പക്ഷേ എന്തു കാരണത്താലോ ഇവിടത്തെ ജനങ്ങൾ ആഫ്രിക്കയുടെ പ്രക്ഷോഭണപ്രസ്ഥാനങ്ങളിൽ ഇതുവരെ പങ്കെടുക്കുകയുണ്ടായിട്ടില്ല. അടുത്തകാലം വരെ ഇവിടെ ഒരു രാഷ്ട്രീയവിപ്ളവം നടന്നിട്ടുമില്ല.

1. മിശ്രദേശം എന്നു് അർത്ഥമുള്ളതു്.

ആഫ്രിക്കയുടെ പ്രാചീനചരിത്രം പല പഴങ്കഥക ളിൽ ഒളിഞ്ഞു കിടക്കുകയാണു്. അവയിൽ ഒട്ടുമുക്കാലും ഈജിപ്റ്റിലെ ഫറോ[2] രാജാക്കന്മാരെയും എത്തിയോപ്യ രാജാക്കന്മാരെയും സംബന്ധിക്കുന്ന ചില സംഭവങ്ങളു ടെ വർണ്ണനങ്ങളാണു് ചില ഫറോക്കൾ എത്തിയോപ്യ യുടെ ആഭ്യന്തരകാര്യങ്ങളിൽ ചിലപ്പോൾ തലയിടുകയു ണ്ടായിട്ടുണ്ടെങ്കിലും എത്തിയോപ്യയുടെ സ്വാധീനശക്തി പലപ്പോഴും ഈജിപ്റ്റിൽ വ്യാപിച്ചിരുന്നിട്ടുണ്ട് പുരാ തനകാലത്തെ യൂറോപ്യന്മാക്ക് എത്തിയോപ്യക്കു തെക്കു ള്ള ഏതൊരു ആഫ്രിക്കൻ നാട്ടുകളെപ്പററിയും യാതൊ ന്നും അറിയാൻ പാടില്ലായിരുന്നു. ഏതോ ഒരു കാലഘ ട്ടത്തിൽ എത്തിയോപ്യയിൽ കൃസ്തുമതത്തിന്നു് അല്പം പ്രചാരം ലഭിച്ചു. അവിടെ പ്രചരിച്ച കൃസ്തുമതത്തിന്നു കോപ്ററിക് കൃസ്തുമതം എന്നായിരുന്നു പേരു്. ക്രിസ്ത്വ ബ്ദം 17-ാം നൂററാണ്ടിൽ മഹമ്മദുമതവും അവിടെ പ്രചരിച്ചു.

എത്തിയോപ്യ ആഫ്രിക്കയുടെ കിഴക്കേ ഭാഗത്താ യി ഒരു മൂലയിൽ ഒതുങ്ങിക്കിടക്കുന്നതു കൊണ്ടു് സൂയസ് തോടുവെട്ടുന്നതു വരെ അതു് യൂറോപ്യന്മാരുടെ ദൃഷ്ടിയിൽ പെട്ടിരുന്നില്ല. കൂടാതെ അവിടെ ചെന്നെത്തുന്നതു ത ന്നെ വളരെ പ്രയാസമേറിയ കാര്യമായിരുന്നു. 1866-ൽ ബ്രിട്ടീഷ് സാമ്രാജ്ഞിയായിരുന്ന വിക്ടോറിയ (Queen Victoria) എത്തിയോപ്യ രാജാവായ തിയോഡോറസ്സി നു് ഒരു കത്തെഴുതി. ആ കത്തു് വേണ്ടത്ര ആദരവോ ടുകൂടിയല്ല എഴുതിയതു് എന്ന കാരണത്താൽ തിയോഡോ റസ് എത്തിയോപ്യയിലെ ബ്രിട്ടീഷ് രാജദൂതനെയും മററു ചിലരെയും കാരാഗൃഹത്തിലടച്ചു. അവരെ വിമോ

2. Pharaohs 2300 വർഷം മുമ്പു് ഈജിപ്റ്റ് ഭരിച്ച രാജാക്കന്മാർ

ചിപ്പിക്കുന്നതിന്നും രാജാവിനെ ഒരു പാഠം പഠിപ്പിക്കുന്നതിനുമായി ബ്രിട്ടീഷുകാരുടെ സൈനിക രാഷ്ട്രീയ ഉപജാപകസ്വഭാവത്തെ ലോകത്തിനു പ്രഖ്യാപനം ചെയ്യുന്ന നേപിയർ (Napier) എന്ന സൈന്യാധിപൻ എത്തിയോപ്യയുടെ മേൽ ആക്രമണം നടത്തി. അദ്ദേഹം രാജാവിനെ വധിച്ച് കാരാഗൃഹത്തിലായിരുന്നവരെ വിമോചിപ്പിച്ചു ബ്രിട്ടീഷുകാരുടെ ആത്മാഭിമാനത്തെ സംരക്ഷിച്ചു.

ഈ നൂററാണ്ടിൻെറ ആരംഭം വരെ എത്തിയോപ്യയുടെ പല ഭാഗങ്ങളും പരസ്പരം ബന്ധപ്പെടാതെ കഴിഞ്ഞുകൂട്ടുകയായിരുന്നു. മെനാലിക് രണ്ടാമൻ എന്ന ചക്രവർത്തിയാണ് (Emperor Menalik II) അവയെ ഏകോപിപ്പിച്ചതു് നാലുഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്ന നാടിനു് ഒരു വിധം രാഷ്ട്രീയൈക്യം നേടി കൊടുത്തതിലുള്ള ശ്രേയസ്സ് അദ്ദേഹത്തിനു് തന്നെയാണു്. അവിടത്തെ ക്രിസ്ത്യൻ പാതിരിമാക്കിടയിൽ പണ്ടുമുതൽക്കേ ചില കിടമത്സരങ്ങൾ നിലനിന്നുപോന്നിരുന്നു. അടിമത്വം അടുത്തകാലം വരെ വർദ്ധിച്ച തോതിൽ പ്രചരിച്ചിരുന്നു. ഇത്രയും ആഭ്യന്തരകലഹങ്ങളും പിന്തിരിപ്പൻ ശക്തികളും വർദ്ധിച്ചിരുന്നിട്ടും ആഫ്റിക്കയെ പങ്കുവെച്ചെടുത്ത യൂറോപ്യന്മാർ ആ നാടിനു നേരെ ഒന്നു തിരിഞ്ഞുനോക്കിയതുപോലുമില്ല.

എത്തിയോപ്യക്കു് കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന സോമാലിലാൻഡിൽ ഫ്രാൻസ്, ഇററലി ഇംഗ്ലണ്ട് എന്നീ നാട്ടുകാർ അവരവരുടെ വഴിയിൽ ആധിപത്യസ്ഥാപനത്തിനും മററു സൗകര്യങ്ങൾക്കുമായി ചെയ്തുപോന്ന പരിശ്രമങ്ങൾ എത്തിയോപ്യയെയും ബാധിക്കാതിരുന്നില്ല, ഈ നാട്ടുകളെപ്പോലെതന്നെ റഷ്യയും രാഷ്ട്രീയാധിപത്യത്തിനു് ഒരു ചെറിയ പരിശ്രമം നടത്തി

നോക്കി; അവിടെ നിന്നുവന്ന ഒരു ചെറിയ സൈന്യം കിഴക്കേ ആഫ്രിക്കയിൽ കാലുറപ്പിക്കാൻ ചെയ്ത ശ്രമം വിജയിച്ചില്ല. എത്തിയോപ്പിയ ഉൾപ്പെടെയുള്ള പല കിഴക്കേ ആഫ്രിക്കൻ പ്രദേശങ്ങളിലും പണ്ടുകാലം മുതൽക്കേ ക്രിസ്തുമതമാണു് വ്യാപിച്ചിരുന്നതു്. റഷ്യക്കാർ ഈ കിഴക്കെആഫ്രിക്കൻ ക്രിസ്ത്യാനികളെ റഷ്യൻചർച്ച്[1]. അടിസ്ഥാനത്തിൽ രൂപവൽക്കരിക്കാനാഗ്രഹിച്ചു. പക്ഷേ ആ പരിശ്രമവും പരാജയത്തിലാണു് കലാശിച്ചതു്.

1895_ൽ ഇററലി അബിസീനിയയെ ആക്രമിച്ചു. ഇററലിയൻ സൈന്യത്തെ എത്തിയോപ്യൻ സൈന്യം അഡോവാ[2]. എന്ന യുദ്ധകളത്തിൽ വച്ചു് തോല്പിച്ചു് തിരിച്ചോടിച്ചു. ഇററലിക്കാർ ഈ തോൽവി ഒരിക്കലും മറന്നില്ല. ഇതു മനസ്സിൽ വച്ചുകൊണ്ടു് ഇററലിയുടെ പ്രസിഡൻറായ മുസ്സോളിനി 1933-ൽ എത്തിയോപ്യയെ വീണ്ടും ആക്രമിച്ചു. അതിനെ കീഴടക്കി ഇററലിയൻ സാമ്രാജ്യത്തിൻെറ ഒരു ഭാഗമാക്കിത്തീർത്തു.[3] അപ്പോൾ എ

---

1. യൂറോപ്പിലും മററു പ്രദേശങ്ങളിലും വ്യാപിച്ചിരുന്ന ക്രിസ്തുമതം സ്വീകരിച്ചവർ എല്ലാപേരും ക്രിസ്ത്യാനികൾ തന്നെയായിരുന്നുവെങ്കിലും അവർ റോമിലെ മാർപ്പാപ്പയുടെ മതാധിപത്യത്തിലുൾപ്പെട്ടവരെന്നും ഗ്രീക്‌ക്രൈസ്തവമതാധികാരിയുടെ ഭരണത്തിലുൾപ്പെട്ടവരെന്നും രണ്ടു തരക്കാരായിരുന്നു. തെക്കേ കിഴക്കേ ആഫ്‌റിക്കയിൽ ടർക്കികളുടെ ബലം വർദ്ധിച്ചിരുന്ന കാലത്തു് ഗ്രീക്ക്‌ക്രൈസ്തവമതാധികാരിയായ മതപിതാവു് (Patriarch) തൻെറ വാസസ്ഥാനം റഷ്യയിലേക്കു മാററി.

2. Adowa (ആഫ്രിക്കയിലെ കറുപ്പ്‌സൈന്യം യൂറോപ്പ്യൻ ശ്വേതസൈന്യത്തെ യുദ്ധത്തിൽ തോല്പിച്ച ആദ്യത്തെ സംഭവം. പത്തുവർഷത്തിനു ശേഷം 1904-5) റഷ്യാക്കാരെ ജപ്പാൻകാർ ഇദംപ്രഥമമായി തോല്പിച്ചു.)

3. ഇററലി മററു യൂറോപ്യൻ നാട്ടുകൾക്കു ശേഷമാണു് കോളനിഭരണത്തിലെത്തിയതു്. അവക്കു് ഒരിക്കലും ആ തുറയിൽ അധികം നന്മകളൊന്നുമുണ്ടായിട്ടില്ല. പക്ഷേ അവർ തങ്ങളുടെ കാളനികളുടെ സാമ്പത്തികപുരോഗതിക്കുവേണ്ടി പാടുപെട്ടു് അതിൽ വിജയം കൈവരിച്ചിട്ടുണ്ടു്.

ത്തിയോപ്യൻ രാജാവായ ഹെയ്‌ലിസെലാസി? ഇംഗ്ല ണ്ടിൽ ചെന്നു് അവിടെ ഒരു രാഷ്ട്രീയ അഭയാത്ഥിയായി താമസിച്ചു(1936)

പക്ഷേ രണ്ടാം ലോകമഹായുദ്ധാരംഭകാലത്തു് ഈ നിലമാറി. ആ യുദ്ധത്തിൽ ഇററലിക്കാർ നാസിജർമ്മനി യോടു മൈത്രി പുലത്തിയിട്ടു് പാശ്ചാത്യദേശങ്ങളോടു് ശത്രുത്വം വളത്തിവരുന്നതുകൊണ്ടു് 1940-ൽ ഇംഗ്ലീഷു കാർ എത്തിയോപ്യരാജാവിനെ സുഡാന്റെ തലസ്ഥാനമാ യ കാർട്ടൂമിൽ മാററിതാമസിപ്പിച്ചു. 1941ൽ ബ്രിട്ടീഷ് സൈന്യങ്ങൾ ആഫ്രിക്കാ, ഇൻഡ്യാ എന്നിവിടങ്ങളിലെ സൈന്യങ്ങളുടെ സഹായത്തോടുകൂടി എത്തിയോപ്യ യിൽ നിന്നു് ഇറ്റലിയുടെ അധികാരത്തെ തുരത്തെറിഞ്ഞി ട്ടു് ആ നാട്ടിനു സ്വാതന്ത്ര്യം നേടിക്കൊടുത്തു.

എത്തിയോപ്യക്കു ബാഹ്യലോകവുമായുള്ള സമ്പർ ക്കം വളരെ കുറവാണു്. ഇററലി ഭരിച്ച അഞ്ചുവഷ ങ്ങളൊഴിച്ചാൽ (1936-40) ഈ നാട്ടു് ഒരിക്കലും വിദേ ശാധിപത്യത്തിൽ കഴിഞ്ഞിട്ടില്ല. വ്യവസായവിപ്ലവ ത്തിന്റെ (The Industrial Revolution) ഫലങ്ങളെ പ്പററി അറിയുന്നതിനും അവയെ പ്രായോഗികീഭവിപ്പിക്കു ന്നതിനുള്ള വിദ്യാഭ്യാസവും അവിടുത്തെ ജനങ്ങൾക്കില്ല. എങ്കിലും ധാരാളം യൂറോപ്യന്മാർ അവിടെ താമസിക്കു ന്നുണ്ടു്. അവരിലധികമാളുകളെയും രാജാവു് പല ഉദ്യോ ഗങ്ങളിൽ നിയമിച്ചിട്ടുണ്ടു്. സ്വീഡൻ (Sweden)കാരാ ണു് അവരിൽ ഭൂരിഭാഗവും. യൂറോപ്പിലെ മററുജനവി ഭാഗങ്ങളിൽ അടുത്ത സംഖ്യാബലമുള്ളവർ ഇററലിക്കാ രും റഷ്യാക്കാരുമത്രെ.

എത്തിയോപ്യയുടെ ഭരണപരമായ ഉത്തരവാദി ത്വം മുഴുവൻ രാജാവിനാണു്. അദ്ദേഹത്തിൻെറ കീ ഴിൽ ഒരു ഉപദേശകസമിതിയുണ്ടു്. പക്ഷേ അതിലെ അം

ഗങ്ങൾക്ക് വളരെ പരിമിതമായ അധികാരങ്ങളേ ഉള്ളു. അതുകൊണ്ട് അവിടുത്തെ ഭരണം പ്രഭുത്വം(Despotism) തന്നെയാണ്. എങ്കിലും നാടിൻെറ വിസ്തൃതിയും ഗതാഗതസൗകര്യങ്ങളുടെ അഭാവവും കണക്കിലെടുത്തുകൊണ്ട് തലസ്ഥാനനഗരമായ അഡിസ് അബാബ Adis Ababa) നിന്നു വളരെ ദൂരെയുള്ള പ്രദേശങ്ങളുടെ ഭരണകാര്യങ്ങളിൽ രാജാവിൻെറ ഉദ്യോഗസ്ഥന്മാർ അധികമൊന്നും തലയിടാറില്ല.

എത്തിയോപ്പിയ ഇനിയും പലതുകളിൽ പുരോഗമിക്കേണ്ടതായിട്ടാണിരിക്കുന്നത്. അവിടുത്തെ ജനങ്ങൾ 50 ഭാഷകൾ സംസാരിച്ചു പോരുന്നു. പക്ഷേ അവയൊന്നും ആധുനിക വിദ്യാഭ്യാസത്തിനു ഉപയുക്തമല്ല.

1960 അവസാന ആഴ്ചകളിൽ രാജാവു് തലസ്ഥാനത്തില്ലാതിരുന്ന സന്ദർഭത്തിൽ ഒരു ചെറിയ പട്ടാളവിപ്ളവം നടന്നു. പക്ഷേ അതു വേഗം തന്നെ അടക്കാനും സാധിച്ചു. തക്കം നോക്കി അധികാരം പിടിച്ചെടുക്കുന്നതിനു് ചിലർ കരുതലോടെ നടത്തിയ ഒരു വിപ്ളവമായിരുന്നു അതു്. രാജാവിനെ സിംഹാസനത്തിൽ നിന്നു താഴെയിറക്കിയിട്ടു് ഒരു ജനകീയ ഭരണം നടപ്പിലാക്കുക എന്നതായിരുന്നു അതിൻെറ ഉദ്ദേശ്യം. അതുകൊണ്ടു് ആ വിപ്ളവത്തെ അടിച്ചമർത്താൻ നിഷ്പ്രയാസം സാധിച്ചു. വിപ്ളവം നടന്നിട്ടും ഭരണകാര്യങ്ങളിൽ യാതൊരു പരിഷ്കാരവും വരുത്താൻ രാജാവു് ഒരുമ്പെടാതിരിക്കുന്നതും "യഥാരാജഃ തഥാപ്രജാ" എന്ന മട്ടിൽ ജനങ്ങൾ അടങ്ങിയൊതുങ്ങിക്കഴിയുന്നതും ഇതിനു തെളിവുകളാണ്.

ആഫ്രിക്കൻനാടുകളുടെ രാഷ്ട്രീയസമ്മേളനങ്ങളിൽ പങ്കെടുത്തുകൊണ്ടു് അബിസീനിയ രാജാവു് അവയുടെ

വിമോചനതൃഷ്ണയെപ്പററി നീണ്ടനീണ്ട പ്രസംഗങ്ങൾ ചെയ്യാറുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം "വിമോചനം" എന്നതിന്ന് വെള്ളക്കാരിൽ നിന്നു കറുപ്പന്മാരുടെ വിമോചനം എന്നല്ലാതെ ഒരു വ്യക്തിയുടെ സ്വേച്ഛാപ്രഭുത്വത്തിൽ നിന്ന് ജനങ്ങളുടെ വിമോചനം എന്ന അർത്ഥമില്ല. ഘാനാ, ഈജിപ്ത്, കോംഗോ, മുതലായ ആഫ്രിക്കൻ ദേശങ്ങളുടെ ചരിത്രം പരിശോധിച്ചാലും ഈ നിഗമനത്തിലാണ് നാം എത്തിച്ചേരുന്നത്.

# എറിഡ്രിയ

എത്തിയോപ്യയുടെ വടക്കുകിഴക്കു ഭാഗത്തായ് ആ നാട്ടിനും ചെങ്കടലിനും ഇടയ്ക്കുള്ള പ്രദേശമാണ് എറിഡ്രിയാ. അത് രണ്ടാം ലോകമഹായുദ്ധത്തിനു മുന്പ് ഇററലിയുടേതായിരുന്നു. യുദ്ധം അവസാനിച്ചശേഷം ഇററലിയുടെ ആഫ്രിക്കൻ കാളനികളെ ഉടച്ചുവാക്കുകയെന്ന പ്രശ്നമുദിച്ചപ്പോൾ കുറച്ചു കാലത്തേയ്ക്കു ബ്രിട്ടീഷ് ഗവണ്മെൻറു് എറിഡ്രിയയുടെ ഭരണത്തിന്റെ മേൽനോട്ടം വഹിക്കുകയുണ്ടായി. പല വഷം തുടർച്ചയായി ഈ പ്രശ്നം സംബന്ധിച്ചുണ്ടായ സംഭാഷണങ്ങളുടെ ഫലമായി 1952 സെപ്ററംബറിൽ എറിഡ്രിയയെ എത്തിയോപ്യയോട് സംയോജിപ്പിച്ച് ഒരു ഫെഡറേഷൻ സ്ഥാപിക്കപ്പെട്ടു.


എറിഡ്രിയയുടെ സംയോജനം മൂലം എത്തിയോപ്യക്ക് ഒരു വലിയ നന്മയുണ്ടായി. അതായത് എത്തിയോപ്യക്ക് ഇതുവരെ ഇല്ലാതിരുന്നതും ഇനി തന്റേതെന്നു പറയത്തക്കതുമായ ഒരു തീരപ്രദേശം ലഭിച്ചു. മസാവാ (Massava) ആസബ് (Assab) എന്ന രണ്ടു മുഖ്യമായ തുറമുഖപട്ടണങ്ങൾ ഇപ്പോൾ എത്തിയോപ്യയിലായി.

എത്തിയോപ്യരാജാവു് ആഫ്രിക്കൻ നാട്ടുകളുടെ സമ്മേളനങ്ങളിൽ പങ്കെടുത്തുകൊണ്ടു് ആഫ്രിക്കയുടെ ഐക്യം, കറുപ്പന്മാരുടെ ഒത്തൊരുമിപ്പു് ആഫ്രിക്കയുടെ സാമ്പത്തികപുരോഗതി, കോളനി നിർമ്മാജ്ജനം മുതലായ വിഷയങ്ങളെക്കുറിച്ചു പ്രസംഗിച്ചു വരിയയാണു്.

# സോമാലിയ

കിഴക്കേ ആഫ്രിക്കയിൽ എത്തിയോപ്യക്കു കിഴക്കും തെക്കുമായി ചെങ്കടലിൻേറയും അറബിക്കടലിൻേറയും തീരത്തു കൂടി വളഞ്ഞു കിടക്കുന്ന ഭൂവിഭാഗത്തെയാണു സോമാലിലാൻഡ് എന്നു പറയുന്നതു്. ഇപ്പോൾ അതു മുഴുവൻ 'സോമാലിയ' എന്ന ഗണതന്ത്രരാഷ്ട്രമായിത്തീർന്നിരിക്കുകയാണു്. ഇതിൻെറ വളഞ്ഞ ആകൃതികൊണ്ടു് ഇതിനെ ആഫ്രിക്കയുടെ ഊതുകൊമ്പു് (The Horn of-Africa) എന്നു വിളിക്കാറുണ്ടു്. ഈ നാട്ടിൻെറ വടക്കുഭാഗം ഫ്രാൻസിൻേറയും മദ്ധ്യഭാഗം ബ്രിട്ടൻെറയും തെക്കേ അറ്റം ഇറ്റലിയുടെയും ഭരണത്തിൻ കീഴിലായിരുന്നു. 19-ാംനൂററാണ്ടിൻെറ മദ്ധ്യത്തിൽ ഈ കോളനിപ്രസ്ഥാനം സോമാലിലാൻഡിൽ ആരംഭിച്ചുകഴിഞ്ഞിരുന്നു.

# കിഴക്കെ ആഫ്രിക്ക


കാർട്ടൂം
സൂഡാൻ
എറിത്രിയ
അഡിസ് അബാബ
സോമാലിലാൻഡ്
എത്തിയോപ്യ
സോമാലിയ
മൊഗഡിഷ്യോ
ഉഗാണ്ട
കെനിയ
നൈരോബി
ഉറുണ്ഡി
റുവണ്ട
സാൻസിബാർ
ദാർ-എസ്സലാം
ഇന്ത്യാസമുദ്രം

സോമാലിയയെ ആദ്യമായി ഫ്രഞ്ചുകാരാണ് അധീനപ്പെടുത്തിയതു്. 1862–ൽ അവർ എത്തിയോപ്യയുടെ നേർ കിഴക്കുള്ള ചെറിയ സോമലിലാൻഡ് പ്രദേശത്തെ തങ്ങളുടെ പ്രതിരോധകേന്ദ്രമാക്കിത്തീർത്തു. 1887-ൽ ഇംഗ്ലീഷുകാർ ഫ്രഞ്ചുകാരെ അനുകരിച്ചു് കുറച്ചുതെക്കായ് ഒരു കാളനി സ്ഥാപിച്ചു. പക്ഷേ ബ്രിട്ടൺ കൈക്കലാക്കിയ ഭൂഭാഗം ഫ്റാൻസ് അധീനപ്പെടുത്തിയതിന്റെ ഏഴിരട്ടി വലിപ്പമുള്ളതായിരുന്നു. എങ്കിലും 1889–ൽ ഇററലിക്കാർ തെക്കെ സോമാലിലാൻഡിൽ ബ്രിട്ടീഷുകാരുടെ ബ്രിട്ടീഷുകാളനിയുടെ മൂന്നിരട്ടി വലിപ്പമുള്ള ഭൂപ്രദേശം അധീനപ്പെടുത്തി, ഈ മൂന്നു പ്രദേശങ്ങളുടെ ആകെ ജനസംഖ്യ ഇരുപതുലക്ഷമേയുള്ളു, സോമാലിയയിലെ ജനങ്ങൾ ഒരിനക്കാരാണെങ്കിലും അവർ മൂന്നു വ്യത്യസ്തദേശങ്ങളുടെ ഭരണത്തിൻ കീഴിൽ കഴിഞ്ഞുപോന്നിരുന്നതുകൊണ്ടു് ഓരോ പ്രദേശത്തും പ്രത്യേകം പ്രത്യേകമായ് ഉയൎന്നുവന്നിട്ടുള്ള പ്രശ്നങ്ങൾക്കു് ഒരു സാമാന്യപരിഹാരം കണ്ടെത്താൻ പ്രയാസമായിത്തീൎന്നിരിക്കുകയാണു്.

യൂറോപ്യൻ ദേശങ്ങൾ പ്രതിരോധ കേന്ദ്രങ്ങൾ എന്ന നിലയിൽ ആഫ്റിക്കയിൽ സ്ഥാപിച്ച കോളനികളെ പല പ്രദേശങ്ങളായും പല സംസ്ഥാനങ്ങളെയും വിഭജിച്ചതു് തങ്ങളുടെ ഏകാധിപത്യപരമായ ആവശ്യങ്ങളെയും ഭരണസൗകൎയ്യത്തെയുമുദ്ദേശിച്ചായിരുന്നു, ഒരേ ഭാഷ ഒരേമതം, ഒരേ സാമൂഹ്യാചാരങ്ങൾ എന്നിവകൊണ്ടു് ജനങ്ങൾക്കിടയിലുണ്ടാകുന്ന ഐക്യബോധം വളർത്തുന്നതിന്നായിരുന്നില്ല. കൂടാതെ കോളനികൾ സ്ഥാപിക്കുന്നതും മററും മുൻതീരുമാനമനുസരിച്ചായിരിക്കാൻ സാദ്ധ്യതയില്ലാത്തതുകൊണ്ടു് ജനങ്ങളെ പ്രത്യേക സമൂഹങ്ങളായി വിഭജിക്കാനും സാദ്ധ്യമായിരുന്നില്ല,

ഈ അവസ്ഥാവിശേഷം കൊണ്ടു് ഫ്രഞ്ചു്, ബ്രിട്ടൺ, ഇറ്റലി എന്നീ രാജ്യങ്ങളുടെ അധീനതയിലുള്ള സോമാലിലാൻഡിന്നും എത്തിയോപ്യയ്ക്കും ഇടയ്ക്കുള്ള സീമപ്രദേശത്തെക്കുറിച്ചുള്ള കശപിശകൾ വളരെക്കാലമായി നടന്നുവരികയാണു്. ബ്രിട്ടീഷ് സോമാലിലാൻഡിന്റെ പശ്ചിമഭാഗത്തു സ്ഥിതിചെയ്യുന്ന 25000 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഹാൻഡ് (Hand) എന്ന പ്രദേശത്തെ എത്തിയോപ്യയോടു ചേർക്കുന്നതിന്നു അവിടത്തെ രാജാവു് ആഗ്രഹിച്ചതാണു്. ഈ ആഗ്രഹം നിറവേറുന്നതിനെ ബ്രിട്ടീഷുകാർക്കു തടയാൻ സാധിച്ചില്ല. ഇതുകൂടാതെ ഇററാലിയൻ സോമാലിലാൻഡിൻെറ ഒരു ഭാഗമായിരുന്ന ഓകാടൻ എന്ന സ്ഥലത്തെയും എത്തിയോപ്യ വിട്ടുകൊടുത്തു. സോമാലികൾക്കു എത്തിയോപ്യയുടെ ഭരണത്തിൽ കഴിഞ്ഞുകൂടാനിഷ്ടമില്ല. യൂറോപ്യന്മാരുടെ ആധിപത്യകാലത്തുതന്നെ അവരിൽ കടന്നുകൂടിയ മനസ്ഥിതിയാണിതു്; ഇപ്പോൾ നാം സ്വാതന്ത്ര്യമായതിന്നു ശേഷം അവരുടെ ഈ മനസ്ഥിതിയും കൂടുതൽ ശക്തിമത്തായി വരികയാണു്. കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ സോമാലികൾ എത്തിയോപ്യയുടെ അതിർത്തി കടന്നുചെന്നു് വെടിമരുന്നു സംഭരണശാലകളെ തീവെച്ചു നശിപ്പിച്ചതുകൂടാതെ ഏകദേശം 300 എത്തിയോപ്യർകളെ കൊല്ലുകയും ചെയ്തു.

ഈ പകയുടെ പ്രധാനകാരണം സോമാലികൾക്കും മററുപല ആഫ്രിക്കൻ ജനതകൾക്കും തമ്മിൽ വളരെപ്രാധാന്യമർഹിക്കുന്ന പല വ്യത്യസ്തതകളുമുണ്ടു് എന്നതാണു്. അവർ എത്തിയോപ്യൻ ഭരണത്തിൻെറ ഭീകരതകളെക്കണ്ടു ഭയക്കുന്നില്ലെങ്കിലും അവയെ വെറുക്കുന്നുണ്ടു്. അവരിൽ വമ്പിച്ച ഭൂരിപക്ഷമുള്ളതു് മുസൽമാന്മാർക്കാണു്. ബ്രിട്ടീഷ്, ഫ്രഞ്ചു് എന്നീ വിഭാഗങ്ങളിൽ ആകെ

കെ ഏഴരലക്ഷം സോമാലികളുണ്ട്, ഇറ്റാലിയൻ വിഭാഗത്തിൽ പതിനഞ്ചുലക്ഷവും.

1936-ൽ ഇററലിക്കാർ എത്തിയോപ്യയെ ജയിച്ച് തങ്ങളുടെ രാജ്യത്തോടു ചേർത്തപ്പോൾ എത്തിയോപ്യർ മുമ്പ് പിടിച്ചടക്കിവച്ചിരുന്ന ഓകാടൻ പ്രദേശം വീണ്ടും ഇററാലിയൻ സോമാലിലാൻഡിനോടു ചേർന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ ഇററലി പരാജയപ്പെട്ടതിനെ തുടൎന്ന് ഇററാലിയൻ സോമാലിലാൻഡിൻെറ ഭരണം ബ്രിട്ടൻതന്നെ ഏറെറടുക്കുകയുണ്ടായി. അവരുടെ ഭരണകാലത്തു് ബ്രിട്ടീഷ്, ഇററാലിയൻ സോമാലിലാൻഡും ഓകാടനും ഒന്നുചേൎന്ന് ഒരു ദേശമായതിൻെറ ഫലമായി സോമാലിലാൻഡിൽ ഐക്യം രൂപം പൂണ്ടു.

അടുത്തതായി ഉത്ഭവിച്ച പ്രശ്നം ഈ നാട്ടിനു് സ്ഥായിയായി നിലനില്ക്കുന്ന ഏന്തു രാഷ്ട്രീയമാണു് രൂപപ്പെടുത്തേണ്ടതു് എന്നതായിരുന്നു. ഐക്യരാഷ്ട്രസംഘടനയിൽ ഇതു സംബന്ധിച്ചു് ശക്തിമത്തായ വാദപ്രതിവാദങ്ങൾ നടന്നശേഷം ഇററാലിയൻ സോമാലിലാൻഡിൻെറ ഗവൺമെൻറിൻെറ മേൽനോട്ടം ഇററലിയെത്തന്നെ ഏൽപിക്കുകയാണുണ്ടായതു്. 1960-ൽ സോമാലിക്കു് സ്വാതന്ത്ര്യം നൽകുന്നതാണെന്നും അപ്പോൾത്തന്നെ തീരുമാനിക്കപ്പെട്ടു. ഇപ്രകാരം സോമാലികളുടെ സ്വാതന്ത്ര്യത്തിന്നു ഒരു തീയതി നേരത്തെ നിശ്ചയിച്ചിരുന്നതുകൊണ്ടു് ആ തീയതിക്കു മുമ്പു തന്നെ അവരെ ഒരു സ്വതന്ത്രജീവിതത്തിനും തയ്യാറെടുപ്പിക്കേണ്ട ആവശ്യം നേരിട്ടു. സോമാലികൾ പരമ്പരയായി ഗോസംരക്ഷണത്തൊഴിലിൽ ഏർപ്പെട്ടിരുന്നവരായതുകൊണ്ടു് ആദ്യമായി അവരെ നഗരജീവിതം ശീലിപ്പിച്ചിട്ടുവേണം സ്വാതന്ത്ര്യത്തിലേക്കു് ആനയിക്കേണ്ടതെന്നും തീരുമാനിക്ക

പ്പെട്ടു. ഇക്കാര്യത്തിൽ ബ്രിട്ടീഷുകാർ വളരെ പരിശ്രമിച്ചു. പക്ഷേ സോമാലികൾ ഏതു തുറയിലും വളരെ സാവധാനത്തിലാണു് പുരോഗമിക്കുന്നതു്.

ഇററാലിയൻ സോമാലിലാൻഡും ബ്രിട്ടീഷ് സോമാലിലാൻഡിൻെറ പ്രതിരോധപ്രദേശവും ചേർന്നതാണു് സോമാലിയഗണതന്ത്രം. ഫ്റഞ്ചുസോമാലിലാൻഡ് ഇപ്പോഴും ഫ്റാൻസിൻെറ കൈവശം തന്നെയാണു്. സോമാലികളെ പീഡിപ്പിച്ചുകൊണ്ടിരുന്ന പല വസ്തുതകളിലൊന്നാണിതു്. കെനിയയുടെ വടക്കഭാഗത്തുതാമസിക്കുന്ന സോമാലികളെയും സോമാലിലാൻഡിൽ പ്രവേശിപ്പിക്കുന്നതിനും അവർ ആഗ്രഹിക്കുന്നു. പക്ഷേ കെനിയാ ഗവണ്മെൻറിൻെറ പ്രതിനിധിയെന്ന നിലക്കു് ആ നാടിൻെറ പ്രധാനമന്ത്രിയായ കെനിയാട്ട കെനിയയുടെ ഒരിഞ്ചു ഭൂമിപോലും അയൽവക്കത്തുകാർ യാതൊരു കാരണത്താലും ആവശ്യപ്പെടാൻ പാടില്ലെന്നു വ്യക്തമായി പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു. സോമാലികളിൽ സ്വാതന്ത്ര്യചരിത്രം ഇനിയും വിജയപൂർവ്വം പര്യവസാനിച്ചിട്ടില്ല. ഫ്റഞ്ചുസോമാലിലാൻഡിനെയും കെനിയപ്രദേശത്തെയും സോമാലിയഗണതന്ത്രത്തോടു സംയോജിപ്പിച്ചാലല്ലാതെ അവർ അടങ്ങുകയില്ലെന്നതു് തർക്കമററ സംഗതിയത്രെ.

# കെനിയ

വടക്ക് എത്തിയോപ്യ; തെക്ക് തങ്കനീക്ക; പടിഞ്ഞാറ് ഉഗാണ്ഡ, കിഴക്ക സോമാലിയ, ഇവയ്ക്കിടയിലായി അറബിക്കടലിനോട്ടചേൎന്ന് ഭൂമദ്ധ്യരേഖാപ്രദേശത്തു കിടക്കുന്ന ദേശമാണ് കെനിയ. ഇതിൻെറ വടക്ക ഭാഗങ്ങൾ അധികവും മരുപ്രദേശമാണെങ്കിലും തെക്കുള്ള പ്രദേശങ്ങൾ നല്ല വിളനിലങ്ങളാണ്. നൈറോബിയാണ് (Nairobi) ഇതിൻെറ തലസ്ഥാനം, ഇവിടെ വ്യാപാരത്തിനായ് വന്നു താമസമുറപ്പിച്ചിട്ടുള്ള ചില ഏഷ്യക്കാർ (ഇവരിൽ ഭൂരിഭാഗവും ഇന്ത്യാക്കാരാണ്.) കെനിയയിലെ വ്യാപാരികളിൽ ഒട്ടുമുക്കാൽ ഭാഗവും കൈയടക്കിവച്ചിരിക്കുകയാണ്. സ്വാതന്ത്ര്യപ്രാപ്തിക്കശേഷം കെനിയക്കാർ തങ്ങളുടെ വ്യാപാരം അന്യരുടെ അധീനതയിൽ സ്ഥിതിചെയ്യുന്നത് ഇഷ്ടപ്പെടുന്നില്ല.

രാഷ്ട്രീയം, വ്യാപാരം, എന്നിവയെ പൊതുവിൽ പറഞ്ഞാൽ പൊതുജീവിതം അപ്പാടെ തന്നെ കെനിയയുടെ തനിതാക്കാനാണ് അവരുടെ ഇപ്പോഴത്തെ ശ്രമം.

1498-ൽ വാസ്കോഡഗാമ കെനിയയിൽ മാഹിന്ദി (Mahindi) എന്ന സ്ഥലത്തു വന്നിറങ്ങി. അതിനു ശേഷം പോർട്ടുഗീസുകാർ അവിടെ ഒരു കോളനി സ്ഥാപിച്ചു. പക്ഷേ അറബികളുടെ മത്സരത്താൽ പോർട്ടുഗീസുകാർക്ക് അവിടെ അധികകാലം കഴിഞ്ഞുകൂടാൻ തരപ്പെട്ടില്ല. അതിനുശേഷം അവിടെ വന്ന ജർമ്മൻകാർ 1890-ൽ ചെയ്ത ചില കരാറുകളനുസരിച്ച് തങ്ങളുടെ കോളനി സ്ഥിതിചെയ്തിരുന്ന കിഴക്കേ ആഫ്രിക്കൻ പ്രദേശങ്ങൾ ബ്രിട്ടീഷുകാർക്ക് വിട്ടുകൊടുത്തു. സാമ്രാജ്യ ബ്രിട്ടീഷ് കിഴക്കെ ആഫ്രിക്കൻ കമ്പനിക്കാർ' (The Imperial British East African Co) ആ കോളനിയെ അഭിവൃദ്ധിപ്പെടുത്തി.

1896-ൽ സ്ഥാപിക്കപ്പെട്ട മൊമ്പാസാ വിക്ടോറിയ നിയാൻസാ റയിൽവേ കെനിയയുടെ കുന്നിൻ പ്രദേശങ്ങളെ വളഭൂയിഷ്ടമാക്കി. ഉയൎന്ന നിലങ്ങളിൽ യൂറോപ്യന്മാർ കൃഷിപ്പണി തുടങ്ങി പിന്നെ ശേഷിച്ച താഴ്ന്ന പ്രദേശങ്ങളിൽ മാത്രമേ കെനിയാക്കാർക്ക് കൃഷിചെയ്യുവാൻ സാധിക്കുകയുള്ളു, ഈ വകതിരിക്കൽ കെനിയക്കാർക്ക് എന്നെന്നേക്കും അമർഷമുളവാക്കിയ വസ്തുതയാണ്.

1952 വരെ കെനിയയുടെ പൊതു ജീവിതത്തിലും രാഷ്ട്രീയത്തിലും വെള്ളക്കാരാണ് തല ഉയൎത്തി നിന്നതു്. കൃഷിനിലങ്ങളിൽ ഏറിയ ഭാഗവും അവരുടെ കൈവശത്തായിരുന്നു. നൈറോബിലെ വ്യാപാരങ്ങളുടെ പാട്ടുകളിൽ യൂറോപ്യന്മാരും ഏഷ്യാക്കാരുമാണ് മുൻപന്തി

യിൽ നിന്നിരുന്നതു്. ഈ നില മാററുന്നതിന്നു ആഫ്രിക്കക്കാർ പ്രയത്നിച്ചു പോന്നതിൽ അത്ഭുതമില്ല.

ഇത്തരം വൈരാഗ്യങ്ങളെ ഉള്ളിലൊതുക്കിക്കൊണ്ടു് ആരംഭിച്ചതാണു് 'മാവ്–മാവ്' (Maw-Maw) എന്ന ഭീകരപ്രസ്ഥാനം, ഇതിനു് ആരംഭത്തിൽ പ്രോത്സാഹനം നൽകിയതു് ജോമോ കെന്യാട്ട(Jomo Kenyatta) എന്ന കികൃ (Kikyu) നേതാവായിരുന്നു എന്നാണ് ചിലർ പറയുന്നതു്. 20,000 ത്തിൽ കൂടുതൽ ജനങ്ങളെ കൊന്നും ജയിലിലിലടച്ചും നീക്കം ചെയ്തതിനു ശേഷമേ ഈ പ്രസ്ഥാനത്തെ അടക്കുന്നതിനും അധികാരികൾക്കു കഴിഞ്ഞുള്ളു. പൊതുവേ കെനിയാക്കാരിൽ തന്നെ പരിഷ്കൃത രീതിയിലുള്ള രാഷ്ട്രീയ പ്രവത്തനങ്ങൾ ശീലിച്ചവരാരും ഈ പ്രസ്ഥാനത്തെ അനുകൂലിച്ചിരുന്നില്ല. ഈ കലാപങ്ങളിൽനിന്നു് ഉത്ഭവിച്ചതാണു് കെനിയയിലെ സ്വാതന്ത്ര്യ പ്രസ്ഥാനം.

കെനിയയിൽ യൂറോപ്യന്മാർ, ആഫ്റിക്കക്കാർ, ഏഷ്യക്കാർ എന്നിവരുടെയിടയിൽ ഉത്ഭവിച്ചിട്ടുള്ള മത്സരങ്ങൾ കൂടാതെ മററു മൂന്നു പ്രശ്നങ്ങൾ അവിടെയുണ്ടായിട്ടുണ്ടു്. 1) കെനിയയിൽ അറബിക്കടലിനോടു ചേന്നുകിടക്കുന്ന തീരപ്രദേശം പണ്ടുകാലം മുതൽതന്നെ സാൻസിബാറിൻെറ വകയാണു്. അതു് അപ്പോഴത്തെ ഡാൻസിബാർ സുൽത്താൻ കെനിയക്കു വിട്ടുകൊടുത്തില്ല. പക്ഷേ അടുത്തകാലത്തുണ്ടായ ഒരു കരാറനുസരിച്ചു് ആ തീരപ്രദേശം കെനിയക്കു വിട്ടുകൊടുത്തിരിക്കുകയാണു്. 2) വടക്കെ കെനിയയിൽ ഏകദേശം ഒരു ലക്ഷം സോമാലികൾ പാർത്തുവരുന്നു. ഈ പ്രദേശത്തെ അഖണ്ഡ സോമാലിയയോടു സംയോജിപ്പിക്കണമെന്നാണു് സോമാലിയയുടെ ആഗ്രഹം. അത്തരം ഒരു സോമാലി പ്രശ്നം എത്തിയോപ്യയിലുമുണ്ടു്. എന്നാൽ ഈ പ്രശ്ന

ങ്ങളും പരിഹരിക്കുന്നതിനുള്ള മാർഗ്ഗമാണില്ലാത്തതു്. ഒരു കെനിയൻ മന്ത്രിയായ ജോസഫ് മുരുമ്പി 'ചേരി ചേരാ നാട്ടുകൾ തങ്ങൾക്കിടയിൽ അതിർത്തിക്കുഴപ്പങ്ങൾ സൃഷ്ടിക്കരുതു്" എന്നു് അഭിപ്രായപ്പെട്ടതു്. ഒരു പക്ഷേ കെനിയാ സോമാലിയാ അതിർത്തിക്കുഴപ്പത്തെ ഉദ്ദേശിച്ചു തന്നെയായിരിക്കണം. 3) കെനിയൻ ആഫ്റിക്കക്കാരുടെ ഇടയിൽ രണ്ടു വലിയ രാഷ്ട്രീയ പാർട്ടികൾ രൂപം പൂണ്ടിട്ടുണ്ടു്. അവ 'കെനിയ ആഫ്റിക്ക ജനാധിപത്യ ഐക്യവും കാഡു (Kadu: Kenya African Democratic Union) കെനിയ ആഫ്റിക്ക ദേശീയ ഐക്യവും (കാനു–Kanu: Kenya African National Union) ആണു്. ഇതിൽ കാനുവിന്റെ നേതാവാണു് ജോമോകെന്യാട്ട. ഇപ്പോൾ സ്വതന്ത്ര കെനിയയുടെ പ്രസിഡന്റും അദ്ദേഹം തന്നെയാണു്. കെനിയയിലെ ദേശീയ വിമോചനസമരകാലത്തു് ഇദ്ദേഹത്തെ ജയിലിലടച്ചിരുന്നതിനാൽ 1961 ൽ നടന്ന പൊതു തെരഞ്ഞെടുപ്പിന്റെ ഫലമായി സ്ഥാപിക്കപ്പെട്ട ഗവണ്മെന്റിൽ 'കാനു' കാർ പങ്കെടുക്കുകയുണ്ടായില്ല. എങ്കിലും ആ പൊതുതെരഞ്ഞെടുപ്പിൽ ഭൂരിഭാഗം സ്ഥാനങ്ങളും അവർക്കാണു ലഭിച്ചിരുന്നതു്. 'കാഡു'വിന്റെ നേതാക്കന്മാരിലൊരാളായ ടോംമോയയും (Tom Mhoya) കിക്യൂ എന്ന കെനിയ സമുദായത്തിന്റെനേതാവായ ഓഡിംഗയും (Odinga) ഗവണ്മെന്റു രൂപവൽക്കരണത്തിൽ സഹകരിക്കുകയുണ്ടായി. കാഡുകാനുകളുടെ അഭിപ്രായവ്യത്യാസം കൊണ്ടാണു് കെനിയയുടെ സ്വാതന്ത്ര്യം വളരെ നാൾ തടസ്സപ്പെട്ടുകിടന്നതു്. 1963-ൽ പല സമ്മേളനങ്ങൾ നടത്തി സംഭാഷണം നടത്തിയതിന്റെ ഫലമായി അവർക്കു തമ്മിൽ ഒരു വിധ ഐക്യം കൈവന്നതിനുശേഷമാണു് കാരാഗൃഹവാസം കഴിഞ്ഞുവന്ന ജോമോകെന്യാട്ടയുടെ നേതൃത്വത്തിൽ സ്വതന്ത്രകെനിയാ

രൂപം പൂണ്ടതു്? (1963 Dec.12) ബ്രിട്ടീഷുകാരുമായി അനേകവർഷത്തെ സമ്പർക്കം പുലർത്തിപ്പോന്നിരുന്ന കെനിയക്കാർ ഇതുവരെയും കാമൺവെൽത്ത് ഉപേക്ഷിക്കാതിരിക്കുകയാണു്.

ഇതിനിടയ്ക്കു് ചില കെനിയാദേശീയവാദികൾ ഏഷ്യക്കാരും യൂറോപ്യന്മാരും കെനിയയുടെ പുരോഗമനത്തെ തടസ്സപ്പെടുത്തുകയാണെന്ന കാരണത്താൽ അവരെ മത്സരിച്ചു വരികയാണു്. കെനിയയിലെ ഏഷ്യക്കാരിൽ ഇന്ത്യക്കാരും പാകിസ്ഥാനികളുമാണു് ഭൂരിപക്ഷവും ഇവർ വ്യാപാരത്തിനായ് കിഴക്കേ ആഫ്രിക്കയിൽ ചെന്നവരത്രെ. തങ്കനീക്ക, ഉഗാണ്ഡ, സാൻസിബാർ കെനിയ മുതലായ ദേശങ്ങളിൽ കുടിയേറിപ്പാർത്തു് അവയുടെ സാമ്പത്തിക പുരോഗതിയെ ത്വരിപ്പിച്ചിട്ടുള്ളവരാണു് ഇവർ, ഇവർക്കു് സ്വാതന്ത്ര്യആഫ്രിക്കയുടെ സ്വാതന്ത്ര്യപ്രസ്ഥാനത്തിലും അതിൻെറ വിജയത്തിലും താല്പര്യമില്ലെന്നതാണു് അവരുടെ കുററാരോപണം. അതുകൊണ്ടു് വ്യാപാരത്തെ ദേശസാൽക്കരിക്കുകയെന്ന ഉദ്ദേശത്തോടുകൂടി ഈ കുടിയേറിപ്പാർപ്പുകാരെ ആഫ്റിക്കയിൽനിന്നു പുറത്തു ചാടിക്കാനാണു് അവർ ആഗ്രഹിക്കുന്നതു്. കാന്തിലാൽ പട്ടേൽ എന്ന സിനിമാനിർമ്മാതാവിനെ ആഫ്റിക്കൻ ദേശങ്ങളുടെ സ്വാതന്ത്ര്യപ്രസ്ഥാനം സംബന്ധിച്ച ഒരു ചലച്ചിത്രം തൻെറ കൊട്ടകയിൽ പ്രദർശിപ്പിച്ചില്ല എന്ന കാരണത്താൽ നാട്ടുകടത്തിക്കളഞ്ഞു. കെനിയയുടെ ദേശീയതത്തിൽ പൂർണ്ണമായ് ഏർപ്പെടാത്ത അന്യദേശക്കാരെ കെനിയയിൽ നിന്നു ഭാണ്ഡം കെട്ടിക്കുന്നതാണെന്നു് ആഭ്യന്തരമന്ത്രി ഓഡിംഗ പ്രസ്താവിക്കുകയുണ്ടായി. ഇതുവരെ രണ്ടു രാഷ്ട്രീയ പാർട്ടികൾ പ്രവർത്തിച്ചുപോന്നിരുന്ന കെനിയയിൽ കെനിയാട്ടയുടെ 'കാനു' പാർട്ടി ഭരണകക്ഷിയായും റോണാൾഡ് ഇങ്കോ

ലയുടെ നേതൃത്വത്തിലുള്ള 'കാഡു' പ്രതിപക്ഷമായുമാണ് വത്തിച്ചുപോന്നിരുന്നതു്. അടുത്തകാലത്തു് (കഴിഞ്ഞവർഷം നവംബറിൽ) പ്രതിപക്ഷം ഭരണകക്ഷിയിൽ ലയിക്കുകയുണ്ടായി. 'ഏകകപക്ഷീയ ജനാധിപത്യം' എന്നൊരു പുതിയതരം ജനാധിപത്യമാണ് ഇപ്പോൾ അവിടെ നിലവിലുള്ളതു്.

## ഉഗാണ്ഡ

ഇതു് കിഴക്കേ ആഫ്രിക്കയുടെ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന നാടാണു്. ഇതിൻെറ നാലുപാട്ടും ആഫ്രിക്കയിലെ പ്രസിദ്ധമായ തടാകങ്ങളാണു്. വടക്കു ഭാഗത്തു് സൂഡാനും പടിഞ്ഞാറു് കോംഗോയും (ലിപോ) തെക്കു് റുവാണ്ഡയും കിഴക്കുഭാഗത്തു് കെനിയയുമാണു് ഇതിൻെറ അതിർത്തികൾ. ഉഗാണ്ഡയുടെ തലസ്ഥാനം കംപാലയാണു് (Kampala). ജനസംഖ്യയിൽ 98 ശതമാനവും ആഫ്രിക്കക്കാരത്രെ. ഇവിടത്തെ യൂറോപ്യന്മാരുടെ സംഖ്യ 10,000 മായതുകൊണ്ടു് ഇവിടെ വെള്ളക്കാരുടെ കുടിയേറിപ്പാർപ്പിൻെറ പ്രശ്നം ഉദിക്കുന്നില്ല. ഏഷ്യാക്കാർ 75000ത്തോളമുണ്ടു്. അവരിലധികം പേരും വ്യാപാരത്തിനായി അവിടെ ചെന്നു ചേർന്നവ

രാണ്. ആഫ്രിക്കക്കാരുടെ ഇടയിൽത്തന്നെ പതിമൂന്നു സമുദായങ്ങളുണ്ട്. ഇവരിൽ ബുഗാണ്ഡാ (Buganda) സംസ്ഥാനത്തിലുള്ള 'ബഗാണ്ഡാ' (Baganda) കളാണ് എണ്ണത്തിൽ കൂടുതലുള്ളതു്. അവിടെ സംസാരിച്ചുപോരുന്ന നാട്ടുഭാഷകൾ അനവധിയാണ്.

ഉഗാണ്ഡയിൽ നാലു സംസ്ഥാനങ്ങളുണ്ട്. പന്യോറോ, അങ്കോലേ, ഡോറോ, ബുഗാണ്ഡ. 1862 ൽ യൂറോപ്യന്മാർ ഇദംപ്രഥമമായി ഈ ഖണ്ഡത്തെ കണ്ടെത്തിയപ്പോൾ കബാകാമുട്ടേശാ (Kabaka mutesa I) ഒന്നാമനായിരുന്നു നാടുഭരിച്ചതു്. അദ്ദേഹം ഇപ്പോഴുള്ള കബാകാമുട്ടേശ രണ്ടാമന്റെ പ്രപിതാമഹനായിരുന്നു.

ആദ്യമായി ഉഗാണ്ഡയിൽ വന്നതു് ക്രിസ്ത്യൻ പാതിരിമാരായിരുന്നു. അവക്കും അവിടത്തെ അറബികൾക്കും തമ്മിൽ വാശിയേറിയ മത്സരം നടന്നതിനെത്തുടന്ന് ഒരു കുഴപ്പം സംജാതമായി. ആ സന്ദർഭത്തിൽ സാമ്രാജ്യ ബ്രിട്ടീഷ് ആഫ്റിക്ക കമ്പനിയെന്ന ഒരു രാഷ്ട്രീയ വ്യാപാരസംഘത്തിലെ അംഗമായ ലുഗാർഡ് (Lugard) അവിടെച്ചെന്നു് ബ്രിട്ടീഷ് കൊടിനാട്ടി. 1900-ൽ ഉഗാണ്ഡയിൽ ബ്രിട്ടീഷ്സംരക്ഷണഭരണത്തിനായുള്ള ഒരു ഉടമ്പടിയിൽ ഒപ്പുവെച്ചു.

ഉഗാണ്ഡ മററുള്ള ആഫ്റിക്കൻ ദേശങ്ങളിൽ നിന്നും പലവിധത്തിലും വ്യത്യസ്തമാണ്. അതിനെ ഒരു യഥാത്ഥ ആഫ്രിക്കൻ നാടാക്കിത്തീക്കണമെന്നു ബ്രിട്ടീഷുകാർ ആഗ്രഹിച്ചിരുന്നതുകൊണ്ടു് അന്യദേശക്കാരുടെ ഇടപെടലും പരസ്പരം കലഹങ്ങളും ഒഴിവാകത്തക്ക വിധത്തിലായിരുന്നു അവിടത്തെ നിയമസംവിധാനങ്ങൾ ആസൂത്രണം ചെയ്തിരുന്നതു്. കൂടാതെ ഉഗാണ്ഡയിൽ മററു നാട്ടുകളിലെന്നപോലെ ഒരു ജനാധിപത്യഭരണദാഹം

കാണാനില്ലായിരുന്നു. കബാകയുടെ ഭരണമാണ് അവർ ഇഷ്ടപ്പെട്ടതു്. ഇതറിയാതിരുന്ന ബ്രിട്ടീഷുകാർ ജനകീയഭരണമാണ് അവിടത്തെ ജനങ്ങൾ ആഗ്രഹിക്കുന്നതെന്നു് ധരിച്ചുവശായിട്ട് അതിന്നായുള്ള പ്രവർത്തനത്തിലേർപ്പെട്ടപ്പോൾ ജനങ്ങൾ രാജവാഴ്ചാസമ്പ്രദായത്തിൽ തന്നെ അടിയുറച്ചു നിൽക്കുകയാണു് ചെയ്തതു്.

1921-ൽതന്നെ ആദ്യത്തെ നിയമസഭ സ്ഥാപിക്കപ്പെട്ടുവെങ്കിലും അതിൽ 1945ലാണു ഉഗാണ്ഡപ്രതിനിധികൾ പങ്കുകൊണ്ടതു്. അവരെ തെരഞ്ഞെടുക്കുകയല്ല, നോമിനേററുചെയ്കയാണു് ചെയ്തതു്, 1955-ൽ ഈ നിയമസഭ വികസിക്കപ്പെട്ട മന്ത്രിസഭാസമ്പ്രദായവും നിലവിൽ വന്നു. പക്ഷേ ഈ വ്യതിയാനങ്ങൾ ആഫ്റിക്കാ സ്വാഗതം ചെയ്തതല്ല, ബ്രിട്ടീഷുകാർ അടിച്ചേല്പിച്ചതായിരുന്നു. കബാകയുടെ ഭരണമാണ് അവർ യാഥാർത്ഥത്തിൽ ആഗ്രഹിക്കുന്നതെന്ന വസ്തുത വേഗം തന്നെ വ്യക്തമായി.

കബാക രാജാവു് ബുഗാണ്ഡയിൽ പ്രത്യക്ഷത്തിലുള്ള സ്വകാര്യഭരണമാണു് നടത്തുന്നതു്, അദ്ദേഹത്തിൻെറ മന്ത്രിസഭ ലുകികോ (Lukiko) എന്നറിയപ്പെടുന്നതു്, അതു രൂപീകരിക്കുന്നതു കബാകതന്നെയാണു്. അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾക്കു് പ്രായോഗികരൂപം നൽകുകയാണു് അതിൻെറ ഉദ്ദേശ്യം. കിഴക്കേ ആഫ്റിക്കയിലെ സംയുക്തഭരണത്തെപ്പററി തങ്കനീക്കയിലെ നൈരീരേയും കെനിയയിലെ കെന്യാട്ടയും കൂടെക്കൂടെ പറഞ്ഞു കേൾക്കാറുണ്ടായിരുന്ന കബാക തൻെറ നാടിനെയും വെള്ളക്കാർ കുടിപാർപ്പും പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്ന കിഴക്കേ ആഫ്റിക്കയുടെ കൂട്ടുകെട്ടിൽ അകപ്പെടുത്തിക്കളെയുമെന്ന ഭയന്നു് ബുഗാണ്ഡക്കു് സ്വാതന്ത്ര്യം ആവശ്യപ്പെട്ടു. അദ്ദേഹം ആവശ്യപ്പെട്ടതു് കിഴക്കേ ആഫ്റിക്കയിൽ നിന്നു് ഉഗാണ്ഡയെ വേർതിരിക്കാനായിരുന്നില്ല. ഉഗാണ്ഡയുടെ ഇതരഭാഗങ്ങളിൽ നിന്നും വേർ പിരിച്ച ബുഗാണ്ഡയായിരുന്നു. അതു തികച്ചും

അസാദ്ധ്യവുമായിരുന്നു; കാരണം വിഭവസമൃദ്ധമായ ബുഗമണ്ഡസാമ്പത്തിക ഭദ്രതയില്ലാതെ നശിച്ചുപോകാനിടയുണ്ടെന്നതായിരുന്നു ഒരഭിപ്രായഗതി.

അപ്പോൾ ഉഗാണ്ഡ ഗവർണ്ണരായിരുന്ന സർഅന്ദ്രേ കോഹൻ (Sir Andre Cohen) ഇതു സംബന്ധിച്ച് കബാകയുമായി ചർച്ചനടത്തി. പക്ഷെ ആ സംഭാഷണം അലസിപ്പിരിയുകയാണ് ചെയ്തതു്. കബാക ഉഗാണ്ഡയുടെ പുരോഗതിയെ തടസ്സപ്പെടുത്തുകയാണെന്ന കാരണത്താൽ ബ്രിട്ടീഷുകാർ അദ്ദേഹത്തെ ലണ്ടനിലേക്കു നാടുകടത്തി. അതിൻെറ അനന്തരഫലം എന്തായിരിക്കുമെന്ന് ബ്രിട്ടീഷുകാർക്ക് അഭ്യൂഹിക്കാൻ സാധിക്കുമായിരുന്നില്ല. കബാകയെ നാടുകടത്തിയെന്ന വാർത്ത കേട്ട് ഉഗാണ്ഡദേശം മുഴവൻ ഞെട്ടിപ്പോയി. ഒരു വമ്പിച്ച നഷ്ടം സംഭവിച്ചുവെന്ന തോന്നലാണ ജനങ്ങളിൽ പ്രകടമായിരുന്നതു് കബാകയുടെ സഹോദരി ഈ വാർത്ത കേട്ടയുടൻ നിന്നിടത്തു വച്ചുതന്നെ മൃതിയടഞ്ഞു. ജനാധിപത്യത്തിൽ വിശ്വാസമർപ്പിച്ചിരുന്ന ഉഗാണ്ഡദേശീയകോൺഗ്രസ്സുകാരും കബാക ഉടൻ തന്നെ മടങ്ങിവന്നു് ഭരണച്ചുമതല ഏറ്റെടുക്കണമെന്നു ശഠിച്ചു. കബാക തിരിച്ചു വരികയും ചെയ്തു.

1961-ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ഒരു വലിയ പാർട്ടിയായി പ്രത്യക്ഷപ്പെട്ട ജനകീയ പാർട്ടി (The People's Party) ജനാധിപത്യത്തിൽ അതിന്റെ വിശ്വാസം വ്യക്തമാക്കിയിട്ട് ഉഗാണ്ഡ കാമൺവെൽത്തിൽ അംഗമായി തുടരുന്നതാണെന്നറിയിച്ചു.

1962-ൽ ഒക്ടോബറിൽ ഉഗാണ്ഡ ബ്രിട്ടീഷ് സംരക്ഷണത്തിൽ നിന്നു വിമുക്തമായി, ഒരു സ്വതന്ത്രനാടായിത്തീർന്നു.

# തങ്കനീക്ക— സാൻസിബാർ

## (ടാൻസാനിയ)

### 1. തങ്കനീക്ക.

മദ്ധ്യആഫ്രിക്കയിലുള്ള പല തടാകങ്ങൾക്കു കിഴക്കും ഭൂമദ്ധ്യരേഖക്കു അല്പം തെക്കുമാണു് ഈ നാട്ടു് കിടക്കുന്നതു്– കെനിയയ്ക്കും റൊഡീഷ്യക്കും മദ്ധ്യേ. ദാർ എസ്സലാമാണു് ഇതിന്റെ തലസ്ഥാനം; ആഫ്റിക്കയുടെ കിഴക്കെ തീരത്തിൽ അറബിക്കടലിനോടു ചേൎന്നു കിടക്കുന്നതുകൊണ്ടു് പൂർവ്വദേശങ്ങളായ ഈജിപ്ത്, ചൈന മുതലായ നാടുകളുമായി പുരാതനകാലം മുതൽ തന്നെ സമ്പർക്കത്തിലേർപ്പെട്ടിട്ടുണ്ടു്. ഇതിന്നു പ്രാചീനസാക്ഷ്യവസ്തുക്കളുമുണ്ടു്.

1917-ൽ ഇവിടെ വന്നു അധികാരം പിടിച്ചെടുത്ത ബ്രിട്ടീഷുകാർ 1960-ൽ ഈ നാടിനു് സ്വാതന്ത്ര്യം നൽകിയിട്ടു് നിഷ്ക്രമിച്ചു.

1884– 85 ൽ തന്നെ തങ്കനീക്കയിൽ ജർമ്മൻ ആധിപത്യം ആരംഭിച്ചു. കിഴക്കേ ആഫ്റിക്കയിൽ ജർമ്മൻകാരെ കുടിയേററുന്നതിനായ് ഡാക്ടർ കാറൽ പീറ്റർസ് (Dr. Karl Peters) ഒരു സംഘടനയുണ്ടാക്കി. അദ്ദേഹം തങ്കനീക്കയിൽ പന്ത്രണ്ടു സ്വദേശി നേതാക്കന്മാരെ (ചെറുകിടരാജാക്കന്മാരെ) കണ്ടു സംഭാഷണം നടത്തിയിട്ടു് അവരുടെ നാട്ടിനെ ജർമ്മനിയുടെ കുടിയേറ്റത്തിനായ് വിലപേശി കരസ്ഥമാക്കി. ചില വർഷങ്ങളിൽ ആഫ്റിക്കയുടെ കിഴക്കേ തീരപ്രദേശങ്ങളെയും അരികിലുള്ള സാൻസിബാർ സുൽത്താനിൽ നിന്നു് രണ്ടു ലക്ഷം രൂപ വിലയ്ക്കുവാങ്ങി.

പക്ഷേ ജർമ്മൻകാരുടെ ഈ വിധത്തിലുള്ള പ്രവർത്തനങ്ങൾ കണ്ടപ്പോൾ അവിടെ പല നൂററാണ്ടുകളായി വസിച്ചു പോന്നിരുന്ന അറബികൾക്കു പല വിധ സംശയങ്ങളും ജനിച്ചു. അവർ നടത്തിപ്പോന്നിരുന്ന ആദായകരമായ അടിമവ്യാപാരം ജർമ്മൻകാർ ഇല്ലായ്മ ചെയ്തു കളയുമെന്നായിരുന്നു അവർക്കുണ്ടായ ഉത്കണ്ഠ. അതിൽ നിന്നുടലെടുത്ത ഒരു അറബി പ്രക്ഷോഭണം 1889 ലാണു് അടക്കിയതു്. 1891, 1893, 1905 എന്നീ വർഷങ്ങളിൽ പലഭാഗങ്ങളിലും വലിയ കലഹങ്ങൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ ജർമ്മൻ പട്ടാളത്തെ കൊണ്ടുവന്നു് അവയെ അടക്കേണ്ടതായി വന്നു. 1891 വരെ ഒരു സ്വകാര്യ ജർമ്മൻ കമ്പനി നടത്തിവന്ന കോളനിഭരണം ഈ കലഹങ്ങൾ നിമിത്തം ജർമ്മൻ ഗവൺമെൻറു തന്നെ ഏറെറടുത്തു നടത്തേണ്ടനില സംജാതമായി.

1914-ൽ ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ ഇംഗ്ലീഷുകാർക്കും ജർമ്മൻകാർക്കും തമ്മിൽ, ഈ പ്രദേശത്തും ഒരു അടിനടന്നു. 1917-ൽ തങ്കനീക്കമുഴുവനും ബ്രിട്ടീഷുകാരുടെ കൈയിലായി. 1919-ൽ ജർമ്മനിയും കൂടി ഒപ്പുവെച്ച വാർസെയിൽസ് സന്ധി (The treaty of versailles)യനുസരിച്ച് ജർമ്മൻ കിഴക്കാഫ്രിക്കയിൽ രുവാണ്ഡാ-ബ്യൂരുണ്ഡിയൊഴികെയുള്ള പ്രദേശങ്ങൾ ബ്രിട്ടീഷ് സംരക്ഷണത്തിൻകീഴിലുള്ള മണ്ഡേറ്റ്സ് പ്രദേശങ്ങൾ (Mandated territories) ആയിത്തീർന്നു. 1946-ൽ രണ്ടാം ലോകമഹായുദ്ധം അവസാനിച്ചശേഷം ഈ പ്രദേശങ്ങളെ ഇംഗ്ലീഷുകാർ ഐക്യരാഷ്ട്ര സഭയുടെ ട്രസ്റ്റു സംസ്ഥാനങ്ങൾ (U. N. Trust Territoris) ആക്കിത്തീർത്തു.

തങ്കനീക്ക ദേശീയ ഐക്യസംഘം (Tanganyika) National Union) എന്ന ഒരു പാർട്ടി ജൂലിയസ് നൈരീരേയുടെ (Julius Nyerere) നേതൃത്വത്തിൽ ആരംഭിച്ചതു മുതൽ സ്വാതന്ത്ര്യപ്രസ്ഥാനവും തുടങ്ങി. നൈരീരേ കെനിയയിലെ ജോമോ കെന്യാട്ടയുടെ ആത്മമിത്രമാണ്. അദ്ദേഹത്തിനു് വളരെ വ്യക്തമായ രാഷ്ട്രീയ ജ്ഞാനമുണ്ട്. കിഴക്കേ ആഫ്രിക്കയിൽ ഒരു സംയുക്തഭരണം സ്ഥാപിക്കാനാണ് അദ്ദേഹം ആഗ്രഹിക്കുന്നതു്. ഈ സംയുക്തഭരണ സ്വപ്നം താങ്കനീക്ക-സാൻസിബാർ ഐക്യം സംബന്ധിച്ചിടത്തോളമെങ്കിലും ഇപ്പോൾ അദ്ദേഹം സഫലമാക്കിയിട്ടുണ്ട്. താങ്കനിക്ക ആഫ്രിക്കയുടെ നിലയ്ക്കൊത്ത വണ്ണം ഒരുവിധം പുരോഗമിച്ചിട്ടുണ്ടെങ്കിലും പാശ്ചാത്യദേശങ്ങളുടെ നിലവാരമനുസരിച്ച് വളരെ പിന്നോക്കദേശമത്രെ. സമകാലിക പാശ്ചാത്യ പരിഷ്കൃത ജീവിതത്തിനും ആവശ്യമുള്ള വസ്തുക്കൾ യാതൊന്നും സ്വന്തം നാട്ടിൽ ഉൽപ്പാദിപ്പിക്കാനുള്ള സാഹചര്യ

ങ്ങൾ കൈവരാത്തവരാണ് അവിടുത്തെ ജനങ്ങൾ. കരകൗശലങ്ങളിലും ലളിതകലകളിലും അഭ്യസനം ആവശ്യമായ ബഹുഭൂരിപക്ഷം ജനങ്ങളിൽ ഏഷ്യക്കാരും യൂറോപ്പ്യന്മാരുമാണുള്ളത്. ഇനിയും കുറച്ചുകാലത്തേക്കെങ്കിലും ഇതു് അപരിഹാര്യമായ ഒരവസ്ഥാവിശേഷമാണെങ്കിലും രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ച ഈ കിഴക്കേ ആഫ്രിക്കൻ ജനങ്ങൾക്കു് മററു ഭൂഖണ്ഡങ്ങളിലെ ജനങ്ങൾ തങ്ങളുടെ നാട്ടിൽ ഇങ്ങനെ നല്ല നിലയിൽ ജീവിച്ചു പോരുന്നതു് വെറുപ്പുണ്ടാക്കുന്ന കാര്യമാണ്.

1961 ഒക്ടോബറിൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ സർ ഹ്യൂഫർട്ട് (Sir Hughfort) തങ്കനീക്കക്കു ആവശ്യമായ ഒരു പ്രമേയം ഐക്യരാഷ്ട്രസഭയിലവതരിപ്പിച്ചു് പാസ്സാക്കുകയുണ്ടായി. ആ നാടു് 1961 ഡിസംബർ 9-ാം നു സ്വാതന്ത്ര്യമായി. ഈ സ്വതന്ത്ര്യനാടിന്റെ പ്രഥമമന്ത്രിയായ ജൂലിയസ് നൈരീരേ തന്റെ നാട്ടു് ചേരിചേരാനയം അനുവർത്തിക്കുന്നതാണെന്നു പ്രഖ്യാപിച്ചു. മററു് ആഫ്രിക്കൻ നാട്ടുകളോടു് ഒത്തുചേർന്നു ആഫ്റിക്കയുടെ ഐക്യത്തിനുവേണ്ടി പ്രയത്നിക്കുന്നതിൽ വിശ്വസിക്കുന്ന നൈരീരേ ദക്ഷിണാഫ്റിക്കയുടെ വർഗ്ഗവിവേചനനയത്തെ എതിർത്തുകൊണ്ടിരിക്കുകയാണ്.

ഇതിന്നിടക്കു് 1963 ഡിസംബറിൽ സ്വാതന്ത്ര്യം സമ്പാദിച്ച സാൻസിബാറിൽ 1964 ജനുവരിയിൽ നടന്ന പ്രക്ഷോഭണത്തിന്റെ ഫലമായി ഷേക് ഒബേ ത്തുകരുമേ ഒരു വിപ്ലവസർക്കാർ രൂപവൽക്കരിച്ചു. ഏപ്രിൽ 22-ാം തീയതി തങ്കനീക്കയിലെ നൈരീരേയും സാൻസിബാറിലെ കരുമേയും പരസ്പരം ഒരു ഒത്തുതീർപ്പുണ്ടാക്കി തങ്കനീക്കാ സാൻസിബാറിൽ ഗണതന്ത്രരാഷ്ട്രം സ്ഥാപിച്ചു. സാൻസിബാറിനെ ഒരു ഊന്നുവ

ടിയാക്കിക്കൊണ്ടു് കമ്യൂണിസം ആഫ്രിക്കയിലെങ്ങും വ്യാപിച്ചു കളയുമെന്നു പലക്കുമുണ്ടായ സംശയം ഇതുമൂലം നീങ്ങി. ഏപ്രിൽ 27-ാംനു- ഈ രണ്ടുദേശങ്ങളുടെയും സംയോജനം നടന്നു. ഈ ഐക്യഗണതന്ത്രത്തിന്റെ പ്രധാനമന്ത്രി നൈരീർാ തന്നെയാണു്. കരുമേ പ്രഥമഉപരാഷ്ട്രപതി' എന്ന സ്ഥാനം അലങ്കരിക്കുകയാണു്, ഈ ഐക്യനാടിന്നു 'തങ്കനീക്ക- സാൻസിബാർ ഗണതന്ത്രം' അല്ലെങ്കിൽ 'ടാൻസാനിയാ' എന്നാണു് പേരു്.

തങ്കനീക്ക സ്വാതന്ത്ര്യദേശമായി. എങ്കിലും അതിൻെറ പല പ്രശ്നങ്ങളും മററുദേശങ്ങൾക്കു് ഒരു വിധം സമാധാനപാഠമായിരിക്കുന്നതാണു്. രാഷ്ട്രീയസ്വാതന്ത്ര്യം സമ്പാദിച്ചുകഴിഞ്ഞെങ്കിലും സാമ്പത്തികാവശ്യങ്ങൾക്കു് അതു് അവിടം വിട്ടുപോയ യൂറോപ്യൻ നാട്ടുകളെയാണാശ്രയിക്കുന്നതു്. കൈത്തൊഴിൽ, ഉന്നതവിദ്യാഭ്യാസം എന്നീതുറകളിൽ ഏഷ്യാ യൂറോപ്പ് ഖണ്ഡങ്ങളെ ഏറിയകുറും വിശ്വസിച്ചുകഴിഞ്ഞുകൂടേണ്ട നിലയാണു് ഇപ്പോഴുമുള്ളതു്, പാർലിമെൻററിഡെമൊക്രസിയിൽ അങ്ങേയററത്തെ വിശ്വാസമുണ്ടെന്നു പറഞ്ഞുകൊണ്ടു നടക്കുന്ന നൈരിരേ, നാസ്സർ, എൻക്രൂമ, മുതലായവരെപ്പോലെ പ്രതിപക്ഷങ്ങളില്ലാത്ത ഭരണം തുടർന്നുകൊണ്ടുപോകാനാഗ്രഹിക്കുന്നു. ബ്രിട്ടീഷുകാർ പോയി ഏതാനും മാസ്ങ്ങൾ കഴിഞ്ഞപ്പോൾ തന്നെ കെനിയയിൽ നടന്ന ഒരു പട്ടാളവിപ്ളവം അവിടത്തെ ഗവണ്മെന്റിൻെറ ബലത്തെയും സാമർത്ഥ്യത്തെയും പരീക്ഷിച്ചു; നൈരീരേയുടെ ഭരണത്തെ ബലപ്പെടുത്തി അതിന്നു സ്ഥിരപ്രതിഷ്ഠ നൽകുന്നതിനും ബ്രിട്ടീഷ് പട്ടാളം വീണ്ടും പ്രവേശിച്ചു് വിപ്ളവകാരികളെ നിർമ്മാജ്ജനം ചെയ്യേണ്ടതായി വന്നു. ഇത്തരം സ്ഥിതികൾ അടുത്തകാലത്തു സ്വാതന്ത്ര്യം സമ്പാദിച്ച എല്ലാ എഷ്യാ-ആഫ്രിക്കൻ നാട്ടുകൾക്കും അനുയോജ്യമാകുന്നതാണു്.

## 2. സാൻസിബാർ

കെനിയയുടെ അറബിക്കടൽ തീരത്തുനിന്നു ഇരുപതുമൈൽ ദൂരെയായ് സാൻസിബാർ (Zanzibar) പെംബാ (Pemba) എന്നു രണ്ടു ദ്വീപുകളുണ്ട്. ഇവിടെ വസിക്കുന്ന ഏകദേശം മൂന്നു ലക്ഷം ജനങ്ങളിൽ 50000 പേർ, അറബികളും 20000പേർ ഇൻഡ്യാക്കാരുമത്രെ. ഈ ദേശത്തിന്റെ തലസ്ഥാനം സാൻസിബാർ നഗരമാണ്. ആഫ്രിക്കാഖണ്ഡത്തിൽ ഈജിപ്റ്റ് കഴിഞ്ഞാൽ ഏറ്റവും ചരിത്രപ്പഴക്കമെയുള്ളതു് സാൻസിബാറിന്നു മാത്രമാണ്. പുരാതനകാലത്തു് ഈജിപ്റ്റുകാരും ഫിനീഷ്യന്മാരും സുമേരുകളും സാൻസിബാറുമായി വ്യാപാരബന്ധം പുലർത്തിപ്പോന്നിരുന്നു. അറബികളും പാർസികളും ഏഴാം നൂററാണ്ട് മുതൽത്തന്നെ ഈ ദ്വീപിൽ കുടിയേറിപ്പാർത്തു തുടങ്ങി. ഇസ്‌ലാം പത്താം നൂററാണ്ടിലാണ് ഇവിടെ വ്യാപിച്ചുതുടങ്ങിയതു്. അതിന്നുശേഷം വന്ന പോർട്ടുഗീസുകാർ 17-ാം നൂററാണ്ടുവരെ ഇവിടെ തങ്ങളുടെ ആധിപത്യം നിലനിർത്തിപ്പോന്നിരുന്നു. അപ്പോൾ വന്ന അറബികൾ അവിടെ ഒരു സുൽത്താനിയത്തു് സ്ഥാപിച്ചു. 18-ാം നൂററാണ്ട് ആരംഭത്തിൽ ആഹമ്മദ്ബിൻ സൈദ് (Ahmed bin Syed) സ്ഥാപിച്ച ആ വംശം ഏതാനും ചില മാസങ്ങൾ മുമ്പുവരെ ഭരണാധികാരം സംരക്ഷിച്ചുപോന്നിരുന്നു. സുൽത്താൻ അഹമ്മദ് 1741-ൽ അറേബ്യയിലെ മാസ്കററിന്റെ സുൽത്താനായിരുന്നു. 1832-ൽ അദ്ദേഹം തലസ്ഥാനം സാൻസിബാറിലേയ്ക്കു മാററി.

ഈ നിലയിൽ വ്യാപാരത്തിനു പേരുകേട്ട സാൻസിബാറിൽ അടിമവ്യാപാരം വളരെ അഭിവൃദ്ധിപ്രാപിച്ചിരുന്നു; വേഗം തന്നെ ആ നഗരംലോകത്തിലെ ഒരു

വർപിച്ച അടിമവ്യാപാരകേന്ദ്രമായിത്തീൻ. പക്ഷേ ബ്രിട്ടൻ നിയമപൂർവ്വം അടിമവ്യാപാരം നിത്തൽ ചെയ്ത ശേഷം 1807-ൽ ഇതു വളരെ ക്ഷയിച്ചുപോയി. 1873-ൽ സാൻസിബാർ സുൽത്താൻ ബ്രിട്ടനുമായി ഒരു ഉടമ്പടി ചെയ്തുകൊണ്ടു് അടിമവ്യാപാരത്തെ നിശ്ശേഷം നിമ്മാർജ്ജനം ചെയ്യാൻ സമ്മതിച്ചു. 19-ാംനൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ആഫ്രിക്കയുടെ വിഭജനത്തിൽ പങ്കുകൊണ്ടു് ബ്രിട്ടൻ സാൻസിബാറിനെ 1890-ൽ സ്വന്തം സംരക്ഷണത്തിൽ കൊണ്ടുവന്നു. 1856-57 മുതൽ ഈ ദ്വീപിനു് ഒരുതരം സ്ഥാനീയസ്വയംഭരണാധികാരം നൽകപ്പെട്ടു.

1957-ൽ ആഫ്രോ ഷിരാസി (Afro Shirsi) പാർട്ടി എന്നു ഒരുരാഷ്ട്രീയപാർട്ടി രൂപവൽകൃതമായി(Afro Shirasi) ഈ പാർട്ടി ആഫ്റിക്കക്കാരും പാർസികളും ഒന്നു ചേൎന്നു് നിമ്മിച്ചതായിരുന്നു. അക്കാലത്തു് ഈ പാർട്ടിയുടെ കാര്യദർശിയായിരുന്ന ഒബേദ് കരുമേ (Obeid-Karume) അതിൻെറ നിലനില്പിനുവേണ്ടി വളരെ പ്രത്നിച്ചു. എങ്കിലും 1960-ൽ ഈ പാർട്ടിയിൽ പിളർപ്പുണ്ടായി; ഇതിൽ നിന്നു് 'സാൻസിബാർ' ആൻഡ് പെംബാ ജനകീയപാർട്ടി എന്നു് ഒരു ശാഖ പൊട്ടിപ്പുറപ്പെട്ടു. ആഫ്രോഷെറാസി പാർട്ടിപ്രവൎത്തകർ അവരുടെ ദേശീയ വിമോചനപ്രസ്ഥാനത്തിൽ തങ്കനിക്കയിലെ നൈരേരയോടു് വളരെ അടുത്ത സമ്പർക്കം പുലർത്തിപ്പോന്നിരുന്നു.

1961 ജനുവരിയിൽ നടന്നപൊതുതെരഞ്ഞെടുപ്പിൽ ഈ രണ്ടുപാർട്ടിക്കും നിമയസഭയിൽ തുല്യബലമാണു് ലഭിച്ചതു്. അതുകൊണ്ടു് അതേവൎഷം ജൂൺമാസത്തിൽ വീണ്ടും ഒരു തെരഞ്ഞെടുപ്പുനടന്നു. ഈ തെരഞ്ഞെടുപ്പിലും

രണ്ടുപാർട്ടികൾക്കും മിക്കവാറും തുല്യബലമാണ് കിട്ടിയതെങ്കിലും സാൻസിബാർ ദേശീയകക്ഷിയുടെ പ്രസിഡൻറായ അലിമുസീനോട്ട് (Alimusin) ഭരണകൂടം രൂപവൽക്കരിക്കാനാവശ്യപ്പെട്ടുകയുണ്ടായി.

1963 ഡിസംബറിൽ സാൻസിബാർ സ്വാതന്ത്ര്യം സമ്പാദിച്ചു. ഇതിനു വേണ്ടി മുമ്പു നടന്ന ഒരു തെരഞ്ഞെടുപ്പിൽ ഷേക്ക് മുഹമ്മദ്ഷാ (Sheik Muhammed-Shante) യുടെ പാർട്ടി വിജയിച്ചതിൻെറ ഫലമായി അദ്ദേഹം തന്നെ ഭരണകൂടം നിർമ്മിച്ചു; ഷേക് ഓബേദ് കരുമേ പ്രതിപക്ഷനേതാവായി.


ഈ ഗവണ്മെൻറും അധികകാലം നിലനിന്നില്ല. 1964-ൽ ജനുവരി 11-ാം തീയതി സാൻസിബാറിൽ ഒരു രാഷ്ട്രീയ വിപ്ളവം നടന്നു. ഷാന്തേയുടെ പാർട്ടിക്ക് അധികാരം നഷ്ടപ്പെട്ടു. ഷാന്തേയും സുൽത്താൻ സയ്യദ് ജംദിൻറ്ബിൻ അബ്ദുള്ളയും (Sultan Sayyed-Jamdind Bir Abdulla) നാടുവിട്ടോടി. ഷേക്ക്ഒബേദ്കരുമേ പുതിയ ഗവണ്മെൻറ് സ്ഥാപിച്ചു.

കരുമേ ആരംഭിച്ച ഗവണ്മെൻറ് അധികാരം ഏറ്റതുമുതൽ കമ്മ്യൂണിസ്റ്റ് ദേശങ്ങളോട് വലിയ മൈത്രിയും പുലർത്തിപ്പോന്നതുകൊണ്ട് ബാഹ്യലോകത്തിനു് സാൻസിബാർ അമേരിക്കയിലെ ക്യൂബാ ആയിത്തീരുമോ എന്ന് സ്വാഭാവികമായിത്തന്നെ ഒരു സംശയം ഉദിച്ചു. പക്ഷേ 1964 ഏപ്രിൽ മാസം 28-ാംതീയതി സാൻസിബാറും തങ്കനിക്കയും ചേർന്ന് ഒരു സംയുക്തഭരണം രൂപവൽക്കരിച്ചു. ഇതിൻെറ പ്രസിഡൻറ് തങ്കനീക്കയുടെ പ്രസിഡൻറായ നൈരീരേ തന്നെയായിരുന്നു. ഷേക് ഒബേദ്കരുമേ ഒന്നാമത്തെ ഉപരാഷ്ട്രപതിയായി. സാൻ

സിബാറിന്റെ സ്വാതന്ത്ര്യജീവിതം മൂന്നുമാസക്കാലം മാത്രമേ നിലനിന്നുള്ളൂ.

തങ്കനിക്കയിലും ഇന്ത്യയിലെ വ്യാപാരികൾക്ക് ഒരു തരം വിഷമപ്രശ്നങ്ങൾ നേരിടേണ്ടതായിട്ടുണ്ട്. പാശ്ചാത്യർ ഒന്നുചേർന്ന് തങ്കനിക്കയുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നതിന് ഗൂഢാലോചന നടത്തുന്നതായി ഗവണ്മെന്റ് അവരുടെ മേൽ കുററം ചുമത്തി വരികയാണ്. ഇതു സംബന്ധിച്ച് പല സ്ഥലങ്ങളിലും പ്രക്ഷോഭണങ്ങൾ നടത്തി ഇവർ തങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. ഈ പ്രക്ഷോഭണങ്ങളിൽ ഇൻഡ്യക്കാർ പങ്കെടുത്തില്ല എന്ന കാരണത്താൽ ഗവണ്മെന്റ് അവരുടെ മേൽ പല കുററങ്ങൾ ആരോപിച്ച് അവരെ ടാൻഡാനിയായിൽനിന്ന് പുറത്തു ചാടിക്കാൻ ശ്രമിച്ചു വരികയാണ്. ദാർഎസ്സ്സലംമിൽ നിന്ന് 120 മൈൽ പടിഞ്ഞാറുള്ള മോറൊക്കോറാ എന്ന സ്ഥലത്തെ ഏഷ്യാക്കാരുടെ കടകൾ നിർബന്ധമായി മൂടിച്ചു. ഏഷ്യാ ആഫ്റിക്കാ ഐക്യബോധത്തിന്ന് ഇങ്ങനെയുള്ള ഇടർച്ചകളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

# മദ്ധ്യ ആഫ്രിക്ക



ഗാബോൺ
കോംഗോ (ബ്രാ.)
കോംഗോ റിപ്പബ്ലിക്ക് (ലിയോ.)
ഉഗാണ്ഡ
കെനിയ
റുവണ്ഡ
തങ്കനീക്ക
സാൻസിബാർ
അങ്കോല
അത്‌ലാന്റിക്ക് സമുദ്രം
മാളവി
വടക്കെ റൊഡീഷ്യ
മൊസാംബിക്ക്
ഇന്ത്യാസമുദ്രം
തെക്കെ റൊഡീഷ്യ
തെക്കുപടിഞ്ഞാറെ ആഫ്രിക്ക
ബെക്കുവാനാ-ലാൻഡ്
തെക്കെ ആഫ്രിക്ക
സ്വാസിലാൻഡ്

# രുവണ്ഡ–ബുരുണ്ഡി

ഇപ്പോൾ രുവാണ്ഡാ എന്നും ബുരുണ്ഡിയെന്നും രണ്ടായി നിലനിന്നുപോരുന്ന ഭൂഭാഗം 1962നു മുമ്പ് രുവാണ്ഡ-ബുരുണ്ടി എന്ന ഒരൊററ സംസ്ഥാനമായിരുന്നു. ഇതു തങ്കനീക്ക തടാകത്തിന്റെ തെക്കേതീരത്ത് കോംഗോ നദിയുടെ കിഴക്കുഭാഗത്തായ് സ്ഥിതിചെയ്യുന്നു, മററു പല ആഫ്രിക്കൻ നദികളെ അപേക്ഷിച്ച് ഇവിടെ ജനസാന്ദ്രത വളരെ കൂടുതലാണ്. ചതുരശ്രമൈലിന് ഏകദേശം 250- ലേറെ ജനങ്ങൾ ഇവിടെ വസിക്കുന്നുണ്ട്. ഇവരിൽ പകുതിയും ക്രിസ്ത്യാനികളാണ് ഇവിടുത്തെ ജനങ്ങൾക്ക് കൃഷിയും നെയ്ത്തു മുതലായ ചില ചെറുകിട വ്യവസായങ്ങളുമല്ലാതെ മറെറാന്നു മറിഞ്ഞുകൂടാ. കാപ്പിയും പരുത്തിയും ആണ് ഇവിടെ ധാരാളം കൃഷിചെ

ന്നുന്നത്, തങ്കനീക്ക തടാകത്തിൽ മത്സ്യബന്ധനം ഒരു പ്രധാനവ്യവസായമാണ്. ഇതിന്റെ തലസ്ഥാനം ഉസുമ്പുര (Usumbura)യാണത്രെ.

19-ാം നൂറ്റാണ്ട് അവസാനത്തിൽ ജർമ്മൻകാർ ഈ നാട്ടു കൈവശപ്പെടുത്തി. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം (1919ൽ) സാർവ്വദേശീയസംഘടന രുവണ്ഡ-ബുരുണ്ഡി ഒരു ബെൽജിയം മൻഡേററാക്കിത്തീർത്തു. എങ്കിലും രുവണ്ഡയിലും ബുരുണ്ഡിയിലും മ്വാമി (Mwami)എന്ന സ്ഥാനപ്പേരുള്ള രാജാക്കന്മാർ ഭരണം നടത്തിപ്പോന്നു.

1959 മുതലാണ് രുവണ്ഡ-ബുരുണ്ഡിയിൽ രാഷ്ട്രീയപ്രസ്ഥാനങ്ങൾ ആരംഭിച്ച് പാർട്ടികൾ ഉടലെടുത്തത് ഉരുണ്ടിയിൽ ഉഫ്രോണ(Ufrona) ബുരുണ്ടി ഐക്യ പുരോഗമനപ്പാർട്ടി)യും രുവണ്ഡയിൽ പാർമഹൂട്ടം (ഹൂട്ട വിമോചന പ്രസ്ഥാനപ്പാർട്ടി)ആ പ്രദേശങ്ങളുടെ പ്രധാനരാഷ്ട്രീയ പാട്ടികളായിരുന്നു. ഇവർ മുമ്പ് മാൻഡെററ് പ്രദേശങ്ങളായിരുന്നതുകൊണ്ട്. ഇവയുടെ രാഷ്ട്രീയഭാവി നിശ്ചയിക്കുന്ന ചുമതല ഐക്യരാഷ്ട്രസംഘടനക്കുതന്നെയായിരുന്നു. 1960 ഡിസംബറിൽ ചേന്ന ഐക്യരാഷ്ട്ര ജനറൽ കൌൺസിൽ രുവണ്ഡ-ഉരുണ്ഡിയിലെ രാഷ്ട്രീയാന്തരിക്ഷം ശാന്തമായതിനുശേഷമേ അവിടെ തിരഞ്ഞെടുപ്പു നടത്താവൂ എന്ന് തീരുമാനിച്ചു. എങ്കിലും ആഫ്രിക്കയുടെ വിമോചനാ പ്രസ്ഥാനത്തിന്റെ ശക്തി രുവണ്ഡ-ഉരുണ്ടിയെക്കൂടി മുന്നോട്ടേക്കു ഉന്തിവിട്ടു് 1961 സെപ്ററംബർ മാസത്തിൽ തന്നെ തിരഞ്ഞെടുപ്പുകൾ നടന്നു. 1961 ജനുവരിയിൽ രുവണ്ഡയിലെ മ്വാമിരാജാവായ കിഗരി പഞ്ചമൻ (Mwami Kigeri V) ഒരു രാഷ്ട്രീയ വിപ്ലവത്തിന്റെ ഫലമായി അധികാരം വിട്ടൊഴിഞ്ഞു. അതുമുതൽ രുവണ്ഡയിൽ രാജഭരണമവസാനി

ച്ചു. ആ വർഷം തന്നെ ബൽജിയക്കാർ രുവണ്ടയിലെ രാജഭരണത്തെ നിയമനിർമ്മാണം മൂലം നിർമ്മാർജ്ജനം ചെയ്തു. ഉരുണ്ടിയിൽ മാത്രം മ്വാമി ഭരണം തുടർന്നുപോന്നു. മ്വാമി മാബുസ്റ്റാ IV(Mwami Mwambusta IV) ആണ് അവിടത്തെ ഇപ്പോഴത്തെ രാജാവ്. ഇദ്ദേഹത്തിന്റെ പുത്രൻ റുവാഗസോൺ (Rwagasone) ഉരുണ്ഡിയുടെ പ്രധാനമന്ത്രിയായിരുന്നു. 1961 ഒക്ടോബർ 13൦ തീയതി ഇദ്ദേഹം ഉസുംബുരയിൽ വച്ച് വെടിവച്ചുകൊല്ലപ്പെട്ടു. ഇതിനെ തുടർന്നുണ്ടായ കലാപങ്ങൾ നീങ്ങിയശേഷം 196- ജൂലൈമാസത്തിൽ രുവണ്ഡാ-ഉരുണ്ഡി രുവണ്ഡ, ബുരുണ്ഡി, എന്ന പേരുകളിൽ രണ്ടു സ്വതന്ത്ര സംസ്ഥാനങ്ങളായി വിഭജിക്കപ്പെട്ടു.

# മാളവി

ന്യാസാലാൻസ്സ് എന്ന പേരിൽ റൊഡഡീഷ്യായോട്ട് ഒരു സംയുക്തഭരണത്തിൻ കീഴിൽ ലയിപ്പിക്കപ്പെട്ടിരുന്നതായിരുന്നു ഈ നാട്ട്. 1964ജൂൺ 5-ാം തീയതി ഇതു് സ്വാതന്ത്ര്യമായശേഷം മാളവി എന്ന പേരിലാണു് അറിയപ്പെട്ടുന്നതു്. അതിന്റെ രാഷ്ട്രീയജീവിതം സമാരംഭിക്കുന്നതായി ബ്രിട്ടീഷു് രാജ്ഞിയുടെ പ്രതിനിധി എന്ന നിലയിൽ അവരുടെ ഭർത്താവായ എഡിൻബറോപ്രഭു അവിടെ സന്നിഹിതനായിരുന്നു.

ആഫ്റിക്കയിലെ ഏററവും ചെറിയ നാട്ടുകളിൽ ഒന്നാണു് മാളവി. ഡോക്ടർ ലിമിങ്ങ്സ്റ്റൺ ആണു് ഇതിനെ ആദ്യമായി കണ്ടെത്തിയതു്. ന്യാസാതടാകത്തിനു് സമീപം സ്ഥിതിചെയ്തിരുന്നതുകൊണ്ടു് ഇതിന്നു ന്യാസാലാൻഡ്സ് എന്ന പേരു ലഭിച്ചു. ഏകദേശം 500 മൈൽ നീളവും 100മൈലോളം വീതിയുള്ള ഈ നാട്ടി

ന് ഭാവിയിൽ വളരെയേറെ പ്രശ്നങ്ങളെ നേരിടേണ്ട തായുണ്ട്. ദാരിദ്ര്യം, നിരക്ഷരത്വം, ചികിത്സാസൗകര്യങ്ങ ളുടെ അഭാവം എന്നിവ ഇവിടത്തെ മൂന്ന് പ്രാഥമിക പ്രശ്നങ്ങളത്രെ. പുരോഗമനം വളരെ തടസ്സപ്പെട്ടിരി ക്കുന്ന കാലത്ത് സ്വാതന്ത്ര്യം സമ്പാദിക്കുന്ന ഏതൊരു നാട്ടിനും നേരിടേണ്ടിവരുന്ന പ്രശ്നങ്ങളാണവ. മാള വിയുടെ സാമ്പത്തിക നില ഉയർത്തുന്നതിന്നു ബ്രിട്ടീഷു കാർ ആണ്ടുതോറും മൂന്നുകോടി രൂപാ ചിലവാക്കിവരു ന്നു. ഇവിടത്തെ ആകെ ജനസംഖ്യ 30 ലക്ഷത്തിലേറെ വരുകയില്ല. ഇതിൽ പതിനായിരം പേർ യൂറോപ്യന്മാ രാണ്. തെക്കേ ആഫ്റിക്കയിലും തെക്കെ റൊഡീഷ്യ യിലും കൂലിപ്പണിചെയ്ത് ജീവിക്കുന്നവരാണ്.

1891-ൽ ബ്രിട്ടീഷുകാർ ഈ നാടിനെ ഒരു പ്രതി രോധ നാടാക്കിയിട്ട് തങ്ങളുടെ സാമ്രാജ്യത്തിൻെറ ഒരു ഭാഗമാക്കിത്തീർത്തു. 1955വരെ ബ്രിട്ടീഷ് ഉദ്യോഗസ്ഥ ന്മാരാണ് അതിനെ ഭരിച്ചിരുന്നത്. ആവർഷം ആഫ്രി ക്കക്കാർക്കും അവരുടെ നാട്ടിൻെറ ഭരണത്തിൽ ഒരു ചെ റിയ സ്ഥാനം നൽകപ്പെടുകയുണ്ടായി.

മാളവിയുടെ രാഷ്ട്രീയത്തിൽ ഡോക്ടർ ഹേസ്റ്റിംഗ് സ്സ് ബന്ദ (Hastings Banda)യാണ് ഒരു പ്രമുഖവ്യ ക്തി, അദ്ദേഹം മാളവികോൺഗ്രസ്സ് പാർട്ടിയുടെ പ്രസി ഡന്റായി, ലണ്ടനിൽ അദ്ദേഹം ഒരു ഡോക്ടരായിരുന്നു. 1958 ൽ ന്യാസാലാൻഡിൽ വന്ന് അവിടത്തെ രാഷ്ട്രീയ ത്തിൽ ഏർപ്പെട്ടു. നാട്ടിൽ കലഹങ്ങളും കുഴപ്പങ്ങളും വർ ദ്ധിച്ചപ്പോൾ ബ്രിട്ടീഷ് ഗവണ്മെന്റ് ബന്ദയേയും അദ്ദേ ഹത്തിൻെറ ഭാര്യയേയും അറസ്റ്റ്ചെയ്ത് കാരാഗൃഹത്തി ലിട്ടു. 1960ൽ കാരാഗൃഹം വിട്ടിറങ്ങിയതുമുതൽ അദ്ദേ ഹം മാളവികോൺഗ്രസ്സിൻെറ നിസ്തുല്യനായ നേതാവാ

യിത്തീൻ. മാളവിനിയമസഭയിലെ തെരഞ്ഞെടുക്കപ്പെട്ട 50 സ്ഥാനങ്ങളും അദ്ദേഹത്തിൻെറ പാർട്ടിക്കാണ് ലഭിച്ചിട്ടുള്ളതു്. 1953–1963 നിടക്കു് ന്യാസാലാൻഡു് പ്രതിരോധനാട്ടു് റൊഡീഷ്യാ, ന്യാസാലാന്ധു സംയുക്തഭരണത്തിൻെറ (Rhodesia and Nyasaland Federation) ഒരു ഭാഗമായിരുന്നു.

1961 ൽ ബ്രിട്ടീഷുകാരും ന്യാസാലാൻഡു ഭരണകർത്താക്കളും തമ്മിലുണ്ടായ ഉടമ്പടി അനുസരിച്ചു് 1963 സിസംബർ 31-ാം തീയതി ആ സംയുക്ത ഭരണകൂടം പിരിച്ചുവിടപ്പെട്ടു. 1964 ജൂലൈ 6–ാംതീയതി ആ നാട്ടു് സർറോയ്‌വെലൻസ്‌കി (Sir Roy Welensky) പ്രധാനമന്ത്രിയായിരുന്ന റൊഡീഷ്യ സംയുക്തഭരണത്തിൽനിന്നു് വേർപിരിഞ്ഞു സ്വാതന്ത്ര്യമായി. മാളവി കാമൺവെൽത്തു് അംഗമാണു്. ബ്രിട്ടീഷുരാജ്ഞിയെ മാളവിയുടെയും രാജ്ഞിയായി സ്വീകരിക്കപ്പെട്ടിരിക്കുന്നു.

# റൊഡീഷ്യ

1953 മാർച്ച് 24-ാം തീയതി ബ്രിട്ടീഷ് പാർലമെൻറ് ഒരു നിയമം പാസ്സാക്കിയതനുസരിച്ച് ഉത്തരറൊഡീഷ്യ, ദക്ഷിണറൊഡീഷ്യാ, ന്യാസാലാൻഡ് എന്നീ മൂന്നു ബ്രിട്ടീഷ് പ്രതിരോധനപ്രദേശങ്ങളെ സംയോജിപ്പിച്ച് റൊഡീഷ്യയുടെയും ന്യാസാലാൻഡിൻെറയും സംയുക്തഭരണം എന്ന പേരിൽ ഒരു സംയുക്തദേശം നിലനിന്നു. ഇതിന്റെ തലസ്ഥാനം ദക്ഷിണറൊഡീഷ്യയിലുള്ള സാലിസ്ബറി (Salisbury) നഗരമായിരുന്നു ഈ മൂന്നുനാട്ടുകളിലും. ന്യാസാലാൻഡിൽ ആഫ്രിക്കക്കാരുടെ ഭൂരിപക്ഷഭരണവും വടക്കും തെക്കും റൊഡീഷ്യായിൽ വെള്ളക്കാരുടെ ന്യൂനപക്ഷഭരണവും നടന്നുപോന്നിരുന്നു.

റൊഡീഷ്യയിലെ ആദിമവാസികളുടെ നേതാക്കന്മാരിൽ പലരും ബ്രിട്ടീഷ് ഭരണം ആഗ്രഹിക്കുന്നതായി സ്മിത്ത് പ്രസ്താവിച്ചിരിക്കുന്നു. ഇതിനുവേണ്ടി അദ്ദേഹം ഒരു മഹാസമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി, അതിൽ ൯0%പേരും തങ്ങളെ അനുകൂലിക്കുന്നതായിട്ടാണ് അദ്ദേഹം പറഞ്ഞുപോരുന്നത്. പക്ഷേ ഈ പ്രസ്താവന സ്വീകാര്യമല്ലെന്നു് ഇപ്പോഴത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായ സർ ഹരോൾഡ് വിത്സൻ, വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സ്മിത്ത് ഗവണ്മെൻറു് ബ്രിട്ടന്റെ സമ്മതം കൂടാതെ ഒരു സ്വാതന്ത്ര്യപ്രഖ്യാപനം നടത്തിയാൽ അതു നിയമവിരുദ്ധമായി കരുതപ്പെടുമെന്നും അദ്ദേഹം സ്പഷ്ടമായി പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ ഇതൊന്നും സർ അയൻ സ്മിത്ത് (Sir Iyoon) അത്ര കാര്യമാക്കിയിട്ടുള്ളതായി തോന്നുന്നില്ല.

ന്യാസാലാൻഡു് മാളവി എന്ന പേരിൽ ഈയിടെ ഒരു സ്വതന്ത്രനാടായിത്തീർന്നിരിക്കുകയാണ്. അതു് കോമൺവെൽത്താംഗത്വവും സമ്പാദിച്ചിട്ടുണ്ട്? സർ ഹേസ്റ്റിംഗ്സ് ബന്ദയാണ് അതിന്റെ പ്രധാനമന്ത്രി. ഇങ്ങനെ റൊഡീഷ്യ–ന്യാസാലാൻഡു് സംയുക്തഭരണകൂടത്തിൽ നിന്നു് ന്യാസാലാൻഡു് വേർപിരിഞ്ഞു.

ഈ സംയുക്തഭരണം വളരെ തടസ്സപ്പെട്ടിരുന്ന കാകാലത്തു് വെള്ളക്കാരുടെ ന്യൂനപക്ഷബലത്തെയുപയോഗിച്ച് സർറോയ് വെലൻസ്കി സംയുക്തഭരണത്തിന്റെ നേതാവായിരുന്നുകൊണ്ടു് ആഫ്രിക്കക്കാരുടെ വോട്ടവകാശത്തെ ഇല്ലായ്മചെയ്തു് വെള്ളക്കാരുടെ വോട്ടവകാശത്തിന്നു് കൂടുതൽ മേന്മ കല്പിച്ചു് ഭരണം നടത്തിപ്പോന്നു. ദക്ഷിണ റൊഡീഷ്യയിലെ വെള്ളക്കാർ ദക്ഷിണാഫ്റിക്കയിലെ വർഗ്ഗവിമോചനനയത്തെ അപ്പടി സ്വീ

കരിച്ച് അതിനെ റൊഡീഷ്യയിൽ മുഴുവൻ വ്യാപിപ്പിക്കണം എന്നു് അവർക്കുണ്ടായ ആഗ്രഹത്തിന്നു വെലൻസ്കി സമ്മതം മൂളുകയും അതിന്നനുയോജ്യമായ നടപടികളെടുക്കുകയും ചെയ്തു. പക്ഷേ ഉത്തരറൊഡീഷ്യയെ സംബന്ധിച്ചിടത്തോളം കെന്നത്ത് കൗണ്ടാ (Kenneth-Kawnda) എന്ന ആഫ്റിക്കൻ നേതാവ്വ് ചെയ്ത സ്വാതന്ത്ര്യവിപ്ളവത്തിന്റെ ഫലമായി വെള്ളക്കാരുടെ ഭൂരിപക്ഷഭരണം അധികാരം വിട്ടൊഴിഞ്ഞു് ആ സ്ഥാനത്ത് കറുപ്പുവർഗ്ഗക്കാരുടെ ഭൂരിപക്ഷഭരണം നിലവിൽ വന്നു. ആ ഭരണകൂടത്തിൻെറ നേതാവ്വ് കെന്നത്ത് കൗൺണ്ടയായിരുന്നു, വടക്കേറൊഡീഷ്യ 1964 ഒക്ടോബർമാസം 24-ാം തീയതി ബ്രിട്ടീഷ് സംരക്ഷണത്തിൽനിന്നു് വേർപിരിഞ്ഞു് സാംബിയാ (Sambia) എന്ന സ്വതന്ത്രദേശമായിത്തീർന്നു. ഈ സ്വതന്ത്രദേശത്തിന്റെ ഒന്നാമത്തെ നേതാവ്വ് മുമ്പ് പ്രധാനമന്ത്രിയായിരുന്ന ഡോക്ടർ കെന്നത്ത് കൗണ്ടതന്നെ യായിരുന്നു.

1911-ൽ ഉത്തരറൊഡീഷ്യയിൽ അടങ്ങിയിരുന്ന ബറോട്സ്ലാൻഡ്(Barotse land) എന്ന ഒരു ചെറിയ ബ്രിട്ടീഷ് പ്രതിരോധപ്രദേശത്തെ ലിടുംഗാ(Litunga) എന്ന ഒരു നാട്ടുരാജാവ്വ് ഭരിച്ചുപോന്നിരുന്നു. അതു് ഉത്തരറൊഡീഷ്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും സ്വന്തം കാലുകളിൽ നില്ക്കാൻ ശ്രമിച്ചുവെങ്കിലും 1965 അവസാനിക്കുന്നതിന്നു മുമ്പുതന്നെ അതു് ഉത്തരറൊഡീഷ്യയിൽ ലയിക്കപ്പെട്ടും എന്ന കാര്യം തീർച്ചയിയിക്കഴിഞ്ഞിരുന്നു.

ന്യാസാലാൻഡ്യ്, വടക്കേ റൊഡീഷ്യ എന്ന ഈ രണ്ടു സംസ്ഥാനങ്ങളും സംയുക്തഭരണത്തിൽ നിന്നു് വേർപിരിഞ്ഞപ്പോൾ ശേഷിച്ചതു് ദക്ഷിണറൊഡീഷ്യ മാത്ര

മായിരുന്നു. അതിൻെറ രാഷ്ട്രീയ പ്രശ്നങ്ങൾക്ക് കോമൺവെൽത്തിന് പൊതുവായും ബ്രിട്ടന് വിശേഷിച്ചും വലിയ തലവേദന ഉളവാക്കിക്കൊണ്ടിരിക്കുകയാണ്.

സെസിൽ റോഡ്സ് എന്ന ഇംഗ്ലീഷുകാരൻ ആദ്യമായി കുറച്ചാളുകളെ കുടിയേറിപ്പാർപ്പിച്ച ആഫ്റിക്കൻ നാട്ടിനെയാണ് റൊഡീഷ്യ എന്നു വിളിക്കുന്നത്. ബ്രിട്ടീഷ് ദക്ഷിണാഫ്റിക്കക്കമ്പനി 33ആണ്ട് ഭരിച്ച ശേഷം ആ നാട്ട് 1923-ൽ ബ്രിട്ടീഷ് സംരക്ഷണത്തിൻ കീഴിൽ ഒരു സ്വയംഭരണാധികാരമുള്ള കോളനിയായി ത്തീൎന്നു. കഴിഞ്ഞ 7വൎഷങ്ങളായി വെള്ളക്കാരുടെ സൎവ്വാധികാരം തെക്കെറൊഡീഷ്യയിൽ പങ്കാളി നയം (Partenership) എന്നൊരു നയം കട്ടപിടിച്ചുവരികയാണ്. ഈ നയത്തിനും ദക്ഷിണാഫ്റിക്കയുടെ വൎഗ്ഗവിമോചനനയത്തിനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല.

ദക്ഷിണറൊഡീഷ്യയിൽ കറുപ്പുവൎഗ്ഗക്കാൎക്കും തുല്യവകാശങ്ങൾ നൽകിയാൽ ഈ നയം അപ്രത്യക്ഷമായിത്തീരുമെന്നു മനസ്സിലാക്കിയ വെള്ളക്കാർ ഇവിടെയും ദക്ഷിണാഫ്റിക്കയിലെന്നപോലെ അവരെ രാഷ്ട്രീയ, സാമൂഹ്യത്തുറകളിൽ അകററിനിൎത്തിയിരിക്കുകയാണ്. തെക്കേ ആഫ്റിക്കയുമായി ഒരു സംയോജനം നടത്തുന്നതിനുപോലും അവൎക്ക് ആഗ്രഹമില്ലാതില്ല. ഇത് എങ്ങനെ സാധിക്കണം എന്ന കാൎയ്യം ആരായുന്നതിന്നാണ് ഈയിടെയായി ദക്ഷിണറൊഡീഷ്യയുടെ പ്രധാനമന്ത്രി സർ അയൻസ്മിത്ത് ദക്ഷിണാഫ്റിക്കൻ നേതാക്കന്മാരുമായി സംഭാഷണം നടത്തിപ്പോന്നത്. ഈ അവസ്ഥ ഒരു സ്ഥിരമായ ന്യൂനപക്ഷഭരണമായി കലാശിക്കാതെ സൂക്ഷിച്ചുകൊള്ളുന്നതിന്നു മററു നാട്ടുകാർ

ബ്രിട്ടീഷ് ഗവണ്മെന്റിന്റെ മേൻ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണു്. ഈയിടെ നടന്ന കോമൺവെൽത്ത് പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ഹ്യൂം 'ന്യൂനപക്ഷഭരണം അവസാനിച്ചാൽ മാത്രമേ ദക്ഷിണറൊഡീഷ്യയ്ക്കു സ്വാതന്ത്ര്യം നൽകുകയുള്ളൂ' എന്നു അസന്നിഗ്ദ്ധഭാഷയിൽ പ്രസ്താവിക്കുകയുണ്ടായി: പക്ഷേ ഈ സ്പഷ്ടീകരണം അയൻസ്മിത്ന് സ്വീകാര്യമായില്ല. പോർട്ടുഗീസുകാരുടെ ആഫ്റിക്കൻ പ്രദേശങ്ങളും ദക്ഷിണാഫ്റിക്കയുടെ വർഗ്ഗവിമോചനനയവും പോലെ തന്നെ ദക്ഷിണറൊഡീഷ്യയുടെ ഭരണനയങ്ങളും ആഫ്റിക്കയുടെ രാഷ്ട്രീയത്തിന്റെ പ്രത്യേകതകളിലൊന്നായിത്തീർന്നിരിക്കുകയാണു്.

UNIVERSITY LIBRARY
28 MAR 1969
MADRAS

## ബെക്കുവാനാലാൻഡ്

ദക്ഷിണാഫ്റിക്കയുടെ നേരെ വടക്കായി ഈ ദേശം സ്ഥിതിചെയ്യുന്നു. ബെക്കുവാനാ എന്ന ഒരു വക നീഗ്രോവർഗ്ഗക്കാർ അധിവസിക്കുന്നതുകൊണ്ടാണു് ഈ നാട്ടിനു് ഈ പേരു കിട്ടിയതു്. ഈ നാട്ടിന്റെ ഏറിയഭാഗവും കലഹാരി (Kalahari) മരുഭൂമിയിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു് സാമ്പത്തികസൗകര്യങ്ങൾ എപ്പോഴും വളരെ കുറവാണു്. പക്ഷേ പുററുകളും കുററിക്കാട്ടുകളും ധാരാളം ഉള്ളതുകൊണ്ടു് ആഫ്റിക്കയിലെ മൃഗങ്ങളിൽ ഏറിയകൂറും ഈ നാട്ടിൽ കാണപ്പെടുന്നുണ്ടു്. കന്നുകാലികൾ ധാരാളം ഉണ്ടു്. അവയെ ഏററുമതി ചെയ്താണു് ജനങ്ങൾ ജീവിതവൃത്തി കഴിക്കുന്നതു്. വളരെപ്പേർ ദക്ഷിണാഫ്റിക്കയിൽ കൂലിപ്പണിചെയ്തു് ജീ

വിക്കുന്നു. കൃഷിപ്പണി ചെയ്യുന്നതു അന്യവർഗ്ഗക്കാരാണു് നാട്ടുപ്രഭുക്കന്മാർ അങ്ങിങ്ങുമായി വളരെപ്പേരുണ്ടെങ്കിലും പെഗ്വാനാലാൻഡിന്റെ കിഴക്കുഭാഗത്തുള്ള പ്രദേശങ്ങൾ ചില ബ്രിട്ടീഷ്കമ്പനികളുടെ പൂർണ്ണാധികാരത്തിൽ ഇരിക്കുകയാണു്. കഴിഞ്ഞ ശതാബ്ദത്തിന്റെ അവസാനത്തിൽ ട്രാൻസ്‌വാളിലുള്ള ബോർകൾ (Boers) ഇവരെ വളരെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. അക്കാലത്തു് അവരെ സഹായിക്കാൻ ചെന്ന ബ്രിട്ടീഷുകാർ അവിടെത്തന്നെ സ്ഥിരവാസമുറപ്പിച്ചു. 1884-മുതൽ ഈ നാട്ടുമുഴുവനും ബ്രിട്ടീഷ് ഭരണത്തിലായി.

ബസുട്ടോലാൻഡിലും സ്വാസിലാൻഡിലും എന്നപോലെ ബക്കുവാനാലാൻഡിലും ദക്ഷിണാഫ്റിക്കയെ സംബന്ധിച്ചു് ഒരു രാഷ്ട്രീയപ്രശ്നമുണ്ടു്. അതായതു് തങ്ങളുടെ സാമ്പത്തികഭദ്രതക്കു് അവർ പൂർണ്ണമായി ആശ്രയിക്കുന്നെങ്കിലും അതിൽ ലയിക്കാൻ അവരിഷ്ടപ്പെടുന്നില്ല. ബക്കുവാനാലാൻഡുകാർ ദക്ഷിണാഫ്റിക്കയുടെ വർഗ്ഗവിവേചനനയത്തെ എതിർക്കുന്നുണ്ടെങ്കിലും ബ്രിട്ടീഷ്ഗവൺമെൻറു് ദക്ഷിണാഫ്റിക്കക്കാരുടെ ചെയ്തികളെ ശക്തിയുക്തം ഖണ്ഡിക്കുന്നതിനോ എതിർക്കുന്നതിനോ മുമ്പോട്ടു് വന്നിട്ടില്ല. കൂടാതെ ദക്ഷിണാഫ്റിക്കക്കാരെ ഒരു വിധത്തിൽ പ്രീണിപ്പിക്കുന്നതിനാണു് അവർ ഒരുമ്പെട്ടിരിക്കുന്നതു്, സെരട്ട്സെകാമാ (Seretse Kama) എന്ന ഒരു പെഗ്വാനാലാൻഡു് നീഗ്രോ (ഒരിടപ്രഭു) ഒരു വെള്ളക്കാരിയെ വിവാഹം കഴിച്ച അപരാധത്തിനു് ബ്രിട്ടീഷ് ഗവൺമെന്റു് അവരെ നാട്ടുകടത്തി. (1949) ഒരു വർഷം കഴിഞ്ഞു് പെഗ്വാനാലാൻഡിൽ തങ്ങൾക്കു് യാതൊരു സ്വത്തവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല എന്നു് ഗവൺമെൻറിനു് ബോദ്ധ്യപ്പെടുത്തിയ ശേഷമാണു് അവർക്കു മടങ്ങിവരാൻ സാധിച്ചതു്.

അവിടെ ചില രാഷ്ട്രീയ പാർട്ടികൾ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. 1960-ൽ പാസ്സാക്കിയ ഒരു നിയമം അനുസരിച്ച് പകുതി നോമിനേററ് ചെയ്തും പകുതി തെരഞ്ഞെടുത്തുമായ അംഗങ്ങളുടങ്ങിയ ഒരു നിയമസഭ അവിടെ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഈ നിയമത്തെ ആധാരമാക്കി ഭാവിയിൽ കൂടുതൽ അവകാശങ്ങൾ സമ്പാദിക്കാം എന്ന് അവർ വിശ്വസിച്ചുപോരുന്നു.

# സ്വാസിലാൻഡ്

ദക്ഷിണാഫ്റിക്കയുടെ കിഴക്കേതീരപ്രദേശത്ത് ഇൻഡ്യൻ മഹാസമുദ്രത്തിന്ന് അഭിമുഖമായിട്ടാണ് ഈ നാടിൻെറ കിടപ്പ്. ഇതിൻെറ സാമ്പത്തികജീവിതം ഏറിയകൂറും ദക്ഷിണാഫ്റിക്കയിലെ മുതലാളിമ്മാരെ ആശ്രയിച്ചാണിരിക്കുന്നതു്. ബസുട്ടോലാൻറിൻെറ പകുതി വിസ്തീർണ്ണമുള്ള ഈ നാട്ടിൽ വെറും രണ്ടരലക്ഷം ജനങ്ങളേയുള്ളു. ബക്കുവാനാലാൻഡ് ബസുട്ടോലാൻഡ് എന്നീ രണ്ടു നാട്ടുകളേക്കാൾ വ്യവസായ സൗകര്യങ്ങളുള്ളതാണ് സ്വാസിലാൻഡു്, പരുത്തി, പുകയില, നെല്ലു്, പച്ചക്കറി എന്നിവ ധാരാളം വിളയുന്നു. ഇരുമ്പ്, സ്വർണ്ണം മുതലായ ധാതുക്കളും ലഭിക്കുന്നുണ്ടു്.

1750 വരെ ബാൻടുകളുടെ ((Bantus) ഒരു വിഭാഗമായ സ്വാസികൾ സുളുക്കളുടെ (Zulus) ഇടവിടാതുള്ള

ഉപദ്രവങ്ങൾ സഹിക്കവയ്യാതെ (Zulus) ബ്രിട്ടീഷുകാരുടെ സംരക്ഷണത്തിനപേക്ഷിച്ചു്. 1881-ൽ ബ്രിട്ടീഷുകാരും 1884-ൽ ട്രാൻസ്‌വാൾ ഗവണ്മെന്റും സ്വാസിലാൻഡിന്റെ പ്രത്യേകമായ നിലനില്പിനെ സംരക്ഷിക്കുന്നതിനു സമ്മതിക്കുകയുണ്ടായി. സ്വാസികൾ സ്വതന്ത്ര നാടായി വർത്തിക്കുന്നതിന്നല്ലാതെ ദക്ഷിണാഫ്രിക്കയോടു യോജിക്കാൻ ആഗ്രഹിക്കുന്നില്ല. സ്വാസിലാൻഡ് പുരോഗമനപാർട്ടി (Swasiland Progressive Party) എന്ന ഒരു രാഷ്ട്രീയപാർട്ടി അവിടെയുണ്ടു്. ആ പാർട്ടി ഭാവിയിൽ സ്വാസിലാൻഡിൻ പൂർണ്ണമായ സ്വാതന്ത്ര്യത്തിനു വേണ്ടി ശ്രമിക്കുകയാണു്. ന്ഗുകു (Nguku) ആണു് ആ പാർട്ടിയുടെ പ്രസിഡന്റു്. ബ്രിട്ടീഷുകാരുടെ പരിശ്രമത്തിൽ പല നിയമസഭകൾ സ്ഥാപിക്കപ്പെട്ടു. ആധുനിക പാശ്ചാത്യ സമ്പ്രദായമനുസരിച്ചുള്ള നിയമസംവിധാനങ്ങളും സാധിച്ചിട്ടുണ്ടു്. രാഷ്ട്രീയമണ്ഡലത്തിൽ ബസുട്ടോലാന്റിനുള്ള യോഗ്യതകളേ സ്വാസിലാന്റിനു് ഉള്ളൂ എന്നാണു് കരുതപ്പെടുന്നതു്.

# ബസൂട്ടോലാൻഡ്

ദക്ഷിണാഫ്രിക്കയുടെ വടക്കേ അതിർത്തിയിൽ തെക്കുപടിഞ്ഞാറെ ആഫ്രിക്ക; ബെക്കുവാനാലാൻഡ് എന്നീ രണ്ടു നാടുകൾ സ്ഥിതിചെയ്യുന്നു. കിഴക്കേ ഇൻഡ്യൻ മഹാസമുദ്രത്തിന്നു അഭിമുഖമായി സ്വാസിലാൻഡ് കിടപ്പുണ്ടു്. ആ നാട്ടിന്റെ അകത്തൊതുങ്ങിക്കിടക്കുന്ന ദേശമത്രെ ബസൂട്ടോലാൻഡ്. ബസൂട്ടോ എന്ന ഒരു തരം നീഗ്രോവർഗ്ഗക്കാരാണു് ഇവിടത്തെ ജനങ്ങൾ. ഇതിൽ പകുതിപേർ ക്രിസ്ത്യാനികളത്രെ. ഏകദേശം പന്തീരായിരം ചതുരശ്രമൈൽ വിസ്തീർണ്ണത്തിൽ ഏഴുലക്ഷത്തിൽ അല്പം കുറഞ്ഞ ജനസംഖ്യയോടുകൂടിയ ഈ പ്രദേശം ബ്രിട്ടന്റെ സംരക്ഷണത്തിൻ കീഴിലാണു്. തെക്കെ ആഫ്രിക്കയിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷണറാണു് ബസൂട്ടോലാൻഡിന്റെയും ഹൈക്കമ്മീഷണർ.

ഈ നാട്ട മൂന്നും ദക്ഷിണാഫ്രിക്കയിൽ വലയം ചെയ്യപ്പെട്ടിരിക്കുന്നതുകൊണ്ടു് അതിൻെറ മൈത്രികൂടാതെ ഇതിന്നു കഴിഞ്ഞുകൂടാൻ സാദ്ധ്യമല്ല. ഈ അവസ്ഥ ദക്ഷിണാഫ്രിക്കായൂണിയൻ ഗവണ്മെൻറു് രൂപം പ്രാപിച്ച കാലം മുതൽ നിലനിന്നു് പോരുകയാണു്. ആ ഗവണ്മെൻറുണ്ടായപ്പോൾ ബെക്കുവാനാലാൻഡു് സ്വാസിലാൻഡു് ബസൂട്ടോലാൻഡു് എന്നീ നാട്ടുകളെ അതിന്റെ ഭരണത്തിൻകീഴിൽ കൊണ്ടുവരാൻ ബ്രിട്ടീഷ് ഗവൺമെൻറിന്നു് ആഗ്രഹം ഉണ്ടായിരുന്നില്ല. കൂടാതെ ആ നാട്ടുകളിലെ ജനങ്ങൾ തങ്ങളുടെ രാഷ്ട്രീയ നിലപാടിൽ യാതൊരു വ്യതിയാനവും വരുത്താൻ ആഗ്രഹിച്ചിരുന്നതുമില്ല. എങ്കിലും അക്കാലത്തു് ബ്രിട്ടനും ദക്ഷിണാഫ്രിക്കയും തമ്മിലുണ്ടായ ഉടമ്പടിയിൽ ഭാവിയിൽ യഥാസന്ദർഭം ഈ പ്രദേശങ്ങളെ ദക്ഷിണാഫ്രിക്കയിൽ ലയിപ്പിക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. ആ വ്യവസ്ഥയെയാണു് ഇപ്പോൾ കൂടെക്കൂടെ അനുസ്മരിപ്പിച്ചു് ഈ നാട്ടുകളെ ദക്ഷിണാഫ്റിക്ക അതിൻെറ ഭരണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനു് ബ്രിട്ടീഷ്ഗവൺമെൻറിനോടു് ശാഠ്യം പിടിച്ചുകൊണ്ടിരിക്കുന്നതു്. വർഗ്ഗവിവേചനനയത്തെ (Aparthied) മുറുകെപ്പിടിച്ചുകൊണ്ടിരിക്കുന്ന ദക്ഷിണാഫ്റിക്കൻ ഗവണ്മെൻറിനു് ഈ അവസ്ഥ ഒരു തലവേദന തന്നെയായിരിക്കും. മാത്രമല്ല, ബസൂട്ടോ ബഹുഭൂരിപക്ഷക്കാർക്കു തങ്ങളുടെ ജീവിതത്തിന്നു തെക്കേ ആഫ്റിക്കയുടെ സാമ്പത്തികസ്ഥിതിയെ ആശ്രയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സ്വർണ്ണഖനികളിൽ കൂലിപ്പണിയും മററും ചെയ്താണു് ഇവർ ജീവിച്ചുപോരുന്നതു്. ബാഹ്യദേശങ്ങളുമായി ബന്ധമൊന്നുമില്ലാത്തതുകൊണ്ടു് ഇവരുടെ ബ്രിട്ടീഷ് ബന്ധവും വിച്ഛേദിക്കപ്പെട്ടാൽ ഇവർ സ്വതന്ത്രമായി ജീവിക്കാൻ അശക്തരായിത്തീരുന്ന നിലയാണുള്ളതു്.

ആ നാട്ടിലും ചില രാഷ്ട്രീയ പാർട്ടികൾ ഉണ്ടായിട്ടുണ്ട്. അവയിൽ ചിലതു് പഴയ നാട്ടുവാഴി ഭരണം പുനഃസ്ഥാപിക്കാൻ ആഗ്രഹിക്കുന്നവരാണ്. ചിലർ സ്വാതന്ത്ര്യത്തിനു ബഹളം കൂട്ടിക്കൊണ്ടിരിക്കുന്നു എങ്കിലും ബഹുഭൂരിപക്ഷം ജനങ്ങളും താല്ക്കാലിക സ്ഥിതിഗതികൾ നടന്നുപോകുന്നതിനെ എതിർക്കുന്നില്ല. ബ്രിട്ടനും ആ നാട്ടിനു് സ്ഥാനീയ സ്വയംഭരണാധികാരങ്ങൾക്കുപരിയായി യാതൊന്നും നൽകിയിട്ടില്ല.

1964 മേയ്മാസത്തിൽ ബ്രിട്ടീഷ്ഗവണ്മെൻറിനും ബസൂട്ടോലാൻറു് രാഷ്ട്രീയ നേതാക്കന്മാർക്കും തമ്മിൽ നടന്ന ഒരു ഉടമ്പടിയനുസരിച്ചു് 1965-നകം ആ നാട്ടിനു് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുകയാണ്. സ്വതന്ത്ര ബസൂട്ടോലാൻഡ് ലെസോത്തോ (Lesotho) എന്നു വിളിക്കപ്പെട്ടുമെന്നാണറിയുന്നതു്. ആ ഗവണ്മെന്റ് ബസൂട്ടോ രാഷ്ട്രീയനേതാവു് മോട്ലോട്ലഹി മോഷോ ദ്വിതീയൻെറ (Motlotlehi Moshoe II) നേതൃത്വത്തിലായിരിക്കും രാജ്യഭരണം നടത്തുന്നതു്.

# തെക്കെ ആഫ്റിക്ക

ആഫ്റിക്കയുടെ ചരിത്രത്തിൽ ആ ഖണ്ഡത്തിന്റെ വടക്കേ അററത്തുള്ള ഈജിപ്താണ് ഏററവും പുരാതനമായതു്. അതുപോലെ ആ ഖണ്ഡത്തിന്റെ തെക്കെ അറ്റത്തുള്ള ദക്ഷിണാഫ്റിക്ക മറെറാരുതരത്തിൽ വിശിഷ്ടതയാർന്നതാണ്. അതാണ് അതിന്റെ വർഗ്ഗവിവേചനനയം. ഇന്നു ലോകം മുഴുവൻ ആ നയത്തെപ്പററി സംസാരിക്കുകയാണ്. ലോകം, മുഴുവനും അതിനെ ഖണ്ഡിക്കുന്നു, ഐക്യരാഷ്ട്രസഭയിൽ പ്രമേയങ്ങൾ പാസ്സാക്കി തെക്കെ ആഫ്റിക്കയെ മുട്ടുകുത്തിക്കാൻ ശ്രമിക്കുന്നു. മററുള്ള ആഫ്രിക്കൻ നാട്ടുകൾ (റൊഡീഷ്യ ഒഴികെ) ഒരു സംയുക്ത പരിശ്രമംമൂലം ബലപ്രയോഗം നടത്തിയെങ്കിലും അതിനെ 'നല്ല വഴിക്കു' കൊണ്ടുവരാൻ യത്നിച്ചുവരികയാണ്. ചിലനാട്ടുകാർ സാമ്പത്തികകാര്യങ്ങളിൽ അതിനെ ഒററപ്പെടുത്തണമെന്നഭിപ്രായപ്പെടുന്നു. പക്ഷെ ഇതുകൊണ്ടൊന്നും തെക്കെആഫ്രിക്കക്കു യാതൊരു

കോട്ടവും തട്ടിയില്ല. ഇനിയെങ്കിലും അതു വഴിക്ക് വരുമെന്നു വിചാരിക്കാൻ യാതൊരു ന്യായവും കാണുന്നില്ല. വാസ്തവത്തിൽ ലോകത്തെ പ്രശ്നരാഷ്ട്രങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതു് ദക്ഷിണാഫ്രിക്കയാണു്.

ഇവിടത്തെ ജനസംഖ്യ ഏകദേശം ഒന്നരക്കോടിയാണു്. 30 ലക്ഷം വെള്ളക്കാരും $1\frac{1}{2}$ ലക്ഷം ഏഷ്യാക്കാരും ഇവിടെയുണ്ടു്. ആഫ്റിക്കക്കാരിൽ ബഹുഭൂരിപക്ഷവും 'ബാണ്ടുകളാണു്'. വെള്ളക്കാരിൽ അധികം പേരും ആഫ്രിക്കാനർ (Africaner) എന്ന ഡച്ചുകാരത്രെ. അവർ ഇവിടെ വന്നിട്ടു് ഇപ്പോൾ മൂന്നു ശതാബ്ദത്തിലേറെയായി.

തെക്കെ ആഫ്രിക്കയിൽ 16-ാം നൂററാണ്ടിനു മുമ്പു് ജീവിച്ചിരുന്നവർ ബുഷ്മെൻ, ഹോട്ടൻ ടോററുകൾ എന്നിവരായിരുന്നു. 1652-ൽ ഡച്ചുകാർ ദക്ഷിണാഫ്രിക്കയിൽ കുടിയേറിപ്പാർക്കാൻ വന്നപ്പോൾ ബാണ്ടുകൾ മദ്ധ്യാഫ്റിക്കയിൽ നിന്നു് തെക്കോട്ടു വന്നു് ദക്ഷിണാഫ്രിക്കയിൽ എത്തിച്ചേർന്നു. ഒരു വശത്തു് ബാണ്ടുകളും മറുഭാഗത്തു് വെള്ളക്കാരുമായി നിന്നു് മത്സരിച്ചതിൽ ഹോട്ടൻടോററുകളും ബുഷ്മെന്മാരും ഒട്ടുമുക്കാലും നശിക്കുകയാണുണ്ടായതു്. ശേഷിച്ചതിൽ ചിലർ വടക്കുപടിഞ്ഞാറുള്ള കലഹാരി മരുഭൂമിയിലേക്കു് ഓടിരക്ഷപ്പെട്ടു.

അതിനുശേഷം ബാണ്ടുകൾക്കും യൂറോപ്യന്മാർക്കും തമ്മിൽ നടന്ന കലഹങ്ങളിൽ കറുപ്പുവർഗ്ഗക്കാർ പരാജപ്പെട്ടതിനാൽ അക്കാലം മുതൽ (18-ാം നൂററാണ്ടിൽ) തന്നെ അവിടെ വെള്ളക്കാരുടെ ആധിപത്യം ആരംഭിച്ചു കഴിഞ്ഞു.

ഏതാനും കാലങ്ങൾക്കു ശേഷം ആഫ്റിക്കയിലെ കോളനിഭരണം ഡച്ചുകാരിൽ നിന്നു് ബ്രിട്ടീഷുകാരുടെ

കൈകളിലേക്കമാറി, അപ്പോൾ തെക്കേ കോടിയിൽ ഉണ്ടായിരുന്ന ഡച്ചുകാർ കുറച്ചു വടക്കോട്ടുചെന്നു് വോൽ (Voal) നദികടന്നു് ട്രാൻസ്‌വാൾ(Transvaal) ഓറഞ്ചുസ്വാതന്ത്ര്യനാട്ടു് (Orange Free State) എന്നീ കോളനികൾ സ്ഥാപിച്ചു. ആ പ്രദേശങ്ങളിൽ സ്വർണ്ണവും രത്നങ്ങളും ധാരാളം ലഭിച്ചിരുന്നു ആവശ്യത്തിലധികം നിലങ്ങളും എവിടെ വേണമെങ്കിലും കിട്ടുമായിരുന്നു. ഈ രണ്ടു നാട്ടുകളിലുംകുടിയേറിപ്പാർത്ത ഡച്ചുകാരെ ബോഎർകൾ എന്നാണു് വിളിച്ചിരുന്നതു്.

ഈ ബോഎർ ഗണതന്ത്രത്തിനും ബ്രിട്ടനും തമ്മിലുണ്ടായ മത്സരം 1899–ലെ ആംഗ്ലോ–ബോഎർ യുദ്ധത്തിൽ കലാശിച്ചു. അതു് 3വർഷം നീണ്ടുനിന്നു, ആ യുദ്ധത്തിൽ ബോഎർ തോല്ക്കുകയാണു് ചെയ്തതു്. എങ്കിലും 1910–ൽ ബ്രിട്ടീഷുഗവൺമെൻറു് ആ ഗണതന്ത്രത്തിന്നു് സ്വാതന്ത്ര്യം നൽകി. ആ വർഷം ആ രണ്ടുഗണതന്ത്രരാഷ്ട്രങ്ങളോടു് കേപ് കോളനി (Cape colony) നേററാൾ (Natal) എന്നിവയെ സംയോജിപ്പിച്ചു് ദക്ഷിണാഫ്രിക്ക ഐക്യസംസ്ഥാനം സ്ഥാപിക്കപ്പെട്ടു.

ഈ ഐക്യസംസ്ഥാനം രൂപംപൂണ്ടകാലം മുതൽ ഇംഗ്ലീഷുകാർക്കും ബോഎർകൾക്കും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളും മത്സരങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു, ഒടുവിൽ 1948–മുതൽ ബോഎർ ഭരണം തന്നെ നടപ്പിൽ വന്നു. 1933–മുതൽ ആഫ്റിക്കക്കാർക്കു് വോട്ടവകാശം നിഷേധിക്കപ്പെട്ടു, 1948–മുതൽ വർഗ്ഗവിവേചനനയം നടപ്പിൽ വന്നതോടെ വെള്ളക്കാരും അന്യവർഗ്ഗക്കാരും പ്രത്യേകം പ്രത്യേകം സാമൂഹിക ജീവിതം നയിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടായി. അതു കൊണ്ടു് അവിടെ വെള്ളക്കാരുടെ ന്യൂനപക്ഷ ഭരണത്തിനു് സ്ഥിരതലഭിച്ചു. ഇപ്പോൾ ദക്ഷിണാഫ്റിക്കയുടെ പ്രധാന

# തെക്കെ ആഫ്രിക്ക



തെക്കുപടിഞ്ഞാറെ
ആഫ്രിക്ക
ബെക്കുവാനാലാൻഡ്
മൊസാംബിക്ക്
സ്വാസിലാൻഡ്
ബസുട്ടോലാൻഡ്
തെക്കെ ആഫ്രിക്ക
കേപ്ടൌൺ
അത്ലാന്തിക് സമുദ്രം
ഇന്ത്യാസമുദ്രം

മന്ത്രിയായ ഡാ: വെർവോർഡ് (Dr. Verwoerd) 1948 മുതൽ എട്ടുവർഷക്കാലം ആഭ്യന്തരമന്ത്രി സ്ഥാനത്തിരുന്നുകൊണ്ട് വർഗ്ഗവിവേചനനയത്തിന് രൂപം നൽകിയ ആളാണ്. 1958-മുതൽ അദ്ദേഹമാണ് പ്രധാനമന്ത്രി. പ്രതിപക്ഷവും വെള്ളക്കാർ തന്നെയായതുകൊണ്ട് വർഗ്ഗവിവേചനനയത്തെ ഗവൺമെൻറ് സമതലത്തിൽ എതിർക്കുന്നവർ അപൂർവ്വം ചിലരേയുള്ളു. അന്യരുടെ എതിർപ്പ് നിയമവിരുദ്ധം എന്ന കാരണത്താൽ അതിനെ നിഷ്പ്രയാസം ചവിട്ടിമർദ്ദിക്കുകയാണ് ചെയ്യുന്നത്.

1961-ൽ ദക്ഷിണാഫ്റിക്ക ഒരു ഗണതന്ത്രരാഷ്ട്രമായിത്തീർന്നു. ആ വർഷം തന്നെ കോമൺവെൽത്ത് പ്രധാനമന്ത്രികളുടെ സമ്മേളനത്തിൽ നിന്നു ഇറങ്ങിപ്പോകുക നടത്തിയ ഡാ: വെർവോർഡ് ദക്ഷിണാഫ്റിക്കയെയും കോമൺവെൽത്തിൽ നിന്ന് വേർപ്പെടുത്തി.

ലോകത്തെ സാമാന്യജനങ്ങളിൽ ഭൂരിപക്ഷത്തിന്റെയും എതിർപ്പിനെ അഗണ്യകോടിയിൽ തള്ളിക്കളയുന്നതിനുള്ള നെഞ്ചൂക്ക് ദക്ഷിണാഫ്റിക്കയ്ക്കു നൽകുന്നതു് ആ നാട്ടിന്റെ സാമ്പത്തിക ഭദ്രതയാണ്, കൃഷി കൈത്തൊഴിൽ ഖനിജസമ്പത്ത് എന്നീ മൂന്നു കാര്യങ്ങളിലും ഉന്നതസ്ഥാനത്ത് സ്ഥിതിചെയ്യുന്ന ഈ ദേശത്തെ യാതൊരു വിധത്തിലും ആർക്കും ഇളക്കാൻ കഴിയാത്തതു് ഈ സാമ്പത്തികഭദ്രതകൊണ്ടത്രെ. വർഗ്ഗവിവേചനനയത്തെ എതിർക്കുന്ന ബ്രിട്ടൻ, ഫ്രാൻസ്, ചൈന മുതലായ നാടുകളും ഇപ്പോൾ ദക്ഷിണാഫ്റിക്കയോട് മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ വ്യാപാരം ചെയ്തുവരികയാണ്, മററെല്ലാ ആഫ്റിക്കൻ നാടുകളും ഒററക്കെട്ടായി നിന്ന് പൊരുതിയാലും തന്നെ സംരക്ഷിക്കുന്നതിനു വേണ്ട സൈന്യസംഭാരങ്ങളും ഈ നാടുകളും മററു ചിലദേശങ്ങളും ദക്ഷിണാഫ്റിക്കക്ക് നൽകിവ

രികയാണ്, വർഗ്ഗബോധമില്ലാത്ത ഒരു നാട്ട് ലോക ത്തെങ്ങുമില്ലെങ്കിലും അതിന്റെ ആധാരത്തിൽ ഒരു പുതിയ വർഗ്ഗത്തെ സൃഷ്ടിക്കാൻയത്നിക്കുന്ന ഭരണസമ്പ്രദായം ദക്ഷിണാഫ്റിക്കയിലല്ലാതെ ലോകചരിത്രത്തിൽ മറെറങ്ങും കണ്ടെത്താൻ സാധിക്കയില്ല. കാലം മാറുന്നതിനെ സൂചിപ്പിക്കുന്ന കാററുകൾ വിശിത്തുടങ്ങിയിരിക്കുന്നു എന്നതു് നാം മനസ്സിലാക്കേണ്ടതാണു്" എന്നു് ബ്രിട്ടീഷ് പ്രധാനമന്ത്രിയായ മാക്മില്ലൻ പരസ്യമായി പ്രസ്താവിച്ചിട്ടും ആ കാററുകൾ കൊടുങ്കാററായി ആഞ്ഞടിച്ചാലും യാതൊരു ചാഞ്ചല്യവും കാണിക്കാത്ത ദക്ഷിണാഫ്റിക്കയുടെ ഭരണസമ്പ്രദായത്തിന്റെ ഭാവിയെ ലോകം മുഴുവനും അത്ഭുതസ്തബ്ധമായി വീക്ഷിച്ചുകൊണ്ടിരിക്കുകയാണു്

തെക്കെ ആഫ്റിക്കയുടെ വർഗ്ഗവിവേചനനയത്തെ അങ്ങേഅററത്തെ വെറുപ്പോടുകൂടി എതിർക്കുന്നതു് അവിടത്തെ നീഗ്രോകൾ മാത്രമല്ല, ഐക്യരാഷ്ട്രസംഘടനയുടെ അംഗരാഷ്ട്രങ്ങളിൽ ഭൂരിഭാഗവും ആ നയത്തെ എതിർക്കുന്നതിനും പുറമേ അവിടത്തെ ഗവൺമെന്റിനെ മുട്ടുകുത്തിക്കുന്ന സംരംഭത്തിൽ ഇറങ്ങേണ്ടതാണെന്നു് ഒരു പ്രമേയം ഐക്യസംഘടനയിൽ അവതരിപ്പിച്ചിട്ടുണ്ടു്. ഇൻഡ്യക്കു് ആ നാട്ടിനോടു് രാഷ്ട്രീയമായോ മററുവിധത്തിലോ ഉള്ള ബന്ധങ്ങളോ യാതൊന്നുമില്ല. അടുത്തകാലത്തു് കമ്പോഡിയയും ദക്ഷിണാഫ്റിക്കയോടുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കുകയുണ്ടായി. ദക്ഷിണാഫ്റിക്ക ഗവൺമെൻറു് കമ്മ്യൂണിസത്തെ ചെറുക്കുന്നതിനും സോവിയററു് റഷ്യാ, ചൈന, എന്നീ നാട്ടുകളോടു് സൗഹൃദം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ആഫ്രോ ഏഷ്യൻ ദേശങ്ങൾ ഈ കാരണത്താൽ ദക്ഷിണാഫ്രിക്കയെ എതിർക്കുന്നു എന്നതുമെല്ലാം സാർവ്വദേശീയപ്രാധാന്യമുള്ള രാഷ്ട്രീയസത്യങ്ങളത്രെ.

ബ്രിട്ടീഷ് ഗവമ്മെൻറ് കൺസർവേററീവ് പാർട്ടിയുടെ കയ്യിൽ സ്ഥിതിചെയ്തിരുന്ന കാലം വരെ തെക്കെ ആഫ്റിക്കയുടെ നയങ്ങളെ എതിക്കുന്നതിനുള്ള തുനിവ് അതിനുണ്ടായിരുന്നു. ഇപ്പോൾ സർഹാരൾഡ്‌വിത്സൻെറ നേതൃത്വത്തിൽ രൂപം പ്രാപിച്ചിരിക്കുന്ന ലേബർ പാർട്ടിഗവമ്മെൻറ് ദക്ഷിണാഫ്റിക്കയുടെ ഭരണകർത്താക്കളോട് കുറച്ചു ഗൗരവതരമായി പെരുമാറുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. അതിനനുയോജ്യമാംവണ്ണം ഈയിടെ യാതൊരു യുദ്ധസാമിഗ്രികളും ദക്ഷിണാഫ്റിക്കക്കു നില്കുന്നതല്ലെന്ന് ബ്രിട്ടീഷ്ഗവമ്മെൻറ് ഒരു തീരുമാനം ചെയ്തിരിക്കുന്നു.

## തെക്കുപടിഞ്ഞാറെ ആഫ്റിക്ക

ദക്ഷിണാഫ്റിക്കയ്ക്കു പടിഞ്ഞാറും പോർട്ടുഗീസു അങ്കോലയ്ക്കു തെക്കുമായി അത്ലാന്തിക് തീരത്തു കിടക്കുന്ന പ്രദേശത്തിനെയാണ് തെക്കുപടിഞ്ഞാറെ ആഫ്റിക്കാ എന്നു പറയുന്നതു്. ഏകദേശം അഞ്ചുലക്ഷമാണ് ജനസംഖ്യ. ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുന്നതുവരെ ഈ പ്രദേശം ജർമ്മനിയുടെ ആധിപത്യത്തിലായിരുന്നു. ബ്രിട്ടൺ പോർട്ടുഗൽ എന്നീ നാട്ടുകൾ ആഫ്റിക്കയിൽ തങ്ങളുടെ കോളനികൾ സ്ഥാപിച്ചു പല വർഷം കഴിഞ്ഞശേഷമാണ് ജർമ്മനി ആഫ്റിക്കാവിഭജനം എന്ന കളി കളിച്ചു നോക്കാൻ ഒരുമ്പെട്ടതു്. പക്ഷേ ജർമ്മനി അവിടെ നേടിയെടുത്ത ഭൂഭാഗത്തെ വളരെ ശോചനീയമായ നിലയിലാണ് ഭരിച്ചതു്. ഒന്നാം ലോകമഹായുദ്ധം അവസാനിച്ച ഉടൻ തന്നെ ജർമ്മനി അതിന്നവിടെയുണ്ടായിരുന്ന എല്ലാ കോളനികളും ഉപേ

ക്ഷിക്കുന്നതിനും നിർബന്ധമായി അവർ തങ്ങൾ ഭരിച്ചിരുന്ന പ്രദേശങ്ങളിലെല്ലാം തങ്ങളുടെ കൊട്ടക്കോൽ ഭരണത്തിന്റെ അവശിഷ്ടങ്ങൾ നിക്ഷേപിച്ചിട്ടാണ് പോയതു്.

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം സാർവ്വദേശീയസംഘടന (The League of Nations) സ്ഥാപിക്കപ്പെട്ടതിനു ശേഷം, മുമ്പ് ജർമ്മനിയുടെ കൈവശമിരുന്ന കോളനികളെ പുരോഗമിച്ച ചില നാട്ടുകളുടെ മേൽനോട്ടത്തിൽ വിട്ടിട്ട് അവയെ ആ കോളനികളുടെ അഭ്യുദയത്തെ കാത്തു സൂക്ഷിക്കുന്നതിനായ് നിയമിച്ചു. ഈ ഏർപ്പാടനുസരിച്ച് തെക്കുപടിഞ്ഞാറെ ആഫ്രിക്ക, ദക്ഷിണാഫ്രിക്ക എന്നിവ യൂണിയൻ ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കപ്പെട്ടു. അക്കാലത്ത് തെക്കുപടിഞ്ഞാറെ ആഫ്റിക്കയുടെ കുശലത്തെപ്പററി സാർവ്വദേശീയസംഘടനക്കു അപ്പോഴപ്പോൾ വേണ്ട വിവരങ്ങൾ നൽകുന്നതു് ദക്ഷിണാഫ്റിക്കയുടെ ചുമതലയായിരുന്നു.

രണ്ടാം ലോകമഹായുദ്ധം അവസാനിച്ചശേഷം ഈ ചുമതല ദക്ഷിണാഫ്രിക്കയിൽ നിന്നു ഐക്യരാഷ്ട്ര സംഘടനയുടെ കാര്യാലയത്തിലേക്കു മാററപ്പെട്ടു. ഈ മാററം ദക്ഷിണാഫ്രിക്കക്കു് സ്വീകാര്യമായില്ല; അതു് അതിനെ നിരസിച്ചു കളഞ്ഞു. ഐക്യരാഷ്ട്ര സഭയുടെ ട്രസ്റ്റീഷിപ് കൗൺസിലിനു് (Trusteeship Council) ഈ വ്യതിയാനം വരുത്തി തെക്കുപടിഞ്ഞാറെ ആഫ്രിക്കയുടെ മേൽനോട്ടം വഹിക്കുന്നതിനുള്ള യോഗ്യതയും അർഹതയുമുണ്ടെന്നുള്ള വസ്തുത ദക്ഷിണാഫ്റിക്കാ ഗവൺമെൻറു് നിഷേധിക്കുകയാണു ചെയ്തതു്. അതു മാത്രമല്ല, ആ പ്രദേശം ദക്ഷിണാഫ്റിക്കയുടെ ഒരു ഭാഗമാണെന്നു പറഞ്ഞു് അതിന്റെമേൽ അവകാശം സ്ഥാ

പിക്കാൻ തുടങ്ങുകയും ചെയ്തു. ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം തെക്കെ ആഫ്റിക്കാ അതിൻെറ അഭിപ്രായങ്ങൾ മാററിക്കൊള്ളണമെന്നു ഐക്യരാഷ്ട്ര സംഘടന നിർബന്ധിച്ചപ്പോൾ ദക്ഷിണാഫ്റിക്ക അതിൻെറ അംഗത്വമുപേക്ഷിച്ച് മൂന്നു വർഷക്കാലത്തോളം അതിനോട്ട് നിസ്സഹകരണം പാലിക്കുകകാണു ചെയ്തതു്. ഇതിനിടക്കു് തെക്കുപടിഞ്ഞാറെ ആഫ്റിക്കയെ ദക്ഷിണാഫ്റിക്ക തൻെറ ഭരണത്തിൻെറ കെണിയിൽ അകപ്പെടുത്തി ബലമായി വരിഞ്ഞു കെട്ടി. ഐക്യരാഷ്ട്ര സംഘടന പ്രയോഗിക്കുന്ന സാമ, ദാന, ഭേദ, ദണ്ഡാപായങ്ങൾ യാതൊന്നുകൊണ്ടും ദക്ഷിണാഫ്റിക്ക അണുമാത്രം പോലും വ്യതിചലിക്കാതെ എല്ലാകാര്യങ്ങളിലും മർക്കടമുഷ്ടി പിടിച്ചുവരികയാണു്.

## കോംഗോ
## (ലിയോപോൾഡ്‌വിൽ)

---

വടക്കുകിഴക്കെ ആഫ്‌റിക്കയിലെ അതിവിശിഷ്ടമായ ഒരു പ്രകൃതി ദൃശ്യമാണ് നൈൽ നദി. അതുപോലെ പശ്ചിമാഫ്‌റിക്കയിലെ ഒരു വിശിഷ്ടമായ പ്രകൃതിസമ്പത്തത്രെ കോംഗോനദി. കോംഗോക്കും ഏകദേശം നൈൽ നദിയോളം തന്നെ നീളമുണ്ട്. പക്ഷെ ഈജിപ്തിന്റെ ചരിത്രവും സുഡാന്റെ ദേന്മയും നൈൽ നദിയുടെ സംഭാവനയായിരിക്കുന്നതിനു സമാന്തരമായി ഈ നാട്ട് കോംഗോനദിയിൽ ചരിത്രപരമായ മാഹാത്മ്യം പ്രാപിച്ചിട്ടുണ്ടെന്നു പറയാനില്ല; എങ്കിലും ആ നദിയുടെ ഇരുതീരങ്ങളിലുമുള്ള ഇടതൂർന്ന വനങ്ങളും അവയിൽ സ്വച്ഛന്ദം വിഹരിക്കുന്ന ദുഷ്ടമൃഗങ്ങളും പരിഷ്ക്കാരത്തിന്റെ രാജമാർഗ്ഗത്തിൽ വളരെ പിന്നിൽ തങ്ങി

നിൽക്കുന്ന മനുഷ്യവർഗ്ഗങ്ങളും ഭൂമിശാസ്ത്രജ്ഞന്മാരുടെയും മററു പിപഠിഷുക്കളുടെയും പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നവയത്രെ.

15-ാം ശതാബ്ദത്തിനു മുമ്പ് ആഫ്റിക്കയ്ക്കു പുറമേ നിന്ന് ഈ ഭൂഭാഗത്തെ ആരായുന്നതിനും ആദ്യമായ് പുറപ്പെട്ടതു് സർ ഹെൻറിമോർട്ടൻ സ്റ്റാൻലി (Sir-Henry Morton Stanley) ആയിരുന്നു. അദ്ദേഹം 1887_ൽ കോംഗോവിന്റെ ഉദ്ഗമസ്ഥാനം കണ്ടെത്തി. പക്ഷേ അതിനു ഏതാനും ചില വർഷങ്ങൾക്കുമുമ്പ് യൂറോപ്യന്മാർ അതിന്റെ സമുദ്രസംഗമസ്ഥാനം കണ്ടുപിടിച്ചിരുന്നു. 1876-ൽ ബൽജിയം രാജാവായ ലിയോപോൾഡ് ദ്വിതീയൻ (Leopold II) ആഫ്റിക്കയെ നല്ലപോലെ ആരായുന്നതിന് ഒരു സാർവ്വദേശീയ കമ്മററി ഏർപ്പെടുത്തി. ഈ കമ്മററി സ്റ്റാൻലിയുടെ സഹായത്തോടുകൂടി കോംഗോ തീരപ്രദേശത്തെ പല പരിഷ്കാരങ്ങൾക്കു വിധേയമാക്കി അതിനെ ഭരണയോഗ്യമാക്കിത്തീർത്തു. ആരംഭത്തിൽ ലിയോപോൾഡ് രാജാവിൻെറ ഉടമയിലിരുന്ന ഈ ഭൂഭാഗത്തെ 1889-ൽ അദ്ദേഹം ഒരു ജനകീയ സമ്പത്താക്കി. 1904-5ൽ ഉണ്ടായ ഒരു സാർവ്വദേശീയ ഉടമ്പടിയനുസരിച്ച് കോംഗോ പ്രദേശം ബൽജിയത്തിനു നൽകപ്പെട്ടു.

കോംഗോയുടെ സാമ്പത്തികഭദ്രത പ്രധാനമായും സ്ഥിതിചെയ്യുന്നതു് അതിൻെറ തെക്കൻ സംസ്ഥാനത്തിൽ ഒളിഞ്ഞുകിടക്കുന്ന ഖനിജസമ്പത്തുതന്നെയാണ്. അണുവായുധ നിർമ്മാണത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത യുറേനിയം, റേഡിയം, കോബാൾട്ട്, മുതലായ മുന്തിയ ധാതുക്കളും, കൽക്കരി, ചെമ്പ്, മാംഗനീസ് മുതലായവയും ഇവിടെ ധാരാളം ലഭിക്കുന്നുണ്ടു്. പാശ്ചാത്യരുടെ അണുശാസ്ത്ര നിർമ്മാണ പ്രയത്നങ്ങൾ ഒട്ടുമു

ക്കാലും ഈ സംസ്ഥാനത്തുനിന്നു ലഭിക്കുന്ന ധാതുക്കളെ ആശ്രയിച്ചുള്ളവയത്രെ. അതുകൊണ്ടു് കടംഗാ (Katanga) സംസ്ഥാനം ഒററപ്പെട്ടുനിന്നാൽ കോംഗോയുടെ ഇതരഭാഗങ്ങളുടെ സാമ്പത്തിക ജീവിതം തകരാറിലാകുമെന്നതു സ്പഷ്ടമാണു്.

1950-മുതൽ തന്നെ കോംഗോവിൽ രാഷ്ട്രീയപാർട്ടികളുണ്ടായി. ജോസഫ് കസവുബു (Joseph Kasavabu) മോയിസേ ഷോംബേ (Moise Tshombe) പാട്രീസ് ലുമുംബ (Patrice Lumumba) മുതലായ രാഷ്ട്രീയ നേതാക്കന്മാർ അക്കാലം മുതൽ തന്നെ രാഷ്ട്രീയമണ്ഡലത്തിൽ പേരും പെരുമയും സമ്പാദിച്ച് പല രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കും നേതൃത്വം നൽകിത്തുടങ്ങിയിരുന്നു. 1958-ൽ അക്ര (Acra)യിൽ നടന്ന രാഷ്ട്രീയസമ്മേളനത്തിൽ കോംഗോയ്ക്കു സ്വാതന്ത്ര്യം നൽകേണ്ടതിന്റെ ആവശ്യകത പ്രത്യേകം ഊന്നി പ്രസ്താവിക്കപ്പെടുകയുണ്ടായി. 1957-ൽ നടന്ന കോർപറേഷൻ തെരഞ്ഞെടുപ്പിൽ ജോസഫ് കസവുബുവിന്റെ പാർട്ടി 170 സ്ഥാനങ്ങളിൽ 130 എണ്ണും കരസ്ഥമാക്കി. ഇങ്ങനെ രാഷ്ട്രീയമണ്ഡലത്തിൽ കോംഗോയ്ക്കുണ്ടായ ഉണർവ്വിനെ മനസ്സിലാക്കിയ ബൽജിയം ഗവണ്മെൻറു് ആ നാട്ടിനു് പടിപടിയായി സ്വാതന്ത്ര്യം നൽകുന്നതിനുള്ള ഏർപ്പാടുകൾ കൈക്കൊണ്ടു.

പക്ഷേ കോംഗോ ജനങ്ങൾ തങ്ങളുടെ നാട്ടിന്റെ ഭരണപരമായ ചുമതല മുഴുവൻ പൊടുന്നനവേ തങ്ങൾ തന്നെ ഏറെറടുത്താലുണ്ടാകാവുന്ന വരും വരായ്കകളെപ്പററി ചിന്തിച്ചു നോക്കിയില്ല. അടുത്ത വർഷം സ്വാതന്ത്ര്യം ലഭിച്ചു് ഒരാഴ്ചകഴിയുന്നതിനു മുമ്പു് കോംഗോവിൽ പൊട്ടിപ്പുറപ്പെട്ട ആഭ്യന്തരകലഹം ഭരണസാരഥ്യം വഹിക്കാൻ യോഗ്യതയുള്ളവർ അവിടെയില്ല എന്ന

വസ്തുതയെ പൊളിച്ചുകാട്ടി. ബൽജിയ ദേശക്കാർ തങ്ങളുടെ ഭരണകാലത്തു് കോംഗോയുടെ പ്രകൃതിവിഭവങ്ങളെ വേണ്ടുവോളം ചൂഷണം ചെയ്യതിനു പുറമേ അതിൻെറ ഭരണചക്രം തിരിക്കുന്നതിന്നു സ്വന്തം നാട്ടുകാരെത്തന്നെ നിയമിക്കുകയും ചെയ്തിരുന്നു. വിദ്യാഭ്യാസരംഗത്തു് അവരുടെ പ്രവൎത്തനങ്ങൾ വിദ്യാപ്രചാരണത്തിന്നു പല വിധത്തിലുള്ള ആധാരവിദ്യാഭ്യാസപദ്ധതികളുടെ പുരോഗമനത്തിന്നും ഉപയുക്തമായിരുന്നുവെങ്കിലും ഉന്നതവിദ്യാഭ്യാസത്തിന്നു വേണ്ട കോളേജുകളും സർവ്വകലാശാലകളും വേണ്ടുവോളം അഭിവൃദ്ധിപ്രാപിച്ചില്ല. അക്കാരണത്താൽ 1960-ൽ കോംഗോ സ്വതന്ത്രമായപ്പോൾ സർവ്വകലാശാലാബിരുദധാരികൾ ഇരുപതുപേരിൽ കൂടുതലില്ലായിരുന്നു. അങ്ങിനെ ചില ചെറുപ്പക്കാരെക്കൊണ്ടാണു് കോംഗോയുടെ ഭരണം നടത്തേണ്ടിവന്നതു്. രാഷ്ട്രീയരംഗത്തു് പാർട്ടിനേതാക്കന്മാരായി പ്രശോഭിച്ചിരുന്നവരിൽ പലരും ജനാധിപത്യഭരണത്തിനുവേണ്ട കരുത്ത ശിക്ഷണങ്ങൾ ലഭിച്ചവരായിരുന്നില്ല.

ബൽജിയത്തിൻെറ തലസ്ഥാനനഗരമായ ബ്രസ്സൽസിൽ നടന്ന സംഭാഷണങ്ങളുടെ ഫലമായി 1960-ൽ കോംഗോ ഒരു സ്വതന്ത്രഗണതന്ത്ര രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടു. അതിനെത്തുടൎന്നു് പ്രതിനിധിസഭയിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിൽ പാട്രീസ് ല്യമുംബയുടെ കക്ഷിക്കു് ഭൂരിപക്ഷം ലഭിച്ചതുകൊണ്ടു് അദ്ദേഹം പ്രധാനമന്ത്രിയായിരുന്നു് ഭരണകൂടം സ്ഥാപിച്ചു. പക്ഷേ ജോസഫ് കസവുബുവിൻെറ നേതൃത്വത്തെയും വിഗണിക്കാൻ സാധിക്കാത്ത നില സംജാതമായതിനാൽ അദ്ദേഹത്തെ പാർട്ടിനേതാവായി നിയമിക്കേണ്ടി വന്നു. പുതിയ കോംഗോ ഗണതന്ത്രം സ്ഥാപിക്കപ്പെട്ട ഉടൻ തന്നെ ബൽജിയവും കോംഗോഗവണ്മെൻറും തമ്മിൽ ഒരു ഉടമ്പടി ചെ

യ്യുകയുണ്ടായി. ഈ ഉടമ്പടിയനുസരിച്ച് കോംഗോയുടെ സ്വതന്ത്ര്യജീവിതത്തിനു് ആവശ്യമായ പലവിധ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കുന്നതിന്നു ബൽജിയം ഗവണ്മെൻറു സന്നദ്ധമായി. ആ ഉടമ്പടിയിൽ ബൽജിയത്തിന്റെ തനതായി കോംഗോവിൽ ചില സൈനികതളങ്ങൾ ഉണ്ടായിരിക്കുന്നതാണെന്നും കോംഗോയുടെ വിദേശവ്യവഹാരങ്ങളിൽ ബൽജിയത്തിന്റെ സഹായം അത്യന്താപേക്ഷിതമാണെന്നും വ്യവസ്ഥ ചെയ്തിരുന്നു.

ഈ അവസ്ഥയിൽ 1960 ജൂലൈ 12-ാംതീയതി മോയ്സേഷോംബേയുടെ നേതൃത്വത്തിൽ നിലനിന്നുപോന്നിരുന്ന കടംഗാസംസ്ഥാനം കോംഗോയുടെ സംയുക്തഭരണത്തിൽ നിന്നും വേർപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ടു. അപ്പോൾ ഗണതന്ത്രരാജ്യം ജനിച്ചു് പതിനൊന്നു ദിവസമേ ആയിരുന്നുള്ളു. രണ്ടു ദിവസം കഴിഞ്ഞു കോംഗോഗണതന്ത്രം ബൽജിയവുമായുണ്ടായിരുന്ന എല്ലാരാഷ്ട്രീയ ബന്ധങ്ങളും വിച്ഛേദിച്ചു. 1960 ജൂലൈ 15-ാംതീയതി ബൽജിയ ദേശക്കാർ കോംഗോവിൽ നിന്നു് ഉടൻ തന്നെ ബഹിർഗമിച്ചുകൊള്ളണമെന്നു ലുമുംബാ ഉത്തരവു പുറപ്പെടുവിച്ചു. അപ്പോൾ ബൽജിയത്തിന്റെ പ്രേരണമൂലമാണു് കടംഗാ കോംഗോവിൽനിന്നു് വേർപെട്ടതെന്നത്രെ ഭരണകർത്താക്കൾ കരുതിയതു്. പക്ഷേ ബൽജിയം നാട്ടുകാർ കോംഗോ ഉപേക്ഷിക്കുന്നതിന്നു വിസമ്മതിച്ചു. കോംഗോയിലുള്ള ബൽജിയക്കാരെയും അവരുടെ സ്വത്തുവകകളെയും സംരക്ഷിക്കേണ്ട ചുമതല തങ്ങൾക്കുണ്ടു് എന്നായിരുന്നു അവരുടെ വാദം.

അങ്ങനെയിരക്കെ ദേശത്തിൻെറ പ്രസിഡന്റായ കസവുബുവിന്നും പ്രധാനമന്ത്രി ലുമുംബയ്ക്കും തമ്മിലുണ്ടായ അഭിപ്രായഭേദങ്ങൾ രൂക്ഷതരമായി. അതു് സ്ഥിതിഗതികളെ ബാധിക്കുമെന്ന നിലയായി, കസവുബു യാ

തൊരു, മുന്നറിയിപ്പുംകൂടാതെ ല്യമുംബയെ സ്ഥാനഭ്രഷ്ടനാക്കിയിട്ട് ജോസഫ് ഇലിയോനെ (Joseph Ileo) പ്രധാനമന്ത്രിയായ് നിയമിച്ചു കൂടാതെ ഐക്യരാഷ്ട്രസഭ ഉടൻ തന്നെ കോംഗോ വ്യവഹാരങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ എത്തിച്ചേരണമെന്ന് ഒരു അഭ്യർത്ഥനയും നടത്തി. ഇതിന്നു വഴിപ്പെടാൻ വിസമ്മതിച്ച ല്യമുംബാ കസവുബുവിനെ താൻ നേതൃസ്ഥാനത്തു നിന്ന് നീക്കം ചെയ്തിരിക്കുന്നതായി അറിയിച്ചു: പക്ഷേ ല്യമുംബ ബന്ധനസ്ഥനായ് ഒരു രഹസ്യ സങ്കേതത്തിലേയ്ക്കു മാറ്റപ്പെടുകയാണുണ്ടായതു്.

ഇതിന്നിടയ്ക്കു് 1960 സെപ്റ്റംബറിൽ കോംഗോയുടെ സൈന്യാധിപനായ കേണൽ മൊബുട്ടു (Colonel-Mobutu) ഒരു പട്ടാളവിപ്ലവം നടത്തി ഭരണകാര്യം ഏതാനും ചില കോളേജ് വിദ്യാർത്ഥികളെ ഏല്പിച്ചു. കൂടാതെ നാട്ട് നാടാകുന്നതുവരെ ഭരണത്തിൻെറ മേൽനോട്ടം വഹിക്കുന്നതു് പട്ടാളമായിരിക്കുമെന്നു് പ്രഖ്യാപിക്കുകയും ചെയ്തു. കസവുബു, ല്യമുംബ എന്നീ രണ്ടു പേരെയും സ്ഥാനഭ്രഷ്ടരാക്കിയിരിക്കുന്നതായ് അയാൾ ഒരു പ്രസ്താവനയും നടത്തി.

ഇങ്ങനെയൊരവസ്ഥ സംജാതമായപ്പോൾ ഐക്യരാഷ്ട്രസഭയുടെ പൊതുകാര്യദർശിയായിരുന്ന ഡാഗ്ഹാമർഷീൽഡ് (DagHammarsejild) അദ്ദേഹത്തിന്റെ ഉപദേഷ്ടാവായ ശ്രീ. രാജേശ്വരദയാലിന്റെ റിപ്പോർട്ടിനെ ആധാരമാക്കി ;ഐക്യരാഷ്ട്രസഭയുടെ ഇടപെടൽ കൂടാതെ കോംഗോയിലെ കുഴപ്പം അവസാനിക്കുകയില്ലെന്നു മനസ്സിലാക്കിയിട്ട് അതിന്റെ പ്രതിനിധി എന്ന നിലയിൽ സ്വീഡൻ, ഇന്ത്യ, ഇറാലി മുതലായ നാട്ടുകളിൽ നിന്നുള്ള സൈന്യങ്ങളെ കോംഗോയിൽ നിയോഗിച്ചു.

ഈ സന്ദർഭത്തിൽ കോംഗോയുടെ ആഭ്യന്തരസ്ഥിതിഗതികൾ വീണ്ടും വഷളായി. ലുമുംബയും അദ്ദേഹത്തോടുകൂടി അറസ്റ്റുചെയ്യപ്പെട്ട ചില നേതാക്കന്മാരും കടംഗയുടെ തലസ്ഥാനമായ എലിസബെത്തു വില്ലിലെ (Elizabeth Ville) കാരാഗൃഹത്തിലേക്കു മാററപ്പെട്ടുവെന്നും അവിടെ വച്ചു അവർ വെടിവെച്ചു കൊല്ലപ്പെട്ടുവെന്നുമുള്ള വാർത്തകൾ പുറത്തായി. ഐക്യരാഷ്ട്രസഭയുടെ ഇടപെടലും ഫലവത്താകയില്ല എന്ന നിലയിലേക്ക് സ്ഥിതിഗതികൾ നീങ്ങി. കോംഗോ നേതാക്കന്മാർ പരസ്പരസംഭാഷണം കൊണ്ടു തീരുമാനമുണ്ടാക്കേണ്ട പ്രശ്നങ്ങളിൽ ഐക്യരാഷ്ട്രസഭ ഇടപെട്ടതുകൊണ്ടു കാര്യമൊന്നുമില്ലെന്നു വ്യക്തമായി. കൂടാതെ ആഭ്യന്തരകലഹം പൊട്ടിപുറപ്പെട്ടാലും അതും ആഭ്യന്തരപ്രശ്നമായതുകൊണ്ട് അതിലിടപ്പെടുന്നതിന്നു ഐക്യരാഷ്ട്രസഭക്ക് നിയമപ്രകാരം അധികാരമുണ്ടോ എന്ന പ്രശ്നവും ഉത്ഭവിച്ചു. മലകസായുടെ തലസ്ഥാനമായ തനാനരിയിൽ നടന്ന കോംഗോ സമ്മേളനത്തിന്റെ ചില തീരുമാനങ്ങൾ പ്രസിഡൻറു കസവുബുവിൻെറയും പ്രധാനമന്ത്രി ഇലിയോവിൻെറയും നിലപാടിലോ അധികാരത്തിലേ യാതൊരുമാററവും വരുത്തിയില്ല. ഈ തീരുമാനങ്ങളെ ആസ്പദമാക്കി 1961 ജൂലൈ മാസത്തിൽ കോംഗോപാർലമെൻറ് ഐക്യരാഷ്ട്രസഭയുടെ സൈന്യത്തിന്റെ സംരക്ഷണത്തിൽ വീണ്ടും ചേരുകയുണ്ടായി. പക്ഷേ കോംഗോയുടെ രാഷ്ട്രീയാന്തരീക്ഷത്തിൽ പൊട്ടുന്നവേയുണ്ടായ വഴിത്തിരുവുകൾക്ക് പ്രതിവിധിയൊന്നും കണ്ടെത്തിയില്ല. 1961 ജൂലൈ ഇരുപത്താറാം തീയതി ഇല്ലിയോവിന്നു പ്രധാനമന്ത്രി പദം നഷ്ടപ്പെട്ടു. സിരിൽഅഡുലെ (Cyrille Adoule) അടുത്ത പ്രധാനമന്ത്രിയായി. ഈ കുഴപ്പങ്ങൾക്കെല്ലാം കാരണമായ കടംഗാവിഭജനം ഉടൻ തന്നെ റദ്ദുചെയ്യുന്നതാണെന്നു് പുതിയ പ്രധാന

നമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ഇതിൽ കടംഗാ പ്രസിഡൻറു് ഷോംബേയും നേരത്തെതന്നെ സമ്മതിപ്പിച്ചിട്ടുള്ളതായി 1961 ജൂൺ ഇരുപത്തഞ്ചാം തീയതി ലിയോപോൾഡ്‌വിൽ റേഡിയോ അറിയിച്ചിരുന്നു. പക്ഷേ വേർ പിരിഞ്ഞ കടംഗാതന്റെ നേതൃത്വത്തിൽ വേറിട്ടുതന്നെ നിൽക്കുമെന്നു ഒരു എതിർ പ്രഖ്യാപനം മൂലം ഷോംബേ പരിതസ്ഥിതിയെ കൂട്ടതൽ വഷളാക്കി.

കോംഗോ പ്രശ്നത്തിന്റെ ദുലാമാലകൾക്കു് മകുടം ചാർത്തിയതു' 1961 സെപ്റ്റംബർമാസം പതിനേഴാം തീയതി നടന്ന ഒരു ദാരുണസംഭവമായിരുന്നു. ഐക്യരാഷ്ട്രസംഘടനയുടെ ജനറൽ സെക്രട്ടറിയായിരുന്ന ഡാഗ്ഹാമർഷിൽഡ്, സിറിൽ അഡുലെയുടെ അപേക്ഷയനുസരിച്ചു് കോംഗോയിലെ സ്ഥിതിഗതികൾ നേരിൽ കണ്ടറിയാൻ വരികയുണ്ടായി. അദ്ദേഹം യാത്രചെയ്തിരുന്ന വിമാനം കോംഗോറൊഡീഷ്യാ അതിർത്തിയിൽവച്ചു് ഒരപകടത്തിൽപെട്ടു് തകർന്നു വീണു. ജനറൽ സെക്രട്ടറി ഉൾപ്പെടെ അതിലുണ്ടായിരുന്ന എല്ലാവരും മൃതിയടഞ്ഞു. ഇതു് ഒരു യാദൃശ്ചിക സംഭവമോ വല്ല ഗൂഢാലോചനയുടെയും ഫലമായി സംഭവിച്ച അപായകരമായ മരണമോ എന്തായിരുന്നുവെന്നു ഇനിയും വ്യക്തമായിട്ടില്ല.

ഈ സംഭവത്തിനു ശേഷം ഐക്യരാഷ്ട്രസൈന്യങ്ങളുടെ തീവ്രപരിശ്രമത്തിന്റെ ഫലമായി കോംഗോയിലുണ്ടായിരുന്ന ബൽജിയ സൈന്യങ്ങൾ പുറം തള്ളപ്പെട്ടു, അവരുടെ ആശ്രയത്തിൽ നിലനിന്നിരുന്ന കടംഗയുടെ ശക്തി ക്ഷയിച്ചു. ഇണ്ടോലാ എന്ന സ്ഥലത്തു് ഐക്യരാഷ്ട്രസഭയുടെ ഉദ്യോഗസ്ഥന്മാരും മോയിസേ ഷോംബേയും തമ്മിൽ സംഭാഷണം നടത്തി യുദ്ധവിരാമത്തിനു് ഒരു ഒത്തുതീർപ്പുണ്ടാക്കി. ഐക്യരാഷ്ട്രസൈന്യങ്ങൾ കടംഗയിൽ തുടർന്നു കഴിഞ്ഞുകൂടുന്നതിനെ ബ്രിട്ടീഷ് ഗവ

ണ്ടെൻറും ബ്രാസാവിൽ കോംഗോ ഗണതന്ത്രവും ശക്തിയായി എതിർത്തു., റൊഡീഷ്യയിലെ സംയുക്തഭരണകൂടത്തിൻെറ പ്രധാനമന്ത്രിയായിരുന്ന സർ റോയ് വെലെൻസ്കി ഐക്യരാഷ്ട്രസഭ കോംഗോയിൽ നടത്തിയതു് "സംയുക്ത" ഭരണമല്ല )ഒരു കിരാതഭരണമായിരുന്നു' എന്നു പറഞ്ഞു അതിനെ ആക്ഷേപിച്ചു.

1961 ഡിസംബറിൽ ഷോംബേ ഒരു ചെറിയ നാടകം അഭിനയിച്ചു. ലിയോപോൾഡ്‌വില്ലിൽ ചെന്നു് പ്രധാനമന്ത്രി അഡുലായുമായി കൂടിയാലോചന നടത്തിയിട്ടു് 'കടംഗാ'വിഭജനം റദ്ദുചെയ്യാൻ സമ്മതിച്ചു. പക്ഷേ ആ ഉടമ്പടി കടംഗാ പ്രതിനിധിസഭ അംഗീകരിച്ചാലല്ലാതെ സാധുവാകയില്ലെന്നും പ്രസ്താവിച്ചു. 1961 ഡിസംബർ ഇരുപത്തിരണ്ടാം തീയതി കടംഗാ നിയമസഭ ആ ഉടമ്പടി സ്വീകരിച്ചില്ലെന്നു അറിയിക്കപ്പെട്ടു!

1963_ൽ കോംഗോ നേതാക്കന്മാർക്കിടയിൽ ഒരൊത്തുതീർപ്പുണ്ടായതനുസരിച്ചു് ഒരു പുതിയ ഭരണഘടന രൂപം പൂണ്ടു. അതിൽ കോംഗോദേശങ്ങൾ കോംഗോ ജനാധിപത്യഗണതന്ത്രം (Congo Democratic Republic) എന്നു നാമകരണം ചെയ്തിരുന്നു. ഷോംബേ കോംഗോയിൽ നിന്നു് ഒരു വിദേശയാത്രക്കായി പോവുകയും ചെയ്തു. കടംഗാവിഭജനശ്രമം നിശ്ശേഷം പരാജയപ്പെട്ടുവെന്നതു വ്യക്തമായി. പക്ഷേ കോംഗോവിന്റെ കൺകെട്ടുവിദ്യകൾക്കു് അവസാനമില്ലെന്നു തോന്നുന്നു. ഈയിടെ നടന്ന രാഷ്ട്രീയസംഭാഷണങ്ങളുടെ ഫലമായി ഷോംബേ കോംഗോയിൽ മടങ്ങി വന്നു് ഇപ്പോൾ അതിൻെറ പ്രധാനമന്ത്രിപാദം അലംകരിക്കുകയാണു്.

കോംഗോയിൽ ഐക്യരാഷ്ട്രസേനയുടെ പ്രവൎത്തങ്ങൾക്കുണ്ടായ ചിലവു് ഏകദേശം 200കോടി രൂപയാ

യിരുന്നു. ഇതിന്റെ ഒരു ചെറിയ ഭാഗം പോലും വഹിക്കാൻ സോവിയററുറഷ്യ കൂട്ടാക്കുന്നില്ല. ഈ മനസ്ഥിതി ഐക്യരാഷ്ട്രസംഘടനയുടെ അംഗരാഷ്ട്രങ്ങളിൽ കടന്നുകൂടാൻ പാടില്ലെന്നു് പാശ്ചാത്യരാഷ്ട്രങ്ങൾ ഊന്നിപ്രസ്താവിച്ചു വരികയാണു്.

കോംഗോ ബൽജിയത്തിന്റെ ആധിപത്യത്തിൽ നിന്നു് വിമുക്തമായതു മുതൽ അവിടെ അമേരിക്കയുടെയും പശ്ചിമയൂറോപ്പിന്റെയും പിൻബലമുള്ള ഒരു പാർട്ടിയും റഷ്യാ, ചൈന എന്നീ ദേശങ്ങളുടെ പിൻബലമുള്ള മറെറാരു പാർട്ടിയും പ്രവർത്തിച്ചു വരുന്നതു സുവ്യക്തമായി കാണാവുന്നതാണു്, ലുമുംബക്കു് റഷ്യ പിൻതുണ നൽകിയതു് സർവവിദിതമായിരുന്നു. അദ്ദേഹത്തിന്റെ നാമധേയത്തിൽ മോസ്കോയിൽ ഒരു സർവ്വകലാശാല തന്നെ സ്ഥാപിക്കുകയുണ്ടായി. ഇപ്പോൾ അമേരിക്കയുടെയും ബൽജിയത്തിന്റെയും പിൻബലത്തോടുകൂടിയാണു് ഷോംബേയുടെ ഭരണം നടന്നു പോരുന്നുവെന്നതത്രെ അഖിലലോകകമ്മ്യൂണിസ്റ്റുകളുടെ കുററാരോപണം ഇതിന്റെ ഫലമായി സ്റ്റാൻലിവില്ലിൽ ക്രിസ്റ്റഫർ കെന്യെയുടെ നേതൃത്വത്തിൽ ചുവപ്പുചൈനയുടെ പൂർണ്ണമായ പിൻബലത്തോടുകൂടി ഒരു വിപ്ളവഗവണ്മെന്റു് സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഈ വിപ്ളവത്തെ അമർച്ച ചെയ്യുന്നതിനു വേണ്ട പട്ടാളമോ പണമോ ഷോംബേയുടെ കൈവശമില്ല. എങ്കിലും അദ്ദേഹം കെന്യെയുടെ എതിർപ്പിനെ ഒരു തരത്തിൽ ചെറുത്തു നിൽക്കുന്നുണ്ടു്. ഇതു ബൽജിയ അമേരിക്കൻ ഗവണ്മെന്റുകളുടെ സഹായം കൂടാതെ സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ കെന്യെയുടെ വിപ്ളവഗവണ്മെന്റു് അതു് അധീനപ്പെടുത്തിയ കോംഗോപ്രദേശത്തുള്ള പരശതം വെള്ളക്കാരെയും ഏതാനും ചില ഏഷ്യാക്കാരെയും തടവിലാക്കിയിട്ടു്

ഷോംബേ തങ്ങളുടെ മേൽ കൈക്കൊണ്ടിരിക്കുന്ന പ്രതിരോധനടപടികൾ പിൻവലിച്ചില്ലെങ്കിൽ അവരെ കൊന്നുകളയുമെന്നു ഭീഷണപ്പെടുത്തി. ആ വെള്ളക്കാരെ സംരക്ഷിക്കുന്നതിന് അമേരിക്കയുടെ സഹായത്തോടുകൂടി ബൽജിയ പാരച്യൂട്ട് ഭടന്മാർ സ്റ്റാൻലിവില്ലിൽ ഇറങ്ങി. 'വാഗ്ദാനലംഘനം' ചെയ്യാത്ത കെന്ന്യ 'ഗവണ്മെൻറ്' ഡാക്ടർ കാറൽസൺ എന്ന അമേരിക്കക്കാരനുൾപ്പെടെ പല വെള്ളക്കാരെ ഹിംസിച്ചുകൊലപ്പെടുത്തി. എങ്കിലും സ്റ്റാൻലിവില്ലിൽ വന്നിറങ്ങിയ ബൽജിയൻ ഭടന്മാർ ആയിരത്തിലേറെ അമേരിക്കക്കാരെയും യൂറോപ്യന്മാരെയും രക്ഷപ്പെടുത്തി ലിയോ പോൾഡു വില്ലിലേക്കു മാററി.

കോംഗോയിലെ ഈദൃശ്യസംഭവങ്ങൾ ഇന്നത്തെ ലോകത്തിന് ഒന്നടങ്കമുള്ള ഒരു സാധനപാഠമത്രെ.

## കോംഗോ

(ബ്രാസാവിൽ)

മദ്ധ്യപശ്ചിമാഫ്രിക്കയിൽ ലിയോപോൾഡ്‌വിൽ (ബൽജിയം) കോഗോക്കു പടിഞ്ഞാറായ് അററ്ലാന്റിക് തീരപ്രദേശത്തു കിടക്കുന്ന രാജ്യമാണ് (ഫ്രഞ്ച്) കോംഗോഗണതന്ത്രം. ഇതിൻെറ തലസ്ഥാനം ബ്രാസാവിൽ അത്രെ. കോംഗോയിലെ ജനങ്ങളിൽ ഭൂരിഭാഗവും ക്രിസ്ത്യാനികളാണ്. ഏകദേശം എട്ടുലക്ഷമാണ് ഇവിടത്തെ ജനസംഖ്യ. പുകയില റബർ കൊക്കോ മുതലായ വസ്തുക്കൾ ഇവിടെ ലഭിക്കുന്നുണ്ട്. ഓലിവ് എണ്ണയും സ്വർണ്ണവും കൊക്കോയും ഇവിടെനിന്നു് കയററുമതി ചെയ്യപ്പെടുന്നു.

ക്രിസ്തുവബ്ദം 1885–ൽ ഫ്രഞ്ചുകാർ ഫ്റാൻസ്–ബർലിൻസമ്മേളനം പാസ്സാക്കിയ നിയമമനുസരിച്ച്

കോംഗോവിനെ അതിൻെറ ഒരു സാമന്തരാജ്യമാക്കി. 1919ൽ തന്നെ ഇവിടെ രാഷ്ട്രീയപ്രക്ഷോഭണങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. പക്ഷേ ആരംഭകാലത്തെ പ്രക്ഷോഭണങ്ങളെല്ലാം മുളയിൽതന്നെ നുള്ളപ്പെട്ടുകയാണുണ്ടായതു്. 1958-ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ അബ്ബേയൂലു (Abbeyoulou) എന്ന നേതാവു് പ്രധാനമന്ത്രിയായി ഫ്റഞ്ചുകമ്യൂണിറ്റിയിൽ ഒരു സ്വതന്ത്രനാട്ടു് എന്ന നില കോംഗോവിനും കൈവരുത്തി. ഇദ്ദേഹം സമരംചെയ്തു സ്വാതന്ത്ര്യം സമ്പാദിച്ചുവെങ്കിലും ഫ്റഞ്ചുഗവണ്മെൻറി നോടുള്ള അളവററ നന്ദിയും മൈത്രിയും നിലനിത്തിപ്പോന്നിരുന്നു.

1960ൽ കോംഗോപ്രസിഡൻറു് ജോസപ്പ് കസവുബുവിനും പ്രധാനമന്ത്രി ലുമുംബയ്ക്കും തമ്മിൽ കലഹമുണ്ടായപ്പോൾ മദ്ധ്യസ്ഥത വഹിച്ചതു് ബ്രാസാവിൽ കോംഗോ പ്രധാനമന്ത്രി യൂലു ആയിരുന്നു. അതിന്നുശേഷം അൽജീരിയയ്ക്കും കോംഗോയ്ക്കും ഇടയ്ക്കും ഒരിക്കൽ അദ്ദേഹം മദ്ധ്യസ്ഥത വഹിക്കുകയുണ്ടായി. ഈ പരിശ്രമങ്ങൾ അദ്ദേഹത്തിൻെറ സമാധാനകാംക്ഷയെയും സന്മനോഭാവത്തെയും സൂചിപ്പിക്കുന്നുവെന്നല്ലാതെ അദ്ദേഹം അത്രയ്ക്കു് സ്വാധീനശക്തിയുള്ള ആളാണെന്നു് അതുകൊണ്ടു് അർത്ഥമിക്കേണ്ടതില്ല.

ഫ്റഞ്ചു് ആധിപത്യത്തിൽ നിന്നു് സ്വാതന്ത്ര്യം നേടിയ ആഫ്റിക്കൻ നാട്ടുകൾ 1960 ഡിസംബറിൽ ബ്രാസാവില്ലിൽ സമ്മേളിക്കുകയുണ്ടായി. പങ്കെടുത്ത പന്ത്രണ്ടു നാട്ടുകളും ഫ്റാൻസിനോടു് സ്നേഹാദരങ്ങൾ പുലർത്തുന്ന ഒരു വൃന്ദത്തിൽപ്പെട്ടവയായിരുന്നു. ഇങ്ങനെയുള്ള സാർവ്വദേശീയ മൈത്രീഭാവത്തിന്നു ഒരു തരത്തിലുള്ള എതിർപ്പ് കോംഗോയിലും കണ്ടു വരുന്നുണ്ടു് എങ്കിലും ഘാനാ ഈജിപ്തു് മുതലായ നാട്ടുകളിലുള്ളതുപോലെയുള്ള വെറുപ്പ് ഇവിടെ ഇല്ല എന്നതു് എടുത്തു പറയത്തക്കതത്രെ.

## ഗാബോൺ

പശ്ചിമാഫ്റിക്കയിൽ അത്ലാൻന്തിക് തീരത്തു് കാമറൂൺ ഗണതന്ത്രത്തിന്നു തെക്കായി, കിഴക്കും തെക്കും കോംഗോ ഗണതന്ത്രത്താൽ വലയം ചെയ്യപ്പെട്ട നാടാണ് ഇപ്പോൾ ഗാബോൺ ഗണതന്ത്രം എന്ന പേരിൽ അറിയപ്പെടുന്നതു്. ഒരു ലക്ഷം ചതുരശ്രമൈലിലേറെ വിസ്തീർണ്ണമുള്ള ഈ ഭൂഭാഗത്തിന്റെ ജനസംഖ്യ നാലുലക്ഷത്തിൽ അല്പം കൂടുതലായുണ്ടു്. സമുദ്രതീരവാസികൾ പാശ്ചാത്യ സമ്പർക്കംകൊണ്ടു് തങ്ങളുടെ പുരാതനത്വം കൈവെടിഞ്ഞു വരികയാണ്. ഈ നാടിന്റെ തലസ്ഥാനം ലിപ്പോർവിൽ (Liporwille) ആണ്,

ആരംഭത്തിൽ ഈ നാടു ഭരിച്ചിരുന്നതു് ഒരു നാട്ടു രാജാവായിരുന്നു. പിന്നീട് നാട്ടിൻെറ സംരക്ഷണച്ചുമതല ഏല്ക്കുന്നതിന്നു് ഫ്റഞ്ചുകാരെ ഏല്പിച്ചിട്ടു്

രാജാവ് അധികാരം ഒഴിഞ്ഞു. 1939 വരെ ഫ്റാൻസിൻെറ സംരക്ഷണയിൽ ഇരുന്നിട്ട് അതിന്നു ശേഷം അതു് ഫ്റൗൻസിൻെറ വകയായിത്തീൎന്നു. ഗാബോണിന്റെ ദക്ഷിണഭാഗം ഭരിച്ചുപോന്ന ഒരു രാജാവ് ഫ്റാൻസുമായി ഇങ്ങനെ ഒരു ഉടമ്പടി ചെയ്തു. 1890–ൽ ഗാബോൺ ഫ്റഞ്ചു കോംഗോയുടെ ഒരു ഭാഗമായിത്തീൎന്നു. 1910–നും 1958–നും മദ്ധ്യേയുള്ള കാലഘട്ടത്തിൽ അതു് ഫ്റഞ്ചു് മദ്ധ്യാഫ്റിക്കയുടെ ഒരു ഭാഗമായിരുന്നു. 1859 നവമ്പറിൽ ഗാബോണിൽ വച്ചു ചേൎന്ന ദേശീയസഭ അതിനെ ഫ്രഞ്ചു് കമ്മ്യൂണിറ്റി (The French Community) യിലടങ്ങിയ ഒരു സ്വതന്ത്രഗണരാജ്യമായി പ്രഖ്യാപിച്ചു. അതേ വൎഷം തന്നെ ഗാബോൺ പാർലിമെൻററിസ്ഥാനത്തിലുള്ള ജനാധിപത്യഭരണസമ്പ്രദായം സ്വീകരിച്ചതായും അറിയിക്കപ്പെട്ടു.

ഗാബോണിൻെറ ഇപ്പോഴത്തെ പ്രസിഡൻറു് ലിയോൻമ്പാ (LeonMba) യാണു് ഈ നാട്ടിനെ സംരക്ഷിക്കുന്ന ചുമതല ഫ്റാൻസിനായതുകൊണ്ടു് അവിടെ പ്രത്യേകിച്ചു് സൈന്യങ്ങളൊന്നുമില്ല.

ഫ്രഞ്ചു് മദ്ധ്യാഫ്റിക്കയുടെ ഒരു ഭാഗമായിരുന്ന മദ്ധ്യാഫ്റിക്കാ ചാഡ്, കാംഗോ, ഗാബോൺ എന്നീ നാലു് ഗണതന്ത്രരാജ്യങ്ങളും ഒന്നു ചേൎന്ന ഒരു സാമ്പത്തിക ഭദ്രതയുള്ളതു് ഗാബോണായിരുന്നു. അതു കൊണ്ടു് അതു് ഈ മുന്നണി ഉപേക്ഷിക്കുകയാണു് ചെയ്തതു്.

## കാമറൂൺ

ഈ നാട്ടിന്റെ വടക്കുഭാഗത്ത് ചാഡ്തടാകവും തെക്കും കിഴക്കും സ്പാനിഷ്ഗിനി, ഗാബോൺ മുതലായ നാട്ടുകളും വടക്കു പടിഞ്ഞാറു് നൈജീറിയയും സ്ഥിതി ചെയ്യുന്നു, ഇതും അത്ലാന്തിക് സമുദ്രതീരപ്രദേശം തന്നെയാണ്. കാമറൂൺ എന്ന നദിയോടു ചേർന്നു കിടക്കുന്നതുകൊണ്ടാണു് ഈ നാട്ടിന്നു് ഈ പേരു കിട്ടിയതു്, ഇവിടത്തെ ജനങ്ങളിൽ അധികം പേരും ബാണ്ടുകളും ഹമൈറ്റുകളുമത്രെ. യൗണ്ഡോ (Yaounde) യാണു് ഈ നാട്ടിന്റെ തലസ്ഥാനം.

കാമറൂൺ നദിയുടെ അഴിമുഖവും അതിനടുത്തുള്ള പ്രദേശങ്ങളും ആദ്യമായി കണ്ടു പിടിച്ചതു് ഫെർനാഡോപോ (Fernado po) എന്ന പോർട്ടുഗീസുകാര

നായിരുന്നു (15-ാന്നൂറാണ്ടു്) പക്ഷേ യൂറോപ്യന്മാരുടെ കുടിയേറിപ്പാറ്റ് ഇവിടെ സ്ഥിരപ്പെട്ടതു് പതിനേഴാം നൂറ്റാണ്ടിലായിരുന്നു. പോർട്ടുഗീസുകാർക്കുശേഷം ഡച്ചുകാരും പിന്നീടു് ബ്രിട്ടീഷുകാരും ഇവിടെ വന്നുചേൻു. ആദ്യമൊക്കെ ബ്രിട്ടീഷുകാര് ഇവിടെ കുടിയേറിപ്പാക്കുന്നതിനു അറച്ചു, പക്ഷേ കാമറൂണിലെ പല നാട്ടുരാജാക്കന്മാരും ബ്രിട്ടീഷ് സംരക്ഷണത്തിന് അഭിലഷിച്ചു. ഒടുവിൽ 1883-ൽ കാമറൂണിനെ സാമ്രാജ്യത്തോടു സംയോജിപ്പിക്കുന്നതിനുവേണ്ട ഏൎപ്പാടുകൾ ചെയ്യുന്നതിനു° ബ്രിട്ടീഷ് ഗവണ്മെന്റ് പ്രതിനിധികളെ അയച്ചു പക്ഷേ അവർ കാമറൂണിലെത്തിച്ചേരുന്നതിനു് അഞ്ചു ദിവസം മുമ്പ് ജർമ്മൻകാർ അവിടെവന്നു് ആ നാടിനെ പിടിച്ചടക്കി അവരുടെ സാമ്രാജ്യത്തോടു സംയോജിപ്പിച്ചു. ഇങ്ങനെ കാമറൂൺ ജർമ്മനിയുടെ ഭരണത്തിൻ കീഴിലായി.

പക്ഷേ ഒന്നാം ലോകമഹായുദ്ധം ആരംഭിച്ച ഉടൻ തന്നെ ഇംഗ്ലീഷുകാരും ഫ്രെഞ്ചുകാരും ജർമ്മൻ കാമറൂൺ ആക്രമിച്ചു ജയിച്ചു് തങ്ങളുടെ അധീനത്തിലാക്കി. യുദ്ധം അവസാനിച്ച ഉടൻ തന്നെ സാർവ്വദേശീയ സംഘടന ചെയ്ത വ്യവസ്ഥയനുസരിച്ചു് കാമറൂൺ ആ രണ്ടു ദേശങ്ങൾക്കുമിടയിൽ വിഭജിക്കപ്പെട്ടു. ആ വിഭജനത്തിൽ തെക്കുള്ള വലിയ പങ്കു് ഫ്രെഞ്ചുകാൎക്കും വടക്കുഭാഗം ബ്രിട്ടീഷുകാൎക്കും ലഭിച്ചു.

ഈ സ്വതന്ത്രഭരണത്തിൽ കഴിഞ്ഞുകൂടിയ കാമറൂൺ രണ്ടാം ലോകയുദ്ധം അവസാനിച്ചതുമുതൽ (1946 ഡിസംബർ) സാർവദേശീയ ട്രസ്റ്റീഷിപ്പ് ഭരണത്തിലായി. പക്ഷേ ആ ഭൂഭാഗത്തിൻെറ താല്ക്കാലികമോ, നിരന്തരമോ ആയ രാഷ്ട്രീയപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതു് അത്ര എളുപ്പമുള്ള കാൎയ്യമായിരുന്നില്ല. ഈ

രണ്ടു കാമറൂണുകളിൽ ബ്രിട്ടീഷ് കാമറൂൺ സമാധാനപരവും ഫ്റഞ്ചുകാമറൂൺ അച്ചടക്കമില്ലാത്തതുമായ രാഷ്ട്രീയ ജീവിതം നയിക്കാൻ തുടങ്ങി. ഫ്റഞ്ചുകാമറൂൺ 1948-ൽ ഒരു ദേശീയവിപ്ളവം നടന്നു; പക്ഷേ അതു് അപ്പോൾ തന്നെ ബലപ്രയോഗത്താൽ അടക്കപ്പെട്ടു.

ഫ്രാൻസിനും ഫ്രഞ്ചുകാമറൂണിനും തമ്മിലുണ്ടായിരുന്ന പകമൂത്തു് 1956-ൽ കാമറൂൺ ഫ്റാൻസിനോടു നിസ്സഹകരണം പാലിക്കുകയും അതിനു പൂർണ്ണസ്വാതന്ത്ര്യം ആവശ്യപ്പെടുകയും ചെയ്തു. 1958-ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ച ഒരു പ്രമേയമനുസരിച്ചു് കാമറൂണിനു ഉടൻ തന്നെ സ്വാതന്ത്ര്യം നൽകാൻ തീരുമാനിക്കപ്പെട്ടു. 1958 നവംബറിൽ അമേരിക്കയിലെ ഐക്യനാടുകൾ ന്യൂസീലാൻഡ് ഇന്ത്യാ ഹൈററി എന്നീ നാടുകളിൽ നിന്നു ഒരു പ്രതിനിധിസംഘം കാമറൂണിൽ ചെന്നു് ആ നാട്ടിന്റെ രാഷ്ട്രീയമായ പുരോഗമനത്തെയും സ്വാതന്ത്ര്യം പ്രാപിക്കുന്നതിനു അതിനുള്ള യോഗ്യതയെയും പററി ആരാഞ്ഞു് ഒരു പ്രസ്താവന പുറപ്പെടുവിച്ചു. 1960 ജനുവരി 1-ാംതീയതി കാമറൂൺ സ്വതന്ത്രദേശമായി പ്രഖ്യാപിക്കപ്പെടേണ്ടതാണെന്നും ബ്രിട്ടീഷ് കാമറൂൺ ഫ്റഞ്ചുവിഭാഗത്തോടാണോ, അല്ല നൈജീരിയയോടാണോ ചേരാൻ ആഗ്രഹിക്കുന്നതെന്നറിയാൻ രണ്ടു കാമറൂണുകളിലും ഒരു ജനഹിത പരിശോധന നടത്തേണ്ടതാണെന്നും ആ പ്രസ്താവനയിൽ ആവശ്യപ്പെട്ടിരുന്നു.

ബ്രിട്ടീഷ് കാമറൂൺ തന്നെ ഉത്തരകാമറൂൺ എന്നും ദക്ഷിണകാമറൂൺ എന്നും രണ്ടായി പിരിഞ്ഞു. ഇതിൽ വടക്കേ കാമറൂൺ നൈജീരിയയിൽ ലയിക്കണമെന്നും തെക്കേ കാമറൂണിൽ ചിലർ അതു് ഒരു സ്വത

ന്ത്രനാടായിരിക്കണമെന്നും മററു ചിലർ ഫ്റഞ്ചുകാമ ൂണിനോട്ട് ചേരണമെന്നും അഭിപ്രായപ്പെട്ടതായി ആ പ്രസ്താവനയിൽ സൂചിപ്പിക്കുകയുണ്ടായി.

ഈ അഭിപ്രായവ്യത്യാസങ്ങളുടെ ഫലമായി ഫ്രഞ്ച്കാമരൂൺ 1960-ാം മാണ്ട് പിറക്കുന്ന ദിവസം തന്നെ ഒരു സ്വതന്ത്രകാമരൂൺ ഗണതന്ത്രരാജ്യമായിത്തീന്നു. ആ വഷം ഏപ്രിലിൽ അഹമ്മദ് അഹിജ്ജോ (Ahmad Ahijjo) അതിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

ബ്രിട്ടീഷ് കാമരൂണിൽ നടന്ന ജനഹിത പരിശോധനയിൽ ഉത്തരഭാഗം നൈജീരിയയോടും ദക്ഷിണഭാഗം കാമരൂൺ ഗണതന്ത്രരാജ്യത്തോടും ചേരുന്നതിന്നു സമ്മതിച്ചു. വടക്കെ ബ്രിട്ടീഷ് കാമരൂൺ 1961 ജൂൺ 1-ാം തീയതി നൈജീരിയയിലും ദക്ഷിണഭാഗം 1961 ഒക്ടോബർ ഒന്നാം തീയതി കാമരൂൺ ഗണതന്ത്രത്തിലും ലയിച്ചു.

# നൈജീരിയ

ആഫ്രിക്കയുടെ വടക്കു പടിഞ്ഞാറു ഭാഗത്താണു് നൈജീരിയ കിടക്കുന്നതു്; ഇതു് ഒരു വലിയദേശമത്രെ. ബ്രിട്ടന്റെ നാലിരട്ടി വലുതു്—അതായതു് ഏകദേശം ഇന്ത്യയുടെ വിസ്തീർണ്ണം അതിനുണ്ടു്. ഇതിന്റെ തലസ്ഥാനം ലാഗോസ് (Lagos) ആണു്. ഇതിന്റെ പടിഞ്ഞാറുഭാഗത്തു് ദഹോമിയും വടക്കു് നൈജരും കിഴക്കു് കാമരൂണും സ്ഥിതിചെയ്യുന്നു. വാഴ, ചോളം, കാപ്പി, നെല്ലു്, റബ്ബർ പുകയില കൊക്കോ, നിലക്കടല മുതലായവയാണു് ഇവിടത്തെ വിളവുകൾ. തോലും തടയും ധാരാളം കയററുമതി ചെയ്യപ്പെടുന്നു.

ബ്രിട്ടീഷുകാരുടെ വരവിനുമുമ്പു് ഈ നാട്ടിന്റെ വിശദമായ ചരിത്രം ആർക്കും അറിയാൻപാടില്ലായിരുന്നു. അതിനു പടിഞ്ഞാറുള്ള ഘാനയോടും മദ്ധ്യധരണിക്കടെ

ലിന്റെ തീരത്തുള്ള രാജ്യങ്ങളോടും അതു് സമ്പക്കം പുലത്തിപ്പോന്നിരുന്നു. പതിനഞ്ചാം നൂററാണ്ടിനോടടുപ്പിച്ചു് ഇവിടെ മഹമ്മദുമതം വ്യാപിച്ചു, ദക്ഷിണനൈജീരിയയിൽ ഇദംപ്രഥമമായി പോർട്ടുഗീസുകാർ അടിമവ്യാപാരകേന്ദ്രങ്ങൾ സ്ഥാപിച്ചു. മൂന്നു ശതവത്സരക്കാലം യൂറോപ്യൻനാട്ടുകളെല്ലാം ഈ വ്യാപാരം നടത്തുകയുണ്ടായി. ബ്രിട്ടീഷുകാർ 1887-ൽ അടിമവ്യാപാരം നിയമവിരുദ്ധമാക്കി പ്രഖ്യാപിച്ചു. 1914-ൽ ലാഗോസിനു ചുററുമുള്ള അവരുടെ കോളനികളെ ഒന്നു ചേത്തു് നൈജീരിയാസംസ്ഥാനം സ്ഥാപിച്ചു. ലഗോഡ്‌വരെ 1861ൽ തന്നെ ഒരു തരം പ്രാതിനിധ്യസ്വഭാവമുള്ള ഭരണം നിലവിലുണ്ടായിരുന്നു. 1946-ൽ നൈജീരിയക്കു മുഴുവനുമായി ഒരു ഭരണഘടന നിമ്മിക്കപ്പെട്ടു. അതനുസരിച്ചു് ഒരു കേന്ദ്രനിയമസഭയും വടക്കും കിഴക്കും പടിഞ്ഞാറുമുള്ള സംസ്ഥാനങ്ങൾക്കു് സംസ്ഥാനസഭകളുമുണ്ടായി. ഈ സംസ്ഥാനനിയമസഭകളുടെ ഘടനയും പ്രവത്തനരീതികളും വെവ്വേറായും ചിലപ്പോഴൊക്കെ പരസ്പരം വ്യത്യസ്തവുമായിരുന്നു. അതു കൊണ്ടു് നൈജീരിയയുടെ വിവിധഭാഗങ്ങൾക്കു് ഒരു സാമാന്യ ജീവിതബോധമോ ഒരു സാമാന്യലക്ഷ്യമോ ഉണ്ടായിരുന്നില്ലെന്നു സ്പഷ്ടമാകുന്നുണ്ടു്. സംസ്ഥാനങ്ങൾക്കു് വൻതോതിലുള്ള സ്വയംഭരണാധികാരം നൽകിയാലല്ലാതെ അവക്കും കേന്ദ്രത്തിലെ സംയുക്തഭരണകൂടത്തിനും തമ്മിലുണ്ടാകുന്ന അഭിപ്രായഭേദങ്ങൾ നീങ്ങുകയില്ലെന്നും തെളിഞ്ഞു. ഈ അവസ്ഥക്കു് ഒരു സ്ഥായിയായ പരിഹാരം കണ്ടെത്തുന്നതിനും 1953-54-ൽ ലണ്ടനിലും ലാഗോസിലും ഓരോ രാഷ്ട്രീയ സമ്മേളനം ചേന്നു് അതിൽ പങ്കെടുത്ത നേതാക്കന്മാർ പല കൂടിയാലോചനകൾ നടത്തി. തൽഫലമായി 1954-ൽ ഒരു പുതിയ ഭരണഘടന രൂപം പൂണ്ടു. സംസ്ഥാനങ്ങളുടെ സ്വയംഭരണാധികാരങ്ങൾ വർ

ദ്ധിച്ചു. 1957-ൽ കിഴക്കും പടിഞ്ഞാറുമുള്ള സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വയം ഭരണാധികാരങ്ങൾ ലഭിച്ചു. സംയുക്തഭരണ സർക്കാരിൽ ഒരു പ്രധാനമന്ത്രിയെ നിയമിക്കുന്ന സമ്പ്രദായവും നടപ്പിൽ വന്നു. 1957-ൽ നൈജീരിയയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചു നടന്ന ചർച്ചകളുടെ ഫലമായി 1960-ൽ തന്നെ നൈജീരിയ സ്വതന്ത്രമാകേണ്ടതാണെന്നു തീരുമാനിക്കപ്പെട്ടു. 1960 ഒക്ടോബറിൽ അതു് ഒരു സ്വതന്ത്രനാടായി. ഇതിന്റെ സംയുക്തഭരണകൂടത്തിന്റെ പ്രധാനമന്ത്രിയായി അൽഹാജി സർ അബൂബക്കർ തവാഫാ ബലേവാ (Al Haji-sir Abubaker Tawafa Balewa) നിയമിക്കപ്പെട്ടു. അദ്ദേഹം നൈജീരിയ അതിന്റെ സാർവ്വദേശീയ ബന്ധങ്ങളിൽ നിഷ്പക്ഷത പാലിക്കുമെന്നും എല്ലാ ദേശങ്ങളോടും മൈത്രി പുലർത്തുമെന്നും പ്രസ്താവിക്കുകയുണ്ടായി. ജനകീയ (കമ്മ്യൂണിസ്റ്റു) ചൈനയെ ഐക്യരാഷ്ട്രസംഘടനയിൽ ഒരംഗമായി ചേർക്കണമെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. സോഷ്യലിസ്റ്റു സിദ്ധാന്തങ്ങൾ വിശ്വസിക്കാത്ത ആളാണു് അദ്ദേഹം. നൈജീരിയ പ്രസിഡന്റായ നാംഭിഅസികിവേ ((Nnamdi-Azikive) സാധാരണ ജനങ്ങളുടെ ജീവിതത്തോടു ബന്ധപ്പെട്ട എല്ലാ പരിശ്രമങ്ങളെയും ദേശസാൽക്കരിക്കുന്നതാണു് സോഷ്യലിസ്റ്റു സിദ്ധാന്തം എന്നു് അതിനു് ഒരു വിശദീകരണം നൽകി. പക്ഷേ 1959നുമുമ്പുള്ള ഒരു വ്യവസായവും ദേശസാൽക്കരിക്കപ്പെട്ടുകയില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.

# ദഹോമി

വടക്ക് നൈജർനദി, കിഴക്ക് നൈജീരിയാ പടിഞ്ഞാറു് ടോഗോ, തെക്ക് അത്‌ലാന്തിക് സമുദ്രം എന്നിവയാൽ വലയം ചെയ്യപ്പെട്ടതാണ് ദഹോമിഗണരാജ്യം. ഇതിന്റെ തലസ്ഥാനം പോർട്ടൂ് നോവോയാണ്.

ഇതിൻെറ ചരിത്രം 17-ാം നൂററാണ്ടുമുതൽ ആരംഭിക്കുന്നതായി കാണാം. അക്കാലത്തു് അല്ലാഡാ (അർത്രാമ) എന്ന പേരുകേട്ട ഒരു നാട്ടുരാജ്യമുണ്ടായിരുന്നു. അതിൻെറ രാജാവിൻെറ മരണശേഷം രാജ്യത്തെ അദ്ദേഹത്തിൻെറ മൂന്നു പുത്രന്മാരും മൂന്നായി വിഭജിച്ചു ഭരിച്ചു. ഒടുവിൽ അവരിൽ ഒരാൾ ദഹോമി രാജ്യം സ്ഥാപിച്ചു.

പുരാതനകാലത്തെ നീഗ്രോകളുടെ പല ക്രൂരമായ ആചാരങ്ങൾ അടുത്തകാലം വരെ നിലനിന്നുപോന്നിരുന്നു. രാജാവു് മരിച്ചാൽ അസംഖ്യം പ്രജകളെയും കൊ

ന്ന് അദ്ദേഹത്തിൻെറ ജഡത്തോടുകൂടി സംസ്കരിച്ചുപോന്നിരുന്നു. ആ രാജാവിൻെറ മറുജന്മത്തിൽ അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിന്നു വളരെ ഭാര്യമാരും ഭൃത്യന്മാരും ആവശ്യമുണ്ടായിരിക്കും എന്നായിരുന്നു അവരുടെ വിശ്വാസം. പണ്ടെക്കാലത്തെ ദഹോമി രാജാവിൻെറ സൈന്യങ്ങളിൽ കൂടുതലും സ്ത്രീസൈന്യങ്ങളായിരുന്നു. നാട്ടിലെ സ്ത്രീകളിൽ കാൽഭാഗത്തിലേറെ സൈന്യസേവനം അനുഷ്ഠിച്ചു പോന്നിരുന്നു.

അടിമക്കച്ചവടത്തിനായ് ഫ്രാൻസും പോർട്ടുഗീസും ബ്രിട്ടനും ജർമ്മനിയും അവിടെ വന്നുചേർന്നു: പക്ഷേ വടക്കുപടിഞ്ഞാറേ ആഫ്രിക്കയിൽ ഒട്ടുമുക്കാലും സംഭവിച്ചതുപോലെ ഇവിടെയും ഫ്രഞ്ചുകാരാണ്‌ ആധിപത്യം സ്ഥാപിച്ചതു്.

19-ാം നൂററാണ്ടിൻെറ അവസാനഘട്ടത്തിൽ അടിമവ്യാപാരത്തിന്നായ് അവിടെ ചെന്നുചേർന്ന ഫ്രഞ്ചുകാർ 1892-ൽ നാടുആക്രമിച്ചു കീഴടക്കി ആ വ്യാപാരം അവസാനിച്ചപ്പോൾ അവർ മററു ചില വ്യാപാരങ്ങൾ ആരംഭിച്ചു. 1956-57 ൽ ആ നാട്ടിൻെറ ഭരണസമ്പ്രദായത്തിൽ ചില മാററങ്ങളുണ്ടായി വയോജനസമ്മതിദാനാവകാശം നടപ്പിലായി; 1960-ൽ ഈ നാട് ഫ്രഞ്ചുകമ്മ്യൂണിററിയിലെ ഒരു പൂർണ്ണസ്വതന്ത്രദേശമായിത്തീർന്നു.

ദഹോമിയിലെ അത്‌ലാന്തിക് സമുദ്രതീരത്തു് ഏകദേശം ഒരു ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഒരു ദ്വീപിൽ പോർട്ടുഗീസുകാർ ഒരു കോട്ട കെട്ടിയിരുന്നു.(1680) ആ ദ്വീപിൽ അടിമക്കച്ചവടവും ദന്തവ്യാപാരവും നടത്തിയിരുന്നു. 1960-ൽ ദഹോമി ഗവണ്മെൻറു് അവിടെ നിന്നു് പോർട്ടുഗീസുകാരെ പുറത്താക്കിയിട്ടു് അതിനെ തൻെറ രാജ്യത്തോടുചേർത്തു.

# ടോഗോലാൻഡ്

വടക്കു പടിഞ്ഞാറെ ആഫ്രിക്കയുടെ തെക്കുഭാഗത്തായ് വിസ്താരം കുറഞ്ഞു് ദീർഘാകൃതിയിൽ കിടക്കുന്ന ഭൂഭാഗമാണു് ടോഗോലാൻഡ്. ഇതിന്റെ വിസ്താരം കുറഞ്ഞ തെക്കേ അററം അത്ലാന്തിക് സമുദ്രത്തോടു ചേർന്നു കിടക്കുന്നു. ആഫ്രിക്കൻ നാടുകളിൽ ഏററവും ചെറുതു് ഈ രാജ്യമത്രെ.

കഴിഞ്ഞ നൂററാണ്ടിന്റെ പശ്ചിമാദ്ധ്യത്തിൽ ജർമ്മനിയുടെ സ്വാധീനശക്തി ഇവിടെ ഉറച്ചു കഴിഞ്ഞിരുന്നു. അവർ ഇങ്ങനെ ഒരു പ്രതിരോധ ദേശമായ് കരുതപ്പെട്ടിരുന്നു. ബ്രിട്ടനും ഫ്റാൻസും 1886-ൽ ഈ നില അംഗീകരിച്ചു. പക്ഷേ : ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ ആ രണ്ടു നാടുകളും ചേന്നു് ആ നാടു്

കൈയടക്കി[1] ഇങ്ങനെ രണ്ടു ദേശങ്ങളുടെയും ഒരുമിച്ചുള്ള ആധിപത്യം ആ നാട്ടിന്റെ ഭാവിനന്മയെ ബാധിച്ചു.

1922-ൽ സാർവ്വദേശീയ സംഘടന ഇതിനെ രണ്ടായി വിഭജിച്ചു് പടിഞ്ഞാറുള്ള ചെറിയഭാഗം ബ്രിട്ടന്റെയും കിഴക്കു കിടക്കുന്ന വലിയഭാഗം ഫ്റാൻസിന്റെയും സംരക്ഷണത്തിലാക്കി. ഈ വിഭജനം ടോഗോലാൻഡിന്റെ പ്രകൃതി വിഭവങ്ങളെയും ജനങ്ങളുടെ വർഗ്ഗവ്യത്യാസങ്ങളെയും അല്പവും കണക്കിലെടുക്കാതെ നടത്തിയതാണു്.

1946-ൽ ഈ രണ്ടു വിഭക്തപ്രദേശങ്ങളും ഐക്യരാഷ്ട്രസഭയുടെ മേൽനോട്ടത്തിലായി. ബ്രിട്ടൻ ഭരിച്ചുപോന്നിരുന്ന പശ്ചിമഭാഗം എല്ലായിപ്പോഴും അതിനരികിൽ കിടക്കുന്ന ഗോൾഡ് കോസ്റ്റിന്റെ (ഘാനാ) ഒരു ഭാഗമായ് നിലനിന്നുപോന്നിരുന്നു. അതു കൊണ്ടു് ആഫ്റിക്കയിൽ ദേശീയ പ്രസ്ഥാനം ആരംഭിച്ചു് പല നാട്ടുകളും സ്വാതന്ത്ര്യം സമ്പാദിക്കുന്ന നിലയിലായപ്പോൾ ബ്രിട്ടീഷ് ടോഗോലാൻഡിനെ ഘാനയോടു സംയോജിപ്പിക്കുകയാണു ചെയ്തതു്; (1957 മാർച്ച്)

ഫ്റഞ്ചു് ടോഗോലാൻഡ് വേറിട്ടു നിന്നു അതിനെ ഫ്റാൻസിന്റെ പശ്ചിമാഫ്റിക്കൻ നാട്ടുകളിൽ ലയിപ്പിക്കാതെ പ്രത്യേക നാടായി സംരക്ഷിച്ചുപോന്നു. 1956-ൽ ഫ്റഞ്ചുഗവണ്മെന്റു് അതിന്റെ ഭരണത്തിൻകീഴിലിരുന്ന ടോഗോലാൻഡിനു് പൂർണ്ണസ്വാതന്ത്ര്യം നൽകി. പക്ഷേ ഈ നടപടികൾ ഐക്യരാഷ്ട്രസഭയോടു ആലോചിക്കാതെ എടുത്തതുകൊണ്ടു് പലരും അതിനെ എതിർത്തു. അതിനെത്തുടന്നു് ഐക്യരാ

1 ഈ സമരത്തിൽ (1914-18) ബ്രിട്ടനും ഫ്റാൻസും ഒരു ഭാഗത്തും ജർമ്മനി മറുഭാഗത്തുമായ് യുദ്ധം ചെയ്തു.

ഷ്ട്രസഭ അവിടെ ഒരു ജനഹിതപരിശോധന നടത്തി. ജനങ്ങൾ തങ്ങളുടെ നാട്ടിനു് പൂർണ്ണസ്വാതന്ത്ര്യമാണു് ആവശ്യമെന്നു് അഭിപ്രായം രേഖപ്പെടുത്തി. (1958)

ഈ സന്ദർഭത്തിൽ ടോഗോലാൻഡ് ജനങ്ങളുടെ നേതാവു് സില്വാനാസ് ഒളിംപിയോ ((Sylvanus-Olympio) ആയിരുന്നു. ഇദ്ദേഹം ഒരു തവണ ഐക്യരാഷ്ട്രസഭയുടെ മുമ്പാകെ തന്റെ നാട്ടിന്റെ സ്വാതന്ത്ര്യത്തിന്നായ് വാദിച്ചിരുന്നു. അതുകൊണ്ടു് 1958-ൽ ഇദ്ദേഹം തന്നെ ടോഗോലാൻഡിന്റെ ഒന്നാമത്തെ പ്രധാനമന്ത്രിയായ് നിയമിക്കപ്പെട്ടു. ഈയിടെ ഡാക്ടർ ഒളിംപിയോ കൊല്ലപ്പെട്ടു. അതിനുശേഷം ഗ്രുനിട്സ്കി (Gurunitsky) അവിടത്തെ നേതാവായി, 1960 ഏപ്രിൽ ഈ നാട്ടു് സ്വതന്ത്രമായി.

ആഫ്റിക്കയിൽ യൂറോപ്യൻദേശങ്ങളുടെ പിടി അയഞ്ഞാൽ അവിടത്തെ ജനങ്ങളുടെ പ്രശ്നങ്ങളിൽ ഒരെണ്ണമേ പരിഹരിക്കപ്പെടുകയുള്ളു. മററുള്ളവ എന്നും ഉപദ്രവം ഉണ്ടാക്കിക്കൊണ്ടിരിക്കും എന്ന നില ടോഗോലാൻഡിനെ സംബന്ധിച്ചും ഒരു തികഞ്ഞ സത്യമായിരുന്നു ഒളിംപിയോ. പശ്ചിമ ടോഗോലാൻഡിനെ ഘാനയിൽ ലയിപ്പിക്കുന്നതിനെ ശക്തിയായ് എതിർത്തു. ഇതിന്നു വിപരീതമായ് ഘാനാപ്രസിഡന്റായ എൻക്രൂമ ടോഗോലാൻഡ് മുഴുവനും ഘാനയോടു് ചേരേണ്ടതാണെന്നു വാദിക്കുന്നു. ഇങ്ങനെ വെള്ളക്കാർക്കും കറുപ്പുനിറക്കാർക്കുതമ്മിലുണ്ടായ കലഹങ്ങൾ നീങ്ങി ഇപ്പോൾ അയൽപക്കക്കാരായ കറുപ്പ് നിറക്കാർ തന്നെ പരസ്പരം കലഹിച്ചുകൊണ്ടിരിക്കുകയാണു്. ഇത്തരം കലഹങ്ങൾ എത്തിയോപ്യാ സോമാലിയക്കും ടുനീഷ്യാ ഈജിപ്റ്റിന്നും തമ്മിൽ നടന്നു വരുന്നതു് ശ്രദ്ധേയമാണു്.

# ഘാന

വടക്കു പടിഞ്ഞാറെ ആഫ്രിക്കയിൽ അററ്ലാന്റിക് തീരത്തുള്ള ഗണതന്ത്ര രാജ്യങ്ങളിൽ ഒന്നാണ് ഘാന. ഇതു് മുമ്പ് ഗോൾഡ്കോസ്റ്റ് എന്ന ഒരു വലിയ ബ്രിട്ടീഷ് കോളനിയായിരുന്നു. ഇതിനു് കിഴക്കു് ഐവറികോസ്റ്റും വടക്കു് മേൽവോൾട്ടയും കിഴക്കു് ടോഗോലാൻഡുമാണ് ഇതിനെ വലയം ചെയ്തുകിടക്കുന്നതു്. ഘാനയുടെ വിസ്തീർണ്ണം ഒരു ലക്ഷം ചതുരശ്രമൈലിൽ അല്പം കുറവാണ്. ജനസംഖ്യ ഏകദേശം 67 ലക്ഷമത്രെ. കൃഷിയും ഖനനത്തൊഴിലുമാണ് ഭൂരിപക്ഷം ജനങ്ങളുടെയും ഉപജീവനമാർഗ്ഗം. ഇവിടത്തെ ഔദ്യോഗികഭാഷ ഇംഗ്ലീഷത്രെ.

ഘാനയുടെ പുരാതന ചരിത്രം ആർക്കും വ്യക്തമായി അറിഞ്ഞുകൂടാ. വടക്കു പടിഞ്ഞാറെ ആഫ്രിക്കയിൽ ക്രിസ്ത്വബ്ദം പത്താംനൂററാണ്ടിൽ ഘാന എന്ന ഒരു

സാമ്രാജ്യം വലിയ കീർത്തി നേടിയിരുന്നതായി പറയപ്പെടുന്നു. അതു് അന്നാട്ടിലെ ജനങ്ങളുടെ പരമ്പരാഗതമായ നേട്ടമായിരുന്നു എന്ന അഭിപ്രായത്തെ മുൻനിർത്തി ഗോൾഡ്കോസ്റ്റിൽ നിന്നു് ബ്രിട്ടീഷുകാർ ഒഴിഞ്ഞപ്പോൾ അതിന്റെ ഭരണകർത്താക്കൾ അതിന്നു 'ഘാന' [1] എന്ന പേരിട്ടു. ഘാനയുടെ വടക്കുള്ള അഷാൻടി (Ashanti) നാട്ടുവാഴികൾ ഘാനയുടെ ആത്മപ്രശംസയെ വെറുക്കുന്നു. അഷാൻടിയുടെ പ്രസിഡന്റായ അഷാൻട്ഹൻ തലമേ നാട്ടിന്നനുയോജ്യനായ നേതാവു് എന്നാണു് തന്നെപ്പററിപ്പറയുന്നതു്.

മററു പശ്ചിമാഫ്രിക്കൻ നാട്ടുകളിലെപ്പോലെ ഘാനയിലും ആദ്യമായു് വന്ന യൂറോപ്യന്മാർ പോർട്ടുഗീസുകാരാണു്. അവർ അവിടെ ആദ്യമായു് സ്വർണ്ണവ്യാപാരം ചെയ്തുപോന്നിരുന്നു. അതുകൊണ്ടാണു് ആ പ്രദേശത്തിന്നു ഗോൾഡ്കോസ്റ്റു് (സുവർണ്ണതീരം Gold cost) എന്നു പേരു ലഭിച്ചതു്. പോർട്ടുഗീസുകാർക്കു ശേഷം ഡച്ചുകാരും ജർമ്മൻകാരും ഘാനയിൽ വന്നുവെങ്കിലും പത്തൊമ്പതാം നൂററാണ്ടിൽ അവരെല്ലാപേരും അവിടെ നിന്നു് അപ്രത്യക്ഷമാകുകയും ബ്രിട്ടീഷുകാർ മാത്രം വ്യാപാരികളായും ഭരണകർത്താക്കളായും അവശേഷിക്കുകയും ചെയ്തു. ആരംഭകാലത്തു് ആവിർഭവിച്ച സ്വർണ്ണവ്യാപാരത്തിന്നു കോട്ടം തട്ടുകയാൽ അവിടെ അടിമവ്യാപാരം കടന്നുകൂടി വളരെ അഭിവൃദ്ധിപ്രാപിച്ചു. എങ്കിലും 1807-ൽ ബ്രിട്ടീഷ് ഗവണ്മെൻറു് അടിമക്കച്ചവടം നിയമവിരുദ്ധമായി പ്രഖ്യാപിച്ചശേഷം സത്യസന്ധമായ വ്യാപാരങ്ങൾ നടന്നു പോന്നിരുന്നു.

---

1. 'ഘാനാ ഗിനി എന്നീ രണ്ടു പദങ്ങളുടെയും അർത്ഥം ഒന്നു തന്നെ, അതായതു് സ്വാതന്ത്ര്യദേശം.

ബ്രിട്ടൻ അടിമവ്യാപാരം നിറുത്തൽ ചെയ്തപ്പോൾ അതിനു പ്രോത്സാഹനം നല്കിയും അതിൽ നിന്നു് ആദായമെടുത്തും പോന്നിരുന്ന അഷാൻടികൾ ബ്രിട്ടനുമായി പല സമരങ്ങളും ചെയ്തു. ഈ അഷാൻടിസമരങ്ങളിൽ പൂർണ്ണവിജയം പ്രാപിച്ച ബ്രിട്ടൻ ഗോൾഡ്കോസ്റ്റിനെ ഒരു സംരക്ഷണപ്രദേശമാക്കിത്തീർത്തു. ഒന്നാം ലോകയുദ്ധകാലത്തു് ജർമ്മനിയിൽ നിന്നു പിടിച്ചടക്കിയ ടോഗോലാൻഡിന്റെ പശ്ചിമഭാഗം ഒരു മാൻഡേററ് പ്രദേശമായി ബ്രിട്ടീഷ് കൈവശത്തിലിരുന്നതു്. അതിനു ശേഷം ഐക്യരാഷ്ട്രസഭയുടെ ട്രസ്റ്റീഷിപ്പ് കൌൺസിലിന്റെ അധീനതയിലിരുന്നിട്ടു് ഒടുവിൽ അതു ഘാനായിൽ ലയിക്കപ്പെട്ടു.

1940-നും 1960-നും ഇടയ്ക്കു് ആ നാട്ടു് മററുള്ള ആഫ്രിക്കൻ നാട്ടുകളെ അപേക്ഷിച്ചു് രാഷ്ട്രീയമായി സാമാന്യം പുരോഗമിച്ചിരുന്നുവെങ്കിലും അവിടെയും ജനങ്ങൾക്കു ജനാധിപത്യബോധമോ വിശാലമായ രാഷ്ട്രീയവീക്ഷണമോ കൈവന്നിരുന്നില്ല[1]. രണ്ടാം ലോകമഹായുദ്ധം അവസാനിച്ചശേഷം ഗോൾഡ്കോസ്റ്റിന്റെ സാമ്പത്തികസ്ഥിതി വഷളായതുകൂടാതെ ജനങ്ങളുടെ പ്രധാന വിളവായ കൊക്കോ ഏതോ സാംക്രമികരോഗങ്ങളാൽ നശിച്ചുപോയതുകൊണ്ടു് അവർ വളരെ യാതനകളനുഭവിച്ചു. അക്കാലത്തു് ലണ്ടനിൽ നിന്നു് ഘാനയിൽ വന്നെത്തിയ ക്വാമേ എൻക്രൂമ(Khavme Neen-kurma) ആ പരിതഃസ്ഥിതിയെ നല്ലവണ്ണം പ്രയോജനപ്പെടുത്തി ബ്രിട്ടീഷുഭരണകർത്താക്കൾക്കെതിരായി ഒരു രാഷ്ട്രീയ പാർട്ടി സംഘടിപ്പിച്ചു.

1 ഒരു ജനസമൂഹത്തിനു സ്വാതന്ത്ര്യദാഹമുണ്ടാകുമ്പോൾ തന്നെ ജനാധിപത്യബോധവും ഉണ്ടായിക്കൊള്ളണമെന്നില്ല എന്നതിനു് അടുത്ത കാലത്തെ ആഫ്രിക്കാ ഏഷ്യാഖണ്ഡങ്ങളുടെ ചരിത്രം സാക്ഷ്യം വഹിക്കുന്നു

1948 ഫെബ്രുവരിയിൽ അവിടത്തെ സാമ്പത്തിക സ്ഥിതിയാൽ പൊറുതിമുട്ടിയിട്ട് ജനങ്ങൾ പ്രക്ഷോഭണം ചെയ്തതിൻെറ ഫലമായ് രണ്ടു പേർ മൃതിയടഞ്ഞു. സ്ഥിതിഗതികൾ ഭേദപ്പെടുത്തുന്നതിനായ് ബ്രിട്ടീഷുഗവൺമെൻറ് നിയമിച്ച അന്വേഷണകമ്മററി ഭരണസമ്പ്രദായത്തിൽ ചില പരിഷ്കാരങ്ങൾ വരുത്തുന്നതിനുള്ള ശുപാർശി ചെയ്തു. അതനുസരിച്ച് ഗോൾഡുകോസ്റ്റിൽ ബ്രിട്ടീഷ് ഭരണസമ്പ്രദായം നടപ്പിൽ വരുത്തി. 1951ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ 38 സ്ഥാനങ്ങളിൽ 34 പിടിച്ചടക്കിയ എൻക്രൂമയുടെ കൺവെൻഷൻ ജനകീയ പാർട്ടി (The Convention People's Party) പുതു ഗവൺമെൻറു സ്ഥാപിച്ചു. 1957-ൽ ഘാന സ്വയംഭരണാധികാരമുള്ള ദേശമായി. 1957-ൽ ഗോൾഡുകോസ്റ്റ് ഘാന എന്ന പേരിൽ ഒരു പൂർണ്ണ സ്വാതന്ത്ര്യം പ്രാപിച്ച നാടായി.

1957-ൽ രൂപം പ്രാപിച്ച ഭരണഘടനയനുസരിച്ച് ബ്രിട്ടീഷ് രാജ്ഞിതന്നെ സ്വതന്ത്രഘാനയുടെയും രാജ്ഞിയായി ഭരിക്കപ്പെട്ടതായിരുന്നു. പക്ഷെ 1960-ൽ ഒരു പുതിയ ഭരണഘടന നിലവിൽ വന്നതിൻെറ ഫലമായി ഘാന ഒരു ഗണതന്ത്രരാജ്യമായിത്തീർന്നു. അതനുസരിച്ച് അവിടെ നിയമിക്കപ്പെടുന്ന പ്രസിഡൻറിനു് വലിയ രാഷ്ട്രീയാധികാരങ്ങളുണ്ടായിരിക്കുന്നതാണ്. പ്രധാനമന്ത്രിയുടെ അധികാരങ്ങളും അദ്ദേഹത്തിനുതന്നെയാണു്. പാർലമെൻറിന് അദ്ദേഹത്തിൻെറ മേൽ യാതൊരു നിയന്ത്രണവും കാണുകയില്ല. സ്വതന്ത്രറിപ്പബ്ളിക്കായ ഘാന കാമൺവെൽത്തിൽ ഒരംഗമായ് തുടരുന്നതാണ്.

ഈ പുതിയ ഭരണഘടനയനുസരിച്ച് ഘാനയുടെ പ്രസിഡൻറായിത്തീർന്ന ക്വാമേ എൻക്രൂമ വളരെക്കാലമായി ആഫ്റിക്കയുടെ ഐക്യത്തെപ്പററി സംസാരി

ച്ചുവരികയാണ്. തൻെറ അധികാരത്തിന്നു വിഘ്നം വരുത്തുന്ന എന്തിനെയും ആരെയും അദ്ദേഹം നീക്കം ചെയ്തു കളയുന്നു. പ്രതിപക്ഷനേതാവായ ഡാക്ടർ ജോസഫ് ഡാങ്കുവാ (Dr: Joseph Danguah) രാഷ്ട്രീയരംഗത്തു നിന്നു് മിക്കവാറും തിരോഭവിച്ചു കഴിഞ്ഞു. തന്റെ അഭിപ്രായങ്ങൾക്കു് നിയമപൂർവ്വമായ എതിരഭിപ്രായം രേഖപ്പെടുത്തിയ ന്യായാധിപന്മാരെയും എൻക്രൂമ സ്ഥാനഭ്രഷ്ടരാക്കി. ഇത്തരം ഒരു സർവാധിപത്യത്തിന്നു വേണ്ട നിയമങ്ങളും പുതുതായി നിർമ്മിക്കപ്പെട്ടു. 'ജനാധിപത്യസർവ്വാധിപത്യം' ഇന്നു ലോകത്തു് പല ഭാഗങ്ങളിലും പരീക്ഷിച്ചു വരികയാണു്. അതിൽ ഒന്നു ഘാന തന്നെയാണു്.

എൻക്രൂമയുടെ ആഫ്റിക്കൻ ഐക്യം എന്ന ആശയത്തെ ശക്തിമത്തായി എതിർത്തു വരുന്നതു് അയൽപക്കമായ നൈജീരിയായാണു്. എങ്കിലും ആഫ്റിക്കയിലെ മററു പ്രദേശങ്ങൾ സ്വാതന്ത്ര്യം സമ്പാദിക്കുന്നതിന്നു് ഒരു വഴി കാട്ടിയായും ഒരു പ്രേരണോപാധിയായും തീർന്നിരിക്കുന്നതു് ഘാനയാണെന്ന സംഗതി നിഷേധിക്കാവുന്നതല്ല.

## ഐവറികോസ്ററ്

അത്ലാന്തിക് സമുദ്രതീരത്തുള്ള ഒരു ഉത്തരാഫ്റിക്കൻ ദേശമത്രെ ഐവറികോസ്ററ്. ഇതിൻെറ വടക്ക് മാലിഗണതന്ത്രരാജ്യവും പടിഞ്ഞാറ് കെനിയായും കിഴക്ക ഘാനായുമാണ്. ഇതു മുഖ്യമായും ഒരു കർഷകരാജ്യമാണെങ്കിലും അടുത്തകാലത്തു് കൈത്തൊഴിലുകൾ പലതും ആവിർഭവിച്ചു തുടങ്ങിയിട്ടുണ്ട്. ഇവിടെ ഖനനം ചെയ്യപ്പെടുന്ന രത്നം ഇരുമ്പ്, ചെമ്പ് എന്നിവ ഈ നാടിനെ സമ്പൽസമൃദ്ധമാക്കിത്തീക്കുന്നു.

15-ാം നൂററാണ്ടിൻെറ ആരംഭത്തിൽ പോർട്ടുഗീസുകാരും സ്പാനിഷുകാരും മററുപലരും ഈ നാട്ടിൽ സ്ഥിരമായ് താമസിച്ചു വ്യാപാരം ചെയ്യാനായി വന്നുവെങ്കിലും ഒന്നാം ലോകമഹായുദ്ധകാലത്തു് ഫ്റഞ്ചുകാർ ഇവിടെ വന്നു് അധികാരം കൈയ്ക്കലാക്കി.

ഫ്റഞ്ചുകാർ ഐവറികോസ്റ്റിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന്നായ് അതിനെ മേൽവോൾട്ടയോട് സംയോജിപ്പിച്ചു. (1933) ഫ്റഞ്ചുകാരുടെ ആഫ്റിക്കൻ കാളനികളിൽ ഏററവും സമ്പത്സമൃദ്ധമായത് ഐവറികോസ്ററത്രെ.

രണ്ടാം ലോകമഹായുദ്ധം അവസാനിച്ചപ്പോൾ (1946) ഫ്റഞ്ചുകാർ ഐവറികോസ്ററിനെ തങ്ങളുടെ സമുദ്രപാരസംസ്ഥാനങ്ങളിൽ Overseas Territoies) ഒന്നാക്കി.

1944-ൽ ഫെറിക്സ് ഹൂഫോവെററ് ബോയിംഗ്നി (Ferix Houphouet Boigny) എന്ന നേതാവ് സ്ഥാപിച്ച ഒരു പാർട്ടിയാണ് ഈ നാട്ടിലെ ആദ്യത്തെ രാഷ്ട്രീയ പാർട്ടി. ഐവറി കോസ്റ്റിലെ ജനാധിപത്യ പാർട്ടി എന്നായിരുന്നു അതിന്റെ പേര്. (Patti Democratiquede la cote d' Ivoire)

1946-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഈ പാർട്ടിക്കാണ് ഭൂരിപക്ഷം ലഭിച്ചത്. ആ വർഷം തന്നെ ഫ്രഞ്ചു യൂണിയൻ (French Union) സ്ഥാപിക്കപ്പെടുകയും അതിന്റെ ഘടനയ്ക്കനുയോജ്യമാംവണ്ണം ഫ്റാൻസ് അതിന്റെ സമുദ്രപാര സംസ്ഥാനങ്ങൾക്ക് ചില അധികാരങ്ങൾ നൽകുകയും ചെയ്തു. പക്ഷെ 1949വരെ അധികാരങ്ങൾ നൽകുന്നതിനുള്ള പദ്ധതി നടപ്പിൽ വരാതിരുന്നതുകൊണ്ട് ആ വർഷം ഐവറി കോസ്ററിൽ ഒരു പ്രക്ഷോഭണം നടന്നു. ഫ്രഞ്ചുകാർ അതിനെ മുഴുവൻ ശക്തിയുമുപയോഗിച്ച് പ്രക്ഷോഭണത്തിൽ അടങ്ങിയ ജനാധിപത്യ പാർട്ടിയുടെ നേതാവായ ബോയിഗ്നിയെ ഒഴിച്ച് മറ്റു നേതാക്കന്മാരെ ... തടവിലാക്കി.

1949-നും 58-നും മദ്ധ്യേയുള്ള കാലഘട്ടത്തിൽ ഫ്രാൻസിൽ പല രാഷ്ട്രീയസംഭവങ്ങളുണ്ടായതിന്റെ ഫലമായ് ഭരണകൂടത്തിലും മാററങ്ങളുണ്ടായി. 1953മുതൽ തന്നെ ആഫ്റിക്കയിൽ വൻ തോതിലുള്ള രാഷ്ട്രീയപ്രസ്ഥാനങ്ങൾ ആരംഭിച്ച് തീവ്രഗതിയിൽ പ്രവർത്തിച്ചു കൊണ്ടിരുന്നു. അവസാനം ഇനി തങ്ങൾക്ക് ആഫ്രിക്കയിൽ ഈ ഭരണത്തൊഴിൽ കൊള്ളുന്നതല്ല എന്നു ഭൂരിപക്ഷം യൂറോപ്യൻ ദേശങ്ങളും മനസ്സിലാക്കിക്കഴിഞ്ഞു. 1958-ൽ ഐവറികോസ്ററിൽ നടന്ന ജനഹിതപരിശോധനയുടെ ഫലമായി അതിനെ ഫ്രഞ്ചുകമ്യൂണിററിയിലെ ഒരു സ്വതന്ത്രഗണതന്ത്രദേശമായ് പ്രഖ്യാപിച്ചു. ഭരണഘടനയനുസരിച്ച് പ്രധാനമന്ത്രിയും പ്രസിഡൻറും അവിടെ ഒരാൾ തന്നെയാണ്.

1959-ൽ ദഹോമി, നൈജർ, മേൽവോൾട്ടാ എന്നീ നാട്ടുകളോട്ട് ഐവറികോസ്ററ് ഒരു സംഖ്യമുണ്ടാക്കി. 1960-ൽ അവിടെ നടന്ന തെരഞ്ഞെടുപ്പിൽ ബോയിഗ്സി 98ശതമാനം വോട്ടോടുകൂടി അവിട്ടത്തെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

# ലൈബീരിയ

വടക്കേ പടിഞ്ഞാറെ ആഫ്രിക്കയിൽ സിരാലിയോണും ഐവറികോസ്ററിനും മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്ന ഒരു അററ്ലാന്റിക് തീരസംസ്ഥാനമത്രെ ലൈബീരിയ. 'ലൈബീരിയ' എന്ന പദത്തിന്നു് സ്വാതന്ത്ര്യദേശം എന്നത്രെ അർത്ഥം ഈ നാട്ട് സ്വാതന്ത്ര്യം സമ്പാദിച്ചതും ആ സ്വാതന്ത്ര്യത്തെ ഇപ്പോൾ ആസ്വാദിച്ചുകൊണ്ടിരിക്കുന്നതും ആഫ്റിക്കയുടെ ചരിത്രത്തിലെ അത്ഭുതസംഭവങ്ങളാണ്.

19-ാംനൂററാണ്ടിന്റെ മദ്ധ്യത്തിൽ അമേരിക്കയിൽ നടന്ന ആഭ്യന്തരസമരം അടിമവ്യാപാരത്തിന്റെ നിർമ്മാജ്ജനത്തിലാണു കലാശിച്ചതു്. അസംഖ്യം നീഗ്രോകൾ അപ്പോൾ സ്വതന്ത്രരായി. പക്ഷേ സ്വാതന്ത്ര്യം കിട്ടിയെങ്കിലും ജീവനോപായങ്ങൾ യാതൊന്നും കാണാതെ

യും സ്വതന്ത്രമായ് ജീവിക്കാനാഗ്രഹമില്ലാതെയും കഴിഞ്ഞുകൂടിയിരുന്ന നീഗ്രോകളെ ലൈബീരിയയിൽ കുടിയേറിപ്പാർപ്പിക്കാനാണ് അവസാനമായി തീരുമാനിക്കപ്പെട്ടതു്. അമേരിക്കൻ കുടിയേററസംഘം (The American Colonization Society) എന്ന ഒരു സ്വകാര്യസ്ഥാപനമാണ് ഈ തീരുമാനം ചെയ്തതു്. സിരാലിയോണിനു തെക്കായി പെപ്പർമിൻറ്കോസ്ററ് (Peppermint Coast) എന്ന ഒരു സ്ഥലമുണ്ടായിരുന്നു. അതു് അമേരിക്കയിലെ കോളനിനാട്ടുകൾക്കൊന്നിനും ആവശ്യമില്ലാത്ത ഒരു ചതുപ്പുപ്രദേശമായിരുന്നു, അതിനെയാണ് ഈ സ്വതന്ത്രനീഗ്രോകളുടെ വാസസ്ഥാനമായി തെരഞ്ഞെടുത്തതു്. അവിടെ താമസിച്ചിരുന്ന ആഫ്റിക്കയിലെ സ്വദേശികളോട്ട് പതിന്നാലു പവൻ വിലയുള്ള ചില വസ്തുക്കൾ കൊടുത്തു വാങ്ങിയതായിരുന്നു ആ പ്രദേശം. അങ്ങിനെ അന്ന് അവിടെ കുടിയേറിപ്പാർപ്പിക്കപ്പെട്ട നീഗ്രോകളാണ് പിന്നീട്ട് ലൈബീരിയയിലെ പൗരനാരായിത്തീന്നതു്. ആഫ്റിക്കയിൽ ആദ്യമായ് ആവിർഭവിച്ച ഗണതന്ത്രരാജ്യംലൈബീരിയയായിരുന്നു.

അവിടത്തെ നാട്ടുകാരായ നീഗ്രോകൾക്കും അമേരിക്കയിൽ നിന്നു വന്നു കുടിയേറിപ്പാർത്തവക്കും തമ്മിലുള്ള ഒരു പ്രധാനവ്യത്യാസം ഇതായിരുന്നു: അതായതു് ഒടുവിൽ വന്നവർ ബാഹ്യലോകത്തെ സംഭവവികാസങ്ങളെയും വെള്ളക്കാരുടെ ജീവിതതത്വങ്ങളെയും കുറിച്ച് യാതൊന്നുമറിയാത്തവരായിരുന്നു. നേരത്തെ തന്നെ അവിടെയുണ്ടായിരുന്നവർ അടിമകളായിരുന്നുവെങ്കിലും വെള്ളക്കാരുമായി ഇടപെട്ടുജീവിച്ചുപോന്നതിനാൽ അവരുടെ ജീവിതരീതിയും ആചാരങ്ങളും ശരിക്കു മനസ്സിലാക്കി അവയെ അനുകരിച്ചു തുടങ്ങിയവരായിരുന്നു. അതുകൊണ്ടു് അവർ ലൈബീരിയയിൽ വളരെ എളുപ്പത്തിൽ

സമുദായമേധാവിത്വം കൈക്കലാക്കി; ഇതുപോലെ തന്നെ അടിമത്വത്തിൽ നിന്നു് സ്വാതന്ത്ര്യത്തിലേക്കു കടന്നുവന്ന മറ്റൊരു കൂട്ടരായിരുന്നു സീറാലിയോണിൽ; പക്ഷെ അവരെ രക്ഷിച്ചതു് ബ്രിട്ടീഷുകാരായിരുന്നു, ലൈബീരിയയുടെ സ്ഥാപകർ അമേരിക്കക്കാരും. കോളനികളിൽ അത്ഭുതകരമായ ഒരു സാമൂഹ്യപരിസ്ഥിതി സംജാതമായി. പഴയ നീഗ്രോകൾ സ്വതന്ത്രരായി വന്നവർക്കിടയിൽ ഒരു ഉൽക്കർഷബോധമുണ്ടായി. ഓരോ കൂട്ടരും തങ്ങളെ മറ്റുള്ളവരെക്കാൾ കേമന്മാർ എന്നു കരുതാൻ തുടങ്ങി. ഇതിൽ നിന്നു് യാഥാർത്ഥ്യലോകത്തിനു് തികച്ചും വിപരീതമായുള്ള ഒരു സാമൂഹ്യസ്ഥിതിയായി. അതായതു് അവിടെ പുതിയതായി ഒരു അടിമത്വമനസ്ഥിതി രൂപം പൂണ്ടു. അമേരിക്കയിലെ അടിമത്വത്തിനെതിരായി സമരം ചെയ്തു ജയിച്ചവർ തങ്ങളുടെ മാതൃഭൂമിയായ ആഫ്രിക്കയിൽ ആ അടിമത്വത്തെ പ്രതിഷ്ഠിച്ചു് അതിൽ നിന്നു് ആദായമുണ്ടാക്കാൻ ശ്രമിച്ചതു് ചരിത്രത്തിന്റെ ഒരു വിനോദമായിരുന്നു. ഇങ്ങനെ ലൈബീരിയയിൽ അടിമത്വം നിലനിന്നുപോന്ന വസ്തുത സാർവ്വദേശീയസംഘടനയുടെ ഒരു റിപ്പോർട്ടിൽ പ്രസ്താവിക്കപ്പെട്ടിരുന്നു (1931)

സാമ്പത്തികമണ്ഡലത്തിൽ ലൈബീരിയ പൂർണ്ണമായും അമേരിക്കൻ ഐക്യനാടുകളെ വിശ്വസിച്ചാണു കഴിയുന്നതു്. അവിടെ ഉല്പാദിപ്പിക്കപ്പെടുന്ന റബ്ബറിൽ 95 ശതമാനവും അമേരിക്കയിലെ മോട്ടോർ ടയർ കമ്പനിക്കാരാണു് വാങ്ങുന്നതു്.

ലൈബീരിയയിൽ നടക്കുന്നതു് ഭീകരതയാർന്ന ഒരു സ്വേച്ഛാപ്രഭുത്വഭരണമാണു്. അവിടെ കുടിയേറിപ്പാർത്ത നീഗ്രോകളുടെ അനന്തരഗാമികൾ സ്ഥാപിച്ച ഒരു ര

ഷ്ട്രീയപാർട്ടിയെ മാത്രമേ നിയമപ്രകാരം അവിടെ അനു വദിച്ചിട്ടുള്ളു. അതിന്റെ നേതാവ് വില്ല്യം ടബ്മൻ അ ത്രെ. (William Tubman) അദ്ദേഹം ആ പാർട്ടിയുടെ ആയുഷ്കാലാദ്ധ്യക്ഷനാണ്. തന്റെ നന്മയ്ക്കായിട്ടാണ് നാട്ടു മുഴുവനും നാട്ടുകാരും ജീവിക്കുന്നതു് അല്ലെങ്കിൽ ജീ വിക്കേണ്ടതു് എന്നതാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം. അദ്ദേഹത്തെ വിമർശിക്കുന്നതു് ദേശദ്രോഹമെന്നത്രെ അ ദ്ദേഹം എഴുതിയുണ്ടാക്കിയ ഭരണഘടന അനുശാസിക്കു ന്നതു്.

ഘാന മുതലായ പശ്ചിമാഫ്റിക്കൻ ദേശങ്ങളിലെ നേതാക്കന്മാർ ജനാധിപത്യത്തെക്കുറിച്ചു പ്രസംഗിച്ച് സർവ്വാധിപത്യം നില നാട്ടി വരുകയാണ്. ലൈബീ രിയയിലെ ഭരണ കർത്താക്കൾ ആ [illegible] ലും ഉപേക്ഷിച്ചു് പച്ചയായ സർവ്വാധികാരത്തിൽ വി ഹരിക്കുന്നു. ആഫ്റിക്കയ്ക്കു സ്വാതന്ത്ര്യം നൽകിയാൽ അതു് അരാജകത്വത്തിൽ കലാശിക്കുമെന്നു വാദിക്കാ നാഗ്രഹിക്കുന്നവർക്ക് [illegible] പ്രദമായ [illegible] ഭരണകൂടത്തെ ലൈബീരിയ [illegible] സ്വാതന്ത്ര്യത്തെ [illegible] "ലൈബീരിയയെ [illegible] [illegible] സ്വാതന്ത്ര്യത്തിനു [illegible] താളിടുന്നതിനു ലൈബീരിയ വളരെ [illegible] പ്രയോജനപ്പെടുന്നു.

# സിരാലിയോൺ

ഉത്തരപശ്ചിമാഫ്റിക്കയിലെ ഒരു ചെറുനാടാണ് സിരാലിയോൺ. ഇതിന്റെ വടക്കുംകിഴക്കുമായി ഗിനിയും തെക്കുകിഴക്കെ ലൈബീരിയയും സ്ഥിതി ചെയ്യുന്നു. അത്‌ലാൻറിക് തീരപ്രദേശത്താണ് ഈ നാടിന്റെ കിടപ്പ്. തലസ്ഥാനം ഫ്റീ ടൗൺ (Free Town) അത്രെ. ഇതിനു് ഒരു വലിയ തുറമുഖ പട്ടണമായി വികസിക്കുന്നതിന്നു വേണ്ടത്ര സാദ്ധ്യതകളുണ്ട്. ഇതു അത്ര വളരെ സമ്പത്സമൃദ്ധമായ ദേശമാണെന്നു പറഞ്ഞുകൂടാ. ഇവിടെ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഫൌറാബേ കോളേജ് (Fourah College) ഇംഗ്ലണ്ടിലെ ഡർഹാം സർവ്വകലാശാലയോടു സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു. (Durham-University)

യൂറോപ്യന്മാരോടു പുലർത്തിയ സമ്പർക്കത്തിന്റെ സ്വഭാവത്തിൽ സിരാലിയോണിന്നും ലൈബീരിയയ്ക്കും ത

മ്മിൽ ഒരു ഐകരൂപ്യം കാണുന്നുണ്ട്, അതായതു് ഈ രണ്ടു നാട്ടുകളും സ്വാതന്ത്ര്യം നേടിയ നീഗ്രോകളുടെ ആശ്രയസങ്കേതങ്ങളായിത്തീർന്നിരിക്കുന്നു. പക്ഷേ ലൈബീരിയ ഒരു അമേരിക്കൻ കോളനിയും സിരാലിയോൺ ബ്രിട്ടീഷുകോളനിയുമാണ് എന്നത്രെ ഇവയ്ക്കു തമ്മിലുള്ള വ്യത്യാസം. ബ്രിട്ടീഷ് ഗവണ്മെൻറ് നിയമനിർമ്മാണമൂലം തങ്ങളുടെ സാമ്രാജ്യത്തിൽ അടിമത്വ വ്യവസ്ഥിതി നിർമ്മാർജ്ജനം ചെയ്തിട്ട് ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്ന് ലഭിച്ച അടിമകളെ ഒന്നായിച്ചേർത്തു് ഇവിടെ കുടിയേററിയിരിക്കുന്നു. ഇങ്ങനെ അടിമത്വത്തിൽ നിന്ന് വിമുക്തരായി വന്ന നീഗ്രോകൾ ലൈബീരിയായിലെന്നപോലെ ഇവിടെയും തങ്ങൾക്കുമുമ്പുള്ള കുടിപാർപ്പുകാരെ അടക്കിഭരിക്കുന്നതിനും അവരുടെ മേൽ തങ്ങളുടെ അധികാരം അടിച്ചേല്പിക്കുന്നതിനും ശ്രമിച്ചിരുന്നു. ഇങ്ങനെ അമേരിക്കയിൽ നിന്നു മടങ്ങി വന്നു കുടിയേറിപ്പാർത്ത നീഗ്രോകൾക്ക് ക്രിയോളുകൾ (Creoles) എന്നാണ് പേരു്. ഇവിടെ വെള്ളക്കാർ സംഖ്യയിൽ വളരെ കുറവായതുകൊണ്ടു് വർണ്ണവിവേചനത്തിന്റെ കെടുതികളാണെന്നും ഇനിയും അനുഭവപ്പെട്ടിട്ടില്ല. പക്ഷേ കറുപ്പന്മാർക്കിടയിൽ തന്നെയുള്ള പല വിധ വിവേചനങ്ങൾ മൂലമുള്ള കലഹങ്ങൾക്കു് ഒട്ടും കുറവില്ല.

1951 മുതൽ ഇവിടെ പല രാഷ്ട്രീയപാർട്ടികൾ ആവിർഭവിച്ചിട്ടുണ്ടു്. ഇവയിൽ സർ മിൽട്ടൻ മാർഗായ് (Sir milton margai) സ്ഥാപിച്ച പാർട്ടിയാണു് ഏററവും പ്രധാനപ്പെട്ടതു്. 1954-ൽ സർ മിൽട്ടൻ പ്രധാനമന്ത്രിയായി നാട്ടിന്നു പല നല്ല പരിഷ്കാരങ്ങളും ചെയ്യുന്നതാണെന്നു വാഗ്ദാനം ചെയ്തു. ഇദ്ദേഹത്തിന്നും ഇദ്ദേഹത്തിന്റെ സഹോദരൻ സർ ആൽബെർട്ട് മാർഗായ്ക്കും തമ്മിൽ ചില അഭിപ്രായവ്യത്യാസങ്ങളുണ്ടായെങ്കിലും അവ

വേഗം തന്നെ നീങ്ങി, സർമീൽട്ടൻമാർഗായ് തന്നെ നാട്ടിന്റെ നേതാവായിത്തീരുകയുണ്ടായി.

സിരാലിയോൺ സ്വാതന്ത്ര്യത്തിനു വേണ്ടി വളരെയൊന്നും പാട്ടുപെട്ടില്ല, യാതൊരു ത്യാഗവും സഹിച്ചതുമില്ല. 1959-ൽ ആരംഭിച്ച സംഭാഷണത്തിന്റെ ഫലമായി 1961-ഏപ്രിലിൽ സിരാലിയോണിലെ രാഷ്ട്രീയനേതാക്കന്മാർ ബ്രിട്ടനോട് കൃതജ്ഞത പ്രകടിപ്പിച്ചിട്ട് സ്വതന്ത്രരായി. 1964 ഏപ്രിലിൽ സർമിൽട്ടൻ അന്തരിച്ചു. അന്നുമുതൽ അദ്ദേഹത്തിന്റെ അനുജൻ സർ ആൽബർട്ട് മാർഗായ് പ്രധാനമന്ത്രിയായി സിരാലിയോണിന്റെ ഭരണം നടത്തിവരികയാണ്.

## ഗിനി

ഗിനി ഇപ്പോൾ ഒരു സ്വതന്ത്രനാടത്രെ. വടക്കുപടിഞ്ഞാറെ ആഫ്റിക്കയിലാണ് ഇതിന്റെ കിടപ്പ്. ഇതിന്റെ വടക്കു പടിഞ്ഞാറു് പോർട്ടുഗീസ് ഗിനിയും വടക്കു സെനഗലും മാലി സംയുക്തരാജ്യവും കിഴക്കു ഐവറികോസ്റ്റും തെക്കു സിറാലിയോണും ലൈബീരിയയുമാണു്. അത്‌ലാന്റിക് സമുദ്രതീരത്താണു് ഈ ചെറിയ നാട്ടു കിടക്കുന്നതു്. കൃഷിയാണു് ജനങ്ങളുടെ പ്രധാന തൊഴിലെന്നുവരികിലും ഇവിടെ ഖനനം ചെയ്യപ്പെടുന്ന ഇരുമ്പും സ്വർണ്ണവും ആസ്പദമാക്കിയുള്ള കൈത്തൊഴിലുകൾമൂലം ഇവിടത്തെ സാമ്പത്തികസ്ഥിതി വളരെ മെച്ചപ്പെട്ടു വരികയാണു്.

ആഫ്റിക്കയുടെ മററുഭാഗങ്ങളിലെന്നപോലെ ഇവിടെയും ആദ്യമായി വന്ന യുറോപ്യന്മാർ (15-ാംനൂററാണ്ടിൽ) പോർട്ടുഗീസുകാരത്രെ. പക്ഷേ പിന്നീടു വന്ന

ബ്രിട്ടീഷുകാരോട്ടും ഫ്രഞ്ചുകാരോട്ടും മത്സരിക്കാൻ ഇവ ക്കു കഴിഞ്ഞില്ല. അവസാനം ഗിനിയിൽ സ്ഥിരപ്രതിഷ്ഠ നേടിയവർ ഫ്റഞ്ചുകാർ തന്നെയായിരുന്നു.

രണ്ടാം ലോകമഹായുദ്ധം അവസാനിച്ച ശേഷം ആഫ്റിക്കയുടെ മിക്കവാറും എല്ലാഭാഗങ്ങളിലും ദേശീയ ബോധവും സ്വാതന്ത്ര്യപ്രക്ഷോഭണങ്ങളും വർദ്ധിച്ചപ്പോൾ അതു് ഗിനിയെയും ബാധിക്കാതിരുന്നില്ല. അവിടെയും രാഷ്ട്രീയ പാർട്ടികൾ സ്ഥാപിക്കപ്പെട്ടു. 'ഗിനി ജനാധി പത്യപാർട്ടി (Parti Democrarigue Guinee) 1964ൽ മെഡീറാകീററാ (Medeira Keita) എന്ന നേതാവു സ്ഥാപിക്കുകയുണ്ടായി. ആരംഭകാലത്തു് ഫ്റഞ്ചുഗ വണ്മെൻറു് ഈ പാർട്ടിയെ വളരെ ക്രൂരമായി ഒട്ട ക്കാൻ ശ്രമിച്ചു. 1952-ൽ ഈ പാർട്ടിയുടെ സെക്രട്ട റിയായിരുന്ന സേക്കൂട്ടരേ (Sekou Toure)ക്കു് പിന്നീട്ടു് ഗിനി രാഷ്ട്രീയത്തിൽ വളരെ മുഖ്യമായ സ്ഥാനം വഹി ക്കാനുള്ള സന്ദർഭം ലഭിച്ചു. 1956-ൽ ഇദ്ദേഹം ഫ് റഞ്ചുനിയമസഭയിൽ ഗിനിയിൽ നിന്നു തെരഞ്ഞെടുക്ക പ്പെട്ട അംഗമായി പ്രവേശിച്ചു.

1958-ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ പങ്കെടു ക്കാതെ ഫ്റഞ്ചുഗവണ്മെന്റിനെ ബഹിഷ്കരിച്ചതി നാലും പൂർണ്ണസ്വാതന്ത്ര്യം സിഗാർ വാഗ്ദാനം ചെയ്തി രുന്നതിനാലും ഗിനി സ്വതന്ത്രമായിത്തീൎന്നു. ഗിനി അ തിന്നു പ്രത്യേകമായി ഒരു ഭരണപദ്ധതി സംവിധാനം ചെയ്തു. അതനുസരിച്ചു് സേക്കൂട്ടരേ ഗിനിയുടെ ഭരണ മേധാവിയായിത്തീൎന്നു.

ഭരണകാര്യം ഏറെറടുത്ത ഉടൻ തന്നെ സേക്കൂട്ടരേ തന്റെ നാട്ടിന്റെ രാഷ്ട്രീയാദർശവും തത്വങ്ങളും നല്ല പോലെ വിശദീകരിച്ചു. ഫ്റാൻസുമായി രാഷ്ട്രീയബ

ന്ധം വിരുദ്ധചിന്തിച്ചുവെന്നുവെച്ചു അതുമൂലം ആ ദേശത്തോട്ട് ശത്രുത്വമുണ്ടായെന്നർത്ഥമില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. കൂടാതെ അഖിലആഫ്റിക്കയുടെ ഏകത്വത്തിൽ തനിക്കുള്ള വിശ്വാസവും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി.

സ്വതന്ത്രഗിനിയുടെ ഭരണാധിപനെ ഏഴുവഷത്തിൽ ഒരു തവണ പൊതുജനങ്ങൾ തെരഞ്ഞെടുക്കുന്നു. അദ്ദേഹത്തിന്നു ഒട്ടനേകം അധികാരങ്ങൾ നൾകിയിട്ടുണ്ട്. ഒരു പ്രതിപക്ഷത്തോടുകൂടിയ പാർലിമെൻ്ററി സമ്പ്രദായത്തിലുള്ള ഭരണം ആഫ്റിക്കൻ ജനതയ്ക്കു ദഹിക്കുന്നതാണെന്നു തോന്നുന്നില്ല. പ്രതിപക്ഷം എന്നൊരു സൊല്ല ഗിനിയിലുമില്ല. അവിടത്തെ ഭരണസമ്പ്രദായത്തെ പ്രജാതന്ത്രമദ്ധ്യവാദം – (Democratic Centralism)[1] എന്നാണ് നേതാക്കന്മാർ അഭിധാനം ചെയ്തിരിക്കുന്നത്. അതായത് ജനങ്ങൾ തന്നെയാണ് നാടിൻെറ ആധാരഭൂതനായ ഭരണം നടത്താനർഹതയുള്ളവരെങ്കിലും ദൈനംദിനഭരണം കേന്ദ്രമാക്കിക്കൊണ്ടുള്ള ഒരു ഒററപ്പാർട്ടിയുടെ എതിർപ്പില്ലാത്ത ഭരണസമ്പ്രദായം എന്നാണ് ഇതിൻെറ വിവക്ഷ. ജനങ്ങൾ ഭരണാധികാരം തങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഏല്പിച്ചിട്ട് അടുത്ത തെരഞ്ഞെടുപ്പുവരെ അതിൽ നിന്ന് ഒഴിഞ്ഞു നിൽക്കണമെന്നും പ്രതിപക്ഷത്തിന്റെ പ്രവത്തനംമൂലം ഗവണ്മെൻറിന്റെ ഭരണപരമായ കാര്യങ്ങൾക്കു വിഘ്നമുണ്ടാകാൻ പാടില്ലെന്നും ഗിനിയിലെ ഇന്നത്തെ നേതാ

1. പാകിസ്ഥാനിൽ ആധാരജനാധിപത്യം (Basic Democracy) എന്നും ഇന്തോനേഷ്യയിൽ നിർദ്ദിഷ്ടജനാധിപത്യം (Guided Democracy) എന്നുംപറഞ്ഞുവരുന്നതും ഈ ഇനത്തിൽപെട്ടതു തന്നെയാണ്.

ക്കന്മാർ കരുതിപ്പോരുന്നു. അടുത്ത കാലത്തു സ്വാതന്ത്ര്യം സമ്പാദിച്ച ആഫ്രിക്കയിലെയും ഏഷ്യയിലെയും നാട്ടുകൾ ജനാധിപത്യത്തെപ്പററി എന്താണു് കരുതുന്നതെന്നു മനസ്സിലാക്കാൻ ഈ ഭരണസമ്പ്രദായം ധാരാളം മതിയാകുന്നതാണു്.

ഗിനി ഫ്രാൻസുമായുള്ള ബന്ധങ്ങൾ അറുത്തെറിഞ്ഞിട്ടു് സ്വതന്ത്രമായതു് ഡിഗാളിനെ ഞെട്ടിപ്പിച്ച വസ്തുതയായിരുന്നു. ഫ്രഞ്ചു കമ്മ്യൂണിററിയിലുൾപ്പെട്ടു് സ്വാതന്ത്ര്യം സമ്പാദിക്കാനാണു് അവർ ആഗ്രഹിക്കുന്നതെന്നു് ഒരു പക്ഷേ അദ്ദേഹം പ്രതീക്ഷിച്ചിട്ടുണ്ടാവണം. അങ്ങനെയാകാതെ മററൊരു വിധത്തിൽ കാര്യങ്ങൾ സംഭവിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായ അതൃപ്തിയും ക്രോധവും ഒളിച്ചുവെക്കാൻ സാധിച്ചില്ല. ഗിനിക്കു് പൂർണ്ണസ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടുവെങ്കിലും അതിനെ അംഗീകരിക്കാൻ വിസമ്മതിച്ചതിനു പുറമേ ഡിഗാൾ അവിടെയുണ്ടായിരുന്ന ഫ്രഞ്ചുഭരണമേധാവികളെയും അദ്ധ്യാപകന്മാരെയും വ്യാപാരികളെയും തിരിച്ചുവിളിക്കുകയും ചെയ്തു.

ഘാനയും ഗിനിയും ഒരു സംയുക്തഭരണം സ്ഥാപിക്കാനുദ്ദേശിച്ചിരിക്കുന്നതായി 1958 നവംബറിൽ അറിയിച്ചിരുന്നു. പാശ്ചാത്യദേശങ്ങളോടു തനിക്കു യാതൊരു ശത്രുതയുമില്ലെന്നു് സേക്കുട്ടൂറേ കൂടെക്കൂടെ പറഞ്ഞുവരാറുണ്ടെങ്കിലും കമ്മ്യൂണിസ്റ്റു നാടുകളുമായി അദ്ദേഹത്തിൻെറ വേഴ്ചയും അവിടങ്ങളിൽ അദ്ദേഹത്തിനുള്ള വർദ്ധിച്ച സ്വാധീനശക്തിയും പലക്കും അറിയാവുന്നതാണു്.

## ഗാമ്പിയ

ഇതു് വളരെ ചെറിയ സംസ്ഥാനമാണ്. വിസ്തീർണ്ണം 4000 ചതുരശ്രമൈലിൽ കൂടുതലില്ല. ഗാമ്പിയാ നദിയുടെ ഇരുഭാഗങ്ങളിലുമായി നീണ്ടുനിവർന്നു കിടക്കുന്ന ഈ നാട്ടു് ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്നു. ഇതിന്റെ മൂന്നു ഭാഗങ്ങൾക്കും അതിരിട്ടു കിടക്കുന്നതു് സെനഗ'ൽ എന്ന ഫ്രഞ്ചു സർവ്വാധിപത്യദേശമാണു്. ബ്രിട്ടൻ ആദ്യമായു് പശ്ചിമജർമ്മനിയിൽ സ്ഥാപിച്ച കോളനി ഗാമ്പിയായായിരുന്നു. (1661) അററ്ലാന്റിക് തീരപ്രദേശത്തു് ഒരു കോളനിയും ഉൾപ്രദേശത്തു് ഒരു ബ്രിട്ടീഷ് പ്രതിരോധ ദേശവുമായു് ഇതു സ്ഥിതി ചെയ്യുന്നു. ഇവിടത്തെ ജനസംഖ്യ ഏകദേശം മൂന്നു ലക്ഷമാണു്. അതിൽ 500 പേർ ആഫ്രിക്കേതരരത്രേ.

സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന ഒരു നാടത്രെ ഗാമ്പിയ. പ്രകൃതിവിഭവങ്ങൾ ഇവിടെ വളരെ കുറവാണ്. ഒരു സ്വതന്ത്രദേശമായ് വർത്തിക്കുന്നതിന്നു അതിൻെറ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല. പക്ഷേ ഗാമ്പിയയിലും ഒരു വിധത്തിലുള്ള രാഷ്ട്രീയബോധം അല്പാല്പമായി വളൎന്നു വരികയാണെന്നു വേണം വിചാരിക്കേണ്ടതു്. അവിടെ ഒരു നിയമസഭ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടു്. അതിലെ ഭൂരിപക്ഷഅംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ടവരാണ്, ചിലർ നോമിനേറു ചെയ്യപ്പെട്ടവരത്രെ. ഇനിയും എത്രകാലമാണ് ഇവിടത്തെ രാഷ്ട്രീയം ഇങ്ങനെ അനിശ്ചിതാവസ്ഥയിൽ തുടരുന്നതെന്ന് ആൎക്കും പറയാൻ സാദ്ധ്യമല്ല. സ്വതന്ത്രമായ് നിലനില്ക്കാൻ കഴിയാത്ത ഗാമ്പിയയെ അടുത്തുള്ള ഏതിലെങ്കിലും ലയിപ്പിക്കണമെന്ന ഒരഭിപ്രായഗതിയും അവിടെ വളൎന്നു കഴിഞ്ഞിട്ടുണ്ടു്. ഭൂമിശാസ്ത്രപരമായി ഇതു് സെനഗൽ പ്രദേശത്തിൻെറ ഒരു ഭാഗമായ് കരുതപ്പെടേണ്ടതാണ്. ഇത്തരം ഒരു സംയോജനമുണ്ടാകുന്നതു് രണ്ടു രാജ്യങ്ങൾക്കും പ്രയോജനകരമായിരിക്കും. ഗാമ്പിയായുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടും, സെനഗലിന്നു ഗാമ്പിയാനദി മൂലം പല ഗുണങ്ങളുമുണ്ടാകും. പക്ഷേ ഗാമ്പിയയുടെ പ്രതിരോധനപ്രദേശങ്ങളിലെ നേതാക്കന്മാർ ഇങ്ങനെയൊരു നീക്കത്തിനെതിരാണ്. കൂടാതെ ബ്രിട്ടൻെറ സംരക്ഷണത്തിൽ നിന്നു വേർപെടാനും അവർ ആഗ്രഹിക്കുന്നില്ല. ആഫ്റിക്കയുടെ ചില ഭാഗങ്ങളിൽ ഇത്തരം ചെറുസംസ്ഥാനങ്ങൾ ബ്രിട്ടീഷുഭരണത്തിൽ ഇനിയും വിശ്വാസമൎപ്പിച്ചിരിക്കുന്നതു് ഘാനാ മുതലായ നാട്ടുകളെ അലോസരപ്പെടുത്തുകയാണെങ്കിലും ആ പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾ ഈ പ്രശ്നത്തെ തങ്ങളുടെ കോളനി ജീവിതത്തിൻെറ നിലപാടിൽ നിന്നുകൊണ്ടു വീക്ഷി

ക്കാതെ സ്വന്തം സുഖസൗകര്യങ്ങളെ ആസ്പദമാക്കിയാണ് വീക്ഷിക്കുന്നത്. അഖിലആഫ്റിക്കയുടെ ഉദ്ഗ്രഥനത്തിന്നായി വാദിച്ചുകൊണ്ടിരിക്കുന്ന ആഫ്രിക്കൻ നേതാക്കന്മാർ ഈ സ്ഥിതിവിശേഷത്തെയും ഇതിൻെറ കാരണങ്ങളേയും അറിയേണ്ടതാണ്.

ഗാമ്പിയയിൽ ചിലവ്യക്തികളുടെ ആഗ്രഹം എന്തു തന്നെയായാലും അവക്ക് ആഫ്രിക്കയുടെ പൊതുപ്രസ്ഥാനങ്ങളിൽ നിന്നു വേർപ്പെട്ടു ജീവിക്കാൻ സാദ്ധ്യമല്ല. ആഫ്രിക്കൻ ഭൂഭാഗങ്ങളെ പണ്ടേക്കാലം മുതൽതന്നെ ഭരിച്ചുപോന്നിരുന്ന യൂറോപ്യന്മാരും അനന്തര ഫലങ്ങളെപ്പററി ചിന്തിക്കാതെ അവക്കു സ്വാതന്ത്ര്യം നൽകുക തന്നെവേണം. ഈ അവസ്ഥയെ കണക്കിലെടുത്തുകൊണ്ട് ബ്രിട്ടീഷുകാർ 1965 ഫെബ്രുവരി 18-ാം തീയതി ഗാമ്പിയക്കു സ്വാതന്ത്ര്യം നൽകാൻ തീരുമാനിച്ചു. അതോടുകൂടി സ്വാതന്ത്ര്യം ലഭിക്കേണ്ട ബ്രിട്ടീഷ് കോളനികൾ ഒന്നും ആഫ്രിക്കയിൽ ഉണ്ടായിരിക്കുകയില്ല.

# സെനഗൽ

ആഫ്രിക്കയുടെ വടക്കു പടിഞ്ഞാറു ഭാഗത്ത് തെക്കു ഗിനി, കിഴക്കുമാലി, വടക്കുമാറി ടോസിയ എന്നിവയുടെ വലയത്തിനകത്തായി അററ്‌ലാൻറിക് തീരത്തുള്ള ഗാമ്പിയ എന്ന ചെറുരാജ്യത്തിന്റെ മൂന്നു ഭാഗത്തും അതിർത്തിയിട്ടവണ്ണം കിടക്കുന്ന നാടാണ് സെനഗൽ. ഇതിന്റെ തലസ്ഥാനം ഡാക്കറാണ്.

ഫ്രഞ്ച് പശ്ചിമ ആഫ്രിക്കയിൽ ഫ്രാൻസുമായി ആദ്യം ബന്ധം പുലർത്തിയത് സെനഗൽ ആയിരുന്നു. രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചശേഷം പാർട്ടികളും രാഷ്ട്രീയപ്രക്ഷോഭണങ്ങളും വർദ്ധിക്കാൻ തുടങ്ങി. പാർട്ടികൾ സ്ഥാപിച്ചവരിൽ ലിയോപോൾഡ് സെൻഗോർ Leopold Senghor ആയിരുന്നു ഏററവും പ്രധാനപ്പെട്ട നേതാവ്. ഇദ്ദേഹം പശ്ചിമ ആഫ്രിക്കയിലെ ദേശങ്ങ

ളെ ഒന്നായിച്ചേൎത്ത് ഒരു സംയുക്തഭരണം സ്ഥാപിക്കാൻ ആഗ്രഹിച്ചിരുന്നു. 1958-ൽ നടന്ന ജനഹിതപരിശോധനയിൽ ഇദ്ദേഹത്തിൻെറ പാൎട്ടി ഫ്രഞ്ച് കമ്യൂണിററി ഉൾപ്പെട്ട് സ്വാതന്ത്ര്യം നേടണമെന്ന് അഭിപ്രായം രേഖപ്പെടുത്തി. 1959-ൽ മാൎച്ചുമാസത്തിൽ സൂഡാനും സെനഗലും ഒന്നുചേൎന്ന് മാലി സംയുക്തഭരണം നടപ്പാക്കി. 1960 മാർച്ചിൽ നടന്ന തിരഞ്ഞെടുപ്പിൽ സെൻഗോറിൻെറ പാർട്ടി എല്ലാസ്ഥാനങ്ങളും കരസ്ഥമാക്കി പൂൎണ്ണവിജയം കൈവരിച്ചു. 1960 ആഗസ്റ്റിൽ മാലി സംയുക്തഭരണം റദ്ദായി. അതിനുശേഷം സെൻഗോർ സെനഗൽ ഗണതന്ത്ര രാഷ്ട്രത്തിൻെറ പ്രസിഡൻറായി. മാലിഗണതന്ത്ര രാഷ്ട്രത്തോടുള്ള സെനഗലിന്റെ രാഷ്ട്രീയ ബന്ധങ്ങളെയും ഫ്രാൻസിനോട് അനുവൎത്തിക്കേണ്ട സാമ്പത്തിക, രാഷ്ട്രീയ സമ്പൎക്കത്തെയും കുറിച്ച് സെനഗൽ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നയത്തെ പ്രതിപക്ഷക്കാർ ശക്തിയായി എതിൎത്തു വരികയാണ്. ഈ എതിൎപ്പുകളെ സഹിച്ചുകൊണ്ട് സാമ്പത്തിക സൗകര്യങ്ങൾ കുറഞ്ഞ ഈ നാടിനെ പുരോഗമനത്തിൻെറ രാജമാൎഗ്ഗത്തിൽക്കൂടി മുന്നോട്ടു നയിക്കുകയെന്നതു് സെൻഗോറിൻെറ രാഷ്ട്രീയ വൈദഗ്ദ്ധ്യത്തെ ആശ്രയിച്ചാണ് ഇരിക്കുന്നതു്

# മാറിട്ടേനിയ

ആഫ്റിക്കയിലെ വടക്കുപടിഞ്ഞാറെ ഭാഗത്ത് സ്പാനിഷ്സഹാറക്ക് തെക്കായി സ്ഥിതി ചെയ്യുന്ന പ്രദേശമാണ് മാറിട്ടേനിയ. ഇതു ഫ്റഞ്ചുകാർക്ക് വലിയ സ്വാധീനശക്തിയുള്ള ദേശമത്രേ. ഈ നാടിന്റെ അധികഭാഗവും മരുപ്രദേശമാണ്. ഇവിടത്തെ ജനങ്ങളിൽ ഭൂരിഭാഗവും മൂറുകൾ എന്നറിയപ്പെടുന്ന മഹമ്മദീയരാണ്. ഏതാനും കറുപ്പുനിറക്കാരും ഇന്നു് ഈ നാട്ടിന്റെ തെക്കെ അതിർത്തിയിൽ കൂടി സെനഗൽനദി ഒഴുകുന്നതിനാൽ അതിന്റെ വടക്കുഭാഗത്ത് അല്പാല്പം കൃഷി ചെയ്തുവരുന്നുണ്ട്.

ആദ്യമായി ഇവിടെ വന്ന വിദേശീയർ പോർട്ടുഗീസുകാർ ആയിരുന്നുവെങ്കിലും അല്പകാലം കഴിഞ്ഞു വന്ന ഫ്റഞ്ചുകാരാണ് തങ്ങളുടെ രാഷ്ട്രീയഭക്ഷതകൊ

ണ്ടു് ഇവിടെ സ്ഥിര പ്രതിഷ്ഠസ്ഥാപിച്ചതു്. 1920-ൽ മാറിട്ടോനിയ ഫ്റാൻസിൻെറ ഭരണവിഭാഗത്തിൽ (Administrative unit) ഉൾപ്പെട്ടു. രണ്ടാം ലോകമഹായുദ്ധം അവസാനിച്ചശേഷം ആഭ്യന്തരകാര്യങ്ങളിൽ സ്വാതന്ത്ര്യം ഉള്ള ഒരു നിയമസഭ ഇവിടെ സ്ഥാപിക്കപ്പെട്ടു. 1958-ൽ ഡിഗാൾ പുറപ്പെടുവിച്ച ഒരു പ്രസ്താവനയനുസരിച്ച് ഈ നാട്ടു് ഫ്റഞ്ചു കമ്മ്യൂണിററിയിലെ ഒരു അംഗമായിരിയ്ക്കാൻ സമ്മതിച്ചിട്ടുണ്ടു്. 1959-ൽ ഇതു് പൂർണ്ണസ്വാതന്ത്ര്യം സമ്പാദിച്ചു് ഫ്റഞ്ചു കമ്മ്യൂണിററിയിൽ ഉൾപ്പെട്ട പ്രദേശമായി തീന്നിരിക്കുന്നു. 1960-ൽ മാറിട്ടോനിയയെ ഐക്യരാഷ്ട്രസഭയിൽ പ്രവേശിപ്പിക്കാൻ വിസമ്മതിച്ചു് സോവിയററു്റഷ്യ അതിന്റെ വീറോ (Veto) അധികാരം ഉപയോഗിച്ചു. ബാഹ്യമംഗോളിയായെ(Outer Mongolis) ഐക്യരാഷ്ട്രസഭയിൽ പ്രവേശിപ്പിക്കുന്നതിന്നു് പാശ്ചാത്യദേശങ്ങൾ വിസമ്മതിച്ചതിന്നു് പകവീട്ടാനാണു് റഷ്യ ഈ നടപടി കൈക്കൊണ്ടതു്. പക്ഷേ 1961- ഒക്ടോബറിൽ ഈ രണ്ടുനാട്ടുകളും ഐക്യരാഷ്ട്രസഭയിൽ അംഗങ്ങളായി ചേരുകയുണ്ടായി.

ഈ നാട്ടിൻെറ വടക്കുഭാഗത്തുള്ള മൊറോക്കോവും തെക്കെ അതിത്തിയിലുള്ള മാലിയും മാറിട്ടേനിയയെ തങ്ങളുടെ രാജ്യത്തോടു ചേക്കാൻ ശ്രമിച്ചുവരികയാണു്. ഈ പരിശ്രമങ്ങളെ ഇന്നോളവും വിജയപൂവ്വം അവിടത്തെ ഗവണ്മെൻറു് ചെറുത്തു വരുന്നുണ്ടു്.

# മദ്ധ്യാഫ്റിക്ക ഗണതന്ത്രം

ഈ പ്രദേശം നാലുഭാഗങ്ങളും അന്യനാട്ടുകളാൽ വലയം ചെയ്യപ്പെട്ടതാണ്. തെക്ക് ബ്രാസാമിൻകോംഗോ, കിഴക്ക് മാലി. സംയുക്തരാഷ്ട്രം, പടിഞ്ഞാറ് കാമറൂൺ വടക്ക് ചാഡഗണതന്ത്രം എന്നിവയാണ് ഈ നാട്ടിൻെറ അതിർത്തികൾ. ഉഭാംഗിഷാരി (Ubangi-Shari) എന്നായിരുന്നു ഈ ഗണതന്ത്രരാജ്യത്തിൻെറ പഴയപേര്.

ഈ ഗണതന്ത്രരാജ്യത്തിൻെറ തെക്ക ഭാഗത്ത് ഇടതൂർന്ന കാട്ടുകൾ ആണ്. അവയിൽ ദുഷ്ടജന്തുക്കൾ ധാരാളം ഉണ്ട്. ആനകളും വളരെയേറെ ഉള്ളതുകൊണ്ട് അവയെ നാട്ടിൻെറ സമ്പത്തായി കരുതിപ്പോരുന്നു, ആഫ്രിക്കൻ പൗരന്മാർ വളരെപേർ, ഇവിടെ താമസിച്ചുവരുന്നു. അവരുടെ ഭാഷകൾ പലതാണ്. ഭരണഭാഷ ഫ്രഞ്ച് അത്രേ.

ഈ പ്രദേശം ഫ്റാൻസിന്റെ അധീനത്തിൽ ആയതു് അടുത്തകാലത്താണ്, അതായത്, സുമാർ 50വർഷം

മുമ്പ് ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ ഫ്റ ഞ്ചുകാർ ഈ പ്രദേശത്തെ ജർമ്മനിക്കെതിരായി പട നീക്കം ചെയ്യുന്നതിനുള്ള ഒരു സൈനിക തളമായി ഉപ യോഗിച്ചിരുന്നു. 1910-മുതൽ 1958വരെ ഈ നാട്ട് ഫ്റഞ്ചുഭൂമദ്ധ്യാഫ്റിക്കയിലെ ഒരു ഭാഗമായിരുന്നു.

1958-ൽ ഇതു് ഒരു ഗണരാജ്യമായി ഫ്രഞ്ച് ക മ്മ്യൂണിററിയിൽ ഉൾപ്പെട്ട മദ്ധ്യാഫ്റിക്കാഗണതന്ത്രരാ ജ്യം എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

ഫ്രഞ്ചുകമ്മ്യൂണിറ്റി (The French Community) എന്നതു് ഫ്റാൻസും അതിൻെറ പഴയ സാമ്രാജ്യത്തി ൻെറ പല ഭാഗങ്ങളും ചേൎന്നു ഒരു പരസ്പര ധാരണ യോടുകൂടി സ്ഥാപിച്ചിട്ടുള്ള സംയുക്തഭരണകൂടം ആണു് ഇതു് ഒട്ടുമുക്കാലും വിദേശനയം, സാമ്പത്തികപ്രശ്ന ങ്ങൾ എന്നിവയ്ക്കായി വിനിയോഗിക്കപ്പെട്ടുവരുന്നു. മദ്ധ്യാ ഫ്റിക്കയെ സംബന്ധിച്ചടത്തോളം വിദേശനയം, പ്ര തിരോധം, നാണയം, സാമ്പത്തികവിഭവങ്ങൾ; ഉന്നത വിദ്യാഭ്യാസം, ഗതാഗതം, എന്നീ വകുപ്പുകൾ ഫ്റഞ്ചു കമ്മ്യൂണിററിയുടെ ശാസനത്തിൻ കീഴിലാണു്.

ഫ്റഞ്ച്ഗണതന്ത്രരാജ്യത്തിൻെറ പ്രസിഡന്റാ ണു് ഫ്റഞ്ചുകമ്മ്യൂണിററിയുടെ പ്രസിഡൻറു് അദ്ദേ ഹത്തെ തെരഞ്ഞെടുക്കുന്നതിൽ ഈ ഗണതന്ത്രരാജ്യവും പങ്കുവഹിക്കുന്നുണ്ടു്.

1946-മുതൽ ഇവിടത്തെ ദേശീയപ്രക്ഷോഭണങ്ങൾ നടത്തിയതു് ബൊഗാൻേറാ (Bogando) എന്ന നേതാ വായിരുന്നു. അദ്ദേഹത്തിൻെറ ഒരു ബന്ധുവായ ഡാക്കോ (Dacko) രാഷ്ട്രീയാധികാരം കരസ്ഥമാക്കി. അദ്ദേഹ ത്തിന്നു പല പ്രതിബന്ധങ്ങളെയും അന്യപാർട്ടികളുടെ എ തിർപ്പുകളേയും തരണം ചെയ്യേണ്ടതായി വന്നുവെങ്കിലും അദ്ദേഹം മിക്കവാറും ബൊഗാന്റോയുടെ രാഷ്ട്രീയാദർ ശത്തെ പിൻതുടൎന്നു വരികയാണു്.

## ചാഡ്

മദ്ധ്യാഫ്റിക്കയിലെ ചാഡ്തടാകത്തിന്നു ചുററുമുള്ള ഭൂഭാഗത്തിനു ചാഡ് എന്നു തന്നെയാണ് പേര്. ഇത് ഏറിയ കൂറും ഒരു കർഷകരാജ്യമാണ്, 20-ാംനൂററാണ്ട് ആരംഭത്തിന്നു ഫ്റഞ്ചുകാർ തങ്ങളുടെ അധികാരത്തെ പശ്ചിമാഫ്റിക്കയിൽ പല ഭാഗങ്ങളോടുമൊപ്പം ചാഡുവിലും വ്യാപരിപ്പിക്കാൻ തുടങ്ങി. ഫ്റഞ്ചു്-പശ്ചിമാഫ്രിക്ക സംയുക്തഭരണകൂടത്തിൽ ചാഡ് ഒരു അംഗരാജ്യമായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം 1946-ൽ ആ നാട്ടിലും രാഷ്ട്രീയബോധവും ദേശീയപ്രക്ഷോഭണങ്ങളും തലപൊക്കാൻ തുടങ്ങി. 1956-ൽ അവിടെ നടന്ന തെരഞ്ഞെടുപ്പിൽ ചാഡ് പുരോഗമനപാർട്ടി ഭൂരിപക്ഷം വോട്ടു സമ്പാദിച്ചും ആഭ്യന്തരകാര്യങ്ങളിലെങ്കിലും തങ്ങൾക്ക് സ്വാതന്ത്ര്യം വേണമെന്ന് ആ പാർട്ടി ആവശ്യപ്പെട്ടു. എങ്കിലും രാഷ്ട്രീ

യസംഭവങ്ങൾ ആഫ്റിക്കയിൽ പൊതുവിലും ചാഡിൽ വിശേഷിച്ചും വളരെ ധ്രുതഗതിയിൽ നടന്നുകൊണ്ടിരുന്നു. 1958–ൽ ചാഡ് ഒരു ഗണതന്ത്രരാജ്യമായി. 1960 മുതൽ അതു് ഫ്റഞ്ചു്കമ്മ്യൂണിററിയിലെ ഒരു അംഗമായി മററു് എല്ല വ്യവഹാരങ്ങളെയും സംബന്ധിച്ചിടത്തോളം ഒരു സ്വതന്ത്രദേശമായി നിലനിന്നുപോരുന്നു.

ചാഡിൻെറ നാലുഭാഗങ്ങളും മററു ദേശങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നതുകൊണ്ടു് അവയോടു് ഏതെങ്കിലും വിധത്തിലുള്ള ഒരു ഉടമ്പടി ചെയ്തു് ഒരു സംയുക്തഭരണം സ്ഥാപിക്കാൻ അതിന്നു ആഗ്രഹമുണ്ടു്. ഗാബോൺ ഫ്റഞ്ചു്, കോംഗോ, മദ്ധ്യാഫ്റിക്കൻ ഗണതന്ത്രം, ചാഡ് എന്നിവ മുന്നു് ഫ്റഞ്ചു്ഭൂമദ്ധ്യാഫ്റിക്ക (French equatoril Africa) യുടെ ഭാഗങ്ങളായിരുന്നു. അവയെ തന്നെയാണു് ഇപ്പോൾ അല്പം വ്യത്യസ്തപ്പെട്ട ഒരു രാഷ്ട്രീയസഖ്യത്തിൽ നിബന്ധിക്കുന്നതിന്നുള്ള വഴി ആരാഞ്ഞു് വരുന്നതു്. അതു് എത്ര കണ്ടു് സാദ്ധ്യമാകുമെന്നതു് ഇനികണ്ടറിയേണ്ട സംഗതിയത്രേ.

## നൈജർ

ഫ്റാൻസിൻെറ ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം സമ്പാദിച്ച് ഇപ്പോൾ ഒരു ഗണതന്ത്രമായിത്തീർന്ന നാടാണ് നൈജർ. നൈജർ നദിയുടെ തീരത്തു സ്ഥിതി ചെയ്യുന്നതു കൊണ്ടാണ് ഇതിന്നു ആ പേരുകിട്ടിയതു്. ഇതിന്നു തെക്ക് നൈജീറിയായും വടക്ക് ലിബ്'യാ, സഹാറാമണലാരണ്യം എന്നിവയും പടിഞ്ഞാറ് മാലിയും സ്ഥിതിചെയ്യുന്നതുകൊണ്ട് ഇതു നാലുഭാഗങ്ങളിലും കരയാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. നിയാമി (Niami) യാണ് ഇതിൻെറ തലസ്ഥാനം. ഇവിടത്തെ ജനങ്ങളിൽ ഭൂരിഭാഗവും മുഹമ്മദീയരത്രേ. കൃഷിയിൽ സ്വാശ്രയത്വം സമ്പാദിച്ച ഈ നാട്ടിന്നു് ഖനിജസമ്പത്തും, ഗോസമ്പത്തും വേണ്ടുവോളം ഉണ്ട്.

യൂറോപ്യന്മാർ ഇവിടെ കാലുകുത്തുന്നതിന്നു മുമ്പ് ഉത്തരാഫ്റിക്കയിലെ മുസ്ലീം നാട്ടുകൾ പലതവണ

ഇവിടത്തെ ജനങ്ങളെ ആക്രമിച്ച് പല വിധത്തിലും കഷ്ടപ്പെടുത്തിയിട്ടുണ്ട്. 11, 12 എന്നീ നൂററാണ്ടുകളിൽ നൈജറിൻെറ ഒട്ടുമുക്കാൽ ഭാഗത്തെയും അറബികൾ കരസ്ഥമാക്കി ഭരിച്ചുപോന്നു. അക്കാലത്താണ് ഇവിടെ ഇസ്ലാംമതവും അറബിഭാഷയും വ്യാപിച്ചത്.

മററു പല ഭാഗങ്ങളിലും എന്നപോലെ ഇവിടെയും 19-ാം നൂററാണ്ടിൽ ഫ്റഞ്ചുകാർ വന്നുചേർന്നു. പക്ഷേ ഇവിടെ അവക്ക് അത്ര എളുപ്പത്തിൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കാൻ തരപ്പെട്ടില്ല. നാട്ടുകാർ അതിനെ ശക്തിയായി എതിർത്തു, എങ്കിലും അയൽപക്കമായ നൈജീറിയയിൽ ഉണ്ടായിരുന്ന ബ്രിട്ടീഷുകാരുടെ സഹായത്തോടുകൂടി അവർ നൈജറിനെ ഒരു കോളനിയാക്കിത്തീർത്തു.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഏഷ്യാ ആഫ്റിക്കൻ നാട്ടുകളിൽ നടന്ന രാഷ്ട്രീയപ്രക്ഷോഭണങ്ങളുടെ ഗന്ധം ഇവിടെയും വ്യാപിച്ചു. നൈജീറിയ പുരോഗമനപാർട്ടി(Parti Progressiste: Nigerian P. P. N) എന്നൊരു പാർട്ടി രൂപം പൂണ്ട് തീവ്രമായ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഇറങ്ങി. 1950-ൽ ഈ പാർട്ടിയിൽ തന്നെ അല്പം മിതവാദിയായ ഹമാനിദിയോറി(Hamani Diori) ക്കും തീവ്രവാദിയായ ഡജിബോബക്കാരി (Djibo Bakary)ക്കും തമ്മിൽ അഭിപ്രായഭേദം ഉണ്ടായതിൻെറ ഫലമായി പാർട്ടിയിൽ പിളപ്പുണ്ടായി ബക്കാരി നൈജീറിയാ ജനാധിപത്യ ഐക്യം (Union, Democratique Nigerieme) എന്നൊരു പുതിയ പാർട്ടി സ്ഥാപിച്ച് 1957-ൽ നടന്ന ആഭ്യന്തര തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം സ്ഥാനങ്ങളും കൈയ്യിലാക്കി ഭരണകൂടം സംഘടിപ്പിച്ചു. പക്ഷേ 1958-ൽ ഡിഗാൾ നട

ത്തിയ ഒരു ജനഹിതപരിശോധനയിൽ ഫ്റഞ്ചുക മ്മ്യൂണിററിയിൽ ഉൾപ്പെട്ട് സ്വാതന്ത്ര്യമായി കഴിയുന്ന തിന്നു് ഭൂരിപക്ഷജനങ്ങളും ആഗ്രഹിച്ചതിനാൽ ബക്കാരിയുടെ അധികാരം നഷ്ടപ്പെട്ടു.

അപ്പോൾ അധികാരത്തിൽ വന്ന ഡിയോറിപാർട്ടി ഗവണ്മെൻറു് ഐവറികോസ്റ്റ്, മഹോമി, മേൽവോൾട്ടാ എന്നീ അയൽപക്കരാജ്യങ്ങളോടു് സഖ്യം ഉണ്ടാക്കി അവയുടെ പ്രവൎത്തനങ്ങൾക്കായി ഒരു പൊതുനിധി രൂപവൽക്കരിച്ചു. ഈ നാട്ടുകൾക്കിടയിൽ പൊന്തിവരുന്ന പൊതുപ്രശ്നങ്ങൾക്കു് പരിഹാരം കണ്ടെത്തുന്നതിന്നു റോഡുകൾ, തുറമുഖങ്ങൾ, തപാൽ, കമ്പി, ഗതാഗതം, എന്നിവക്കുവേണ്ട സൗകര്യങ്ങൾ ചെയ്യുന്നതിന്നാണു് ഈ നിധി ഉപയോഗപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നതു്.

ഇങ്ങനെ ഗവണ്മെൻറു് നിൎമ്മിച്ചവർ അധികാരത്തിൽ വന്നതു മുതൽ തന്നെ (1950 ഒക്ടോബർ) പ്രതിപക്ഷങ്ങളെ എല്ലാം നിൎമ്മാർജ്ജനം ചെയ്തു് അതിലെ അംഗങ്ങളെ കാരാഗൃഹത്തിലിട്ടു് ഒരു ഒററപ്പെട്ട ഭരണം സ്ഥാപിച്ചു.

1960-ആഗസ്റ്റിൽ നൈജറിൻെറ ഭാഗ്യം തെളിഞ്ഞു. അതു് ഫ്റഞ്ചു് കമ്മ്യൂണിററിയിൽ ഉൾപ്പെട്ടിരിക്കാൻ വിസമ്മതിച്ചു. അതിൻെറ ഭരണം മാലി, ഗിനി, എന്നിവയിലെ ഭരണസമ്പ്രദായങ്ങളെ ഏതാണ്ടു് കേന്ദ്രീകരിച്ചും ഐവറികോസ്റ്റ് ഭരണത്തോടു് മൈത്രിപുലൎത്തിക്കൊണ്ടും ആസൂത്രണം ചെയ്യപ്പെട്ടിരിക്കുകയാണു്. ഫ്റാൻസിൻെറ ആധിപത്യത്തിൽ നിന്നു് ഈയിടെ സ്വാതന്ത്ര്യം സമ്പാദിച്ച പശ്ചിമാഫ്റിക്കൻ

ദേശങ്ങളിൽ ഒരു മിതവാദിയുടെ സ്ഥാനമാണ് നൈജീറിയ്ക്കുള്ളത്. അടുത്ത കാലത്ത് സ്വാതന്ത്ര്യമായ ആഫ്രിക്കൻ നാട്ടുകളിൽ പലതിലും കണ്ടുവരുന്ന ഭരണസമ്പ്രദായം തന്നെയാണ് ഇവിടെയും നിലവിൽ ഇരിക്കുന്നത്. ഒററപ്പാർട്ടി ഭരണം ബാഹ്യവീക്ഷണത്തിൽ പ്രശംസനീയമാണെന്നു കരുതാൻ സാദ്ധ്യതയുള്ള ഒരു നില ആ ഖണ്ഡത്തിൽ രൂപം പ്രാപിച്ചുകൊണ്ടിരിക്കുന്നു.

# മേൽവോൾട്ട

പടിഞ്ഞാറെ ആഫ്രിക്കയിലുള്ള ഒരു ഗണതന്ത്രരാജ്യമാണ് മേൽവോൾട്ട: ഇതിനു പടിഞ്ഞാറ് മാലി സംയുക്തരാജ്യവും കിഴക്ക് നൈജറും, ദഹോമിയും തെക്ക് ഐവറികോസ്റ്റ്, ഘാന, സെനഗാലാൻഡ് എന്നിവയും സ്ഥിതിചെയ്യുന്നു. ഒഗദൂഗ് (ogadugu)മാണ് ഇതിന്റെ തലസ്ഥാനം. ഇവിടത്തെ ജനങ്ങളിൽ നാട്ടുകാരായ കറുപ്പുനിറക്കാരെ കൂടാതെ മുഹമ്മദീയരും ക്രിസ്ത്യാനികളും ധാരാളം ഉണ്ട്.

ഇവിടത്തെ ഔദ്യോഗികഭാഷ ഫ്രഞ്ചാണ് മേൽവോൾട്ടയിൽ ആദ്യമായി വന്ന യൂറോപ്യന്മാർ ഫ്രഞ്ചുകാരായിരുന്നു (1896) അവരുടെ വരവിനുമുമ്പ് ആ നാടിന്റെ ചരിത്രത്തെക്കുറിച്ച് ആർക്കും ഒന്നും അറിയാൻ പാടില്ലായിരുന്നു. ആദ്യകാലത്ത് മേൽവാൾട്ട ഐവറി

# വടക്കു പടിഞ്ഞാറെ ആഫ്രിക്ക



കോസ്റ്റിന്റെ ഒരു ഭാഗമായിരുന്നു എങ്കിലും പിൽകാലത്തു് അതിൽനിന്നും വേർപെട്ടു് ഒരു സ്വതന്ത്രനാടായിതീർന്നു (1919). 1932-ൽ ഈ നാടിനെ മൂന്നായി വിഭജിച്ചു് അവയെ യഥാക്രമം നൈജർ, സുഡാൻ, ഐവറിക്കോസ്റ്റു് എന്നിവയിൽ ലയിപ്പിച്ചു. എങ്കിലും അഞ്ചു വർഷങ്ങൾക്കുശേഷം ഈ വ്യവസ്ഥമാറി മേൽവാൾട്ട ഒരു സ്വതന്ത്രനാടായിത്തീർന്നു.

1958-ൽ പല ഫ്രഞ്ചു പശ്ചിമാഫ്രിക്കൻ നാട്ടുകളെപ്പോലെ മേൽവാൾട്ടയും ഡിഗാളിന്റെ പദ്ധതിക്കു് വഴിപ്പെട്ടു് ഫ്രഞ്ചു കമ്മ്യൂണിററിയിൽ ഉൾപ്പെട്ട ഒരു സ്വതന്ത്രനാടായി രൂപം പൂണ്ടു. ഇതിന്റെ ഭരണാധിപൻ മോറിസ്സ്‌യാമിഓഗോ (Morrice yamiogo) ആണു്.

1959 ജനുവരിയിൽ സെനഗൽ, സൂഡാൻ, ദഹോമി എന്നീ അയൽപക്കങ്ങളോടുചേർന്നു് ഒരു രാഷ്ട്രീയസഖ്യം സ്ഥാപിക്കാൻ ആഗ്രഹിച്ച മേൽവാൾട്ട അതേവർഷം മാർച്ചു മാസത്തിൽ ആ ഉദ്ദേശം കൈവെടിഞ്ഞു് ഐവറിക്കോസ്റ്റു് ദഹോമി നൈജർ എന്നീ ദേശങ്ങളോടു് മൈത്രി പുലർത്തി. ആഫ്രിക്കയുടെ രാഷ്ട്രീയത്തിൽ ഇപ്പോൾ കണ്ടുവരുന്ന അസ്ഥിരതയ്ക്കു് ഇതു് ഒരു ഉദാഹരണമത്രെ.

ഇന്നത്തെ മേൽവാൾട്ട ഗവൺമെന്റു് അളവുകടന്നു് ഫ്റാൻസിനെ സഹായിക്കുന്നുവെന്നോ ഭരണത്തിൽ മർദ്ദനനയം കൈക്കൊള്ളുന്നുവെന്നോ ആരെങ്കിലും ദോഷാരോപണം നടത്തിയാൽ അവരെ കാരാഗ്രഹത്തിലിടുന്നതും നാടുകടത്തുന്നതും ഒക്കെ നിത്യസംഭവങ്ങളായിത്തീർന്നിരിക്കുന്നു.

# മാലി

ഈ ദേശം ഉത്തരാഫ്സ്കയിൽ നൈജീരിയക്കു തെക്കും മാറിട്ടോനിയ, സെനഗൽ എന്നിവക്കു കിഴക്കും ഗിനി, ഐവറികോസ്റ്റ് മേൽവാൾട്ടാ എന്നിവക്കു വടക്കുമായി സ്ഥിതി ചെയ്യുന്നു.

ഉത്തരപശ്ചിമാഫ്റിക്കൻ പ്രദേശം ചരിത്രപ്രാധാന്യമുള്ളതാണ്. ഈ ചരിത്രം ക്രിസ്താബ്ദം നാലാം നൂററാണ്ടുമുതൽ ആരംഭിക്കുന്നുവെന്നാണ് അറബികൾ അഭിപ്രായപ്പെടുന്നതു്. ആ നൂററാണ്ടിനു ശേഷമുള്ള പതിനഞ്ചുനൂററാണ്ടുകാലത്തിന്നിടക്കു് പല സാമ്രാജ്യങ്ങൾ ഉദയം ചെയ്കയും തിരോഭവിക്കയും ചെയ്തു. അവയിൽ മാലി, ഘാനാ കോംഗോ എന്നിവ പ്രത്യേകം എടുത്തു പറയേണ്ടവയാണ്. ഈ സാമ്രാജ്യങ്ങൾ സൃഷ്ടിച്ചവർ വടക്കെ ആഫ്രിക്കയിൽ നിന്നു വന്നു കുടിയേറിത്താമസിച്ചവരായിരിക്കാൻ സാദ്ധ്യതയുണ്ടു് വടക്കു

പടിഞ്ഞാറെ ആഫ്റിക്കയിൽ പല നാട്ടു വടക്കുണ്ടാ യിട്ടുള്ള സാമ്രാജ്യങ്ങളിൽ മാലിയാണ് ചരിത്രപ്രസി ദ്ധിയാർജ്ജിച്ചിട്ടുള്ളതു്. പക്ഷെ 17-ാംനൂററാണ്ടോടടു പ്പിച്ച് മാലിയുടെ ശക്തിയെല്ലാം ക്ഷയിച്ചു. 15-ാംനൂ ററാണ്ടിൽ തന്നെ പോർട്ടുഗീസുകാർ അവിടെ വന്നുവെ ങ്കിലും 17-ാംനൂററാണ്ടിലാണ് ഫ്റാൻസും ബ്രിട്ടനും ആ നാട്ടിനെപ്പററിയറിഞ്ഞതു്. അവസാനമായി ഫ്റാ ൻസ് അവിടെ ആധിപത്യം സ്ഥാപിച്ചു.

1958-ൽ ഡിഗാളിൻെറ പദ്ധതിയനുസരിച്ചു് മാ ലി ഒരു സ്വതന്ത്രദേശമായിട്ട് ഫ്റഞ്ചുകമ്മ്യൂണിററിയി ലുൾപ്പെട്ടു കഴിഞ്ഞു.

ഇതിന്നിടക്കു് സെനഗൽ, സെൽടാൻ (മാലി) ദ ഹോമി, മേൽവാൾട്ടാ എന്നീ നാട്ടുകൾ ഒന്നു ചേൎന്ന് ഒരു സംയുക്തഭരണം സ്ഥാപിക്കാൻ ആഗ്രഹിച്ചു. അ ങ്ങിനെയാണ് മാലി സംയുക്ത ഗവണ്മെൻറു് എന്ന ഭ രണകൂടം സ്ഥാപിക്കപ്പെട്ടതു്. പക്ഷെ അല്പകാലത്തി ന്നു ശേഷം ദഹോമിയും മേൽവാൾട്ടയും ആ കൂട്ടണി യിൽ നിന്നു പിൻവാങ്ങി. ഇങ്ങനെയുള്ള വിചിത്രസം ഭവങ്ങളിൽ പലതും ആഫ്റിക്കയുടെ ആധുനിക ചരി ത്രത്തിൽ കാണാവുന്നതാണ്.

സെനഗലും മാലിയും സംയുക്തഭരണസമ്പ്രദായം അംഗീകരിച്ചിട്ടുണ്ടു്. ഡാക്കറിലാണ് സംയുക്തഗവണ്മെ ന്റിൻെറ ഓഫീസുകളുള്ളതു്.

ജനാധിപത്യം പാശ്ചാത്യദേശങ്ങളിൽ എങ്ങിനെ യാണ് പ്രവൎത്തിച്ചുപോരുന്നതെന്നു കണ്ടറിഞ്ഞിട്ട് അ തിനെ അനുകരിക്കാനാണ് ഏഷ്യയിലും ആഫ്റിക്ക യിലുമുള്ള പല നാട്ടുകളും ആഗ്രഹിക്കുന്നതു്. പക്ഷേ കാൎയ്യത്തിൽ ഒററപ്പാർട്ടിഭരണവും സർവാധിപത്യവും പട്ടാളഭരണവുമായി പല രൂപത്തിലുള്ള ഭരണസമ്പ്ര ദായങ്ങൾ ജനാധിപത്യത്തിൻെറ മൂടുപടമണിഞ്ഞിരിക്കു

കയാണെന്നതു് വ്യക്തമത്രെ. ഇതിന്നുത്തരം നൽകാനെ ന്നവണ്ണം മാലിയിലെ ആഭ്യന്തരമന്ത്രി 1960-ൽ ഫ്രാൻസിൽ വച്ചു പ്രസ്താവിച്ചതു് സ്മരണീയമാണു്.

"ഫ്റാൻസിലോ ഇറ്റലിയിലോ ബൽജിയത്തിലോ നടക്കുന്നതുപോലെ പല പാർട്ടികൾ പങ്കെടുക്കുന്ന ഭരണസമ്പ്രദായം നമുക്കു് അനുയോജ്യമാവുകയില്ല. ആറു മാസത്തിലൊരിക്കൽ ഭരണകൂടം മാറുന്ന രാഷ്ട്രീയക്കളി ഞങ്ങൾക്കാവശ്യമില്ല. ഐക്യമാണു് ഞങ്ങളുടെ ലക്ഷ്യം എന്നതിൽ അഭിപ്രായവ്യത്യാസമില്ലാത്തതു കൊണ്ടു്, പല വിഭിന്നാഭിപ്രായങ്ങളോടുകൂടിയ പല രാഷ്ട്രീയപാർട്ടികൾ ഞങ്ങൾക്കു വേണ്ട.'

അളവില്ലാത്ത ദേശഭക്തി മാനസികരോഗമായി ത്തീർന്നാൽ ഗുണത്തിന്നു പകരം ദോഷമായിരിക്കും ഫലം. ഇന്നു് ആഫ്റിക്കയിൽ സംജാതമായിരിക്കുന്ന രാഷ്ട്രീയം ചില വസ്തുക്കളിൽ വെറുപ്പിൻെറ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നതായി തോന്നുന്നു. പല പാർട്ടികളുടെ പ്രവർത്തനം മൂലം പൊതുജനങ്ങളുടെ അഭിപ്രായമാരാഞ്ഞു നടത്തുന്ന പാർലിമെന്ററി സമ്പ്രദായം തങ്ങൾക്കാവിശ്യമില്ലെന്ന പല ആഫ്റിക്കൻ നാടുകൾ ഈയിടെയായി ബലമായി വിശ്വസിച്ചു പോരുന്നു. ജനകീയഭരണത്തെ ഇങ്ങനെ പുതിയ സമ്പ്രദായത്തിൽ അംഗീകരിക്കാൻ തുടങ്ങിയതിന്നു പുറമേ ചില നാടുകളിൽ അല്പാല്പം കമ്യൂണിസ്റ്റു് അനുഭാവവും കണ്ടുതുടങ്ങിയിരിക്കുകയാണു്. ചൈന ആഫ്റിക്കയിൽ അതിന്റെ കമ്യൂണിസ്റ്റു് സിദ്ധാന്തം വ്യാപരിപ്പിക്കുന്നതിൽ ദത്തശ്രദ്ധരായിരിക്കുകയാണു്. മാലി പ്രസിഡന്റായ ഗെയിട്ടാ 'ഫോർമോസാ ചൈനയോടു ചേരും' എന്നും ഈ മാസം ഒക്ടോബറിൽ അഭിപ്രായപ്പെടുകയുണ്ടായി. യൂറോപ്പ്, അമേരിക്ക ഈ നാടുകളിൽ നിന്നു് പല വിധത്തിലുള്ള സഹായങ്ങൾ സ്വീകരിച്ചുകൊണ്ടു് ചൈനയോടാണു് അവർ തങ്ങളുടെ കൂറു കാണിച്ചുവരുന്നതു് എന്നു് ഏതാണ്ടൊക്കെ മനസ്സിലാക്കാൻ കഴിയുന്നുണ്ടു്.

# മലഗാസി

ആഫ്രിക്കയുടെ തെക്കുകിഴക്ക് ഒരു വലിയ ദ്വീപുണ്ട്. അതിന്റെ പഴയപേര് മഡഗാസ്കർ എന്നായിരുന്നു. ഇപ്പോൾ അതിന്റെ പേര് മലഗാസിയെന്നാണ്. ലോകത്തിൽ ഇതു് നാലാമത്തെ വലിയ ദ്വീപാണ്. ഇതു് ആഫ്രിക്കയുടെ കിഴക്കേതീരത്തുള്ള പോർട്ടുഗീസു മൊസാംബിക്കിൽനിന്നു് 300 മൈൽ അകലെയായി സ്ഥിതിചെയ്യുന്നു. മുമ്പ് ഇതു ഫ്രഞ്ചു സാമ്രാജ്യമായിരുന്നു. ഇപ്പോൾ ഇതു് കമ്യൂണിറ്റി അംഗമാണു്. സ്വതന്ത്ര ദേശവുമാണ്.

മലഗാസിയിലെ നാട്ടുകാർക്കും മദ്ധ്യ, ദക്ഷിണ ആഫ്രിക്കയിലെ സ്വദേശികളായ നീഗ്രോകൾക്കും തമ്മിൽ വലിയ വ്യത്യാസമുണ്ട്. മലഗാസിക്കാർ ഏഷ്യാക്കാരെപ്പോലെ തന്നെയാണ്. മലയക്കും മലഗാസിക്കും തമ്മിൽ എന്തോ പൂർവ്വ ബന്ധങ്ങൾ ഉണ്ടായിരുന്നുവെന്നു്

ചിലർ അഭിപ്രായപ്പെടുന്നു. പക്ഷേ ഫ്റഞ്ചുകാർ അവിടെ വന്ന് ആധിപത്യം സ്ഥാപിക്കുന്നതുവരെ അവിടെ സ്ത്രീകളുടെ ഭരണമാണ് നടന്നുപോന്നിരുന്നത്. അവസാനത്തെ രാജ്ഞി രണിവലോന തൃതീയ (Ranavalona III) ആയിരുന്നു. ഫ്റഞ്ചുകാർ 1895-ൽ ഇവരെ നാടുകടത്തിയിട്ട് ഭരണം സ്വയം കൈയേറു.

ഈ ദ്വീപിനെപ്പററി യൂറോപ്യന്മാർ അറിയാൻതുടങ്ങിയതിനു 1000 വർഷങ്ങൾക്കുമുമ്പുതന്നെ അറബികൾക്കറിയാമായിരുന്നുവെന്നു ചരിത്രം പറയുന്നു. മാർക്കോപോളോ എന്ന ലോകസഞ്ചാരി ഈ ദ്വീപിനെപ്പററി പല രഹസ്യങ്ങളായ കഥകളും എഴുതിയിട്ടുണ്ട്.

പതിനാറാം നൂററാണ്ട് ആരംഭത്തിൽ പോർട്ടുഗീസുകാർ ആദ്യമായി ഈ ദ്വീപു കണ്ടെത്തിയെങ്കിലും അവർ അതിനെ കുടിയേറിപ്പാർക്കാൻ അനുയോജ്യമായ നാടായിക്കരുതിയില്ല. ഡച്ചുകാരും ബ്രിട്ടീഷുകാരും ഈ വഴിക്ക് ചില പരിശ്രമങ്ങൾ നടത്തി. അവസാനം ഫ്റഞ്ചുകാരാണ് അവിടെ ഇറങ്ങിയത്. 1895--ൽ അവിടെനിന്നു നാടുകടത്തപ്പെട്ട രാജ്ഞി രണിവലോന അൽജിയർസിൽ ഇരുപതുവർഷം ജീവിച്ചിരുന്നിട്ട് മൃതിയടഞ്ഞു.

ആ വർഷം മുതൽ പൂർണ്ണമായും ഫ്രഞ്ച് ആധിപത്യത്തിൽ കഴിഞ്ഞുകൂടിയ മലഗാസി ദ്വീപിൽ യാതൊരുവിധമായ രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രക്ഷോഭണങ്ങളും നടക്കുകയുണ്ടായില്ല. 1947-ലാണ് ഒരു വലിയ കലഹം നടന്നത്. അതിൽ പലരും ജീവഹാനി സംഭവിച്ചു. പക്ഷേ അതിൻെറ വിവരണങ്ങളെല്ലാം ബാഹ്യലോകത്തിന്ന് അജ്ഞാതമത്രെ. 1958-ൽ സ്വതന്ത്രഗണതന്ത്രരാജ്യമായി പ്രഖ്യാപനം ചെയ്യപ്പെട്ട ഈ നാട്ട് 1959-ൽ

ഫ്രഞ്ചു കമ്മ്യൂണിററി അംഗമായിരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. 1960 ജൂണിൽ അതിന്നു പൂർണ്ണസ്വാതന്ത്ര്യം നൽകപ്പെട്ടു. അതിന്റെ ഒന്നാമത്തെ പ്രസിഡന്റായി പ്ളിലിബർട്ട് സിറനാനാ (Plilibert Tsrianana) തെരഞ്ഞെടുക്കപ്പെട്ടു.

ഈ ദ്വീപിന്റെ പ്രാചീനചരിത്രത്തെക്കുറിച്ച് നമുക്കു വളരെയൊന്നും അറിഞ്ഞുകൂടാ. അടുത്തകാലം വരെ അവരുടെ ഭാഷയ്ക്കു് ലിപിയുണ്ടായിരുന്നില്ല. ഫ്റാൻസുമായുള്ള ബന്ധം വിഛേദിച്ചാൽ ആഫ്റിക്കയോട്ട് അവക്കുള്ള വേഴ്ച എങ്ങനെയുള്ളതായിരിക്കുമെന്നു പറയുക സാദ്ധ്യമല്ല.

## മൊറീഷ്യസ്

ആഫ്റിക്കാ ഖണ്ഡത്തിൻെറ കിഴക്കേ തീരത്തു നിന്ന് 1400മൈൽ ദൂരത്തിൽ ഇന്ത്യൻസമുദ്രത്തിൽ സ്ഥിതിചെയ്യുന്ന ഒരു ദ്വീപാണ് മൊറീഷ്യസ്. അതുകൊണ്ടു്, ഇതു് ആഫ്റിക്കയോടു ചേന്ന ഭൂവിഭാഗമാണെന്നു വരികിലും പലപ്പോഴും ഇതിനെ ഒരു വ്യത്യസ്തപ്രദേശമായി കരുതിപ്പോരുന്നുണ്ടു്. ഈ ദ്വീപിനെ ആദ്യമായി കണ്ടെത്തി കുടിയേറിപ്പാപ്പും ആരംഭിച്ചപ്പോൾ ഇവിടത്തെ സ്വദേശികളായി ആരുമുണ്ടായിരുന്നില്ല. പക്ഷേ 700ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഈ ദ്വീപിൽ ഇപ്പോൾ ആറുലക്ഷത്തിലേറെ ജനങ്ങൾ വസിക്കുന്നുണ്ടു്. ഇവരിൽ ക്രിസ്ത്യാനികൾ ഹിന്ദുക്കൾ, മുഹമ്മദീയർ, ബുദ്ധമതക്കാർ എന്നു തുടങ്ങി അനേകം മതക്കാരുണ്ടു്.

18–ാം നൂററാണ്ടു് ആരംഭത്തിൽ ഇവിടെ വന്നെത്തിയ ഡച്ചുകാർ ഇവിടെ കുടിയേറിപ്പാർക്കാൻ ആഗ്ര

ഹിച്ചില്ല. പക്ഷേ 1767-ൽ ഫ്രഞ്ചുകാർ ഈ ദ്വീപിൽ തങ്ങളുടെ അധികാരം സ്ഥാപിച്ച് കുടിയേറിപ്പാർപ്പും ആരംഭിച്ചു. നെപ്പോളിയനുമായ് നടന്ന യുദ്ധങ്ങൾക്കുശേഷം ഫ്രഞ്ചുകാരിൽ നിന്ന് ഇതിനെ ബ്രിട്ടീഷുകാർ കൈവശപ്പെടുത്തി.

1958-ൽ ബ്രിട്ടീഷുകാർ ഇതിനു ചില രാഷ്ട്രീയാധികാരങ്ങൾ നൽകി. മററു ചില അധികാരങ്ങൾ അതിനുശേഷവും നൽകുകയുണ്ടായി. ഡാക്ടർ രംഗൂലം (Dr: Rangoolam) എന്ന നേതാവിന്റെ ആദ്ധ്യക്ഷ്യത്തിൽ ഒരു നിയമസഭയും നിർമ്മിക്കപ്പെട്ടിട്ടുണ്ട്.

ധാരാളം കരിമ്പുകൃഷിയും പഞ്ചസാര ഉൽപാദനവും നടക്കുന്നതുകൊണ്ട് ഇതിന്റെ സാമ്പത്തികനില സാമാന്യം ഭേദപ്പെട്ടതാണ് ഇവിടെ ഏതാനും ഇന്ത്യക്കാരുമുണ്ട്.

## പോർട്ടുഗീസ് ആഫ്റിക്ക
## (അങ്കോല, മൊസാംബിക്)

ആഫ്റിക്കയിൽ സ്ഥലം കൈവശമാക്കി കോളനി സ്ഥാപിച്ചവരിൽ പോർട്ടുഗീസുകാരായിരുന്നു മുമ്പന്മാർ. 500വഷം മുമ്പുതന്നെ സ്പാനിഷുകാരോടു മത്സരിച്ച് അത്ലാൻതിക്സമുദ്രത്തിൻെറ കിഴക്കെ തീരത്തുള്ള പഴയ ഗോള പ്രദേശങ്ങളോടു വേഴ്ച പുലർത്തുന്നതിന്നു പോപ്പിൽ നിന്ന് അവർ അനുവാദം വാങ്ങിയിരുന്നു. ഇത്തരത്തിൽ അവർ ആഫ്റിക്കയിൽ സ്ഥാപിച്ച കോളനികളിൽ അവശേഷിച്ചതു് രണ്ടു വലിയ ഭൂഭാഗങ്ങളായിരുന്നു— അങ്കോല, മൊസാംബിക്. ഇവയിൽ അങ്കോല പടിഞ്ഞാറെ ആഫ്റിക്കയിൽ കോംഗോവിൻെറ ഉത്ഭവസ്ഥാനത്തിന്നു തെക്കായ് സ്ഥിതി ചെയ്യുന്ന ഭൂവിഭാഗമാണു്: മൊസാംബിക് ഇതിന്നു നേരേ കിഴക്കു് തങ്കനീക്കയ്ക്കു തെക്കായ് ദക്ഷിണാഫ്റിക്ക, വടക്കു ഭാഗത്തായ്, ഇന്ത്യൻസമുദ്രത്തിന്നഭിമുഖമായി

കിടക്കുന്നു. ഇതു് അങ്കോലയെക്കാൾ അല്പം ചെറുതാണെങ്കിലും ഒരു വലിയ ഭൂഭാഗം തന്നെയാണു്. ഇവയിൽ അങ്കോലയുടെ തലസ്ഥാനം ലുവാണ്ടയും (Luanda) മൊസാംബിക്കിന്റേതു് ലാറൻസോമാർക്കി (Lorenco Marqius) അത്രെ. ലുവാണ്ഡയും ലാറൻസോമാർക്വിസും യൂറോപ്യന്മാർ ആഫ്റിക്കയിൽ സ്ഥാപിച്ച പഴയ നഗരങ്ങളാണു്.

അങ്കോലയുടെ പ്രകൃതിസമ്പത്തു് അത്ര മെച്ചപ്പെട്ടതൊന്നുമല്ല. എങ്കിലും കൃഷിചെയ്യുന്നതിനു കുറച്ചു സൗകര്യമുണ്ടു്. വൈരം ചെമ്പു്, കരുത്തീയം മുതലായ ധാതുക്കൾ ലഭിക്കുന്നതുകൊണ്ടു് കൈത്തൊഴിലുകൾക്കും കയററുമതികൾക്കും സാദ്ധ്യതയുണ്ടു്. അങ്കോലയിലെ ലോബിടോ (Lobito) തുറമുഖം വഴി കോംഗോയിലെയും വടക്കെ റൊഡീഷ്യയിലെയും കയററുമതി വ്യവസായം നടക്കുന്നതുകൊണ്ടു് അങ്കോലക്കു പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ടു്.

അടുത്ത കാലത്തു് അങ്കോലയിൽ പല രാഷ്ട്രീയപ്പാർട്ടികൾ ഉണ്ടായിട്ടുണ്ടു്. 1960 വരെ അവിടെ യാതൊരു വിധ രാഷ്ട്രീയ പ്രക്ഷോഭണങ്ങളും സംഭവിച്ചിട്ടില്ല. ആ വർഷം ഫ്റഞ്ചു, ആഫ്റിക്കയിലെ വളരെ നാട്ടുകൾ സ്വതന്ത്രങ്ങളായി. കൂടാതെ ചില ഏഷ്യ-ആഫ്റിക്കൻ നാട്ടുകൾ പോർട്ടുഗീസിനെ ഏഷ്യാ ആഫ്റിക്കാ ഭൂഖണ്ഡങ്ങളിൽ നിന്നു പുറം തള്ളുന്നതിന്നായു് ഐക്യരാഷ്ട്ര സഭയിൽ പല പ്രമേയങ്ങൾ അവതരിപ്പിച്ചു. അതു മൂലം പോർട്ടുഗീസു് ആഫ്റിക്കയിൽ ചില പാർട്ടികൾ രൂപം പൂണ്ടു് പോർട്ടുഗീസിന്നെതിരായ പ്രവർത്തനങ്ങളിലേർപ്പെട്ടു., ഈ പ്രവർത്തനങ്ങൾക്കു് ഏഷ്യ ആഫ്റിക്കു നാട്ടുകളിൽ ചിലതിൻെറ സഹായം ലഭിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നു.

പോർട്ടുഗീസുകാർ തങ്ങളുടെ ആഫ്രിക്കൻ നാടുകൾക്ക് യാതൊരുവിധ രാഷ്ട്രീയാധികാരങ്ങളും നൽകിയിട്ടില്ല; അങ്ങനെ ഒരുദ്ദേശംപോലും അവർക്കില്ല. പക്ഷേ ദക്ഷിണാഫ്റിക്കക്കാരെപ്പോലെ അവർ വർഗ്ഗവിവേചന നയം കൈക്കൊണ്ടില്ല. യൂറോപ്യരെന്നും ഏഷ്യാക്കാരെന്നും ആഫ്റിക്കക്കാരെന്നുമുള്ള വ്യത്യാസമോ വെള്ളക്കാരെന്നും കറുപ്പുനിറക്കാരെന്നുമുള്ള വിവേചനമോ കൂടാതെ എല്ലാ പൗരന്മാർക്കും തുല്യാവകാശങ്ങൾ നൽകുകയെന്നതാണ് തങ്ങളുടെ ഉദ്ദേശമെന്ന് അവർ പ്രഖ്യാപിച്ചു. സാമൂഹ്യമണ്ഡലത്തിൽ പോർട്ടുഗീസുകാരുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണെങ്കിലും അവർ തങ്ങളുടെ കോളനികൾക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം നൽകാതിരിക്കുകയും അവിടെ ഉണ്ടാകുന്ന പ്രക്ഷോഭണങ്ങളെ ക്രൂരമായ് അടിച്ചമർത്തുകയും ചെയ്യുന്നതിനെ ലോകരാഷ്ട്രങ്ങൾ പ്രതിഷേധിച്ചുകൊണ്ടിരിക്കുകയാണ്.

അങ്കോലയിലെ സൈനികസഹായത്തോടുകൂടി ദേശീയ പ്രസ്ഥാനങ്ങൾ അടിച്ചമർത്തപ്പെടുന്നുവെന്നുള്ള വസ്തുതയെ ചൂണ്ടിക്കാണിച്ചുകൊണ്ട് പോർട്ടുഗീസുകാരെ അങ്കോലക്കു രാഷ്ട്രീയാവകാശങ്ങൾ നൽകാൻ നിർബ്ബന്ധിക്കുന്ന ഒരു പ്രമേയം ഐക്യരാഷ്ട്രസഭയിൽ അവതരിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രമേയങ്ങളൊന്നും തങ്ങളെ ബാധിക്കുന്നവയല്ലെന്നു പോർട്ടുഗീസുകാർ കരുതിപ്പോരുന്നു. അങ്കോലയും മൊസാമ്പിക്കും പോർട്ടുഗലിൻെറ ആഫ്റിക്കൻ ഭൂവിഭാഗങ്ങളാണെന്ന് പോർട്ടുഗീസ് വിദേശമന്ത്രി അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു.

കൂടാതെ ഒരു പോർട്ടുഗീസ് പൊതുവിപണി സ്ഥാപിച്ച് അതിൻെറ അംഗമായ പോർട്ടുഗൽ സ്വന്തം കോളനികൾക്കിടയിൽ യാതൊരു വിഘ്നവും കൂടാതെ വ്യാപാരം നടത്തുന്നതിനായ് പരിശ്രമിച്ചു വരികയാണ്.

ഇന്നത്തെ അവസ്ഥയിൽ ആഫ്റിക്കയിലെ മൂന്നു മേദ്ദരപ്രശ്നങ്ങൾ ഇവയാണു. 1) യൂറോപ്യൻ ഭരണത്തിൽ നിന്നു സ്വാതന്ത്ര്യം നേടിയ നാട്ടുകളുടെ സാമ്പത്തിക പ്രശ്നങ്ങൾ, 2) ദക്ഷിണാഫ്റിക്കാ അനാവത്തിച്ചു വരുന്ന വഗ്ഗവിവേചനനയത്തിലുണ്ടായ വഗ്ഗവിദ്വേഷങ്ങൾ. 3) പോർട്ടുഗീസുകാർ തങ്ങളുടെ കോളനികളായ അങ്കോലയും മോസാമ്പിക്കും വിട്ടുകളയാൻ വിസമ്മതിക്കുന്നതുമൂലമുണ്ടായിട്ടുള്ള കോളനി പ്രശ്നം. ഈ മൂന്നു പ്രശ്നങ്ങളിൽ ഏതു പ്രധാനം, ഏതപ്രധാനം എന്നു പറയുക സാദ്ധ്യമല്ല. അത്തരം ഒരു തീരുമാനം അവരുടെ രാഷ്ട്രീയ സാമൂഹ്യവീക്ഷണകോണിനെ ആശ്രയിച്ചാണിരിക്കുന്നതു്. പോർട്ടുഗീസുകാർ വഗ്ഗവിവേചനത്തെയും സാമ്പത്തികമായപിന്നോക്കനിലയെയും വലിയ കെട്ടുതികളായിക്കരുതുന്നു. അതിനനുസരിച്ചു തങ്ങളുടെ കോളനികളിൽ വഗ്ഗീയ ഐക്യം എന്ന ആദർശത്തെയാണു് അവർ കൈകൊണ്ടുവരുന്നതു്. സാമ്പത്തിക പ്രശ്നങ്ങൾക്കു് തക്ക പരിഹാരം കണ്ടെത്തുന്നതിനു് അവർ ചില മാഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടുമിരിക്കുകയാണു്, പക്ഷേ ആ കോളനികൾ തങ്ങളുടെ സാമ്രാജ്യത്തിൻെറ ഭാഗമാണെന്നു് പെരുമ്പറ മുഴക്കി വരുന്നതുകൊണ്ടു് അവയെ കൈവെടിയാൻ അവർക്കുദ്ദേശ്യമില്ലെന്നു വ്യക്തമാക്കിയിരിക്കുന്നു.

## സ്പാനിഷ് ആഫ്രിക്ക

ഇംഗ്ലണ്ട്, ഫ്രാൻസ് പോർട്ടുഗൽ മുതലായ ദേശങ്ങൾ കോളനികൾ സ്ഥാപിച്ച് അവയിൽ നിന്നു് ആദായവും പ്രശസ്തിയും സമ്പാദിക്കാൻ തുടങ്ങിയതുമുതൽ അവർ ആഫ്രിക്കയുടെ ചരിത്രത്തിലെ അധുനാതിന പ്രവണതക്കു് ഉത്തേജനം നൽകുകയാണു ചെയ്തതു്. പക്ഷേ ചില നാട്ടുകൾ അവയുടെ ആഭ്യന്തര കാര്യങ്ങളിൽ അല്പാല്പമായ് ഇടപെടാൻ തുടങ്ങിയെങ്കിലും അനന്തര കാലങ്ങളിൽ അവയിൽ അത്രയൊന്നും പ്രതിപത്തി കാട്ടുകയുണ്ടായില്ല. ഇററലിക്കു ദുരാഗ്രഹവും ഈഷ്യയുമൊക്കെയുണ്ടായിരുന്നു. പക്ഷേ ലോകമഹായുദ്ധങ്ങൾ അവരെ ആ ആഗ്രഹങ്ങൾ നിറവേററാനനുവദിച്ചില്ല. ജർമ്മനി വളരെ നാൾ കഴിഞ്ഞാണു് ഈ കോളനിവേട്ടയിലിറങ്ങിയതു്. കൂടാതെ ഒന്നാം ലോകമഹായുദ്ധത്തിൽ അതിന്നുണ്ടായ പരാജയംമൂലം ആ കോളനികളും നഷ്ട

# ആഫ്രിക്ക-വിഭാഗങ്ങൾ



# ആഫ്രിക്കവിഭജനം

1. മൊറോക്കോ (ഫ്ര) 1906
2. ” (സ്പ) 1906
3. അൽജീറിയ (ഫ്ര) 1830

3 a) ട്യുനീഷ്യ (ഫ്ര) 1881

4. ലിബിയ (ഇററ) 1912
5. ഈജിപ്ത് (ബ്രി) 1882
6. സുഡാൻ (ആം-ഇജ്) 1899
7. എറിട്രിയ (ഇററ) 1896
8. സോമാലിലാൻഡ് (ബ്രി) 1884
9. ” (ഇററ) 1889
10. എത്തിയോപ്യ
11. ബ്രി. കിഴക്കേ ആഫ്രിക്ക 1885

12 a) സാൻസിബാർ

13 മൊസാംബിക് (പോർട്ടു)

14. റോഡീഷ്യ (ബ്രി)- 1889
15. നേററാൽ (ബ്രി) 1843
16. ദക്ഷിണാഫ്റിക്ക (ബ്രി) 1806
17. ജർമ്മൻ പശ്ചിമാഫ്റിക്ക 1884-1890
18. അങ്കോല (പോർട്ടു) 1585-1648)
19. കോംഗോ (ബൽ) 1908
20. ” (ഫ്ര) 1841
21. കാമെറൂൺ (ജർമ്മൻ) 1911
22. നൈജീരിയ (ബ്രി) 1885
23. ടോഗോ 1884
24. ഗോൾഡ്കോസ്റ്റ് (ബ്രി) 1667
25. ലൈബീരിയ
26. സിരാലിയോൺ (ബ്രി) 1792
27. ഗാമ്പിയ (ബ്രി) 1667
28. പശ്ചിമാഫ്റിക്ക (ഫ്ര)
29. സ്പാ. സഹാറ
30. മഡഗാസ്കർ (ഫ്ര) 1885

പ്പെട്ടതുകൊണ്ട് ആഫ്റിക്കയുടെ ചരിത്രത്തിൽ ജർമ്മനിക്ക ഒരു ചെറിയ പങ്കേ ഉണ്ടായിരുന്നുള്ളൂ. റഷ്യ മുതലായ ദേശങ്ങൾക്ക് (അവയുടെ ആഗ്രഹം എന്തു തന്നെയായാലും) കോളനി വേട്ടയിലിറങ്ങാൻ സന്ദർഭം ലഭിച്ചില്ല.

ചെറിയ കോളനികൾ സ്ഥാപിച്ചതോട്ടുകൂടി തങ്ങളുടെ രാഷ്ട്രീയം കൈവെടിഞ്ഞ യൂറോപ്യൻ ദേശങ്ങളിൽ ഏറ്റവും മുഖ്യമായതു സ്പെയിനാണ്. പശ്ചിമാഫ്റിക്കയിൽ കോംഗോയ്ക്കു വടക്കായ് റിയോമുനി (Rio Muni) സ്പാനിഷ്ഗിനി) എന്ന ഒരു ചെറിയ കോളനിയും സഹാറയിൽ റിയോഡിഓറോ (Rio De Oro) എന്ന ഭൂഭാഗവും സ്പെയിനിന്റെ വകയായുണ്ട്. 1844-ൽ ആണ് ആദ്യമായ് സ്പാനിഷുകാർ റിയോമുനിയിൽ കുടിയേറിപ്പാർത്തതു്. ഇതും സ്പാനിഷ്ഗിനിയും 1885ലെ സറിലിൻ ഉടമ്പടിപ്രകാരം അവർ കരസ്ഥമാക്കി.

കൂടാതെ മൊറോക്കോയ്ക്കു തെക്കു പടിഞ്ഞാറെ അതുലാന്റിക് തീരത്തു് ഇഫ്നി (Ifni) എന്ന ഒരു ചെറിയ പ്രദേശവും സ്പാനിഷ് ആധിപത്യത്തിലായി. 1959-ൽ സ്പെയിനിനും മൊറോക്കോയും തമ്മിൽ ഇഫ്നി സംബന്ധിച്ചു് ഒരു കലഹമുണ്ടായെങ്കിലും അതു് ഉടൻ തന്നെ അവസാനിച്ചു. ഇഫ്നിയുടെ മൂന്നു വശങ്ങളിലും മൊറോക്കോ ദേശമാണു സ്ഥിതി ചെയ്യുന്നതു്. പക്ഷേ സമുദ്രതീരത്തു സ്ഥിതിചെയ്യുന്നതുകൊണ്ടു് സ്പാനിഷ് കപ്പലുകൾക്ക് നേരിട്ടുള്ള ഗതാഗതത്തിനു സൗകര്യമുണ്ടു്.

റിയോമുനിക്ക് അടുത്തുകിടന്നിരുന്ന ഫെർണാണ്ഡോ പോ (Fernado po) എന്നദ്വീപ് അതിനോട്ടു് സംയോജിക്കപ്പെട്ടു. ഈ ദ്വീപു് ആദ്യമായി കണ്ടെത്തിയതു പോർട്ടുഗീസുകാരായിരുന്നു (1471). 1778-ൽ അവർ അതിനെ സ്പെയിനിന്നു വിട്ടുകൊടുത്തു. അവിടെ കൊ

ക്കോ കൃഷി ചെയ്തു വരുന്നു. അവിടത്തെ കൃഷിത്തോട്ടങ്ങളിൽ നിർബ്ബന്ധകൂലിപ്പണി ചെയ്യുന്നതിന്നു ലൈബീരിയയിൽ നിന്നു് ധാരാളം വേലക്കാരെ കൊണ്ടുവന്നിട്ടുണ്ടു്. മൊറോക്കോയുടെ വടക്കുഭാഗത്തുള്ള ക്യൂട്ടാ(Ceuta) Melilla) എന്ന രണ്ടു നഗരങ്ങൾ സ്പെയിനിന്റെ വകയത്രെ. ഇവ രണ്ടിലുമായി ഒരു ലക്ഷത്തിലേറെ ജനങ്ങൾ അധിവസിക്കുന്നു. 1491-മുതൽ ഇവ സ്പാനിഷ് അധീനതയിലാണു്. ഇവ കൂടാതെ മൊറോക്കോയ്ക്കു വടക്കുള്ള ചില ദ്വീപുകളും സ്പെയിനിന്റെ വകയായി കരുതപ്പെട്ടു പോരുന്നു. ഈ ചെറിയ ഭൂഭാഗങ്ങൾ തങ്ങളുടെ സ്വാതന്ത്ര്യത്തെപ്പററി ഇനിയും ചിന്തിച്ചു തുടങ്ങിയിട്ടില്ല. സ്പാനിഷ് തലസ്ഥാനമായ മാഡ്രിഡിന്റെ നേരിട്ടുള്ള ഭരണത്തിലാണു് ഈ ഭൂഭാഗങ്ങൾ ഇപ്പോഴും കഴിഞ്ഞുകൂടുന്നതു്. ഇവയ്ക്കു് ഏതു തരത്തിലുള്ള സ്വാതന്ത്ര്യം നൽകി ഇവയെ എങ്ങിനെയാണു് വിട്ടിട്ടു് പോകേണ്ടതു് എന്നതു് കോളനി ഭരണത്തിന്റെ കെടുതികളെക്കുറിച്ചുമാത്രം സംസാരിക്കുന്ന രാഷ്ട്രീയവാദികളുടെ ചിന്തയ്ക്കു് വിഷയീഭവിക്കേണ്ട സംഗതിയത്രെ.

UNIVERSITY LIBRARY
2 8 MAR 1969
MADRAS

# ഉപസംഹാരം

ഇതുവരെ പ്രസ്താവിച്ച കാര്യങ്ങളിൽ നിന്ന് ആഫ്റിക്കാഖണ്ഡത്തിന്റെ ചരിത്രം ഒരു പ്രത്യേകനാട്ടിന്റെ ചരിത്രം പോലെയല്ലെന്നു അതിന്റെ അവാന്തര വിഭാഗങ്ങളായ പല നാട്ടുകളുടെ ചരിത്രങ്ങളും അവിടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളും ചിലപ്പോൾ പല വ്യത്യസ്തസ്വഭാവങ്ങളോടുകൂടിയതാണെന്നും ചിലപ്പോൾ പരസ്പരവിരുദ്ധങ്ങളാണെന്നുമുള്ള വസ്തുത വ്യക്തമാകുന്നതാണ്. ആഫ്റിക്കയിലെ ഓരോ നാട്ടിനും അതിന്റേതായ പ്രത്യേകപ്രശ്നങ്ങളുണ്ട്. ആ ഖണ്ഡത്തിന്ന് ഒന്നടങ്കമുള്ള ചില പൊതുപ്രശ്നങ്ങളുമുണ്ട്. ഇവയിൽ ചിലത് ആഫ്റിക്കാക്കാരെ മാത്രം ബാധിക്കുന്നതത്രെ. മററു ചിലത് വൻപിച്ച ലോകപ്രശ്നങ്ങളായിത്തീന്നിരിക്കുകയാണ്.

വ്യത്യസ്തദേശങ്ങളുടെ പ്രശ്നങ്ങൾ വ്യത്യസ്ത സ്വഭാവമുള്ളവയായതുകൊണ്ട് അവയുടെ രാഷ്ട്രീയമായ വികാസവും പരസ്പരം വ്യത്യസ്തപ്പെട്ടതോ വൈരുദ്ധ്യ സ്വഭാവമുള്ളതോ ആയിരിക്കും. ട്യൂനീഷ്യയും ഈജിപ്തും അവകൾ തമ്മിലുള്ള രാഷ്ട്രീയബന്ധങ്ങൾ അറുത്തെറിയത്തക്കവണ്ണം അവയ്ക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ പൊന്തിവന്നിരിക്കുകയാണ്. ട്യൂനീഷ്യയിലെ ബോർജിയ കമ്മ്യൂണിസത്തിന്റെ വ്യാപ്തിയെയും നുഴഞ്ഞു കയററത്തെയും കണ്ടു് ഭയക്കുകയാണ്. മുൻപ് ആഫ്റിക്കയുമായി വേഴ്ച പുലത്തിപ്പോന്നിരുന്ന ആംഗ്ലോഫ്റഞ്ച് ദേശങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവും സൈനികവുമായ സഹായം കൂടാതെ പുത്തനായി സ്വാതന്ത്ര്യം നേടിയ നാട്ടുകൾക്ക് അധികനാൾ തങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ സാധിക്കുകയില്ലെന്ന് അദ്ദേഹം

അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ഈജിപ്റ്റിന്റെ പ്രസിഡന്റായ നാസ്സർ ആംഗ്ലേയഫ്റഞ്ച് ദേശങ്ങളുമായി മുഷിഞ്ഞു പിന്മാറിയ ആളാണ് സൂയസ്സ് തോട്ടു സംബന്ധിച്ചുണ്ടായ കലഹം മുതൽ അദ്ദേഹം ഈ രണ്ടു നാട്ടുകളെയും വെറുത്തു കഴിഞ്ഞിരിക്കുന്നു. അറേബ്യൻ നാട്ടുകൾക്കും ഏഷ്യ ആഫ്രിക്ക വൃന്ദത്തിനും താൻ തന്നെയാണ് നേതാവെന്ന് അദ്ദേഹം സ്വയം കരുതിവരുകയാണ്. അസ്വാൻ അണകെട്ടുന്നതിന് വായ്പതരാൻ കൂട്ടാക്കാതിരുന്ന അമേരിക്കയോടും അദ്ദേഹത്തിന് വിദ്വേഷമുണ്ട്. അതുകൊണ്ട് പശ്ചിമയൂറോപ്പ്, അമേരിക്ക മുതലായ നാട്ടുകളിന്മേൽ അദ്ദേഹത്തിന് വലിയ സ്വാധീനശക്തിയൊന്നുമില്ല. പക്ഷേ ആധുനിക ലോകത്തു് നാസ്സർ ഉൾപ്പെടെ ആർക്കും തന്നെ പരസഹായം കൂടാതെ സ്വതന്ത്രമായി ജീവിക്കാനുള്ള സാഹചര്യമില്ലാതെയാണിരിക്കുന്നതു്. അതു കൊണ്ട് നാസ്സർ റഷ്യ കമ്മ്യൂണിസ്റ്റുകളുടെ സഹായം പ്രതീക്ഷിക്കുകയാണ്. ഇങ്ങനെ ഏതോ ഒരു കൂട്ടരിൽ നിന്ന് (ഒട്ടുമുക്കാലും കമ്മ്യൂണിസ്റ്റ് വൃന്ദത്തിൽ നിന്ന്) സഹായം പ്രതീക്ഷിക്കുന്ന തങ്ങൾ നിഷ്പക്ഷത പാലിക്കുന്നവരാണെന്നും ചേരിചേരാനയം അനുവർത്തിക്കുന്നവരാണെന്നുപറയാറുണ്ട്. എങ്കിലും ഈജിപ്റ്റ് പ്രസിഡന്റായ നാസ്സർ കമ്മ്യൂണിസ്റ്റും മനോഭാവമുള്ള പല ആഫ്രിക്കൻ പ്രതിപക്ഷ കക്ഷികളുടെ ആശ്രയസ്ഥാനമാണെന്നും നല്ലവണ്ണം മനസ്സിലാക്കിയ ബോർജ്ജിയ ഈജിപ്റ്റുമായി തനിക്കുണ്ടായിരുന്ന രാഷ്ട്രീയബന്ധങ്ങളെല്ലാം ഉപേക്ഷിച്ചു.

ഘാനയുടെ പേരു് ലോകരാഷ്ട്രീയരംഗത്തു് കൂടെക്കൂടെ സ്മരിക്കപ്പെട്ടുവരുന്നു. അതിനെക്കാൾ വലിയ നാട്ടുകളും (നൈജീറിയ മുതലായവ) സമ്പൽസമൃദ്ധമായ നാട്ടുകളും (ദക്ഷിണാഫ്റിക്ക മുതലായവ) സൈനിക

ശക്തിയിൽ മികച്ചവയും (ഈജിപ്ത് മുതലായവ) ആഫ്റിക്കയിലുണ്ടെങ്കിലും ഘാനാ പ്രസിഡൻറായ എൻക്രൂമയുടെ പ്രസംഗങ്ങളും പ്രവർത്തനങ്ങളുമാണ് ജനങ്ങളുടെ ശ്രദ്ധയെ അധികമായി ആകർഷിച്ചിട്ടുള്ളത്. അദ്ദേഹം സംസാരിച്ചുവരാറുള്ള 'ആഫ്റിക്കയുടെ ഐക്യം' ഒരു പ്രായോഗികമായ ആശയമല്ലെന്നാണ് മററു പല ആഫ്റിക്കൻ നാട്ടുകളുടെയും സുചിന്തിതമായ അഭിപ്രായം. തങ്കനീക്ക പ്രധാനമന്ത്രിയായ നൈരീരേയും കെനിയാ പ്രധാനമന്ത്രി ജോമോ കെന്യാട്ടയും എൻക്രൂമയുടെ ഈ ആശയത്തെ എതിർക്കുകയാണെന്ന് ഈയിടെ കെയിറോയിൽ നടന്ന ആഫ്റിക്കൻ നാട്ടുകളുടെ സമ്മേളനം വ്യക്തമാക്കി. കൂടാതെ എൻക്രൂമ, ഘാനയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഭരണത്തിൻെറ സ്വഭാവം ശ്രദ്ധിച്ചാൽ ഇത്തരമൊരു ഭരണമാണോ അദ്ദേഹം ആഫ്റിക്കയുടെ ഇതരഭാഗങ്ങളിലും നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് ആരും സംശയിച്ചുപോകുന്നതും സ്വാഭാവികമാണ്.

ആഫ്റിക്കൻ ജനങ്ങൾ(അവരിൽ ബഹുഭൂരിപക്ഷം പേരെങ്കിലും) വളരെ വളരെ പിന്നോക്കനിലയിലുള്ളവരാണ്. അവയുടെ നാട്ടുകളിൽ ചിലതു് സമ്പൽസമൃദ്ധിയുള്ളവയാണെങ്കിലും പലതും സാമ്പത്തികമായി പുരോഗമിക്കാത്തവയാണ്. ജനങ്ങൾ വിദ്യാഭ്യാസവും പ്രായോഗിക പരിജ്ഞാനവുമില്ലാത്തവരത്രെ. അതു കൊണ്ടു് അവർക്കു് ഉടനെ സ്വാതന്ത്ര്യം നൽകിയാൽ അവരുടെ ഭരണത്തിന്നു പുറമെ നിന്നു് മേൽനോട്ടം വഹിക്കുന്ന ചുമതല പഴയ കോളനി നാട്ടുകളിൽ നിക്ഷിപ്തമായിത്തീരുമെന്നു ചിലർ പറഞ്ഞുവരുന്നതിൽ അല്പമെങ്കിലും വാസ്തവമില്ലാതില്ല.. ബൽജിയം കോംഗോ സ്വതന്ത്രമായി പത്തു ദിവസം കഴിയുന്നതിനു മുമ്പു് അതി

ൻെറ ഒരു സംസ്ഥാനം വേർപിരിഞ്ഞതിന്റെ ഫലമായി ആഭ്യന്തരസമരങ്ങളും കുഴപ്പങ്ങളുമുണ്ടായി. ഇതൊക്കെ ബെൽജിയത്തിന്റെ ദുരാലോചനയുടെ ഫലമായിരുന്നെന്ന് കമ്യൂണിസ്റ്റുകാർ കോംഗോയിൽ കടന്ന് അവിടത്തെ രാഷ്ട്രീയ പരിതസ്ഥിതിയെ ചൂഷണം ചെയ്യാനുള്ള ഉദ്ദേശ്യത്തോടെയാണ് ഇങ്ങനെ പറയുന്നതെന്ന് ബെൽജിയം മുതലായ നാടുകൾ ഇതിനു സമാധാനം പറഞ്ഞു. ഈ രണ്ടുകുററാരോപണങ്ങളിലും അല്പം പൊരുളുണ്ടെന്ന് കോംഗോവിൻെറ ഖനിസമ്പത്തിൻെറ വിപുലതയെക്കുറിച്ച് അറിയാവുന്നവർ മനസ്സിലാക്കുന്നതാണ്.

ബെക്കുവാനാലാൻഡ്, ബസുട്ടോലാൻഡ് മുതലായ പ്രദേശങ്ങളിലെ ജനങ്ങൾ അധികമായും ദക്ഷിണാഫ്റിക്കയിലെ കൈത്തൊഴിലുകളെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. അവിടെ കലഹാരി പോലുള്ള മരുഭൂമികൾ ഉള്ളതുകൊണ്ട് സമ്പൽസമൃദ്ധി കുറയും. അവരുടെ സ്വാതന്ത്ര്യജീവിതം അയൽപക്കങ്ങളിലെ സുശക്തങ്ങളായ ധനികദേശങ്ങളുടെ സഹകരണത്തെയും സന്മനോഭാവത്തെയും ആശ്രയിച്ചിരിക്കുന്നുവെന്നതു സുവ്യക്തമത്രെ.

ആഫ്റിക്കൻ നാടുകളിൽ ചില അതിർത്തിക്കുഴപ്പങ്ങളും ജനങ്ങൾ സ്വന്തം നാടുവിട്ട് അന്യദേശങ്ങളിലേക്കു കടക്കുന്നതു് മുതലായ ചില പ്രശ്നങ്ങളുമുണ്ട്. ഇവയിൽ ചിലതു് നല്ലരീതിയിൽ പരിഹരിക്കപ്പെട്ടുവരുന്നു. ചില പ്രശ്നങ്ങൾ പരിഹാരത്തെ വെല്ലുവിളിക്കുകയാണ്. കെനിയാ സമുദ്രതീരത്തുള്ള ഭൂഭാഗത്തെ ആഫ്റിക്ക വിട്ടുകൊടുത്തതു് ബുദ്ധിപൂർവ്വമായിരുന്നു. എങ്കിലും സോമാലിലാൻഡു് ആഗ്രഹിക്കുന്ന ചില പ്രദേശങ്ങൾ ഇനിയും എത്തിയോപ്യയിലും ഉത്തരഗിനിയയി

ല്യം അകപ്പെട്ടു കിടക്കുന്നതു് സോമാലിയായുടെ രാഷ്ട്രീയപ്രശ്നങ്ങളിൽ ഒന്നത്രെ. എറിട്രിയ നിവാസികളുടെ ആഗ്രഹം കൂടാതെ അവരുടെ സംസ്ഥാനത്തെ എത്യോപ്യയോടു് സംയോജിപ്പിച്ചു് ആഫ്റിക്കൻ രാഷ്ട്രീയത്തിൻെറ ഒരു പ്രത്യേകതമാത്രമാണു്.

വെള്ളക്കാരുടെ ആധിപത്യം നീങ്ങിയശേഷം ചില നാട്ടുകളിൽ സ്വദേശികളായ കറുപ്പു വർഗ്ഗക്കാരുടെ സർവ്വാധിപത്യം ആരംഭിക്കുകയാണു്. ധർമ്മം എന്ന ആശയത്തിന്നു് ഉദാഹരണമാണു് ഘാനയും സുഡാനും എങ്കിലും മററുള്ള ആഫ്റിക്കൻ ദേശങ്ങളുടെ ജനാധിപത്യം അത്രയൊന്നും തഴച്ചുവളർന്നില്ലെന്നതു് സ്പഷ്ടമാണു്. എന്നാൽ തങ്ങളുടെ നിലപാടിനെ ആഫ്റിക്കൻ നേതാക്കന്മാരിൽ കെനിയാട്ട (കെനിയ) സേകുടൂരെ (ഗിനി) എൻക്രുമ (ഘാന) മൊറോഗിറ (മാലി) മുതലായവർ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. പശ്ചിമയൂറോപ്യൻ ദേശങ്ങളിൽ നിലവിലിരിക്കുന്ന പാർലമെൻറു് സമ്പ്രദായം—പ്രതിപക്ഷ-ജനാധിപത്യം— തങ്ങൾക്കു് അനുയോജ്യമല്ലാത്തതും അനാശാസ്യവുമാണെന്നു് അവർ പറഞ്ഞു. നാട്ടിൻെറ ഐക്യവും വളരെ പണിപ്പെട്ടു് നേടിയ രാഷ്ട്രീയ സ്വാതന്ത്ര്യവും ആണു് പ്രധാനമായതു്. വ്യക്തിസ്വാതന്ത്ര്യം ആഫ്റിക്കയ്ക്കു് ആവശ്യമില്ലാത്തതാണു്. അകവും പുറവും ഒന്നുപോലെ വ്യക്തമാക്കി സംസാരിക്കുന്നതു് ഇന്നത്തെ രാഷ്ട്രീയസ്ഥിതിഗതികൾ യഥാർത്ഥമായി ഗ്രഹിക്കാൻ ഉപകരിക്കുന്നു. ഏഷ്യയിലെ ചില ദേശങ്ങൾ ബ്രിട്ടീഷ്, അമേരിക്ക ഭരണസമ്പ്രദായങ്ങളെ അനുകരിക്കുന്നു എന്നു പറഞ്ഞു് ഭരണഘടനകൾ നിർമ്മിച്ചു് ജനാധിപത്യത്തിൻെറ മേന്മകളെപ്പററി പ്രസംഗിക്കുകയും വ്യവഹാരത്തിൽ സൈനിക ഏകാധിപത്യമോ ഒററക്കക്ഷി സർവ്വാധികാരമോ ന

ടത്തി അകത്തൊന്നും പുറത്തുമററൊന്നും എന്ന മട്ടിൽ പ്രവർത്തിക്കുന്നതു് ആഫ്റിക്കയിൽ കാണാനില്ലെന്നുള്ളതു് ശ്രദ്ധേയമാണു്.

ഇങ്ങനെ ജനാധിപത്യഭരണസമ്പ്രദായത്തെ നിരാകരിക്കുന്ന നാട്ടുകളിൽ ലൈബീരിയ വളരെ അപകൃഷ്ട നിലയിൽ ഉള്ളതാണെങ്കിലും കറുപ്പുവർഗ്ഗക്കാരുടെ ഇടയിൽ നടക്കുന്ന രാഷ്ട്രീയകൺകെട്ടു വിദ്യകളെക്കുറിച്ചു് അന്യനാട്ടുകാർ എന്തു പറഞ്ഞാലും അതു് അബദ്ധത്തിൽ കലാശിക്കും എന്നതോർത്തു് സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അതു് അറച്ചു നിൽക്കുന്നു. ആ ഭരണസമ്പ്രദായങ്ങളുടെ യഥാർത്ഥന്യൂനതകളെ ചൂണ്ടിക്കാണിച്ചാലും അതു് ആഫ്റിക്കയുടെ സ്വാതന്ത്ര്യപ്രസ്ഥാനത്തെ എതിർക്കുകയാണെന്നാണു് ചിലർ സംശയിക്കുന്നതു്.

ആഫ്റിക്കയിലെ ചില വിദൂരസ്ഥലങ്ങളായ ദേശങ്ങൾ മററുള്ളവയുടെ പ്രശ്നങ്ങളെ ആരായുകയും അവയ്ക്കു് ഉപദേശം നൽകുകയും ചെയ്യുന്ന രീതികൾക്കും ആ പ്രശ്നങ്ങൾ ഉടനെ ബാധിക്കാവുന്ന നാട്ടുകൾ അവയെക്കുറിച്ചു് എന്തു വിചാരിക്കുന്നുവെന്നതിനും ഉള്ള വ്യത്യാസങ്ങൾ കെയിറോസമ്മേളനത്തിൽ സ്പഷ്ടമായതാണു്. അടുത്തകാലത്തു് സ്വതന്ത്രമായ മാളവി(ന്യാസാലാൻഡ്) യുടെ പ്രധാനമന്ത്രിയായ ഡാക്ടർ ബണ്ടാ ആ സമ്മേളനത്തിൽ പ്രസ്താവിച്ച ഒരു കാര്യം ശ്രദ്ധേയമാണു്. ദക്ഷിണാഫ്റിക്കയിലുള്ള അങ്കോല മൊസാംബിക്കു് എന്നീ പ്രദേശങ്ങളിൽ പിടിച്ചുപററി നില്ക്കുന്ന പോർട്ടുഗീസുകാരെ ആഫ്റിക്കയിൽ നിന്നു് ഉച്ചാടിക്കുന്നതിനു് എല്ലാ ആഫ്രിക്കൻ നാട്ടുകളും ഒററക്കെട്ടായി നിന്നു് പ്രവർത്തിക്കണം എന്നപേക്ഷിച്ചുകൊണ്ടുള്ള ഒരു പ്രമേയത്തെപ്പററി പ്രസംഗിച്ച ബണ്ടാ തങ്ങളുടെ നാട്ടിന്റെ വിദേശ

വ്യാപാരം മുഴുവനും പോർട്ടുഗീസ്, ആഫ്രിക്കാതുറമുഖം വഴിയായി നടത്തേണ്ടിയിരിക്കുന്നതിനാൽ അവരെ പ്രത്യക്ഷത്തിൽ എതിർക്കാൻ ഞങ്ങൾക്കു കഴിയുകയില്ലാ എന്നതാണു് തൻെറ പ്രസംഗമദ്ധ്യേ പറഞ്ഞതു്. ഇതിന്റെ പൊരുൾ ഘാനയിലും ഈജിപ്തിലുമുള്ളവർക്കു് മനസ്സിലാക്കാൻ എളുപ്പമല്ല.

കോളനിപ്രശ്നവും ഏകാധിപത്യപ്രശ്നവും ആഫ്രിക്കയിൽ ഇനിയും നിശ്ശേഷം പരിഹരിക്കപ്പെട്ടിട്ടില്ല. ബ്രിട്ടൻ, ഫ്രാൻസ്, ബൽജിയം മുതലായ നാടുകൾ തങ്ങളുടെ കോളനികളുപേക്ഷിച്ചു് സ്വന്തം നാടുകളിലേക്കു മടങ്ങിപ്പോയെങ്കിലും പോർട്ടുഗീസുകാർ അങ്കോല, മൊസാംബിക്കു് എന്നീ പ്രദേശങ്ങൾ വിട്ടുപോകാൻ കൂട്ടാക്കുന്നില്ല. അവർ ഇവയെ പോർട്ടുഗലിന്റെ 'സമുദ്രാന്തരപ്രവിശ്യകളാ'യിട്ടാണു് കരുതുന്നതു്. ഇവയെ പോർട്ടുഗലിൽ നിന്നു് വേർപ്പെടുത്തുന്നതു് പോർട്ടുഗലിനെ വിഭജിക്കുന്നതിന്നു തുല്യമാണെന്നു് അവർ വാദിക്കുന്നു, ഫ്രഞ്ചുകാർ അൾജീരിയയെക്കുറിച്ചും ഇതുതന്നെയാണു് പറഞ്ഞുപോന്നിരുന്നതു്. അവിടെ ഒരു ഭരണകൂടം മാറി ഡിഗാൾ അധികാരത്തിൽ വന്നശേഷമാണു് അൾജീരിയാപ്രശ്നത്തിന്നു പരിഹാരം കണ്ടെത്താൻ കഴിഞ്ഞതു്. അങ്ങനെ തന്നെ പോർട്ടുഗലിലും സലാസ്സറുടെ ഗവണ്മെൻറുമാറി മറേറതെങ്കിലും ഭരണകൂടം അധികാരത്തിൽ വന്നാലല്ലാതെ ഈ സ്ഥിതി മാറുന്നതല്ലെന്നതാണു് ഒരു പക്ഷം. പോർട്ടുഗലിനു് 'നേറേറാ' നാടുകളിൽ മിത്രങ്ങളുണ്ടു്. പക്ഷേ ബലപ്രയോഗം പോർട്ടുഗീസുകാരെ പുറംതള്ളുകയാണെങ്കിലും ഈ മിത്രങ്ങളാരും തന്നെ അവരെ സഹായിക്കാൻ വരികയില്ല എന്നതു് തീർച്ചയാണു്. എങ്കിലും അങ്കോലയിലും മൊസാംബിക്കിലും ഗോവാ ആവർത്തിക്കുന്നതിൻെറ ലക്ഷണങ്ങളൊന്നുമില്ല. ആഫ്റിക്കൻ നാടുകൾ ഒരുമി

ച്ചുനിന്നു് പോർട്ടുഗീസുകാരെ പുറത്താക്കുകയെന്നതും സാദ്ധ്യമല്ലെന്നു ഡ: ബണ്ടായുടെ പ്രസംഗത്തിൽ നിന്നും വ്യക്തമായിക്കഴിഞ്ഞു. കൂടാതെ ദക്ഷിണാഫ്റിക്ക ദക്ഷിണറൊഡീഷപോലുള്ള വെള്ളക്കാരുടെ ആധിപത്യത്തിലുള്ള പ്രദേശങ്ങൾ പോർട്ടുഗലിനെ സഹായിക്കുമെന്നതും തർക്കമററസംഗതിയാണു്.

ഈ പ്രശ്നങ്ങൾ എല്ലാററിലും പ്രാധാന്യമേറിയതും അന്താരാഷ്ട്രീയരംഗത്തു് അധികമായ് ചർച്ചചെയ്യപ്പെടുന്നതും പ്രതിഷേധിക്കപ്പെടുന്നതുമായ പ്രശ്നം തെക്കേആഫ്രിക്ക അനുവർത്തിച്ചു വരുന്ന വർഗ്ഗവിവേചനനയം സംബന്ധിച്ചതാണു്. ഇതു് ഒരു അന്തഃരാഷ്ട്രീയ പ്രശ്നം തന്നെയാണു്. ഒരേകദേശപരിധിവരെ എല്ലാ നാടുകളിലും കണ്ടുവരാറുള്ള പ്രശ്നമാണിതു് സംയുക്ത അറേബ്യൻനാടുകളിൽ വെള്ളക്കാർക്കും നീഗ്രോകൾക്കും തമ്മിലുള്ള കലഹങ്ങളെപ്പററി നാം ദിനംതോറും കേൾക്കുന്നുണ്ടു്. 1864-ൽ കറുപ്പുനിറക്കാരായ അടിമകൾക്കു് അബ്രഹാം ലിങ്കൻ വിമോചനം നൽകി. അതിനുശേഷം ഒരു നൂററാണ്ടുകഴിഞ്ഞു, 1964-ലാണു് നീഗ്രോകളുടെ പൊതുജീവിതാവകാശ നിയമം നടപ്പിലായതു്. പക്ഷെ ഇനിയും ആ പ്രശ്നം അവസാനിച്ചുവെന്നു പറയാറായിട്ടില്ല. ആസ്ത്രേലിയയിൽ ഇന്നും മഞ്ഞനിറക്കാരെയോ കറുപ്പുവർഗ്ഗക്കാരെയോ സ്ഥിരമായി കുടിയേറിപ്പാർക്കാൻ അനുവദിക്കുന്നില്ല. ഇതൊക്കെ വാസ്തവമാണെന്നു വരികിലും ആ നാടുകളിലെല്ലാം ദക്ഷിണാഫ്റിക്കയിലെപ്പോലെ വർഗ്ഗവിവേചനനയം നിയമപൂർവ്വം നടപ്പിൽ വന്നിട്ടില്ല: രാഷ്ട്രീയം, പൊതുജീവിതം എന്നീ രംഗങ്ങളിൽ നിന്നു് കറുപ്പന്മാരെ ഒരിക്കലും വേർതിരിച്ചുനിറുത്തിയിട്ടില്ല. ന്യൂനപക്ഷഭരണം സ്ഥിരമായി നടക്കുന്ന ഒന്നല്ല. ഈ നയത്തെ എതിർക്കുന്നതിനു ഐക്യരാഷ്ട്രസംഘടനക്കും ശക്തിയില്ലാതെ പോയി.

ഈ നയങ്ങൾമൂലമുണ്ടായിട്ടുള്ള വെറുപ്പിന്മേലാണ് ആഫ്റിക്കയുടെ രാഷ്ട്രീയം അധിഷ്ഠിതമായിരിക്കുന്നതു്. 'ആഫ്റിക്ക ആഫ്റിക്കാക്കാർക്ക്' എന്നതാണ് അവരുടെ ഒരു രാഷ്ട്രീയമുദ്രാവാക്യം. അതുകൊണ്ടു് വാണിജ്യത്തിന്നായ് അവിടെ ചെന്നു ചേർന്നിട്ടുള്ള ഏഷ്യാക്കാരെയും (വിശേഷിച്ചു് ഇന്ത്യക്കാരെ) അവർ തങ്ങളുടെ നാട്ടിനെ ചൂഷണം ചെയ്യാൻ വന്നവർ എന്നാണ് കരുതുന്നതു്. ഉഗാണ്ഡ, കെനിയ, ടാൻസാനിയ മുതലായ സ്ഥലങ്ങളിൽ നിന്നു് ഇന്ത്യക്കാർ പുറം തള്ളപ്പെടുന്നതിന്നു ഇതുതന്നെയാണ് കാരണം. അതുകൊണ്ടു് ദക്ഷിണാഫ്രിക്കയിൽ ഇന്ത്യാക്കാർക്ക് എതിരായി അവിടത്തെ ഗവൺമെൻറു് പുറപ്പെടുവിക്കുന്ന ഉത്തരവുകളെ ദുള്ളകളും ബണ്ടുകളും കാര്യമാക്കുകയോ എതിർക്കുകയോ ചെയ്യുന്നില്ല.

ഇപ്പോൾ വികാസോന്മുഖമായിരിക്കുന്ന ആഫ്റിക്കയിൽ അമേരിക്ക യൂറോപ്പ് എന്നീ നാട്ടുകൾ ഒരുഭാഗത്തും റഷ്യ, ചൈന എന്നിവ മറെറാരുഭാഗത്തും ചേരിചേരാ നാട്ടുകൾ മൂന്നാമതൊരു ഭാഗത്തുമായ് നിന്നു് സ്വാധീനശക്തിക്കു മത്സരിച്ചുകൊണ്ടിരിക്കുന്നു. ഈ മത്സരത്തിൻെറ കഥ കോംഗോയിലെ കടംഗാ വിഭജനത്തിന്റെ ചരിത്രത്തിന്നു വ്യക്തമാകുന്നതാണ്. ആഫ്റിക്കക്കാർ തങ്ങൾക്കു പ്രത്യേകമായൊരു പ്രത്യയശാസ്ത്രമില്ലാത്തവരാണ്. അതുകൊണ്ടു് അന്യദേശക്കാർക്ക് അവിടെ തങ്ങളുടെ പ്രത്യയശാസ്ത്രങ്ങൾ അനായാസേന പ്രചരിപ്പിക്കാൻ സാധിക്കുന്നു എന്നു വിചാരിച്ചുവശായിരിക്കുന്നതുകൊണ്ടാണ് ഇവർക്കു തമ്മിൽ മത്സരങ്ങളുണ്ടാകുന്നതു്.

ഈ പ്രശ്നങ്ങളെ എതിർത്തു സമരം ചെയ്യുന്ന സ്വതന്ത്ര ആഫ്റിക്കൻദേശങ്ങൾ അന്തർരാഷ്ട്രീയരംഗത്തിൽ പങ്കെടുത്തുകൊണ്ടു് തങ്ങളുടെ പ്രശ്നങ്ങളെ പരിഹരി

കുന്നതിനാണു് ഐക്യരാഷ്ട്രസംഘടനയിൽ അംഗങ്ങളായി ചേരുന്നതു്. ഐക്യരാഷ്ട്രസംഘടന ആരംഭിച്ച കാലത്തു് ദക്ഷിണാഫ്രിക്ക, എത്തിയോപ്പ്യ, ലൈബീരിയ, ഈജിപ്റ്റ് എന്നീ നാലുദേശങ്ങളാണു് അതിൽ അംഗങ്ങളായുണ്ടായിരുന്നതു്. 1960-ൽ ഈ സംഖ്യ 26 ആയി വർദ്ധിച്ചു. ആ വർഷം തന്നെ ഏഷ്യാ ആഫ്രിക്കൻ നാട്ടുകൾ ഒന്നുചേർന്നു് യൂറോപ്പ് അമേരിക്കൻ ചേരിയുടെ പ്രമേയങ്ങളെ പരാജയപ്പെടുത്തത്തക്കവണ്ണം സംഖ്യാബലം സമ്പാദിച്ചു. ഇന്നാണെങ്കിൽ മററുള്ള ദേശങ്ങളെ പരാജയപ്പെടുത്താൻ ആഫ്രിക്കൻ നാട്ടുകൾ മാത്രം മതിയാകും എന്ന നിലയിലാണു് സംജാതമായിരിക്കുന്നതു്. പക്ഷെ അവയ്ക്കിടയിലുള്ള അഭിപ്രായവ്യത്യാസങ്ങൾമൂലം അവയ്ക്കു് ഒററക്കെട്ടായി നിന്നു പ്രവർത്തിക്കാനുള്ള സാദ്ധ്യതയില്ലെന്നുമാത്രം.

ഇങ്ങനെ വലിയ ഭൂഭാഗങ്ങൾ പൊടുന്നനവെ സ്വാതന്ത്ര്യം സമ്പാദിച്ചതിൽ നിന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ അനവധിയാണു്. പക്ഷെ ഇവയൊക്കെ ഓരോ നാട്ടിൻെറയും മനോഭാവത്തെയും വീക്ഷണകോണത്തെയും ആസ്പദമാക്കിയുള്ളവയത്രെ. മൗലികപ്രശ്നങ്ങളായ ദാരിദ്ര്യം സാക്ഷരതാ, രോഗം, സംസ്കാരികമായ അപക്വത എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലാണു് ആഫ്രിക്കക്കാർ അടിയന്തിരമായി ശ്രദ്ധിക്കേണ്ടതു്. ഇതിനു ധനപരമായി മെച്ചപ്പെട്ട ദേശങ്ങൾ മഹാമനസ്കതയോടുകൂടി അവരെ സഹായിക്കേണ്ടതു് ആവശ്യമത്രെ.

## ആഫ്രിയ്ക്കൻ നാടുകളുടെ രാഷ്ട്രീയ വിവരപ്പട്ടിക.

| നമ്പ്ര | നാട്ട് | തലസ്ഥാനം | ഭരണാധിപൻ | പഴയഗവ: | സ്വാതന്ത്ര്യമായ വർഷം |
|---|---|---|---|---|---|
| 1. | അങ്കോല. (പോർട്ടുഗീസ് ആധിപത്യം) | ല്യവാണ്ഡ | | പോർട്ടുഗൽ | |
| 2. | അൾജീരിയ (ഗണതന്ത്രരാജ്യം) | അൾജിയഴ്സ് | ബെൻബെല്ല (പ്രധാനമന്ത്രി) | ഫ്രാൻസ് | 1962 |
| 3. | എത്തിയോപ്യ അബെസിനിയാ (ഗ. ത. രാജ്യം) | അഡിസ് അബാബ | ഹെയ്ലിസെല്ലാസ്സി (ചക്രവർത്തി) | ഇററലി (5 വർഷം) | 1941 |
| 4. | ഉഗാണ്ഡ | കംപാല | കബാകാ (മൂട്ടേസ്സാII) (രാജാവ്) | ബ്രിട്ടൻ | 1962 |

| | | | | | |
|---|---|---|---|---|---|
| 5. | സംയുക്ത അറബ്യ ഗണതന്ത്രം (ഈജിപ്റ്റ്) (ഗ. ത. രാജ്യം) | കെയിറോ. | നാസ്സർ (രാഷ്ട്രപതി) | ബ്രിട്ടൻ | 1953 |
| 6. | ഐവറിക്കോസ്റ്റ് (ഗ. ത. രാജ്യം) | അബിജ്ജാൻ | ഉബേയത്ബോയിനി (പ്രധാനമന്ത്രി) | ഫ്രാൻസ് | 1953 |
| 7. | കോംഗോ (ബ്രാസാ:) (ഗ. ത. രാജ്യം) | ബ്രാസ്സാവിൽ | അബ്ബേയൂൽ (പ്രധാനമന്ത്രി) | ഫ്രാൻസ് | 1960 |
| 8. | കോംഗോ. (ലിദയാ) (ഗ. ത. രാജ്യം) | ലിയോപോൾഡ് വിൽ | ഷോംപേ (പ്രധാനമന്ത്രി) | ബൽജിയം | 1960 |
| 9. | കാബോൻ (ഗ. ത. രാജ്യം) | ലിബ്രേവിൽ | ലിയോൻപാ (രാഷ്ട്രപതി) | ഫ്രാൻസ് | 1960 |
| 10. | കാംപിയ (ബ്രി. സംരക്ഷണദേശം) | ബാതേഴ്സ്റ്റ് | ........ | ബ്രിട്ടൻ | 1965 |
| 11. | കാമറൂൺ (ഗ. ത. രാജ്യം) | യവുണ്ഡെ | അമ്മദ്അഹിജ്ജോ (രാഷ്ട്രപതി) | ഫ്രാൻസ്, ബ്രിട്ടൻ | 1961 |
| 12. | ഘാന. (ഗോൾഡ് കോസ്റ്റ് ഗ.ത.രാജ്യം) | അക്രാ | എൻക്രൂമ. (രാഷ്ട്രപതി) | ബ്രിട്ടൻ | 1957 |

| | | | | | |
|---|---|---|---|---|---|
| 13. | ഗിനി (ഗ. ത. രാജ്യം) | കോനാക്രി | ശെതുരേ (രാഷ്ട്രപതി) | ഫ്രാൻസ് | 1953 |
| 14. | കെനിയാ (ഗ. ത. രാജ്യം) | പോർട്ട്ലാമി | ജോമോ കെന്യാട്ട. (പ്രധാനമന്ത്രി) (രാഷ്ട്രപതി) | ബ്രിട്ടൻ | 1963 |
| 15. | ചാഡ് (ഗ. ത. രാ) | പോർട്ട്ലാമി | നൊബിൻപാവേ (രാഷ്ട്രപതി) | ഫ്രാൻസ് | 1960 |
| 16. | സിറാലിയോൺ ഗ, ത. രാജ്യം | ഫ്റീടൗൺ | ആൽബർട്ട് മാർഗായ് (രാഷ്ട്രപതി) | ബ്രിട്ടൻ | 1961 |
| 17. | സ്വാസിലാൻഡ് (ബ്രി. സംരക്ഷണദേശം) | ഇമ്പാപാനേ | ... | ബ്രിട്ടൻ | |
| 18. | സുഡാൻ (പട്ടാളഭരണം) | കാർട്ടൂം | ജനറൽ അബ്ബൂദ് (സൈന്യാധിപൻ) | ആംഗ്ലോ-ഈജിപ്ഷ്യൻ സംയുക്തഭരണം 1953-ൽ അവസാനിച്ച് 1958-ൽ അബ്ബൂദിന്റെ പട്ടാള ഭരണമാരംഭിച്ചു. 1964 നവംബറിൽ ജനാധിപത്യഭരണം തുടങ്ങി, | |

| നമ്പ്ര. | നാട്ട് | തലസ്ഥാനം | ഭരണാധിപൻ | പഴയഗവ: | സ്വതന്ത്രമായ വർഷം |
|---|---|---|---|---|---|
| 19. | സെനഗൽ ഗ. ത. രാജ്യം | ഡക്കാർ | സെൻഗോർ (രാഷ്ട്രപതി) | ഫ്രാൻസ്. | 1960 |
| 20. | സോമാലിയ (ഗ. ത. രാജ്യം) | മൊകഡിഷ്യ | അബ്ദുല്ലാ ഇസ്സാ (പ്രധാനമന്ത്രി) | ബ്രിട്ടൻ | 1960 |
| 21. | ടാങ്കനീകാ-സാൻസിബാർ(ടാൻസേനിയ ഗ. ത. രാജ്യം) | ദാർഎസ്സ് അലാം | ജൂലിയസ്നൈരീരേ (പ്രധാനമന്ത്രി) | ബ്രിട്ടൻ | ടാങ്ക- 1963 സാൻസി 1964 സംയുക്തഭരണം 27-4-1964 |
| 22. | ട്യൂനിഷ്യ. (ഗ. ത. രാജ്യം) | ട്യൂനിസ് | ബോർജ്ജിയ (പ്രധാനമന്ത്രി) | ഫ്രാൻസ് | 1956 |
| 23. | ടോഗോലാൻഡ് (ഗ. ത. രാജ്യം) | ലോമേ | ക്രൂംനിസ്റ്റസ്കി (രാഷ്ട്രപതി) | ഫ്രാൻസ് | 1960 |
| 24. | ദഹോമി (ഗ.ത.രാജ്യം) | പോർട്ടോനോവോ | മാഗാ (രാഷ്ട്രപതി) | ഫ്രാൻസ്, | 1960 |

| | | | | |
|---|---|---|---|---|
| 25. | ദക്ഷിണാഫ്രിക്ക ഗ, ത. രാജ്യം | പാർലിമെന്റ്. കേപ് ടൗൺ ഭരണകൂടം: പ്രിട്ടോറിയ | വെർവോർഡ് (പ്രധാനമന്ത്രി) | കാമൺവെൽത്ത് ഉപേക്ഷിച്ചു—1961 |
| 26. | തെക്കുപടിഞ്ഞാറെ ആഫ്രിക്ക തെക്കുപടിഞ്ഞാറെ ആഫ്രിക്കൻ (സംരക്ഷണം) | വിൻസീഗ് | | ദക്ഷിണാഫ്രിക്ക |
| 27. | നൈജർ | നിയാമി | ഹമാനിദിയോരി (പ്രധാനമന്ത്രി) | ഫ്രാൻസ് 1960 |
| 28. | നൈജീരിയ (ഗ. ത. രാജ്യം) | ലാഗോസ് | അൽഹാജ് അബൂബക്കർ ഢബാവാ ബലേവാ (പ്രധാനമന്ത്രി) | ബ്രിട്ടൻ 1960 |
| 29 | ബസൂട്ടോലാൻഡ് | മഡേന. | | ബ്രിട്ടൻ |
| 30. | ഉരുണ്ഡി | | ഇങ്കേണ്ടസ്സുംവേ (പ്രധാനമന്ത്രി) | ബെൽജിയം 1963 |
| 31. | ബക്കുവാനാലാൻഡ് (ബ്രി. സംരക്ഷണം) ദ. ആഫ്രിക്കയിൽ | മസീകിംഗ് | | ബ്രിട്ടൻ |

2911
12 8 MAR 1969

| | | | | | |
|---|---|---|---|---|---|
| 32. | മദ്ധ്യാഫ്റിക്കൻ ഗണതന്ത്രം | ബംഗ്വയി | ഡാക്കോ (പ്ര. മന്ത്രി) | ഫ്രാൻസ് | 1960 |
| 33. | മലഗാസി(മഡഗാസ്കർ ഗ. ത. രാജ്യം) | തന്നരീബ് | ഫ്ളിബർട്ട്സിരനാൻ (രാഷ്ട്രപതി) | ഫ്റാൻസ് | 1960 |
| 34. | മാറിട്ടേനിയ (ഗ. ത. രാജ്യം | നവാക്ഷോട്ട് | മൊക്താർ ഓൽഡ്ഡദ്ദ | ഫ്രാൻസ് | 1960 |
| 35. | മാലി (സെനഗൽ- സൂഡാൻ സംയുക്ത ഭരണം) | ബമാഗോ | മൊംബോ ഗെയിട്ടാ (രാഷ്ട്രപതി) | ഫ്രാൻസ് | 1960 |
| 36. | മാളവി (ന്യാസാ ലാൻഡ് ഗ. ത. രാ) | ബ്ളാണിയർ | ബണ്ടാ (പ്ര.മന്ത്രി) | ബ്രിട്ടൻ | 1960 |
| 37. | മേൽവാൾട്ടാ (ഗ. ത. രാജ്യം) | ഒഗദൂഗ് | യമിലോഗോ (പ്രധാനമന്ത്രി) | ഫ്രാൻസ് | 1960 |
| 38. | മൊസാംബിക് (പോർട്ടുഗീസ് ആധിപത്യം) | ലൊറൻസോ മാർക്വസ് | | പോർട്ടുഗൽ | |
| 39. | മൊറോക്കോ (ഗണതന്ത്രരാജ്യം) | കാസബ്ലാങ്കാ | ഉസ്സേൻ II (രാജാവ്) | ഫ്രാൻസ് | 1956 |

| | | | | |
|---|---|---|---|---|
| 40. മൊറീഷ്യസ് (ബ്രി, സംരക്ഷണം) | പോർട്ടുലൂയി | .... | ബ്രിട്ടൻ | |
| 41. റുവാണ്ഡാ (ഗ. ത. രാജ്യം) | ഉസുംബാറ | അഗ്രേമുനിർവാ (രാഷ്ട്രപതി) | ബെൽജിയം | 1963 |
| 42. റൊഡീഷ്യ (ഉത്തര, ദക്ഷിണ) | സാലിസ്ബറി | സർഅയൻസ്മിത്ത് (പ്ര.മന്ത്രി) | ബ്രിട്ടൻ ബ്രിട്ടീഷ് സംരക്ഷണത്തിൽ സ്വയംഭരണം | 1964 ജനുവരി |
| ദക്ഷിണ: | ലുസാകാ | കെന്നത്ത് കൗണ്ടാ (പ്രധാനമന്ത്രി) | | |
| ഉത്തര: (സാംപിയാ) | | കെന്നത്ത്കൗണ്ടാ (രാഷ്ട്രപതി) | | 1964 ഒക്ടോബർ |
| 43. ലിബിയാ (രാജവാഴ്ച) | 1) ട്രിപ്പോലി 2) ബെൻകാസി | അമീർ ഇദ്രീസ് (രാജാവ്) | ഇറ്റലി | 1951 |
| 44. ലൈബീരിയ (ഗ. ത. രാജ്യം) | മൻറോവിയ | വില്യംടബ്മാൻ (രാഷ്ട്രപതി) | അമേരിക്കൻ ഐക്യനാടുകൾ | 1847 |
| 45. സ്പാനിഷ് ആഫ്രിക്ക(ഇഫ്നി, ഫെർനാണ്ടോഫോറിയോ മുനി, റിയോഡിജറോ) | | | സ്പെയിൻ | |

MUL 248121
248121
5 2911
UNIVERSITY LIBRARY 28 MAR 1969

12 DEC 1939